

ഡോൺ ബോസ്കോയുടെ രക്തസാക്ഷി



ഒരു മെക്സിക്കൻ 'രക്തസാക്ഷി'

ഫാദർ 'പ്രോ'യുടെ ജീവചരിത്രം

ST. ANTONY'S CARMELITE MONASTERY
RAILWAY STATION, ALWAYE, TRAVANCORE
VANCOR

ACHARYA PALACKAL JEEVASS KENDRAM
LIBRARY
ALWAYE

വിവർത്തകൻ:

(യുവയോഗി)

DHARMARAM COLLEGE
LIBRARY
BANGALORE-29

Printed at the Little Flower Press,
Thevara, 1953.

M/2092
YUV.

Imprimatur

† ALDUS M. PATRONI S. J.,
Episcopus Calicut

Calicut,
21—10—1952.


മുഖവുര

കാലസിന്റെ ഭരണകാലത്ത് മെക്സിക്കോയിൽ വച്ച് സത്യവേദത്തിനുവേണ്ടി സപ്രാണനെ വെടിഞ്ഞ റവ. ഫാദർ 'പ്രോ'യുടെ ജീവിതചരിത്രം റവ. ഫാദർ ഡ്രാഗൺ എസ്. ജെ. എഴുതിയിട്ടുള്ളതിന്റെ ഒരു സ്വതന്ത്രതർജ്ജിമയത്രെ ഈ പുസ്തകം.

8-ാം ഉബ്ബാനുസ്സ് മാപ്പാപ്പായുടെ കല്പനകൾക്കനുരൂപമായി ഈ ഗ്രന്ഥത്തിലെ ഉള്ളടക്കത്തിനു കേവലം മാനുഷികമായ ഒരു പരിഗണനം മാത്രമേ നൽകുന്നുള്ളൂ.

എന്നു് വിവർത്തകൻ

(യുവയോഗി)



THIS BOOK IS DEDICATED

TO

THE VERY REV. FR. JOHN BERCHMANS

OF JESUS, MARY, T. O. C. D.

PROVINCIAL, SACRED HEART PROVINCE


AS A TOKEN OF MY FILIAL RESPECTS

ON THE OCCASION OF THE GOLDEN JUBILEE

OF HIS RELIGIOUS PROFESSION.

ഒരു മെക്സിക്കൻ 'രക്തസാക്ഷി'

ഫാ. 'പ്രോ'യുടെ ജീവചരിത്രം



ഒന്നാം അദ്ധ്യായം

ജനനവും, യൗവനവും

മെക്സിക്കോയുടെ വടക്കുപടിഞ്ഞാറു ഭാഗത്തു് ഏകദേശം പതിനായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കൊൺചെപ്പിക്കിയോൺ പട്ടണത്തിൽ 1891 ജനുവരി പതിമൂന്നാംതീയതി നമ്മുടെ ചരിത്രനായകൻ ഭൂജാതനായി. ശിശുവിനു് മാമ്മോദീസായിൽ മിഗുവൽ അഗസ്റ്റിൻ എന്ന നാമമാണു നൽകിയതു്. മിഗുവലിനു് മൂന്നു സഹോദരന്മാരും അത്രയും സഹോദരിമാരും ഉണ്ടായിരുന്നു. സഹോദരരിലൊരുവനായ എഡ്മൂന്തോ 1922-ൽ വിവാഹം കഴിച്ചു. രണ്ടാമൻ ഇബേത്തോ ഇരുപത്തിനാലാമത്തെ വയസ്സിൽ മിഗുവലിന്റെ കൂടെ സത്യമതത്തിനുവേണ്ടി വെടിയേറ്റു മരിച്ചു. ശേഷിച്ച ആൾ ഇരുപത്തിമൂന്നാമത്തെ വയസ്സിൽ സ്വസഹോദരരൊരുമിച്ചു് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടകയും ഒട്ടുവിൽ കാലസ്സിനാൽ രാജ്യഭ്രഷ്ടനാക്കപ്പെട്ടകയും ചെയ്തു. സഹോദരിമാരിൽ രണ്ടുപേർ കന്യാസ്ത്രീകളായി. മറവൊരാൾ ക്യൂബായിലേയ്ക്കു നാടുകടത്തപ്പെട്ട സ്വപിതാവിനെ ശുശ്രൂഷിച്ചുവരുന്നു.

ഫലത്തിൽനിന്നു വൃക്ഷം ഏതുതരമെന്നു മനസ്സിലാക്കാമല്ലോ. മിഗുവലിന്റെ മാതാപിതാക്കൾ ഉത്തമ കത്തോലിക്കരായിരുന്നു. പല അവസരങ്ങളിലും അവരുടെ ജീവനുള്ള വിശ്വാസം പ്രത്യക്ഷപ്പെട്ടിട്ടുണ്ടു്. വെടിയുണ്ടയേറ്റു രക്തം ഒഴുകിക്കൊണ്ടിരുന്ന സ്വപുത്രൻ മിഗുവലിന്റെ മൃതശരീരം സ്വകരങ്ങളിൽ സ്വീകരിച്ച പിതാവു് ഒറ്റത്തുള്ളി കണ്ണുനീർ പൊഴിക്കാതെയാണു് വ

ത്സലസുതന്റെ നെറ്റിത്തടത്തിൽ ചുംബനം ചെയ്തു്. ക്രിസ്തു രാജനുവേണ്ടി സ്വപുത്രന്റെ ജീവനെ ബലി അർപ്പിക്കുന്നതിനു ഭാഗ്യം ലഭിച്ചതിലുള്ള ചാരിതാർത്ഥ്യം അദ്ദേഹത്തിന്റെ ദുഃഖത്തെ നിശ്ശേഷം ഇല്ലാതാക്കി. സാധാരണ ജീവിതരീതി അവലംബിച്ചിരുന്ന മിഗുവലിന്റെ പിതാവിനു് എന്തും സഹിക്കുന്നതിനുള്ള സന്നദ്ധത ഉണ്ടായിരുന്നുവെന്നു് അദ്ദേഹത്തോടൊന്നിടപെട്ടിട്ടുള്ള വക്കെല്ലാം നിഷ്പ്രയാസം മനസ്സിലാക്കാമായിരുന്നു. 1914-ൽ കാൻസയുടെ സൈന്യം സ്വരാജ്യത്തെ ആക്രമിച്ചസമയത്തു് സ്വത്തുക്കളും മുഴുവൻ നഷ്ടപ്പെട്ടതുമൂലം അത്യധികം കഷ്ടപ്പെടുകയും ഒടുവിൽ അദ്ദേഹം ഒരു അഭയാർത്ഥിയായി അന്യദേശത്തു പ്രാക്കേണ്ടിവരുകയും ചെയ്തു. മിഗുവലിന്റെ അമ്മ, ഇങ്ങനെ നാട്ടം വസ്തുക്കളും വീടും വിട്ടു മറ്റൊരിടത്തു കുടിയേറിപ്പാർക്കാനിടയായ അവസരത്തിൽ പ്രദർശിപ്പിച്ച സന്നദ്ധത അവളുടെ ധർമ്മധീരതയെ വെളിപ്പെടുത്തി. ഗ്വഡലജാവാ എന്ന സ്ഥലത്തു ചെന്നു് അവർ സ്വജീവനെ രക്ഷിച്ചു. തന്റെ ദരിദ്രാവസ്ഥയെപ്പറ്റി യാതൊരു ആകുലചിന്തയും കൂടാതെ സ്വപരിശ്രമത്താൽ സ്വകുടുംബത്തെ ആ കുടുംബനായിക സംരക്ഷിച്ചുപോന്നു.

ദുഃഖദുരിതങ്ങൾ ഒരുവൻ ഏതു മനഃസ്ഥിതിക്കാരനാണെന്നു തനി നിറത്തിൽ പ്രത്യക്ഷമാക്കുന്നു. ഇതിനു ലോകചരിത്രത്തിൽ ഉദാഹരണങ്ങൾ ധാരാളമുണ്ടു്. മിഗുവലിന്റെ അമ്മയുടെ ചരിത്രം ഇവയിൽ പ്രധാനമായ ഒരു സ്ഥാനംതന്നെ വഹിക്കുന്നു.

മിഗുവൽ അഗസ്റ്റിന്റെ പിതാവു് കൊൺഫെഡിക്കോൺ വിട്ടു് കൊഹവുലിയാ സംസ്ഥാനത്തിന്റെ പ്രധാന പട്ടണമായ സൽത്തിലോയിലേയ്ക്കു പോയപ്പോൾ കേവലം ഒരു ചെറുബാലനായിരുന്ന മിഗുവൽ ഭക്ഷിയിൽ എന്നതിനേക്കാൾ കൗശലങ്ങളിലായിരുന്ന കൂട്ടത്തിൽ താൽപര്യം പ്രദർശിപ്പിച്ചിരുന്നതു്. എന്നാൽ കത്തോലിക്കൈതന്യം നിറഞ്ഞ മാതാപിതാക്കൾ തങ്ങളുടെ സുതനെ തക്കനേരത്തു വേണ്ടവിധം നിയന്ത്രിച്ചിരുന്നു. ചെറുപ്രായത്തിൽ മാതാപിതാക്കന്മാരിൽനിന്നു തനിക്കു ലഭിച്ചിട്ടുള്ള പ്രഥമങ്ങളെപ്പറ്റി മറ്റുള്ളവരോടു പറയുന്നതിൽ നമ്മുടെ കഥാനായകനു യാതൊരു ലജ്ജയുമില്ലായിരുന്നു. കൈയ്യിൽ ഒരു പൈസപോലുമില്ലായിരുന്ന അവസരങ്ങളിൽ യാതൊരു കൂസലും കൂടാതെ കച്ചവടക്കാരോടു പലഹാരങ്ങൾ കടംചോദിച്ചുവാങ്ങിച്ചിരുന്നു. ഒരവസരത്തിൽ ഒരുവൻ സാമാനങ്ങൾ കൊടുക്കുവാൻ

സ്വല്പം ശങ്കിച്ചുപ്പോൾ "ഭയപ്പെടേണ്ടാ, പിന്നീട് തന്നെ വീട്ടിക്കൊള്ളാം" എന്നു മിഥുവൽ ധൈര്യപൂർവ്വം പറഞ്ഞു. അന്നദിനം കടം വാങ്ങിച്ച സാമാനങ്ങളുടെ തുക വർദ്ധിച്ചുപ്പോൾ ഒരു കച്ചവടക്കാരൻ കുട്ടിയുടെ അമ്മയോട് പണം ആവശ്യപ്പെട്ടു. അവർ യാതൊരു വിഷമവും കാണിക്കാതെ പണം നല്കി. ഈ വിവരം അറിഞ്ഞ മിഥുവൽ അന്നുരാത്രി ഉറങ്ങാൻ പോയപ്പോൾ ഈ സംഭവത്തെപ്പറ്റി ദീർഘനേരം ചിന്തിച്ചു; മേലിൽ "ഞാൻ ബുദ്ധിപൂർവ്വകമായി പ്രവർത്തിച്ചുകൊള്ളാം" എന്നു പ്രതിജ്ഞചെയ്തശേഷം മാത്രമെ സമാധാനമായി ഉറങ്ങുന്നതിനു് അവന്നു സാധിച്ചൊള്ളൂ.

മിഥുവൽ വിദ്യാഭ്യാസം ചെയ്തതു് മനുവൽ അക്കുനാ എന്ന വിദ്യാലയത്തിലാണു്. പ്രസന്നമുഖനായ ഒരു ചെറുബാലനായിട്ടാണു് അവൻ അവിടെ അറിയപ്പെട്ടിരുന്നതു്. സന്തോഷചിത്തനും വലിയ ഫലിതക്കാരനുമായിരുന്നതിനാൽ എല്ലാവർക്കും അവനോട് വളരെ തൃപ്തിയായിരുന്നു. മിഥുവൽ ഒരു ബാലപ്രിയനായിരുന്നു. ഒരു ദിവസം ഒരു വഴക്കിൽ ഉപ്പെട്ടാറെ കീറിപ്പറിഞ്ഞ തൊപ്പിയുമായി സ്വഭവനത്തിലേക്കു് മടങ്ങേണ്ടിവന്നു. വഴക്കിൽ തോൽവിയും ജയവും മിഥുവലിനു് അന്നദിനം അനുഭവപ്പെട്ടിരുന്നു.

മിഥുവൽ മൂത്ത പുത്രനായിരുന്നതുമൂലം പഠനം പൂർത്തിയാക്കുന്നതിനു സാധിച്ചില്ല. പഠനം അവസാനിപ്പിച്ചു് പിതാവിനെ അദ്ദേഹത്തിന്റെ പുതിയ ജോലിയിൽ–അതേ കൽക്കരിപ്പണിയിൽ–അവൻ സഹായിച്ചുവന്നു. പ്രസ്തുത ജോലിക്കിടയിൽ കിട്ടിയിരുന്ന സമയം ടൈപ്പ്റൈറ്റിങ്ങ് പഠിക്കുന്നതിനു ചെലവഴിച്ചതുമൂലം മിഥുവൽ ഒരു ഒന്നാംതരം ടൈപ്പിസ്റ്റായിത്തീർന്നു. വിശ്രമത്തിനു ലഭിച്ചിരുന്ന സമയത്തെല്ലാം മിഥുവൽ കൽക്കരിഖനികളിൽ കടന്നുചെന്നു് അവിടെയുണ്ടായിരുന്ന ജോലിക്കാരുമായി ഇടപെട്ടു് അവരുടെ സംസാരരീതി പഠിച്ചു തഴക്കി. പട്ടമേറ്റതിനുശേഷം ആദ്യമായി മിഥുവൽ ധ്യാനപ്രസംഗം ചെയ്തതു് ഈ ജോലിക്കാരുടെ ഇടയിലായിരുന്നു. അദ്ദേഹം ആ അവസരത്തിൽ അവരിൽ ഒരുവനെപ്പോലെ സ്വയം കരുതി അവരുടെ രീതിയിൽ സംസാരിച്ചതിനാൽ അവർ ഹൃദയപൂർവ്വം ആനന്ദിച്ചു. യുവവൈദികൻ തന്റെ പഴയതൊഴിലിനെപ്പറ്റി ചിന്തിച്ചുപ്പോൾ "ഈ കൂട്ടരുമായി വേർപിരിഞ്ഞിട്ടു് പതിനാല് സംവത്സരങ്ങൾ

കഴിഞ്ഞിരിക്കുന്നതിനാൽ ഇവരോട്ട വഴ്ത്തിക്കേണ്ടവിധം ഞാൻ മറന്നുപോയിക്കാണും'' എന്നു ശങ്കിക്കാതിരുന്നില്ല. എന്നാൽ തലേദിവസം മാത്രം അവരുമായി വേർപിരിഞ്ഞ ഒരുവനെപ്പോലെ അവരോട്ട് സംസാരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു."

ജോലിത്തിരക്കിനിടയിൽ മിഗുവൽ ഭക്തികൃത്യങ്ങൾക്കായി സമയം ഒട്ടും ചെലവാക്കിയിരുന്നില്ല. ഭാവിയിൽ ഭക്തിപരമായ ഒരു ജീവിതം താൻ നയിക്കുമെന്നു സ്വപ്നേപി ഒരു ചിന്താവിചാരം ഈ ചെറുബാലനുണ്ടായില്ല. സന്ധ്യാസമയം മുഴുവൻ മിഗുവൽ താൻ വാത്സല്യപൂർവ്വം സ്നേഹിച്ചിരുന്ന സഹോദരിമാരൊരുമിച്ചു കഴിച്ചുകൂട്ടി.

ദൈവപരിപാലന നമ്മുടെ യുവാവിനെ ഒരു പ്രേഷിതനാക്കിത്തീർക്കുന്നതിനു ക്രമശ: പ്രവർത്തിച്ചുതുടങ്ങി. തന്റെ സഹോദരിമാരിൽ രണ്ടുപേർ കന്യാസ്ത്രീകളാകുവാൻ നിശ്ചയിച്ച വിവരം മിഗുവൽ ഗ്രഹിക്കുന്നതിനിടയായി. താമസംവിനാ അവരിരുവരും യാത്രപറഞ്ഞു പിരിഞ്ഞു. മിഗുവലിനു് ആ സമയം പത്തൊൻപതുവയസ്സു പ്രായമുണ്ടായിരുന്നു. അവരുടെ വേർപാട്ട് മിഗുവലിൽ ഒരു വലിയ പരിവർത്തനം ഉളവാക്കി. യുവാവിന്റെ വിദ്വേഷം വിശേഷവിധിയായി തിരിഞ്ഞതു് ഈശോസഭക്കാരായ വൈദികരുടെ നേർക്കായിരുന്നു. എന്തുകൊണ്ടെന്നാൽ, അവരായിരുന്നു പ്രസ്തുത സഹോദരികളുടെ ആത്മീയോപദേഷ്ടാക്കൾ. മിഗുവൽ മേലിൽ അവരുമായി ഒരിക്കലും രമ്യപ്പെടുകയില്ലെന്നു ശപഥം ചെയ്തു. അവന്റെ രീതി വീക്ഷിച്ചിരുന്നവർക്കും ഇവർ തമ്മിൽ രമ്യമാകുമെന്നു വിചാരിപ്പാൻ സാദ്ധ്യമല്ലായിരുന്നു. പകരംവീട്ടണമെന്നുള്ള ഉദ്ദേശ്യത്തോടേ, കോപാക്രാന്തനായ മിഗുവൽ ഒരു കാട്ടിൽ പോയി പതിഇരുന്നു. എന്നാൽ അവന്റെ അമ്മ അവനെ അന്വേഷിച്ചു കണ്ടുപിടിച്ചു തിരിയെ വീട്ടിലേയ്ക്കു കൊണ്ടുപോന്നതിനാൽ ഉദ്ദേശ്യം സഫലമാക്കുവാൻ സാധിച്ചില്ല.

വീട്ടിൽ വന്നതിനുശേഷം അമ്മ മകനോട്ട് ഒരു ഏകാന്തധ്യാനം കഴിക്കുവാനാവശ്യപ്പെട്ടു. അതനുസരിച്ചു ധ്യാനത്തിലേർപ്പെട്ടിരിക്കുമ്പോൾ നമ്മുടെ ദിവ്യരക്ഷകൻ, 'ചുങ്കക്കാരൻ മത്തായി'യെ പ്രേഷിതവേലയ്ക്കു ക്ഷണിച്ചതുപോലെ, മിഗുവലിനേയും ക്ഷണിച്ചു. ജീവിതകാലം മുഴുവനും വേലക്കാരുടെ മദ്ധ്യേ ചെലവഴിക്കു

വാൻ നിശ്ചയിച്ചിരുന്ന ആ യുവാവ് സ്വജീവിതത്തെ ആത്മാക്ക
ളുടെ രക്ഷയ്ക്കായി പൂജിക്കുന്നതിനു തീർച്ചപ്പെടുത്തി.

ദൈവഹിതം മിഗുവൽ ഒരു വൈദികനാകണമെന്നും, അതും
ഈശോസഭയിൽതന്നെ വേണമെന്നും, ആയിരുന്നതിനാൽ അതി
നോട് പരിപൂർണ്ണമായി യോജിച്ചുകൊണ്ട് ഇരുപതാമത്തെ വയ
സ്സിൽ അവൻ സ്വകുടുംബത്തോടും കൽക്കരിഖനിയിലെ വേലക്കാ
രോടും യാത്രപറഞ്ഞു പിരിഞ്ഞു.

1911 ആഗസ്റ്റ് 11-ാംനു- മിക്കോആക്കാൻ സംസ്ഥാന
ത്തിൽ എല്ലനോ എന്ന സ്ഥലത്തുള്ള ഈശോസഭക്കാരുടെ നവ
സന്ന്യാസഭവനത്തിൽ മിഗുവൽ പ്രവേശിച്ചു. അവിടെ വസിച്ചി
രുന്ന കാലത്തെ ചെയ്തികളെപ്പറ്റി അദ്ദേഹത്തിന്റെ സഹവാസി
കൾ പറയുന്നതിപ്രകാരമാണു: "മിഗുവലിന്റെ കഴിഞ്ഞകാലത്തെ
ഫലിതങ്ങളോർത്തു പൂർവ്വ സ്നേഹിതന്മാർ ആനന്ദിക്കുമായിരുന്നു. ആ
നന്ദം ഉളവാക്കുന്നതിനുള്ള ഏതോ ഒരു പ്രത്യേകത മിഗുവലിനു
ണ്ടായിരുന്നുവെന്നാണു" അവരുടെ പൊതു അഭിപ്രായം. ഏതു
സംഭവത്തിന്റെയും ഫലിതവശം കണ്ടുപിടിച്ച് സ്വസഹോദര
ങ്ങൾക്കു യാതൊരുപദ്രവവും ഉണ്ടാക്കാതെ എല്ലാവരേയും ഒന്നു
പോലെ സന്തോഷിപ്പിക്കുന്നതിനുള്ള ഒരു സാമർത്ഥ്യം ഈ യുവ
യോഗിക്കുണ്ടായിരുന്നു." മിഗുവൽ ഏകനായിട്ടാണു നവസന്ന്യാസം
ആരംഭിച്ചതു". വി. പൗലോസിനെപ്പോലെ ഈ നവസന്ന്യാസി
'എല്ലാവർക്കുംഎല്ലാ'മായിത്തീർന്നവിധം വർത്തിച്ചിരുന്നതിനാൽ സ
കലരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. പുതുസന്ന്യാസികളുടെ ഗുരു
ശിഷ്യനിലുള്ള സ്വഭാവവിശേഷത്തെ പെട്ടെന്നു മനസ്സിലാക്കി
അതിരുകടന്നു പോകാത്തവിധം അതിനെ പുലർത്തിക്കൊണ്ടുപോകു
ന്നതിനു ദൃഢനിശ്ചയം ചെയ്തു.

മിഗുവലിന്റെ ഫലിതങ്ങൾ കേട്ടാൽ ആദ്യം ചിരിച്ചിരു
ന്നതു് നവസന്ന്യാസഗുരു തന്നെ ആയിരുന്നു. എന്നാൽ അദ്ദേ
ഹം മിഗുവലിന്റെ ആന്തരികവികാരങ്ങളെ പരീക്ഷിച്ചറിയേ
ണ്ട അവസരങ്ങൾ ഒന്നുംതന്നെ നഷ്ടപ്പെടുത്തിയില്ല. മിഗു
വൽ സഭയിൽ പ്രവേശിച്ചു് രണ്ടു മാസം കഴിഞ്ഞൊരവസ
രത്തിൽ കൂട്ടുകാർ കളിച്ചുകൊണ്ടിരുന്നപ്പോൾ, തന്റെ തവണ
വരുന്നതുവരെ വൃഥാ നിൽക്കാൻ ഇഷ്ടപ്പെടാതെ, മിഗുവൽ
അടുത്തുണ്ടായിരുന്ന ഒരുയന്ത്രസ്ഥലത്തു കയറിനിന്നു് സ്വസഹോ
ദരരോടൊന്നു പ്രസംഗിക്കുവാൻ തുടങ്ങി. നവസന്ന്യാസികളിൽ

ചിലർ സഹോദരനെ ഈ ഉദ്യമത്തിൽ പ്രോത്സാഹിപ്പിച്ചതിന്റെ ഫലമായി മിഗുവൽ ഫലിതങ്ങൾ തുടർന്നു പറയുവാനും തുടങ്ങി. പെട്ടെന്നുണ്ടായ ചിരി കേട്ട് കളിച്ചുനിന്നിരുന്നവർ കളിനിർത്തി മിഗുവലിന്റെ ചുറ്റും ഓടിക്കൂടി. ഈ സമയത്തു് ഗുരു പെട്ടെന്നു സ്ഥലത്തെത്തിയതുമൂലം മിഗുവലിനു് ഫലിതങ്ങൾ അവസാനിപ്പിക്കാതെ ഗത്യന്തരമില്ലാതായി. "എന്താണവിടെ മകളിൽ?" എന്ന ഗുരുവിന്റെ ചോദ്യത്തിനു് "മിഗുവൽ ഞങ്ങളോടു് ഒരു പ്രസംഗം പറകയായിരുന്നു" എന്നു് ഒരാൾ മറുപടിപറഞ്ഞു. ഗുരു "വളരെ നന്നു് പക്ഷേ എനിക്കതു നഷ്ടപ്പെട്ടതിൽ വളരെ സങ്കടം ഉണ്ടു്. എന്നാൽ മിഗുവലതൊന്നാവർത്തിക്കാതിരിക്കയില്ല" എന്നു പറഞ്ഞമാത്രയിൽ ഗുരുവിന്റെ ആഗ്രഹാനുസരണം മിഗുവൽ ആയതുമുഴുവൻ ആവർത്തിച്ചു.

ശ്രേഷ്ഠന്മാർക്കു മിഗുവലിനെപ്പറ്റി നല്ല മതിപ്പുണ്ടായിരുന്നതിനാൽ അവർ എപ്പോഴും അയാളെ പൊതുജോലികളിൽ ഏതെങ്കിലും ഏല്പിക്കുക പതിവായിരുന്നു. ഉല്ലാസം അവസാനിപ്പിക്കുന്നതിനുള്ള മണിയുടെ സ്വരം ശ്രവിക്കുന്നമാത്രയിൽ ചിരിയും കളിയും എല്ലാം ഉപേക്ഷിച്ചു് വിശ്വാസത്തിന്റെ ചൈതന്യത്തോടെ ആശ്രമത്തിലെ ഏറ്റവും നിസ്സാരമായ ക്രമങ്ങൾപോലും അനുസരിക്കുന്നതിൽ ഈ പുതുസന്ന്യാസി ബദ്ധശ്രദ്ധനായിരുന്നു.



രണ്ടാം അദ്ധ്യായം

ഭയങ്കര കലാപം

മിഗ്വലിന്റെ നവസന്ന്യാസത്തിൽ പ്രഥമവത്സരം രാജ്യത്തൊട്ടാകെ സമാധാനമായിരുന്നു. എന്നാൽ അതിനുശേഷം മെക്സിക്കോയുടെ ഉത്തരഭാഗങ്ങളിൽ ഭയങ്കരമായ വിപ്ലവങ്ങളാരംഭിച്ചു. ദിവസങ്ങൾ കഴിയുന്തോറും ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നതായിട്ടായിരുന്നു വർത്തമാനം. പ്രസിഡൻഷ്യൽ പ്രൊഫിരിയോ ദയാസിന്റെ അധീനത്തിലായിരുന്ന സ്ഥലങ്ങളിൽ രാഷ്ട്രീയ സ്ഥിതികൾ വ്യത്യസ്തപ്പെട്ടുതുടങ്ങി. സോഷ്യലിസ്റ്റുകാർ രാജാധിപത്യത്തോടു സാമ്യമുള്ള ഭരണരീതിയോടെതിർക്കുകയും ദരിദ്രരും കൃഷിക്കാരുമായിരുന്ന ഇൻഡ്യന്മാരെ പ്രസംഗപരമ്പരകൊണ്ടു ക്ഷോഭിപ്പിച്ചു് വലിയവിപ്ലവംതന്നെ ഉളവാക്കുകയും ചെയ്തു. തൽഫലമായി അധികാരത്തിലിരുന്ന ദയാസ് പരാജിതനായി.

കുറെ മാസങ്ങൾക്കുശേഷം, 1911 നവംബർ 7–ാംനു-, പ്രൻസിസ്കോ മഡ്രേയോ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം സാഘോഷം മെക്സിക്കോയിൽ പ്രവേശിച്ചുവെങ്കിലും ശത്രുക്കളോടു പോരാടുവാൻ ശ്രാണിയില്ലാതിരുന്നതിനാൽ ഏറെ താമസിയാതെ പിൻമാറേണ്ടിവന്നു. നാലുദിക്കിലും അധികാരഭ്രമം വർദ്ധിച്ചുവരുകയാൽ ജനങ്ങൾ നിലവിലിരുന്ന അധികാരികളോടെതിർക്കുകയും അരാജകത്വത്തിനു വഴിതുറക്കുകയും ചെയ്തു.

1913 ഫെബ്രുവരിമാസത്തിൽ വിപ്ലവനേതാക്കന്മാർ മെക്സിക്കോയിലെ തെരുവീഥികളെ യുദ്ധക്കളമാക്കിത്തീർത്തു. തന്മൂലം പ്രധാനാധികാരി പരാജിതനായി. ഹ്യൂഏർത്താ മെക്സിക്കോയിലെ സർവ്വാധികാരിയായിത്തീർന്നു. ഇദ്ദേഹത്തിനു കുറെ മാസങ്ങൾ മാത്രമെ അധികാരംപുലർത്തുന്നതിനു സാധിച്ചൊള്ളൂ. അതുമല്ലാ കാലം സ്ഥിരതയോടും ബുദ്ധിപൂർവ്വകമായും പ്രവർത്തിച്ചതിനാൽ അദ്ദേഹം കത്തോലിക്കരുടെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായി. കത്തോലിക്കർ ഫ്രൻസിസ്കോ മഡ്രേയോയുടെ കാലത്തു സംഘടനകൾ സമാരംഭിച്ചിരുന്നതിനാൽ ക്രിസ്തീയതത്വങ്ങൾ പ്രബലമാവുകയും ക്രിസ്തീയമായ ഒരു പരിവർത്തനത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും ചെയ്തു.

LIBRARY 12823

അട്ടത്തുവരുന്ന തെരഞ്ഞെടുപ്പിൽ സമർത്ഥനായ എഫ്. ഗം ബോവാ വിജയിക്കുമെന്ന പൊതുജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. ഭരണഘടനാസംഹിതയിൽ ദൈവനാമം മുദ്രണംചെയ്ത ഹ്യൂവേത്തോ "സമാധാനം സ്ഥാപിതമാകുന്നതുവരെ" സൈനികഭരണം നടത്തി. സമാധാനം പക്ഷേ സംസ്ഥാപിതമായില്ല.

കൊഹിലിയായിൽ ഗവർണരായിരുന്ന വെനസ്ത്യിയാനോ കരാൻസാ ഈ അവസരത്തിൽ രംഗപ്രവേശം ചെയ്തു. അദ്ദേഹത്തിന്റെ ആഗ്രഹം അതിരുകടന്നുപോയതിനാൽ ഉദ്ദേശിച്ചിടത്തു് നില്ക്കുന്നതിനു സാധിക്കാതെപോയി. നീതിയും സമാധാനവും പുനഃസ്ഥാപിക്കാൻ എന്ന ഭാവത്തിൽ, 1913 മാർച്ച് 26–ാംനു-, ഹ്യൂവേത്തായെ പ്രസിഡൻറായി സ്ഥിരീകരിക്കുവാൻപാടില്ലെന്നൊരു വിളംബരം അയാൾ പുറപ്പെടുവിച്ചു; ഒരു 'സൈന്യത്തെ' ഹ്യൂവേത്തായിക്കെതിരായി നയിക്കയുംചെയ്തു. അനന്തരം കരാൻസാ ഒരു തസ്കരസൈന്യത്തിന്റെ നായകനായിരുന്ന വില്ലായുമായി സഖ്യംചെയ്തു. മുൻപു പ്രസിഡൻറായിരുന്ന വിൽസനും ഈ അവസരത്തിൽ, ആയുധങ്ങളും നല്കി, കരാൻസയെ സഹായിച്ചു. ഈ രണ്ടു വിപ്ലവകാരികളുടേയും നയം മൗലീയമായിരുന്നു. ഇവർ ദക്ഷിണദിക്കുകളിലേയ്ക്കു കടന്നു് അവിടെ ഉണ്ടായിരുന്ന സകലതും നശിപ്പിച്ചു. ജൂലായി 8-ാംനു- ഗ്വാഡൽജാറ ഇവരാൽ കൊള്ളചെയ്യപ്പെട്ടു. ഇവരുടെ ഉദ്ദേശ്യം ഹ്യൂവേത്തായെ അനുകൂലിച്ചിരുന്ന കത്തോലിക്കരെ അടിച്ചു തകർത്തു് അധികാരം കൈയ്യേല്ക്കണമെന്നായിരുന്നു. ഇവർ തടവുകാരോടു നികൃഷ്ടമായ വിധം വർത്തിക്കുകയും ജനങ്ങളുടെ വസ്തുക്കൾ കവർച്ചചെയ്യുകയും, ധനവാന്മാരെ കാരാഗൃഹത്തിലടയ്ക്കുകയും യുദ്ധത്തിൽ പിടിക്കപ്പെട്ട നേതാക്കന്മാരെ വധിക്കുകയും ചെയ്തു.

ജൂലായി 20-ാംനു- കരാൻസാ മെക്സിക്കോനഗരത്തിൽ പ്രവേശിച്ചു. "സ്ഥാനത്യാഗംചെയ്ത" ഹ്യൂവേത്തായുടെ പിൻഗാമിയെന്ന നിലയിൽ ആഗസ്റ്റ് 15–ാംനു- ക്രൂരമായ ഭരണം ആരംഭിച്ചു. കൈകളിൽ കൊടികളുമായി ഇരച്ചുകയറിവന്ന പട്ടാളക്കാർ ഇങ്ങനെ ആർപ്പുവിളിച്ചിരുന്നു. "പുരോഹിതന്മാർ അന്ധകാരമാകുന്നു. സ്വാതന്ത്ര്യം പ്രകാശമാകുന്നു:" യഥാർത്ഥമായ സ്വാതന്ത്ര്യം കൈവരിക്കുന്നതിനു മെക്സിക്കൻ ജനാവലി വളരെയധികം സഹിക്കേണ്ടതായിവന്നു. പടയാളികൾ പട്ടണത്തിൽ പ്രവേശിച്ചു് എല്ലാത്തരക്കാരേയും അവരാൽ ആവുംവിധം ഉപദ്രവിച്ചു. അവരുടെ

വൈരാഗ്യം പരസ്യമായി പ്രകടിപ്പിച്ചിരുന്നതു് വൈദികരുടേയും സന്യാസിനീസന്യാസികളുടേയും നേക്കായിരുന്നു. അന്തരീക്ഷം അനുദിനം വ്യത്യസ്തപ്പെട്ടുകണ്ടതിനാൽ സഭാമേലദ്ധ്യക്ഷന്മാർ ഒരു സംയുക്ത ഇടയലേഖനം പുറപ്പെടുവിച്ചു. അതു് വിപ്ലവകാരികളെ വല്ലാതെ ക്ഷോഭിപ്പിക്കയും ചെയ്തു. തൽഫലമായി അവർ പള്ളികളിൽ കടന്നു പല ഹീനകൃത്യങ്ങളും നടത്തി. ഒരു കൂട്ടർ സക്രാരി കുത്തിത്തുറന്നു് അതിലുണ്ടായിരുന്ന ദിവ്യ ഓസ്തികൾ നിലത്തെറിഞ്ഞശേഷം പുറകു നിന്നു നൃത്തം ചെയ്തു; വേറൊരു കൂട്ടർ ക്രൂശിതരൂപത്തിന്റെയും സക്രാരിയുടേയും നേരെ വെടിവെച്ചു. മൂന്നാമതൊരു കൂട്ടർ പരസ്യാരാധനയ്ക്കു് എഴുന്നള്ളിച്ചുവച്ചിരുന്ന അരുളിക്കയുടെ നേരേ നിറയൊഴിച്ചു. നീചന്മാരായ വേറൊരു കൂട്ടർ ഒരു വൈദികനെ ശവമഞ്ചത്തോടുകൂട്ടിത്തറച്ചു പട്ടിണിയിട്ടു കൊന്നതിനെപ്പറ്റി പ്രലംസിച്ചു. ക്രൈസ്തവസ്ഥാപനകളെല്ലാം 'കണ്ടുകെട്ടു'മെന്നുള്ള നോട്ടീസുകൾ കെട്ടിടങ്ങളുടെ ഭിത്തികളിൽ കാണപ്പെട്ടു. സന്യാസിനീസന്യാസികളെ നാടുകടത്തി. മതപരമായ പത്രമാസികകളുടെ പ്രവർത്തനം നിർത്തുവാൻ കല്പന പുറപ്പെടുവിച്ചു. വി. ബ്രിജീത്തയുടെ ദേവാലയം ഒരു കാലിത്തൊഴുത്തായി രൂപാന്തരപ്പെടുത്തി. ഇപ്രകാരം പ്രസിഡൻറ് കരാൻസയുടെ പുതിയ ഉദ്യോഗസ്ഥന്മാർ വിപ്ലവം എല്ലായിടത്തും പ്രചരിപ്പിച്ചു. ഈ കാലഘട്ടത്തിൽ മിഗുവൽ സമാധാനമായി, ഏകാന്തതയിൽ, ആശ്രമഭിത്തികൾക്കുള്ളിൽ വസിക്കുകയായിരുന്നു. 1913 ആഗസ്റ്റ് 15-ാംനു- അദ്ദേഹം പ്രഥമ സന്യാസവ്രതം അനുഷ്ഠിച്ചു. ആഘോഷങ്ങളെല്ലാം രഹസ്യമായിരുന്നു. സിംഹങ്ങളെപ്പോലെ അലറിനടന്നിരുന്ന പട്ടാളക്കാരുടെയിടയിൽകൂടി പുറത്തിറങ്ങി സഞ്ചരിക്കുന്നതു ബുദ്ധിപൂർവ്വകമല്ലായിരുന്നതിനാൽ അദ്ദേഹത്തിനു് സ്വകുടുംബക്കാരെ കാണുന്നതിനു പോലും കഴിഞ്ഞിട്ടേ സാധിച്ചുള്ളൂ.

വ്രതാനുഷ്ഠാനശേഷം സഭാനിയമമനുസരിച്ചുള്ള ദിവ്യപഠനത്തിനു മിഗുവൽ വിധേയനായി. സമാധാനപൂർവ്വം ജീവിക്കുന്നതിനോ പഠിക്കുന്നതിനോ സാധിക്കാത്ത ഒന്നായിരുന്നു അന്നത്തെ അന്തരീക്ഷം. ഈ അവസരത്തിൽ നിർദ്ധനനായ സ്വപിതാവു് ജീവരക്ഷാർത്ഥം നാടുവിടുന്നതിനു നിർബ്ബന്ധിതനായി എന്നും രോഗിണിയായ അമ്മ ഗ്രാമജാവായിലേയ്ക്കു പുറപ്പെട്ടുകഴിഞ്ഞുവെന്നും നമ്മുടെ വൈദികവിദ്യാർത്ഥിക്കു് അറിവുലഭിച്ചു.

സമസ്തവും ദൈവപരിപാലനയ്ക്കു സമർപ്പിച്ചുകൊണ്ട് അദ്ദേഹം കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ തീർച്ചപ്പെടുത്തി. ഏതാണ്ട് മൂന്നുമാസക്കാലം പഠനം തുടർന്നപ്പോൾ വൈദികവിദ്യാർത്ഥികളുടെ ഗുരുവിന് സുഖമില്ലാതെയായി. ഈ കാരണത്താൽ ഗുരുവിന്റെ സ്ഥാനംകൂടെ വഹിച്ച് സഹപാഠികളെ പഠിപ്പിക്കുന്നതിനു മിഗുവൽ നിർബ്ബന്ധിതനായിത്തീർന്നു. ആ ജോലി ഏറെ അധികം താമസിയാതെ പുതിയ 'ഗുരു'വിനു ഉദരരോഗം ബാധിച്ചു. സകല വിഷമതകളും സസന്തോഷം സഹിച്ചുകൊണ്ട് അദ്ദേഹം ജോലി തുടർന്നു. ഇപ്രകാരം സ്കൂൾവർഷം ഒരുവിധം അവസാനിച്ചുവെങ്കിലും പുറമേ രാഷ്ട്രീയാന്തരീക്ഷം അസ്വസ്ഥമായിത്തന്നേയിരുന്നു.

മൂന്നാം അദ്ധ്യായം

സ്വരാജ്യത്തിനു പുറത്ത്

1914 ജൂലായി 14-ാംനു- കരാൻസയുടെ സൈന്യം മിക്ക ആക്കൻ സംസ്ഥാനത്തു പ്രവേശിച്ച് എൽലാനോയിക്കു സമീപമുള്ള സമാക്കോ പട്ടണം കീഴടക്കി. വിദ്യാർത്ഥികൾക്കു സമാധാനപൂർവ്വം പഠനം തുടർന്കൊണ്ടുപോകുക സാദ്ധ്യമല്ലെന്നു ഗ്രഹിച്ച ഇടവോസഭാധികാരികൾ പാഠശാല അവിടെനിന്നു മാറ്റുന്നതിനു നിശ്ചയിച്ചു. ആഗസ്റ്റ് 15-ാംനു- പുരുസന്ന്യാസികൾ കൂട്ടംകൂട്ടമായി അടുത്ത പട്ടണങ്ങളിലേയ്ക്കും സുപരിചിതരായ സ്നേഹിതന്മാരുടെ ഭവനങ്ങളിലേയ്ക്കും യാത്രതിരിച്ചു. ഈ സമയം മിഗുവൽ പട്ടണത്തിൽ കുറച്ചുനാൾ ഒളിച്ചു താമസിച്ചു. അവസാനം ആഗസ്റ്റ് 29-ാംനു-, ഒരു കൂട്ടകാരനോടുകൂടെ, സാധാരണക്കാരുടെ വേഷവും ധരിച്ച് പട്ടാളക്കാരുടെ നടുവിലൂടെ കടന്നു, ഒരു അഭയസ്ഥാനത്തെത്തി; അടുത്തദിവസം വേറെ മൂന്നു നവസന്ന്യാസികളും ഇവരുടെ കൂട്ടത്തിൽ വന്നുചേർന്നു. എല്ലാവരും ഒരുമിച്ച് വലിയ മൻകരുതലോടെ ഗ്രഡലജാവയിലേയ്ക്കു പുറപ്പെട്ടു. അവിടേയ്ക്കുള്ള മൂന്നുദിവസത്തെ യാത്രയ്ക്കിടയിൽ പട്ടാളക്കാരുടെ പിടി

യിൽനിന്നു രക്ഷപെടുന്നതിനായി ചിലപ്പോളൊക്കെ കുറിക്കാട്ടുകളിൽ ഒളിച്ചിരിക്കേണ്ടിവന്നു. സെപ്തംബർ 2–ാംനു- മിഗുവൽ ഒരു വേലക്കാരന്റെ വേഷം ധരിച്ചു് സ്വസഹോദരങ്ങളുടെ സാമാനങ്ങളും തോളിൽ വഹിച്ചുകൊണ്ടു് പട്ടണത്തിൽ പ്രവേശിച്ചു. പതിമൂന്നു സതീർത്ഥ്യന്മാർ നേരത്തെ അവിടെ സ്ഥലംപിടിച്ചിട്ടുണ്ടായിരുന്നു. മിഗുവൽ ദുഃഖിതരായ ഇവരെയെല്ലാം ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി. എങ്കിലും അദ്ദേഹം ഹൃദയത്തിൽ വളരെ വേദന അനുഭവിക്കുന്നുണ്ടായിരുന്നു. എന്തെന്നാൽ, വഴിയിൽവച്ചു് ദരിദ്രരായ അമ്മയേയും സഹോദരീസഹോദരന്മാരെയും മിഗുവൽ കാണുന്നതിനിടയായി. നിസ്സഹായനായ തനിക്കു അവരെ യാതൊരുവിധത്തിലും സഹായിക്കുന്നതിനു നിവൃത്തിയില്ലായിരുന്നതുകൊണ്ടു് അദ്ദേഹം വളരെ മനഃക്ലേശം അനുഭവിച്ചു.

പലസ്ഥലങ്ങളിലായി വസിച്ചിരുന്ന കൂട്ടുകാരെ മിഗുവൽ കൂടെക്കൂടെ സന്ദർശിച്ചിരുന്നു. ഈ അവസരങ്ങളിലെല്ലാം അവരെ കൂടുതൽ സന്തോഷിപ്പിക്കുന്നതിനായി തുറസ്സായ സ്ഥലങ്ങളിലേയ്ക്കു നടക്കാൻ കൊണ്ടുപോയിരുന്നു. ആ അവസരങ്ങളിൽ, ഒന്നുകിൽ, ധാരാളം ഫലിതങ്ങളും പറഞ്ഞും അല്ലെങ്കിൽ വീണയുടെ സഹായത്തോടുകൂടി അനുനിമിഷനിർമ്മിതങ്ങളായ ഗാനങ്ങളും ആലപിച്ചും സന്താപചിത്തന്മാരെ സന്തോഷഭരിതരാക്കുവാൻ മിഗുവൽ ശ്രമിച്ചിരുന്നു. പരസ്യമായി ദിവ്യബലി അർപ്പിക്കുന്നതിനു സ്വാതന്ത്ര്യം ഇല്ലാതിരുന്നതുകൊണ്ടു് ഇവർ വിവിധ ഭവനങ്ങളിൽ ഒരുമിച്ചുകൂടി ദിവ്യബലിയിൽ സംബന്ധിച്ചുപോന്നു. മിഗുവലിനു് ഒരു വൈദികനാകുവാനുള്ള ആഗ്രഹം അനുദിനം വർദ്ധിച്ചുവന്നിരുന്നു. നിസ്സഹായരെ സഹായിക്കുന്നതിൽ അദ്ദേഹം ഒന്നാമനായിരുന്നു. പട്ടണത്തിൽ ഒരു വൃദ്ധസ്ത്രീ മരിക്കാറായിക്കിടക്കുന്നുവെന്നു കേട്ടു് അദ്ദേഹം അവിടെ ഓടിയെത്തി, കട്ടിലിന്നടുത്തു സ്ഥലംപിടിച്ചു; അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. അവസാനം മിഗുവലിന്റെ കയ്യിൽ ഇരുന്ന കുരിശുരൂപം വാങ്ങി ചുംബിച്ചുകൊണ്ടു് അവർ മരണമടഞ്ഞു.

ഒരുമാസം കഴിഞ്ഞപ്പോൾ സ്ഥലംവിടുന്നതിനുള്ള കല്പന ശ്രേഷ്ഠന്മാരിൽനിന്നു മിഗുവലിനു ലഭിച്ചു. മാതാവിനെ വിട്ടുപിരിയുന്നതിൽ മകനു് സ്വല്പം വിഷമം ഉണ്ടായെങ്കിലും എല്ലാം ദൈവപരിപാലനയ്ക്കു് ഏല്പിച്ചശേഷം യാത്രയ്ക്കൊരുങ്ങി. മിഗുവലിന്റെ കൂടെയുണ്ടായിരുന്ന ഒരു വൈദികൻ ആ സ്ത്രീരത്നത്തെ

പ്പറ്റി പ്രസ്താവിക്കുന്നതു് ഇപ്രകാരമത്രെ: "അവർ വിശ്വാസത്തിൽ അടിയുറച്ചവളാണു്. ഞാൻ അവളുടെ അഭയസ്ഥാനത്തു ചെന്നപ്പോൾ വിശേഷവിധിയായി അവിടെ കണ്ടതു് അലങ്കരിച്ചുവച്ച തിരുഹൃദയരൂപം മാത്രമായിരുന്നു. അവർ അപ്പോളെന്നോടു പറഞ്ഞതു് 'ഞാൻ ഭാഗ്യവതിയാണു്' എന്തെന്നാൽ, ക്രിസ്തുരാജനുവേണ്ടി ഇതൊഴിച്ചു് മറ്റെ സമസ്തവും ഉപേക്ഷിക്കുന്നതിനു് എനിക്കു സാധിച്ചു. അവിടുന്നു് എന്നെയും എന്റെ കുടുംബത്തേയും അനുഗ്രഹിക്കാതിരിക്കുകയില്ല' എന്നായിരുന്നു."

ഒക്ടോബർ 2–ാംനു-, ആദ്യവെള്ളിയാഴ്ച, ഭേവാലയത്തുശുശ്രൂഷകളെല്ലാം കഴിഞ്ഞു്, പുതുസന്ന്യാസികളും യാത്രയ്ക്കൊരുങ്ങി. തീവണ്ടി ആപ്പീസിൽ മിഗുവലിന്റെ മാതാവും സഹോദരീസഹോദരന്മാരും വന്നിരുന്നു. മിഗുവൽ കുടുംബത്തോടു യാത്രപറഞ്ഞു് കൂട്ടരുമൊരുമിച്ചു ലോസ്–ഹാറോസ് എന്ന സ്ഥലത്തെത്തി വാസമുറപ്പിച്ചു. അമേരിക്കൻ ഐക്യനാട്ടുകാരായ സന്ന്യാസികളും കാലിഫോർണിയായിൽ ഒരു ഭവനം ഏറെറടുത്തു് അവിടെ താമസിക്കാൻ തുടങ്ങി: സ്ഥലസൗകര്യങ്ങളും എല്ലായിടത്തും കുറവായിരുന്നെങ്കിലും ബുദ്ധിപൂർവ്വകമായ ക്രമീകരണംമൂലം അധികം വിഷമിക്കാതെ കഴിഞ്ഞുകൂടുന്നതിനു് ഇവർക്കു സാധിച്ചു. പുതുതായി വന്നവരെല്ലാം പഠനത്തിൽ ഏർപ്പെട്ടു. പഠനശാലയും പുസ്തകശാലയും ഒന്നുതന്നേ ആയിരുന്നു. പുസ്തകങ്ങളും വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളൂ. സ്പാനിഷ് വ്യാകരണം ഒരുപ്രതിമാത്രം ഉണ്ടായിരുന്നു. കുറെനാൾ കഴിഞ്ഞപ്പോൾ സൗകര്യക്കുറവുമൂലം നാലാം നിലയിലേയ്ക്കു പഠനശാല മാറ്റുകയും രാത്രി ഉറങ്ങുന്നതിനുള്ള സജ്ജീകരണങ്ങളും അവിടെത്തന്നേ ആക്കുകയും ചെയ്തു.

ഈ ദിവസങ്ങളിലെല്ലാം മിഗുവലിന്റെ ജോലി ഫലിതങ്ങളും പറഞ്ഞു കൂട്ടുകാരെ സന്തോഷിപ്പിക്കുകയായിരുന്നു. നാലുമണിക്കു് നടക്കാൻ പോകുന്ന അവസരങ്ങളും വഴിയിൽ കാണുന്ന കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നതിനുപയോഗിച്ചിരുന്നു. അതു എല്ലാവർക്കും വളരെ തൃപ്തികരമായിത്തോന്നി. ഒരവസരത്തിൽ ഒരു മേരിക്കൻ കുടുംബത്തെ വഴിയിൽവച്ചു കണ്ടുമുട്ടി. ആ കൂട്ടത്തിൽ ഉണ്ടായിരുന്ന കുട്ടികളോടു ചെറുകഥകളും പറഞ്ഞുകൊണ്ടു് മിഗുവൽ അവരെ സമീപിച്ചു. പിന്നെ വേദപാഠത്തിലെ ആദ്യപാഠങ്ങളും ചൊല്ലിക്കൊടുത്തു. ഒടുവിൽ ചോക്ലേയ്റ്റു വിതരണത്തോടുകൂടെ ആ കൂടിക്കാഴ്ച അവസാനിച്ചു.

ഈവിധം ഏതാണ്ട് ഒരു കൊല്ലം കഴിഞ്ഞുകൂടി. അനന്തരം മെക്സിക്കോയിൽ പ്രവേശിക്കുവാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു് അവർ ആലോചിച്ചുതുടങ്ങി. അപ്പോഴത്തെ രാഷ്ട്രീയാന്തരീക്ഷം അവർക്കു കുറെ ധൈര്യം നൽകി. 1914 സെപ്തംബർ മുതൽ അധികാരത്തിലിരുന്നവർ തമ്മിൽ കലഹിച്ചു്, ഓരോരുത്തരും അവരവരുടെ കഴിവിന്നനുസരിച്ചു പട്ടണം കൊള്ളചെയ്യുപോന്നു. കരാൻസയും വില്ലയും തമ്മിലുള്ള കൂട്ടുകെട്ടു ശിഥിലമായി. മുന്നണിയിൽനിന്നിരുന്ന വില്ലയുടെ പടയാളികൾ വില്ലയെ പ്രസിഡൻറായി അംഗീകരിച്ചു. ദക്ഷിണഭാഗത്തു് സാപ്പട്ടാ എന്നൊരു നായകൻ സാധുക്കളായ ആട്ടിടയർക്കു ഭൂമി പതിപ്പിച്ചുകൊടുക്കാമെന്നുപറഞ്ഞുകൊണ്ടു് അവരെ ബഹളത്തിനൊരുക്കി.

സെപ്തംബർ അവസാനത്തോടുകൂടെ അധികാരികളുടെയിടയിലുള്ള അഭിപ്രായവ്യത്യാസം പ്രസ്പഷ്ടമായി. വില്ല മെക്സിക്കോയുടെ ഉത്തരഭാഗം അക്രമിച്ചു് അവിടെയുണ്ടായിരുന്ന മുതലെല്ലാം കൈയ്യടക്കി, ആ പണം കൊണ്ടു് ഐക്യനാടുകളിൽനിന്നു് ആയുധങ്ങൾ വാങ്ങി, 30000 ഭടന്മാരോടുകൂടി തലസ്ഥാനനഗരത്തെ സമീപിക്കുന്നതുകണ്ടു് കരാൻസ വേരക്രൂസ് എന്ന സ്ഥലം അക്രമിച്ചു് അവിടെ ഉണ്ടായിരുന്ന മുതൽ കൈയ്യിലാക്കി. 1915 ജനുവരിയിൽ കരാൻസ ഒരിക്കൽകൂടി യുദ്ധത്തിനൊരുങ്ങി. ജനറൽ ഒബ്രഗൺ അയാളെ സഹായിച്ചതിനാൽ ഫുയേബ്ള എന്നസ്ഥലത്തുവച്ചു് കരാൻസ സാപ്പാട്ടയെ തോല്പിച്ചു് ഗ്വഡജാറാവരെ എത്തി. ഒരു സോഷ്യലിസ്റ്റ് എന്ന നിലയിൽ കരാൻസ മെക്സിക്കോനഗരത്തിൽ പ്രവേശിച്ചു ഭരണം ആരംഭിച്ചു. അയാൾ ആദ്യം അട്ടഹസിച്ചതു് "വൈദികരെ ബഹിഷ്കരിക്കുക" എന്നായിരുന്നു. ഈ ആശയത്തോടു യോജിക്കാത്ത സകല കത്തോലിക്കരെയും ഒബ്രഗൺ തോക്കിനിരയാക്കി.

ഒക്ടോബർ 15-ാംനു- വരെ കരാൻസ മെക്സിക്കോയിൽ ഭരണം നടത്തി. ഇതിനിടയിലാണ് ഐക്യനാടുഗവമ്മെൻറ് അദ്ദേഹത്തെ മെക്സിക്കൻ പ്രസിഡൻറായി അംഗീകരിച്ചു. അതുവരെ ശത്രുവെന്നുകരുതിയിരുന്ന വിൽസൺ അദ്ദേഹത്തെ കഴിവുനസരിച്ചു സഹായിച്ചു; ഹുയേർത്തോയെ എൽപാസോ എന്ന സ്ഥലത്തു തടവുകാരനായി പാപ്പിക്കയും ചെയ്തു.

1916 ജനുവരി 13-ാംനു- ഹുയേർത്താ മരിച്ചതിനെ തുടർന്നു് രാജ്യത്തിൻെറ പരമശത്രുവായി കരുതിയിരുന്ന വിൽസനോടു് ക

രാൻസ ഹൃദയപൂർവ്വം ക്ഷമിക്കയുണ്ടായി. പ്രസിഡൻറ് വിൽസൺ യഥാകാലം അയച്ചുകൊടുത്ത ഒരു ലക്ഷം തോക്കുകളുടേയും അഞ്ചുകോടി വെടിയുണ്ടകളുടേയും സഹായത്തോടുകൂടെ ആണല്ലോ കരാൻസ വിജയംനേടിയതു്.

1916 ജനുവരിയിലെ തെരഞ്ഞെടുപ്പിലും കരാൻസ വിജയം പ്രാപിച്ചു. ജോലിയിൽ പ്രവേശിച്ചയുടൻ 'കവേത്താറോ' എന്ന നിയമം അയാൾ നടപ്പിൽ വരുത്തി. ഇതു് മാനുഷികവും ദൈവികവുമായ പ്രമാണങ്ങൾക്കെല്ലാം എതിരായിരുന്നു. നിയമത്തിന്റെ രത്നച്ചുരുക്കം ഏതാണ്ടിപ്രകാരമാണു്. 1. അന്യനാട്ടുകാർക്കു മെക്സിക്കോയിൽ യാതൊരു സമ്പാദ്യവും ഉണ്ടാകാൻ പാടില്ല. 2. വ്രതം അനുഷ്ഠിച്ച സന്യാസിനീസന്യാസികൾ മെക്സിക്കോരാജ്യത്തുണ്ടായിരിക്കരുതു്. 3. പള്ളികളും അവയുടെ സ്വത്തുക്കളും രാഷ്ട്രത്തിനധീനമായിരിക്കണം. 4. സഭയുടെ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള അധികാരം നിലവിലിരിക്കുന്ന ഗവൺമെൻറിനാണു്. 5. വിദേശികളായ വൈദികർ പള്ളികളിൽ ദൈവികശുശ്രൂഷ നടത്തിക്കൂടാ. 6. മെക്സിക്കോക്കാരായ വൈദികർക്കും പഴയാവകാശം നഷ്ടപ്പെട്ടു. N.B. പുതിയനിയമങ്ങളെക്കുറിച്ചുള്ള വിമർശനം 'നിയമവിരുദ്ധമായി' കരുതപ്പെട്ടു.

വിളംബംവിനാ ഈ നിയമങ്ങൾ എല്ലാം പ്രവൃത്തിയിൽ കൊണ്ടുവന്നുതുടങ്ങി. 11 മെത്രാപ്പൊലീത്തന്മാരേയും 11 മെത്രാന്മാരേയും ഐക്യനാടുകളിലേക്കും, രണ്ടുപേരെ ക്യൂബായിലേയ്ക്കും ഒട്ടുവളരെ സന്യാസിനീസന്യാസികളെ യൂറോപ്പിലേക്കും നാടുകടത്തി. 2000 കത്തോലിക്ക പള്ളിക്കൂടങ്ങൾ അടയ്ക്കുന്നതിനു് കല്പന പുറപ്പെട്ടു.

ഈ പരിതസ്ഥിതിയിൽ മെക്സിക്കോയിൽ ഒരു കോളജു് നടത്തുന്നതു വിവേകമായിരിക്കുകയില്ലെന്നു് ആ നാട്ടിലേ ഈശോസഭക്കാർക്കു തോന്നുകയാൽ സ്ഥലത്തുണ്ടായിരുന്ന വൈദികവിദ്യാർത്ഥികളെ സ്പെയിനിലേയ്ക്കു് അയക്കുന്നതിനു് അവർ നിശ്ചയിച്ചു. 1917 ജൂൺ 21-ാംനു- തന്നേ കാലിഫോർണിയായിൽ ഉണ്ടായിരുന്ന പതിനാറുപേരും അവിടെനിന്നു യാത്രയായി. യാത്രയ്ക്കിടയിലും അവരിലൊരാൾ മറവുള്ളവരെ പഠനവിഷയത്തിൽ സഹായിച്ചിരുന്നു. വഴിമദ്ധ്യേ ആദ്യം എൽപ്പാസോയിലും പിന്നിട്ടു് സെൻറ് ലൂയിസിലും (ഐക്യനാടുകളിൽ) ഓരോദിവസം ഇവർ ആശ്വസിച്ചു. അവക്കു ഭക്ഷിക്കുന്നതിനു് അപ്പവും വെണ്ണയും മാത്ര

മേ കൈവശമുണ്ടായിരുന്നുള്ളൂ. അവരുടെ വസ്ത്രധാരണരീതി കൂട്ടുയാത്രക്കാക്ക് ഒരു വിനോദവിഷയമായി. മീഗുവൽ കൂടെ ഉണ്ടായിരുന്നതുമൂലം അവർ എപ്പോഴും ഉന്മേഷവാന്മാരായി കാണപ്പെട്ടു. അധികതാമസത്തിനിടവരുത്താത അവർ ഫ്ളോറിഡായിൽ കീവെസ്റ്റ് എന്നസ്ഥലത്തു ചെന്നുചേർന്നു. ഹവാനയിൽ എത്തിയപ്പോൾ ഒരനിഷ്ടസംഭവമുണ്ടായി. ടിക്കറാം പണവും സൂക്ഷിച്ചിരുന്ന ഒരാൾ മറവുള്ളവരുടെ കായ്യം വിസ്മരിച്ചു് മുന്നോട്ടു പോയതുകാരണം സഹവിദ്യാർത്ഥികളെ പോലീസുകാർ അറസ്റ്റുചെയ്തു. തന്മൂലം സ്റ്റേഷനിൽ അവർ നാലുമണിക്കൂർ താമസിക്കേണ്ടിവന്നു. യഥാർത്ഥസ്ഥിതി മനസ്സിലായപ്പോൾ അധികൃതർ അവരെ വിട്ടയച്ചു. എങ്കിലും വൃത്താന്തം ഒരു നിമിഷംകൊണ്ടു് പട്ടണത്തിൽ പരന്നുകഴിഞ്ഞിരുന്നു. ദൈവസഹായത്താൽ അന്നുതന്നെ തക്കസമയത്തു് എല്ലാവർക്കും ന്യൂയോർക്കിലേയ്ക്കു കപ്പൽ കയറുവാൻ സാധിച്ചു. അവിടെനിന്നു സ്പെയിനിലെ കഡീസ്തുറമുഖത്തേയ്ക്കു തിരിക്കുകയും ജൂലായി അവസാനത്തോടെ ഗ്രെനാഡയിൽ എത്തിച്ചേരുകയും ചെയ്തു. മീഗുവൽ അവിടെ അഞ്ചുകൊല്ലക്കാലം അലങ്കാരശാസ്ത്രവും തത്വശാസ്ത്രവും പഠിച്ചുകൊണ്ടു കഴിച്ചുകൂട്ടി.

ശത്രുമദ്ധ്യത്തിലെന്നവണ്ണമുള്ള അവിടത്തെ ജീവിതം അത്ര സുഖകരമല്ലായിരുന്നു. ഇടയ്ക്കിടയ്ക്കു് വീട്ടിൽനിന്നു ലഭിച്ചിരുന്ന വാർത്തകളും മീഗുവലിനെ ചിന്താകുലനാക്കി. എന്നാൽ അതു വ്യഗ്രതയ്ക്കിടനൽകിയില്ല. സഹവിദ്യാർത്ഥികളിൽ ആരെങ്കിലും എന്തെങ്കിലും വിഷമം നേരിട്ടെന്നറിഞ്ഞാൽ മീഗുവലുടനവിടെ എത്തി കുറഞ്ഞപക്ഷം അരമണിക്കൂർ അവരെ ആശ്വസിപ്പിച്ചശേഷം അവരുടെ സമയം നഷ്ടപ്പെട്ടുത്തിയല്ലോ എന്നുപറഞ്ഞു ക്ഷമയുംചോദിച്ചു് പിൻതിരിഞ്ഞുപോരുക പതിവായിരുന്നു.

എല്ലാവർക്കുംകൂടെ ഒരാവൃതി പുറത്തുപോയി ആശ്വസിക്കാമെന്നു് മീഗുവൽ ഒരിക്കലഭിപ്രായപ്പെട്ടു. എല്ലാവരും അതിനനുകൂലമായിരുന്നു. എന്നാൽ അതിനനുവാദം ലഭിക്കുക അത്ര എളുപ്പമല്ലായിരുന്നു. മീഗുവലിനെക്കൊണ്ടതു സാധിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് എല്ലാവരും പുറപ്പെടാനൊരുങ്ങി. ഇതുയും ആയപ്പോൾ മീഗുവൽ സഗൌരവം പറകയാണു്: "ഒരു സംഗതിക്കുടെ സാധിക്കാനുണ്ടു്: ആയതനുവാദമത്രെ." ഇതുകേട്ടപ്പോൾ കൂട്ടുകാക്കു വിഷമമായി. മീഗുവൽ "കൂട്ടരെ വിഷമിക്കേണ്ടാ! ഞാൻ തന്നെപോയി അനുവാദംവാങ്ങിക്കൊണ്ടുവരാം"—എന്നുപറഞ്ഞു്

റെക്ടറുടെ മുറിയിലേക്കുതിരിച്ചു. അവിടെ ചെന്നു് വിനയപൂർവ്വം മിഗുവൽ പറഞ്ഞു: ഫാദർ, അവിടുന്നു് മെക്സിക്കൻ വിദ്യാർത്ഥികളുടെകൂടെ ഒന്നു പുറത്തേക്കിറങ്ങി ആശ്വസിക്കുവാൻ ഇഷ്ടപ്പെടുന്നോ? റെക്ടർ: "എനിക്കു് സ്വല്പം ജോലിത്തിരക്കാകയാൽ സൗകര്യപ്പെടുമെന്നു തോന്നുന്നില്ല." മിഗുവൽ: "അങ്ങനെയെങ്കിൽ അതവക്കിച്ചാഭംഗത്തിനിടയാകും". റെക്ടർ—"ശരിയാണു"—പുറത്തു പോകുന്നതിനു് അനുവാദം ഉണ്ടോ?" മിഗുവൽ "അവിടുന്നു ഞങ്ങളുടെകൂടെ പോരുമെങ്കിൽ പിന്നെ വേറൊരനുവാദത്തിനാവശ്യമില്ലല്ലോ?" റെക്ടർ "എനിക്കു പോരുവാൻ സാധിക്കയില്ലെന്നു ഞാൻ പറഞ്ഞല്ലോ?" മിഗുവൽ "അങ്ങനെയെങ്കിൽ, ഞങ്ങൾ ചിലപ്പോഴെല്ലാം തനിയെ പുറത്തേയ്ക്കാശ്വസിക്കുന്നതിനു് പോകുകപതിവുണ്ടെന്നു പിതാവിനറിയാമല്ലോ." യാതൊരാശങ്കയും കൂടാതുള്ള ഈ അഭിപ്രായം ശ്രവിച്ചമാത്രയിൽ റെക്ടറച്ചൻ ഒരു പുഞ്ചിരിയോടെ പുറത്തേക്കുള്ള യാത്രയ്ക്കനുവാദം നല്കി.

മിഗുവൽ വളരെ സമർത്ഥനായിരുന്നതിനാൽ നവസന്ന്യാസഭവനത്തിലെ സകല ആഫ്രോങ്കൊംക്കും പരിപാടി നിണ്ണയിക്കുന്ന ജോലി അദ്ദേഹത്തിന്റേതായിരുന്നു. ചിത്രമെഴുതുവാനുള്ള സാമർത്ഥ്യം അസാധാരണമായിരുന്നതിനാൽ ബയോളജി പഠനത്തിനുള്ള സകല പടങ്ങളും വരയ്ക്കുന്നതിനു് മിഗുവലിനെയത്രെ ഏല്പിച്ചിരുന്നതു്. പടങ്ങളും ബോർഡിൽനിന്നു മായിച്ചുകളയുന്നതോടെ മനോഭംഗപ്പുണ്ണത്തിൽ വല്ല വ്യർത്ഥാഭിമാനവും നിഴലിച്ചെങ്കിൽ അതും ഇല്ലാതായിരുന്നു.

സ്പെയിനിൽ ഒരു സാംക്രമികരോഗം പിടിപെട്ടപ്പോൾ മിഗുവലിന്റെ പരസ്നേഹചൈതന്യം പ്രത്യക്ഷമായി. കൂട്ടത്തിലുണ്ടായിരുന്ന പകുതിയിലധികംപേരേയും സുഖക്കേടു ബാധിച്ചു. ശുശ്രൂഷക്കാരായി നിയോഗിക്കപ്പെട്ടിരുന്നവർപോലും രോഗഗ്രസ്തരായി. ഈ അവസരത്തിൽ മിഗുവൽ രോഗികളെ ശുശ്രൂഷിക്കുവാൻ ആഗ്രഹിച്ചു് അനുവാദം മോദിച്ചു. അദ്ദേഹത്തിനതന്നേ നല്ല സുഖമില്ലാതിരുന്നതിനാൽ അധികാരികൾ അനുവദിച്ചില്ല. മിഗുവൽ വീണ്ടും വീണ്ടും അഭ്യർത്ഥിച്ചതിനാൽ അവസാനം രോഗശുശ്രൂഷയ്ക്കുള്ള അനുവാദം ലഭിച്ചു. പതിനഞ്ചു രാവും പകലും മിഗുവൽ രോഗികളെ ഇടമുറിയാതെ ശുശ്രൂഷിച്ചു. ശുശ്രൂഷയിൽ വന്നിരുന്ന പോരായ്മകൾ അദ്ദേഹം ഫലിതംപറഞ്ഞു പരിഹരിച്ചിരുന്നു. ദുഃഖിതരെ ആശ്വസിപ്പിക്കുന്നതിനും, നിരാശ ബാധി

ച്ചുവരെ ധൈര്യപ്പെടുത്തുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം അസാമാന്യമായിരുന്നു. മിഗുവലിന്റെ ശുശ്രൂഷയെ ശ്ലാഘിച്ചുകൊണ്ട് അധികാരികളിൽ ഒരാൾ ഇപ്രകാരം പറയുകയുണ്ടായി: "സ്വാഭാവിക വാസനയോടുകൂടെ ചെയ്തിരുന്ന ശുശ്രൂഷ അതിസ്വാഭാവികമായ ഉപവിയാൽ പ്രേരിതനായിട്ടത്രെ അദ്ദേഹം നിർവ്വഹിച്ചിരുന്നതു്." ഇതിനിടക്കു് മിഗുവലിനു വയറ്റിൽവേദന വീണ്ടും വീണ്ടും അനുഭവപ്പെട്ടിരുന്നു. ആ സമയങ്ങളിൽ അദ്ദേഹം തനിയെ വേറൊരു മുറിയിൽ പോയിരുന്നു് മറ്റുള്ളവരുടെ ദൃഷ്ടിയിൽപ്പെടാതെ, വേദന സഹിച്ചുപോന്നു.

1920–ാം ആണ്ടു് മിഗുവലിന്റെ തത്വശാസ്ത്രപഠനം അവസാനിച്ചപ്പോൾ ഇനിയും എന്താണു ചെയ്യേണ്ടതെന്നു് സഭാശ്രേഷ്ഠന്മാർ ആലോചിച്ചുതുടങ്ങി. മെക്സിക്കോയിലെ സ്ഥിതിഗതികൾ നന്നായിട്ടില്ലായിരുന്നെങ്കിലും 1919–ാം ആണ്ടു് ആരംഭത്തിൽ കരാൻസ ഭരണഘടനയിൽ ചില ഭേദഗതികൾ ചെയ്തതുമൂലം കത്തോലിക്കർക്കു ചില പ്രത്യാശകൾ ജനിച്ചു. അധികാരികൾ പുരോഹിതരെ തിരിയെ വിളിച്ചു. നാടുകടത്തപ്പെട്ട മെത്രാന്മാർ ഓരോരുത്തരായി തിരിയെവരുവാൻ തുടങ്ങി. നിലവിലിരുന്ന നിയമാവലി കത്തോലിക്കരെ സംബന്ധിച്ചിടത്തോളം കഠിനമായതാണെന്നു് കരാൻസയ്ക്കു ബോദ്ധ്യംവന്നതിനാൽ 1919 ഡിസംബർമാസത്തിൽ അദ്ദേഹം അവക്കനുകൂലമായി ഒരു വിളംബരം പുറപ്പെടുവിച്ചു. വിപ്ലവപ്രിയന്മാർക്കു് അതത്ര രസിച്ചില്ല. തൻമൂലം സൊനോറാ, മുൻഗവർണറായിരുന്ന കാലസ്, ഒബ്രഗൺ ഇവരോടു യോജിച്ചുകൊണ്ടു് കരാൻസയ്ക്കെതിരായി യുദ്ധം പ്രഖ്യാപനംചെയ്തു. തെരുവിൽവച്ചുണ്ടായ ഒരു ബഹളത്തിൽ കരാൻസ സ്വപുത്രനോടുകൂടെ ശത്രുക്കളാൽ വധിക്കപ്പെട്ടു. ഈ അവസരംപിടിച്ചു്, 1928 വേനൽക്കാലത്തു നടക്കാനിരുന്ന തെരഞ്ഞെടുപ്പിൽ പ്രസിഡൻറു് ആകുന്നതിനുള്ള ഒരുക്കങ്ങൾ ഒബ്രഗൺ ആരംഭിച്ചു.

പരിതസ്ഥിതികൾ ഗുണകരമല്ലാതിരുന്നതിനാൽ മദ്ധ്യ അമേരിക്കയിലുള്ള ഈശോസഭക്കാരുടെ ഒരു സ്റ്റേഷനിലേയ്ക്കു മിഗുവലിനെ അയച്ചു. അക്കൊല്ലമാണു് അവിടെ പുതുതായി ബോർഡിംഗ് ഹൗസ് തുടങ്ങിയതു്. ആ സ്ഥലങ്ങളിൽ ജീവിച്ച പരിചയമില്ലാത്ത ആളുകളേയും അവിടെ സ്വീകരിക്കുന്നതാണെന്നു പരസ്യം ചെയ്യപ്പെട്ടു. മിഗുവൽ ആദ്യം ബാലന്മാരുടേയും അനന്തരം

യുവാക്കന്മാരുടേയും ചുമതല ഏറെ ഏതാണ്ട് രണ്ടുകൊല്ലത്തോളം അവിടെ ജീവിച്ചു. ആ സ്ഥലത്തെ ചൂട്, ചിലയവസരങ്ങളിൽ, ഉസ്സഹമായിരുന്നതിനാൽ കൂടികൂടി കളിക്കുവാൻപോലുമിഷ്ടപ്പെട്ടിരുന്നില്ല. ആ അവസരങ്ങളിൽ മത്സരക്കളികൾ നടത്തിയും ഭാഗ്യക്കുറികൾ നടത്തി കിട്ടിയിരുന്ന പണംകൊണ്ടും പുതിയ പുതിയ കളിസാധനങ്ങൾ വാങ്ങി കൊടുത്തും മിഗുവൽ തന്റെ ചുമതലയിലുണ്ടായിരുന്ന വിദ്യാർത്ഥികളെ കളിക്കുവാൻ പ്രോത്സാഹിപ്പിച്ചു. യാതൊരു കളിയിലും ഏർപ്പെടാതെ ചുറ്റിത്തിരിഞ്ഞു നടന്നിരുന്നവരെ വിളിച്ചുകൂട്ടി അവരുടെ കൂടെ അദ്ദേഹവും കളിക്കുക പതിവായിരുന്നു. ഇങ്ങനെ സിദ്ധിച്ച ഉല്ലാസംനിമിത്തം ഉദരരോഗിയായിരുന്ന അദ്ദേഹത്തിനു് യാതൊരു വിഷമവും അനുഭവപ്പെടാതെ കഴിഞ്ഞതു് ഒരു വലിയ ദൈവാനുഗ്രഹംതന്നെയായിരുന്നു. മിഗുവൽ സുഖമില്ലാതെ പലപ്പോഴും വിഷമിച്ചിരുന്നതിനാൽ അധികാരികളോടു് തന്നെ ഈ ജോലിയിൽനിന്നും മാറ്റി സമർത്ഥനായ വേറൊരാളെ നിയമിക്കുവാൻ പലപ്പോഴും ആവശ്യപ്പെട്ടുവാൻ ഇടയായിട്ടുണ്ടു്. ഒടുവിൽ മിഗുവലിനെ ജോലിയിൽനിന്നും മാറ്റി പകരം ആളെ വന്നപ്പോൾ അവിടെ മുൻപുണ്ടായിരുന്ന ഒരു വൈദികൻ മിഗുവലിനെപ്പറ്റി പുതിയ റെക്ടറോടു സംസാരിച്ചപ്പോളൊക്കെയും മൂന്നു സംഗതികൾ പ്രത്യേകം പറയുക പതിവായിരുന്നു. 1. മിഗുവലിന്റെ ഭക്തി 2. അദ്ദേഹത്തിന്റെ സൽസ്വഭാവം 3. അദ്ദേഹത്തിന്റെ സ്വാർത്ഥപരിത്യാഗം — 1922-ൽ സ്പെയിനിലേയ്ക്കു പിണ്ടും പോകുന്നതിനുള്ള കല്പന മിഗുവലിനു് ലഭിച്ചു. മെക്സിക്കോയിലുള്ള തന്റെ ബന്ധുക്കളെ കാണാതെയാണു് അദ്ദേഹം യാത്രപുറപ്പെട്ടതു്. ഈ യാത്ര കുപ്പൽമാർഗ്ഗമായിരുന്നു. യാത്രയിൽ രോഗിയായ ഒരു വൈനാക്കാരനെ കണ്ടുമുട്ടി. മിഗുവൽ സമർത്ഥനായ ഒരു വൈദ്യനെപ്പോലെ അയാളുടെ കൺപോളകളുടെ അകം ആദ്യം പരിശോധിച്ചു. അനന്തരം നാവു പുറത്തേക്കു നീട്ടുവാൻ പറഞ്ഞു് അതിലും കുറെ നേരം സൂക്ഷിച്ചുനോക്കിയശേഷം വലംകൈക്കുപിടിച്ചു നാഡി പരിശോധിച്ചു. പിന്നെ, നല്ല ആവണിക്ക സേവിക്കുവാൻ നിശ്ചയിച്ചുകൊടുത്തു. അതുകൊണ്ടു് യാതൊരു ഗുണവും കണ്ടില്ലെങ്കിലും വീണ്ടും അതുതന്നെ സേവിക്കുവാൻ പറഞ്ഞു. ഫലം മുൻപിലത്തേതുപോലെതന്നെ. മൂന്നാമതും അതുതന്നെ ആവർത്തിച്ചു. പിറേദിവസം രാവിലെ ഭീനക്കാരൻ തനിക്കു പരിപൂർണ്ണ സുഖമാ

യെന്നുപറഞ്ഞു് സന്തുഷ്ടചിത്തനായി തന്നെ ചികിത്സിച്ച വൈദ്യനെപ്പറ്റി കണ്ടവരോടെല്ലാം പറഞ്ഞു് കപ്പലിൽ മുറിനടന്നു.

കപ്പൽ താമസിയാതെ സ്പെയിനിലെത്തി. മിഗുവൽ ബർസലോനായിക്കടുത്തുള്ള വി. ഇഗ്നേഷ്യസിന്റെ കോളജിൽ രണ്ടു കൊല്ലം പഠിച്ചു. ഇതിനടുത്തായിരുന്ന മൻറേസാ ഗുഹ. വി. ഇഗ്നേഷ്യസ് തന്റെ സുപ്രസിദ്ധമായ ആദ്ധ്യാത്മികധ്യാനം കഴിച്ചതു് അവിടെ വച്ചായിരുന്നു. ആ സ്ഥലത്തോടു വിശുദ്ധന്റെ ആദ്ധ്യാത്മികമക്കൾക്കു് ഒരു പ്രത്യേക സ്നേഹമുണ്ടു്. മിഗുവലിനും തന്റെ 1924-ലെ വാർഷികധ്യാനം വലിയ ആഗ്രഹത്തിൽ അവിടെ വച്ചു കഴിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചു. മിഗുവലിന്റെ കൂടെ ധ്യാനം കഴിച്ചവർ ഇപ്രകാരം പറയുക പതിവായിരുന്നു: "ഈ ധ്യാനവും ഈ ധ്യാനത്തിൽ സംബന്ധിച്ച മിഗുവലിനേയും വിസ്മരിക്കുക സാദ്ധ്യമല്ല" മിഗുവൽ പ്രകടിപ്പിച്ച ഭക്തിതീക്ഷ്ണതയും ആത്മസംയമനവും അസാധാരണമായിരുന്നു. രാത്രിസമയത്തു് അദ്ദേഹം സ്വശരീരത്തേ നിർദ്ദാക്ഷിണ്യം ചമ്മട്ടി അടിക്കുവിധേയമാക്കിയിരുന്നു.

1924 സെപ്തംബർ മുതൽ മിഗുവൽ ഫ്രഞ്ചുപ്രോവിൻസിൽപെട്ട ജെസ്യീത്ത് വിദ്യാർത്ഥികളോടുകൂടെ ബെൽജിയത്തിൽ താമസിക്കുവാനിടയായി. അവിടെ പതിമ്മൂന്നു രാജ്യക്കാർ ഉണ്ടായിരുന്നു. മിഗുവലിനു് എല്ലാവരുടേയും ഭാഷപരിചയമുണ്ടായിരുന്നതുകൊണ്ടു് എല്ലാവരുമായി പെട്ടെന്നു പരിചയപ്പെടാൻ സാധിച്ചു. വ്യാകരണത്തെറ്റുകൂടാതെയല്ലെങ്കിലും വിവിധദേശക്കാരുമായി സംഭാഷണം ചെയ്യുന്നതിൽ അദ്ദേഹം തൽപരനായിരുന്നു. വാക്കുലഭിക്കാതെവരുമ്പോൾ ആംഗ്യം കൊണ്ടു മനസ്സിലാക്കിക്കൊടുത്തും സഹവാസികളെ അദ്ദേഹം രസിപ്പിച്ചു. സ്പെയിനിലെന്നപോലെ എൽഗിയനിലും ഉന്മേഷവാനായി വർത്തിക്കുന്നതിനു്, നിരന്തരം അനുഭവപ്പെട്ടിരുന്ന ഉദരവേദനയോടു് മിഗുവൽ സദാ മല്ലിടേണ്ടിവന്നു. അതിനുള്ള ശക്തി എവിടെനിന്നു ലഭിച്ചു എന്നു് നമുക്കു മനസ്സിലാക്കാൻ വിഷമമില്ലല്ലോ.

1925-ൽ റെവോപ്പസ് എന്ന വൈദികൻ "ദൈവത്തിനും ആത്മാക്കൾക്കും വേണ്ടി" ഒരുവൻ സ്വയം ബലികഴിക്കുന്നതിന്റെ മാഹാത്മ്യത്തെപ്പറ്റി ഒരു പ്രസംഗപരമ്പര നടത്തി. ദിവ്യപ്രസാദവരത്താൽ സർവ്വേശ്വരസാന്നിദ്ധ്യം ഓരോരുത്തരിലും ഉണ്ടാകുന്നവിധത്തെ അദ്ദേഹം ലളിതമായ ഭാഷയിൽ കേൾപ്പി

ക്കാക്കു മനസ്സിലാക്കിക്കൊടുത്തു. അന്നുമുതൽ മിഥുവലിൽ ഒരു വലിയ വ്യത്യാസം കാണുമാറായി. അദ്ദേഹം രാത്രി ഉറങ്ങാതെ വിഷമിക്കുന്ന സംഗതി സഹവാസികളിൽ ഒരാൾക്കു് അറിവുണ്ടായിരുന്നു. ഒരിക്കൽ ആ സഹോദരൻ അതിനെപ്പറ്റി പറഞ്ഞശേഷം രാവുമുഴുവൻ ഉറങ്ങാതെ കഴിച്ചിട്ടും പകൽ മുഴുവനും ഇത്ര പ്രസന്നനായി കാണപ്പെടുന്നതിനു് എങ്ങനെ സാധിക്കുമെന്നു ചോദിച്ചു. "ഒരു മനുഷ്യനു് ഒരിക്കലും തനിയെ ആയിരിക്കുക സാദ്ധ്യമല്ല" എന്നായിരുന്നു മറുപടി. കപ്പേളയിൽ സക്രാരിയുടെ നേർക്കു ദൃഷ്ടിയും ഉറപ്പിച്ചു്, മിഥുവൽ മുട്ടുകുത്തിനില്ക്കുന്ന കാഴ്ച ഒന്നു കാണേണ്ടതുതന്നെയായിരുന്നു.

അദ്ധ്യായം നാല്

ആദ്യഫലങ്ങൾ

പ്രോ എന്ന പേരിൽ പിന്നീടു് അറിയപ്പെട്ട മിഥുവലിനു് 1925 ആഗസ്റ്റു് 31-ാംനു- കണ്ഫാനപ്പട്ടം സിദ്ധിച്ചു. കമ്മങ്ങളെല്ലാമവസാനിച്ചപ്പോൾ, പതിവുപോലെ, നവവൈദികരെ ബന്ധുമിത്രാദികൾ അനുമോദിച്ചു. സ്വമാതാവിനു് തന്റെ പ്രഥമാശീർവ്വാദം നൽകുന്നതിനു ഫാദർ മിഥുവലും ആഗ്രഹിച്ചെങ്കിലും കണ്ണുകളെ സ്വസ്ഥത്തിലേയ്ക്കു യത്തിക്കൊണ്ടു്, "ഞങ്ങൾ വൈദികരാണു്; അതുമാത്രം മതി" എന്നു സമാശ്വസിച്ചു. ആ ദിവസം മുഴുവൻ അദ്ദേഹം പ്രാർത്ഥനയ്ക്കായി ചെലവഴിച്ചു. പൗരോഹിത്യസ്വീകരണശേഷം തന്റെ ഒരു സ്നേഹിതനോടു് അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: "ഞാൻ പട്ടമേറ്റദിവസം ദൈവത്തോടു വീണ്ടുംവീണ്ടും പ്രാർത്ഥിച്ചതു് എന്നെ ആത്മാക്കൾക്കുപകാരമുള്ള ഒരു കരുവാക്കിത്തീർക്കണമെ എന്നായിരുന്നു."

വൈദികപദത്തിന്റെ പ്രസാദവരം മിഥുവലിൽ അനുദിനം വികസിച്ചുകൊണ്ടിരുന്നു. ദിവസന്തോറുമുള്ള ബലിയർപ്പണം അദ്ദേഹത്തെ ഉപര്യുപരി വിശുദ്ധീകരിച്ചെന്നുവേണം പറവാൻ. എ

ന്നാൽ അദ്ദേഹമതു ഗ്രഹിച്ചിരുന്നില്ല. പട്ടമേറ്റ് കുറെ മാസങ്ങൾ കഴിഞ്ഞു് മെക്സിക്കോയിലുണ്ടായിരുന്ന തന്റെ ഒരു സ്നേഹിതനു് അദ്ദേഹം ഇപ്രകാരം എഴുതി:

മിശിഹായിൽ പ്രിയപ്പെട്ട സഹോദര,

"കുഞ്ഞാനപ്പട്ടം സ്വീകരിക്കുവാൻ പോകുന്ന വിവരം അറിയിച്ചുകൊണ്ടുള്ള അങ്ങയുടെ കത്തു് ഇന്നലെ എനിക്കു കിട്ടി. അതിനു് ആദ്യമായി നന്ദിപറഞ്ഞുകൊണ്ടു് ദൈവത്തിനു ഞാൻ സ്തോത്രംചെയ്യുന്നു.

പ്രിയ സുഹൃത്തേ, ഞാൻ അങ്ങയോടു് അരമണിക്കൂർ സമയം സംഭാഷിക്കുവാനാഗ്രഹിക്കുന്നു. ഔദ്യോഗികമായി അങ്ങുന്നു് അപ്പസ്തോലരെ സമീപിക്കുവാൻപോകുന്നതു് ആശ്വാസജനകമത്രെ. ഞാൻ വിനോദപ്രിയനെങ്കിലും, ഈയെഴുതുന്നതൊരു പരമാർത്ഥം മാത്രമാണു്. അപ്പസ്തോലരിൽ കയറുന്നതിനുള്ള ഭാഗ്യം കുറെനാളുകൾക്കു മുൻപു് എനിക്കും സിദ്ധിച്ചു. ഈ ദാനം ലൗകികമല്ല, പ്രത്യുത ഉന്നതവും, ആദ്ധ്യാത്മികവും, ദൈവികവുമാകുന്നു.

പ്രിയ ബ്രദർ ബെഞ്ചമിൻ, പഴയ ആ ബെഞ്ചമിനെ പൂർണ്ണമായി ഉരിഞ്ഞുകളയുക. സഹോദരൻ മനസ്സായാലും ഇല്ലെങ്കിലും ഈ അവസരത്തിൽ സഹോദരനിലൊരുപരിവർത്തനം ഉളവാകും. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ പ്രത്യേകമായവിധം അന്നു സഹോദരൻ സ്വീകരിക്കും. ലൗകികാസക്തികൊണ്ടു നിറഞ്ഞിരിക്കുന്ന ഹൃദയങ്ങൾപോലും അന്നു വിശുദ്ധീകരിക്കപ്പെട്ടും. ചാപല്യം നിറഞ്ഞ മനുഷ്യസ്വഭാവത്തിൽ എങ്ങനെ ഈ വ്യത്യാസം ഉണ്ടായി എന്നു ചിന്തിച്ചു് അത്ഭുതപ്പെടുന്നതിനുതന്നെ അന്നിടയാകും. ഈ മനസ്ഥിതി പൊതുവായ ഒന്നാകാതെ ഏറ്റവും നിസ്സാരമായ സംഗതികളിൽ കൂടെയും പ്രത്യക്ഷപ്പെട്ടും.

എനിയ്ക്കീ മനസ്ഥിതിയുണ്ടോ? എന്റെ ചിന്തകളും വിധികളും അനുമാനങ്ങളുമെല്ലാം ഇങ്ങനെ രൂപാന്തരപ്പെട്ടിട്ടുണ്ടോ? പരിപൂർണ്ണതയെ സംബന്ധിച്ചു് ദീർഘകാലത്തെ സന്ന്യാസജീവിതത്തിനിടയ്ക്കു സ്വരൂപിച്ചിരുന്ന ആശയങ്ങളുടെ സാക്ഷാൽകരണം തന്നേയാണോ ഇപ്പോൾ സാധിച്ചിരിക്കുന്നതു്?

എന്റെ പ്രിയ ബെഞ്ചമിൻ, അങ്ങുന്നീ പാവപ്പെട്ട യുവസ്നേഹിതന്റെ അനുഭവത്തിൽനിന്നു പറയുന്നതു വിശ്വസിച്ചാലും. തീർച്ചയായും അങ്ങുന്നു് ഇന്നായിരിക്കുന്നതുപോലെ നാളെ ആയിരിക്കുകയില്ല. മുൻപു് എന്നിലില്ലായിരുന്നതു് ഇന്നെനിക്കനുഭവ

പ്പെട്ടുന്നുണ്ട്. തൻമൂലം മാരോ സംഗതിയും വ്യത്യസ്തരീതിയിലത്രെ ഞാൻ മനസ്സിലാക്കിവരുന്നതു്. ഇതൊന്നും നമ്മുടെ പഠനത്തിന്റേയോ, വിജ്ഞാനിയുടേയോ വ്യക്തിപരമായ ഗുണങ്ങളുടേയോ ഫലമല്ല: പട്ടത്തിന്റെ മുദ്രയുടെ ഫലങ്ങളാണ്. ഈ ഫലങ്ങൾ ഹൃദയത്തിൽ പുറപ്പെടുവിക്കുന്നതു് പരിശുദ്ധാത്മാവിയത്രെ. ഇതുവഴി നാം ദൈവികജീവിതത്തിൽ കൂടുതൽ ഭാഗഭാക്കാകുകയും, നമ്മുടെ ആശയങ്ങൾ നമ്മുടെ ശക്തിക്കുപരിയായി നിവൃത്തിക്കപ്പെടുകയും ചെയ്യുന്നു. നമ്മിലുണ്ടാകുന്ന ഈ വ്യത്യാസം ആത്മാക്കളുമായി ഇടപെടുന്നതുവരെ നമ്മൾ ഗ്രഹിക്കുകയില്ല. സത്യം പറയുന്നപക്ഷം എന്റെ സ്ഥിതി ഏതാണ്ടിപ്രകാരമായിരുന്നു: പട്ടമേറ്റശേഷമുള്ള പഠനകാലത്തു് ആറുമാസത്തോളം ഞാൻ വേദപ്രചാരജോലിയിൽ ഏർപ്പെട്ടിരുന്നു. ആ സമയം നമ്മുടെ കർത്താവു് നന്മചെയ്യുന്നതിനു് എന്നെ ഒരുപകരണമാക്കി. തൻമൂലം അനവധി ദുഃഖിതരെ ഞാനാശ്വസിപ്പിച്ചു. സ്വർഗ്ഗത്തിലേയ്ക്കുള്ള 'ഇടുങ്ങിയ' വഴിയിൽക്കൂടിനടക്കുന്നതിനു് വളരെ ആളുകളെ ഞാൻ ധൈര്യപൂർവ്വം ഉപദേശിച്ചു. വേറൊരവസരത്തിൽ, സ്ഥിരതയില്ലാതെ നിന്നിരുന്ന രണ്ടുപേർക്കു് ദൈവനിയോഗത്തിനനുസരിച്ചു പ്രവർത്തിക്കുവാൻ ഞാൻ പ്രോത്സാഹനം നൽകി. വൈദികവിദ്യാലയംവിട്ടുപോകുവാൻ ധൃതികൂട്ടിയ ഒരു വിദ്യാർത്ഥിയെ ദൈവതിരുമനസ്സിനു കീഴ്പ്പെടുന്നതിനു ഞാൻ സഹായിച്ചു. വ്യക്തിപരമായ എന്റെ പഠനവും സുഖവും പുണ്യവുമെല്ലാം ആലോചിച്ചുനോക്കുമ്പോൾ ഇതെല്ലാം എന്റെ അല്ല, വേറെ ആരുടേയോ പ്രവൃത്തി എന്നു സ്പഷ്ടമാകുന്നുണ്ട്. 'കറുപ്പു്' എന്നുപറയുന്നതിനു ശ്രമിച്ചാൽ പറയുന്നതു് 'വെളുപ്പു്' എന്നായിരിക്കും. വാസ്തവത്തിൽ നിറം വെള്ളതന്നെയായിരിക്കുകയും ചെയ്യും. സ്വയം പ്രശംസിക്കുന്നതിനായി ഞാൻ എന്നിൽ യാതൊന്നും ഭരിക്കുന്നില്ല. അങ്ങനെ ചെയ്താൽ യാതൊരു പ്രയോജനവും ഇല്ലല്ലോ. ഞാൻ ചെയ്യുന്ന സകല നന്മകളും പട്ടംവഴി കൈവന്ന പ്രസാദവരംമൂലമാണ്. ഈ ദാനങ്ങളെല്ലാം പരിശുദ്ധാത്മാവിയുടെ ദാനങ്ങളുമാണ്. പട്ടമേല്ക്കുന്നതിനു മുൻപു് ഞാനൊരു സാധാരണക്കാരൻ മാത്രമായിരുന്നു. പ്രസംഗം പറയുന്നതിനു ഞാനെപ്പോഴും ഒരുങ്ങിയിരിക്കുന്നു. എന്നെക്കാൾ സമർത്ഥന്മാരോടും എനിക്കു പ്രസംഗിക്കേണ്ടിവരുന്നുണ്ട്. 'ഹൃദയത്തിന്റെ പൂർണ്ണതയിൽനിന്നു, ഞാൻ സംസാരിക്കുന്നു. പട്ടം ഏറ്റദിവസംമുതൽ പ്രവഹിച്ച

കൊണ്ടിരിക്കുന്ന പ്രസാദവരത്തിന്റെ ശക്തി എന്നിൽ കവിഞ്ഞൊഴുകുന്നു. ദിവ്യദർശിയോടുള്ളതുപോലെ എനിക്കും ഇപ്രകാരം പറയുകയാണ്: "അവൻ കുപ്പക്കുഴിയിൽനിന്നു പാവപ്പെട്ടവരെ ഉയർത്തി, തന്റെ ജനത്തിലെ പ്രഭുക്കന്മാരുടെ കൂട്ടത്തിൽ സ്ഥാപിച്ചു."

എന്നെപ്പോലെ സഹോദരനും പ്രസാദവരം സ്വീകരിക്കുവാൻ പോകയാണല്ലോ. ഈ സന്തോഷവാർത്ത അറിഞ്ഞതുമുതലാണ് യാതൊരു ക്രമവുമില്ലാതെ ഇതെല്ലാം കുത്തിക്കുറിച്ചതു്. ഇതിൽ അതിയായി ഞാൻ സന്തോഷിക്കുന്നു. ശേഷം പിന്നാലെ. ദൈവം അങ്ങേ അനുഗ്രഹിക്കട്ടെ. അനുദിനം ദിവ്യബലിയിൽ സോദരനെ ഞാനനുസ്മരിക്കും. ഒരുങ്ങുന്ന സംഗതിയുടെ പൂർത്തീകരണത്തിനായി ശേഷിച്ചിരിക്കുന്ന സമയം ദൈവത്തിനു നന്ദി പ്രഭാഷിപ്പിക്കുമെന്നു വിശ്വസിച്ചാലും.

1926 മേയ് 26-ാംനു — ഈശോയുടെ തിരുഹൃദയത്തിൽ അങ്ങേയുടെ ചെറിയ സഹോദരൻ

മിഗുവൽ.

1926 സെപ്തംബറിൽ നിവൃത്തിച്ച ഒരു പ്രേഷിതജോലിയെ ഫാദർ പ്രോ ഇപ്രകാരം വിവരിക്കുന്നു: "ഞാൻ ഭവനത്തിൽനിന്നു വളരെ ദൂരത്തായിരുന്നപ്പോൾ കൽക്കരിഖനികളിൽ ജോലിചെയ്തിരുന്ന സ്നേഹിതരെ കാണുന്നതിനു് അനുവാദം വാങ്ങി. ചൽരേയോയിൽചെന്നു് ഞാൻ അവരുടെ ഖനിയിൽ പ്രവേശിച്ചു. അവർ ജോലിനിർത്തി സ്വഭവനങ്ങളിലേയ്ക്കു യാത്രയായപ്പോൾ ഞാനും അവരെ അനുഗമിച്ചു. തൻമൂലം ഒരുദിവസത്തെ കൂലി ഉപേക്ഷിക്കേണ്ടിവന്നു. ആ സ്ഥലത്തു് കൂലിക്കാരെ യാത്രചെയ്യുന്നതിനു വണ്ടിയിൽ പ്രത്യേക മുറികൾ ഉണ്ടായിരുന്നു. ഞാനും അതിലൊന്നിൽ പ്രവേശിച്ചു. ജോലിക്കാരെല്ലാം സോഷ്യലിസ്റ്റുകാർ (സ്ഥിതിസമത്വവാദികൾ) ആയിരുന്നതുമൂലം തങ്ങളുടെകൂടെ യാത്രചെയ്യുന്നതിനു മുതിർന്ന വൈദികൻ അസാധാരണക്കാരനായിരിക്കണമെന്നു് അവർ കരുതി. പട്ടക്കാരനെ ഭർത്സിച്ചു ജോലിക്കാർ നിശ്ശബ്ദതയാൽ അദ്ദേഹത്തിനു സ്വാഗതമരുളി. ദ്വിതീയതിയിൽ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ഒരുവൻ അസ്ഥാനത്തു കയറിച്ചെന്നു യാത്രക്കാരനെ ഇച്ഛാഭംഗപ്പെടുത്തുന്നതിനായി അദ്ദേഹത്തോടിപ്രകാരം ചോദിച്ചു: "അച്ചേ, ആരുടെ മക്കളെയാണ് അച്ചൻ അകപ്പെട്ടിരിക്കുന്നതെന്നറിയാമോ?" ആരുടെകൂടെയെ

ന്നു് അറിവില്ല എന്നു ഞാൻ പറഞ്ഞു. വേലക്കാരൻ:"ഞങ്ങൾ സോ
ഷ്യലിസ്റ്റുകാരാണു്." അച്ചൻ: "അതെന്റെ ഭാഗ്യം" വേലക്കാ
രൻ: "അതെങ്ങനെ?" "അതു് അങ്ങനെതന്നെ" എന്നു് ഞാനടൻ
ഉത്തരം നൽകിയശേഷം നെറ്റിയിൽ ചൊറിഞ്ഞുകൊണ്ടു്, "എ
നിയ്ക്കൊരു സംശയം തീർക്കാനുണ്ടു്. ഹേ! മിസ്റ്റർ, ധനവാന്മാ
രുടെ പണം മുഴുവൻ നമ്മുടെ കൈയിൽ വന്നുകഴിയുമ്പോൾ ഏ
തുവിധമാണു നാം അതു സൂക്ഷിക്കുക?" സമാധാനം പറയുവാൻ
നിവൃത്തിയില്ലാതെയായപ്പോൾ ഒരു ക്ലാർക്കാരൻ ഒരു ലഘുലേഖ
എടുത്തുനീട്ടികാണിച്ചുകൊണ്ടു് തന്റെ കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുകാ
രുമുണ്ടെന്നു പറഞ്ഞു. അച്ചൻ: കമ്മ്യൂണിസ്റ്റുകാരോ? എനിക്കു വ
ളരെ സന്തോഷം. ഇതു, കൃത്യം ഒരുമണിക്കു നിങ്ങൾ ഭക്ഷണംകഴി
ക്കുന്നു. എനിക്കും വിശപ്പുണ്ടു്. വല്ലതും തരുകയില്ലേ?" ഇതെ
ല്ലാം കണ്ടും കേട്ടുമിരുന്ന ഒരു ക്ലാർക്കാരൻ: "വേലക്കാരായ ഞങ്ങ
ളുടെകൂടെ വണ്ടിയിൽ കയറി ഇരിക്കുവാൻ നിങ്ങൾക്കു ഭയമില്ലേ"
എന്നുചോദിച്ചു. ഞാൻ: ഭയമോ? ഞാൻ എല്ലായ്പോഴും ആയുധം
ധരിച്ചുകൊണ്ടാണു നടക്കുന്നതു്". ഇതെല്ലാം വീക്ഷിച്ചിരുന്ന വേ
റൊരു ക്ലാർക്കാരൻ ഈ തരത്തിലുള്ള ഒരു വൈദികന്റെകൂടെ യാ
ത്രകഴിക്കുവാനിടയായതിനെക്കുറിച്ചു് ആശ്ചര്യം പ്രകടിപ്പിച്ചു.
ഈ സമയത്തിനിടയ്ക്കു കീശയിൽനിന്നു ക്രൂശിതരൂപമെടുത്തു് അ
വരെ കാണിച്ചുകൊണ്ടു് ഞാൻ: "ഇതാകുന്നു എന്റെ ആയുധം"
എന്നു പറഞ്ഞു. "എനിയ്ക്കുശേഷം ഭയമില്ല, നിങ്ങളും ഒരുകാര്യം
അനുസ്മരിക്കണം. മിശിഹാ വേലക്കാരെ അത്യധികം സ്നേഹിച്ചി
രുന്നു എന്നു്."

വണ്ടി അടുത്ത സ്റ്റേഷനിൽ എത്തിയപ്പോൾ ഒരുവൻപോയി
ഒരു പെട്ടി ചോക്ലയിറ്റു വാങ്ങിക്കൊണ്ടുവന്നു് അവനും അച്ചനും
കൂടി ഭക്ഷിച്ചു. ജോലിസ്ഥലത്തിനടുത്തുള്ള സ്റ്റേഷനിൽവച്ചു സോ
ഷ്യലിസ്റ്റുകാരെല്ലാവരും അച്ചനു കൈകൊടുത്തശേഷമത്രെ വണ്ടി
യിൽനിന്നിറങ്ങി പോയതു്!

ഫാദർ പ്രോ അന്നു് ഉറങ്ങുന്നതിനു മുൻപായി പുത്രൻക
ഫ്രാൻചൊല്ലിയ ദിവസം ആത്മാക്കൾക്കു തന്നെക്കൊണ്ടുപകാരമു
ണ്ടാകണമെന്നു പ്രാർത്ഥിച്ചതു് നിവൃത്തിയായല്ലോ എന്നോർത്തു
ദൈവത്തിനു നന്ദിപറഞ്ഞു. എന്നാൽ കൂടുതൽ ആത്മാക്കളുമാ
യി ഇടപെടുന്നതിനു മുൻപു് സാമാന്യക്കാരെ വിഷമിപ്പിക്കുന്ന
ചില കുരിശുകൾ അദ്ദേഹത്തിനു് സഹിക്കേണ്ടിവന്നു. 1. സ്വസ

ഹോദരങ്ങളുമായി വേർപെട്ടുള്ള ജീവിതം. 2. തുടർച്ചയായി നാലു മാസത്തേയ്ക്കു ഭിഷ്ചിച്ചു സുഖക്കേട്ട്.

ഉദരവേദനയുടെ ശക്തിമൂലം, ശസ്ത്രക്രിയ നടത്തണമെന്നു വൈദ്യൻ നിശ്ചയിച്ചപ്പോൾ' "എനിക്കു മരിക്കുന്നതിനു യാതൊരു ഭയവും ഇല്ല" എന്നു ചുറ്റും നിന്ന സഹോദരങ്ങളോട് ഫാദർ പ്രോ പറയുകയുണ്ടായി. ആത്മീയോപദേഷ്ടാവും ശസ്ത്രക്രിയ നടത്തണമെന്ന അഭിപ്രായക്കാരനായിരുന്നു. അദ്ദേഹത്തോട് "ഉദരവേദന എന്റെ വളരെപഴകിയ ഒരു സ്നേഹിതൻ" എന്നതെ അദ്ദേഹം നേരം പോക്കായി പറഞ്ഞതു്. തന്നെ ശുശ്രൂഷിച്ചിരുന്ന ആതുരശുശ്രൂഷകരികൾക്കു് ചിരിക്കുവാൻ വിഷയങ്ങൾ ധാരാളം ഫാദർ പ്രോ നൽകിയിരുന്നു. സന്ദർശിക്കാൻ ചെന്നവരെല്ലാം ഉന്മേഷഭരിതരായിട്ടതെ പിൻതിരിഞ്ഞതു്. ബോധംകെടുത്താതെ നടത്തിയ രണ്ടാമത്തെ ശസ്ത്രക്രിയമൂലം അദ്ദേഹം വളരെ വേദന സഹിച്ചു. അതുകൊണ്ടും ഭേദമുണ്ടാകാതിരുന്നതിനാൽ മൂന്നാമതൊന്നുകൂടെ കഴിക്കണമെന്നു വൈദ്യന്മാർ വിധിച്ചു. അതുകൊണ്ടു യാതൊരു ഗുണവും തനിക്കു കിട്ടുകയില്ലെന്നറിഞ്ഞിരുന്നിട്ടും ഫാദർ പ്രോ വൈദ്യന്മാരുടെ നിർദ്ദേശങ്ങൾക്കു വഴങ്ങി. പല രാത്രികളിലും ഉറങ്ങാൻ സാധിക്കാഞ്ഞതുമൂലം സമയം മുഴുവൻ പ്രാർത്ഥനയിൽ അദ്ദേഹം കഴിച്ചുകൂട്ടി.

ഇതിനിടയ്ക്കു് കാലസ്സിന്റെ അക്രമപ്രവൃത്തികളെക്കുറിച്ചു വാർത്തകൾ ലഭിച്ചുകൊണ്ടിരുന്നു. അദ്ദേഹം സഭയോടും സമുദായത്തോടും മൂകീയമായരീതിയിലതെ വർത്തിച്ചിരുന്നതു്. സ്വമാതാവിന്റെ സുഖക്കേടുവിവരവും മിതുവലിനു ലഭിച്ചുകൊണ്ടിരുന്നു. മൂന്നാമത്തെ ശസ്ത്രക്രിയയ്ക്കുമുൻപു് അമ്മയുടെ ഒരു എഴുത്തു മകനു ലഭിച്ചു. "പ്രിയ പുത്രൻ,—അങ്ങുന്നു് തിരിച്ചുവരുമ്പോഴേയ്ക്കു ഞാൻ മരിച്ചുപോകുമെന്നാണു തോന്നുന്നതു്". മകൻ അമ്മത്താരയിൽ ബലി അർപ്പിക്കുന്നതു ഞാൻ കാണേണ്ടോ എന്നൊരു ബലി ദൈവം എന്നിൽനിന്നാവശ്യപ്പെട്ടതു. ദൈവഹിതം നിറവേറട്ടെ. 1926 ഫെബ്രുവരി 28-ാംനു-" ഇങ്ങനെ സ്വപുത്രനോടയാത്രപറഞ്ഞു് കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫാദർ പ്രോയുടെ മാതാവു മരണമടഞ്ഞു.

അമ്മയുടെ മരണം മകൻ ഒരു ബലിയായിത്തന്നെ സ്വീകരിച്ചു് ആത്മാക്കളുടെ രക്ഷയ്ക്കായി അതിനെ കാഴ്ചവെച്ചു. അദ്ദേഹം തനിക്കു സുഖമില്ലാതിരുന്ന അവസരങ്ങളിലും മറ്റുള്ളവരുടെ

സുഖസൗകര്യങ്ങളിൽ ശ്രദ്ധപതിച്ചിരുന്നു. വിശ്രമമാരെപ്പോലും അലട്ടുന്ന ഒന്നാണ് സുഖമില്ലാത്ത അവസരത്തിൽ മറവുള്ളവർക്കു മുൻഗണന നൽകുക എന്നതു്. മൂന്നാമത്തെ ശസ്ത്രക്രിയകൊണ്ടും പറയത്തക്ക ഗുണമൊന്നുമുണ്ടായില്ല. ഭക്ഷിക്കുന്നതിൽ യാതൊരു രുചിയും തോന്നിയില്ല. ഭക്ഷണം കുറഞ്ഞപ്പോൾ ശരീരം വല്ലാതെ ക്ഷീണിച്ചു. സ്ഥലംമാറി താമസിപ്പിച്ചാൽ ഗുണമുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് അധികാരികൾ അദ്ദേഹത്തെ ഫ്രാൻസിസ്സാൻ സന്ന്യാസികളുടെകൂടെ താമസിക്കാൻ അയച്ചു. പുതിയ സ്ഥലത്തെ ചികിത്സയും അദ്ദേഹത്തെ വല്ലാതെ അലട്ടി. ഈ അവസരത്തിൽ സ്റ്റെയിനിൽനിന്നു് ഒരു സഹോദരൻ "നിങ്ങൾക്കു് എന്തെങ്കിലും ആവശ്യമുണ്ടോ?" എന്നു് എഴുതിച്ചോദിച്ചതിനു് "എനിക്കു് മൂന്നുനാലു സംഗതികൾ ആവശ്യമുണ്ടു്. 1. ക്ഷമ–കാരണം അധികനാൾ സുഖമില്ലാതെ ആയതിനാൽ ശരീരം ക്ഷീണിച്ചുതുടങ്ങിയിരിക്കുകയാൽ ക്ഷമ അത്യാവശ്യം 2. ജോലി–മടിയനായി കഴിഞ്ഞുകൂടുക എന്റെ സ്വഭാവത്തിനും ശരീരത്തിനും ഒട്ടും യോജിച്ചതല്ല. 3. ഒരൊട്ടകം–അതിന്റെ പുറത്തൊരിരിപ്പിടവും ഉണ്ടായിരിക്കണം. അതു് ആശുപത്രിയിലേയ്ക്കും, വൈദ്യന്റേയും, ആസന്നമരണന്മാരുടെയും, കന്യകകളുടേയും രോഗത്തുശുശ്രൂഷകരുടേയും പക്കലേയ്ക്കും പോകുന്നതിനു് ഉപകരിക്കും.... 4. വിശ്വാസം എന്ന ദിവ്യദാനം–ഇതു് വൈദ്യന്മാരുടെ പ്രയോഗങ്ങൾ പിഴയ്ക്കുമ്പോൾ എന്നെ മുൻപോട്ടിറക്കി പ്രവർത്തിപ്പിക്കുന്നതിനു സഹായിക്കും. എന്റെ സുഖക്കേടിനു് ഒരു മരുന്നുമാത്രം–ആവണക്കെണ്ണ." ഇതായിരുന്നു മറുപടി.

സുഖമില്ലാതിരുന്നപ്പോഴും സദാ ജോലിചെയ്യുന്നവനായിട്ടാണിദ്ദേഹത്തെ മറവുള്ളവർ ഓർമ്മിച്ചിരുന്നതു്. നടക്കാൻപോയിരുന്നപ്പോഴെല്ലാം തെരുവുകളിൽ ചുറ്റിനടന്നു് ചില്ലറ പ്രേഷിതവേലകൾ ചെയ്തിരുന്നു. ഇതു വളരെ ഉപകാരമുള്ളവാക്കി. അതിനെല്ലാം കാരണം സ്വമാതാവു സ്വർഗ്ഗത്തിലിരുന്നു പ്രാർത്ഥിക്കുന്നതാണെന്നു ഫാദർ പ്രോ ദൃഢമായി വിശ്വസിച്ചു. അമ്മ എന്നെ സ്വർഗ്ഗത്തിലിരുന്നു സഹായിക്കുന്നു എന്നു് അദ്ദേഹം പറയുക പതിവായിരുന്നു. മാതാവിന്റെ സുകൃതജീവിതത്തിനനുസരിച്ചു് ദൈവം അവർക്കു് സമ്മാനം നൽകിയിട്ടുണ്ടെന്നു മകൻ വിശ്വസിച്ചിരുന്നു. ഒരിക്കൽ ഭീഷ്മപ്രാസത്തോടുകൂടി അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി: 'എന്റെ അമ്മ സ്വർഗ്ഗത്തിലാണു്. ഇന്നുരാവിലെ

അമ്മയ്ക്കുവേണ്ടി ബലി അർപ്പിക്കുവാൻ ഞാനാഗ്രഹിച്ചു. എന്നാൽ എനിക്കു പ്രാർത്ഥിക്കുന്നതിനുപോലും സാധിച്ചില്ല.' അന്നുദിനം തുഷ്ണാന്തിയിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന ഫാദർ പ്രോ ദിവസങ്ങൾ അവസാനിപ്പിച്ചിരുന്നതു്. ഒരുദിവസം ഉച്ചകഴിഞ്ഞു് ഓരാളുമായി അയാൾക്കിഷ്ടമുള്ള സംഗതികളെപ്പറ്റി സംസാരം തുടങ്ങി. സന്ധ്യവരെ ആ സംസാരം ദീർഘിച്ചു. അവസാനം മതപരമായ സംഗതികളിൽ ശ്രദ്ധിക്കേണ്ട കാര്യം അയാളെ പറഞ്ഞു മനസ്സിലാക്കിയശേഷം മാത്രമാണദ്ദേഹം പിരിഞ്ഞതു്. മരണാവസ്ഥയിൽ ഇരിക്കുന്ന ഒരുവനെ രക്ഷിക്കണമെന്നുപറഞ്ഞു് ഒരാൾ അദ്ദേഹത്തെ സമീപിച്ചു. "മരിക്കാൻകിടന്ന"വനു യാതൊരു സുഖക്കേടുമില്ലായിരുന്നെന്നുമാത്രമല്ല അയാൾ ഫാദർ പ്രോയെ തരംകിട്ടിയാൽ ഒന്നു പ്രഹരിക്കുന്നതിനു കരുതിയിരിന്നവനുംകൂടിയായിരുന്നു. സംഗതിയുടെ യാഥാർത്ഥ്യം മനസ്സിലാക്കിയ നമ്മുടെ അച്ചൻ ഒരു പുഞ്ചിരിയോടുകൂടി ആ ആപത്തിൽനിന്നു് ഒഴിഞ്ഞുമാറി: എന്നാൽ വൈദികവിദ്വേഷികളിൽ അഗ്രഗണ്യനായ ഒരു യുവാവിന്റെമേൽ അദ്ദേഹത്തിനു വിജയമുണ്ടായി. അവനെ സ്കൂളിൽനിന്നു് അന്യായമായി പുറത്താക്കിയതായിരുന്നു വിദ്വേഷത്തിന്റെ പ്രഥമകാരണം. ഒരിക്കൽ വഴിയിൽവച്ചു ഫാദർ പ്രോ അവനെ കണ്ടുമുട്ടി. അദ്ദേഹം ഉപചാരംകൊണ്ടു് അവനെ വശീകരിച്ചശേഷം അവനെക്കൊണ്ടു പഴയ ചരിത്രം മുഴുവൻ പറയിപ്പിച്ചു. എന്തിനധികം പറയുന്നു: ദൈവികകാര്യങ്ങളിൽ അശേഷം ശ്രദ്ധിക്കാതിരുന്ന ആ യുവാവു് ഒരു മാസംകൊണ്ടു് അത്യാവശ്യപ്പെട്ടതുമുഴുവനും പഠിച്ചു ദിവ്യകാരുണ്യം സ്വീകരിച്ചു. ആത്മരക്ഷയ്ക്കായി പ്രവർത്തിയ്ക്കുന്നതിനു് അവസരം ലഭിച്ചിരുന്നപ്പോഴെല്ലാം അദ്ദേഹം സന്തോഷപൂർവ്വം അതുപയോഗപ്പെടുത്തിയിരുന്നു. ദരിദ്രരോടുള്ള അദ്ദേഹത്തിന്റെ സ്നേഹം വളരെ ഉന്നതമായ ആദർശത്തിലടിയുറച്ചതായിരുന്നു. ഒരിക്കൽ വണ്ടികയറാൻ പോയിരുന്ന അവസരത്തിൽ കുറെ സാധുവേലക്കാർ സ്റ്റേഷനിൽ നില്ക്കുന്നതുകണ്ടു് കൂടെയുണ്ടായിരുന്നവരോടു് "ആ കീറിയ കാൽച്ചട്ടക്കാർ എന്റെ ഉറ്റമിത്രങ്ങളാണു്" എന്നു പറയുകയുണ്ടായി.

ധനവാന്മാർ മേളിച്ചു കോലാഹലമായി കഴിച്ചുകൂട്ടുന്ന ഒരു സുഖവാസസ്ഥലം സന്ദർശിച്ചശേഷം ഫാദർ പ്രോ സ്നേയിനിലേയ്ക്കയച്ച ഒരു കത്തിൽ "ഉന്നതമായ പദവിയിൽ നിന്നു നമുക്കു കീഴ്പ്പോട്ടിറങ്ങാം. അവിടെ രാജകീയ സ്വീകരണം നമുക്കു ലഭി

ക്കും." എന്നു സൂചിപ്പിച്ചു. "എന്നെ വൈദികപദവിയിലേയ്ക്കു യത്തിയ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. എന്റെ ആത്മാവിനെന്തൊരാനന്ദം! ഒരു കുടുംബത്തിൽ സമാധാനം ഞാൻ ഉളവാക്കി. തൊണ്ണൂറിമൂന്നു വയസ്സുള്ള ഒരു വൃദ്ധപ്രൈതലിനു വിശുദ്ധകുർബാന ആദ്യമായി നൽകി. ഒരു വൃദ്ധന്റെ കുമ്പാസാരം കേട്ടു. ഒരു കമ്മ്യൂണിസ്റ്റുകാരനെ വേദപാഠം പഠിപ്പിച്ചു."

ജൂൺമാസത്തിൽ മെക്സിക്കോയിലേക്കു പോകുവാൻ ഒരു കല്പന ഫാദർ പ്രോയിക്കു പ്രൊവിൻസ്യാളിൽനിന്നു ലഭിച്ചു. ശരീരസ്ഥിതി മോശമായിരുന്നെങ്കിലും അപകടത്തിൽ കിടക്കുന്ന സ്വജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പരിശ്രമിക്കണമെന്നുള്ള വിചാരം ക്ഷീണത്തെമാറ്റിനിർത്തി. ലൂർദ്ദുവഴിക്കായിരുന്നു യാത്ര. രാത്രിമുഴുവൻ നിദ്രാരഹിതനായി തീവണ്ടിയിൽ കഴിച്ചുകൂട്ടി. രാവിലെ ലൂർദ്ദ് ഗ്രോട്ടോയിലുള്ള പ. കന്യകയുടെ സ്വരൂപത്തിൻ മുൻപിൽ സാഷ്ടാംഗം ചെയ്തു സന്തോഷമടഞ്ഞു. അവിടെനിന്നു പാരീസിലേയ്ക്കു വണ്ടികയറിയസമയം ഫാദർ പ്രോ ഇപ്രകാരം എഴുതി: എന്റെ ഇന്നത്തെ ആന്തരികവികാരങ്ങൾ വിവരിക്കുക സാദ്ധ്യമല്ല. രാവിലെ ഗ്രോട്ടോയിൽ ദിവ്യബലിയർപ്പിച്ചു. ഒരു മണിക്കൂർനേരം അമ്മയുടെ മുൻപാകെ ധ്യാനം കഴിച്ചശേഷം കൊന്തയും എത്തിച്ചു" ഇതാ ഞാൻ സമാധാനപൂർവ്വം മുൻപോട്ടുപോകുന്നു." ജൂൺ അവസാനത്തിൽ അദ്ദേഹം മെക്സിക്കോയിലേയ്ക്കു കപ്പൽകയറി.



അഞ്ചാം അദ്ധ്യായം

കോളിന്റെ മദ്ധ്യത്തിൽ

മിഗുവൽ മെക്സിക്കോയിൽ വന്നെത്തിയ സമയം അവിടത്തെ ജനതയുടെ സ്ഥിതി വളരെ പരിതാപകരമായിരുന്നു. മിഗുവൽ അവിടെ എന്തുസാധിച്ചെന്നറിയണമെങ്കിൽ അവിടത്തെ സ്ഥിതിഗതികളെന്തായിരുന്നെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. 1920 മുതൽ 24 വരെ ഒബ്രഗൺ പ്രസിഡന്റായിരുന്നപ്പോൾ കത്തോലിക്കരുടെ നില സ്പല്പം ആശ്വാസജനകമായിരുന്നു. പരിതാപകരമായി അവസാനിച്ച ആ യോദ്ധാവിന്റെ ജീവിതത്തിലെ ലക്ഷ്യങ്ങൾ 'അധികാരം' 'പണം' ഇതു രണ്ടുമാത്രമായിരുന്നു. ഇതിനുരണ്ടിനും ഇണങ്ങാത്തതൊന്നും അയാൾ ഇഷ്ടപ്പെട്ടിരുന്നില്ല.

മെക്സിക്കൻ യുവജനങ്ങൾ വിവിധ തുറകളിലായി സംഘടിച്ചു പ്രവർത്തനം ആരംഭിച്ചിരുന്നു. രാഷ്ട്രീയാധികാരികളുടെ സിദ്ധാന്തങ്ങൾ വാദപ്രതിവാദ വിഷയങ്ങളായിത്തീർന്നു. യുവജനങ്ങളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനംമൂലം സംഗതികൾ ഭംഗിയായി പുരോഗമിച്ചു തുടങ്ങി. എന്നാൽ 1920 മേയ് 12-ാംനു പട്ടാളക്കാർ ഒരു പള്ളിയിൽ കടന്നു ജനങ്ങളെ ബലാൽക്കാരേണ പുറത്താക്കി സംഘടനയിൽപ്പെട്ട ചില യുവാക്കന്മാരെ വധിച്ചു. നവംബർമാസമായപ്പോഴേയ്ക്കും "ഗ്വഡലപ്പുനാഥ"യുടെ എന്നറിയപ്പെടുന്ന പ്രസിദ്ധ ദേവാലയം തല്ലിത്തകർക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. കരാൻസയാൽ രൂപികരിക്കപ്പെട്ടതും പിൽക്കാലത്തു് അദ്ദേഹത്താൽത്തന്നെ ലഘൂകരിക്കപ്പെട്ടതുമായ 'നിയമസംഹിത' അക്ഷരംപ്രതി നടപ്പിലാക്കുകയാണു് പിന്നീടുണ്ടായതു്. തൻമൂലം പട്ടക്കാരുടെ വരുമാനം വളരെ കുറഞ്ഞു. 1923-ൽ നടന്ന ഒരു സംഭവം രാഷ്ട്രീയാധികാരികളുടെ മനസ്ഥിതിയെ വെളിവായി കാണിച്ചു. 1914-ൽ 'ഈശോയുടെ തിരുഹൃദയത്തിൻ നാമത്തിൽ' ഒരു ദേവാലയം മെക്സിക്കോയുടെ മദ്ധ്യത്തിൽ പണിയുന്നതിനു നിശ്ചയം ചെയ്തിരുന്നു. അതിനുള്ള സമയം ആസന്നമായി എന്നു കരുതിയ മെക്സിക്കൻ ജനത 'മെഴൺട് ക്യൂബിലെ' എന്ന സ്ഥലം തെരഞ്ഞെടുത്തു. ദേവാലയംപണി കുറെക്കൂടെ കഴിഞ്ഞു തുടങ്ങുന്നതായിരുന്നു നന്നെന്നു് അനന്തര നടപടികൾ പ്രത്യ

ക്ഷമാക്കി. നിശ്ചിതദിവസം പേപ്പൽ പ്രതിനിധി മോൺസിഞ്ഞോർ ഫിലിപ്പാ പതിനാറു മെത്രാന്മാരുടേയും ഏതാണ്ട് എഴുപതിനായിരം വിശ്വാസികളുടേയും മുൻപാകെ പ്രസ്തുത ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. രാഷ്ട്രീയാധികാരികൾക്ക് അന്നു യാതൊരു തടസ്സവും ഉണ്ടാക്കാൻ സാധിച്ചില്ല. പക്ഷേ അവർ മെത്രാന്മാരെ ഔദ്യോഗികമായി ശാസിച്ചു; പേപ്പൽ പ്രതിനിധിയെ നാടുകടത്തി; വൈദികരെ ദേവാലയങ്ങളിൽനിന്നു ബഹിഷ്കരിച്ചു. കത്തോലിക്ക ജനത സംഘടിച്ചുനിന്നുകൊണ്ട് അന്യായമായ ഈ രാഷ്ട്രീയ നടവടികളെ പ്രതിഷേധിച്ചു.

1928-ലെ വേനൽകാലത്ത് വി. കുർബാനയുടെ ഒരു ദേശീയാഘോഷം കൊണ്ടാടുന്നതിനു വൈദികാധികാരികൾ നിശ്ചയിച്ചു. മെക്സിക്കോ നഗരംതന്നേ അതിലേയ്ക്കു തെരഞ്ഞെടുത്തു. ജനങ്ങളിൽ വിശ്വാസത്തിന്റെ ഒരു നവോന്മേഷം പ്രത്യക്ഷപ്പെട്ടു. തെരുവീഥികൾ യഥോചിതം അലംകൃതമായി. നിശ്ചിത ദിവസം മെത്രാന്മാർ ഭദ്രാസനപ്പള്ളിയിൽ പ്രവേശിച്ച് എട്ടടി ഉയരമുള്ള ഒരു അരുളിക്കയിൽ ദിവ്യഓസ്തി എഴുന്നള്ളിച്ചുവെച്ചു കഴിഞ്ഞ ഒരു ദശവത്സരക്കാലം ആ ദേശങ്ങളിൽ ദിവ്യകാരുണ്യനാഥൻ അനുഭവിച്ച നിന്ദകൾക്കു പരിഹാരം ചെയ്യുന്നുവെന്നു സകലരും അറിയുന്നതിലേയ്ക്ക് ആ അരുളിയ്ക്ക് "ദേശീയ പരിഹാര അരുളിക്ക" എന്ന നാമകരണം ചെയ്യപ്പെട്ടു. പ്രസിഡന്റ് ഒബ്രഗന്റെ അനുമതിയോടുകൂടെയായിരുന്ന പ്രസ്തുത ചടങ്ങുകൾ ആരംഭിച്ചതു്. ധനകാര്യമന്ത്രിയുടെ പതി പ്രദക്ഷിണവീഥിയിൽ സ്ഥിതിചെയ്തിരുന്ന തന്റെ ഭവനം വിശേഷവിധിയായി അലങ്കരിച്ച് ദിവ്യകാരുണ്യത്തോടുള്ള ബഹുമാനം സൂചിപ്പിച്ചു. വിശ്വാസവിഷയത്തിൽ അധ:പതിച്ചുപോയിരുന്ന കത്തോലിക്കർ നവജീവൻ പ്രാപിക്കുന്നതു കണ്ടതോടെ ഒബ്രഗന്റെ മനഃസ്ഥിതിമാറി. കത്തോലിക്കർ നിയമം ലംഘിച്ചു എന്നദ്ദേഹം ശഠിച്ചു. പക്ഷേ ഒബ്രഗന്റെ ഭരണം അവസാനിക്കാറായിരുന്നതുകൊണ്ട് അദ്ദേഹം വിചാരിച്ചതുപോലെ സംഗതികൾ മുൻപോട്ട പോയില്ല.

ആ ആണ്ടു ജൂലായി 6-ാംനു നടന്ന പൊതുതെരഞ്ഞെടുപ്പിൽ ഏലിയാസ് കാലസ് പ്രസിഡന്റായിത്തീർന്നു. കാലസ്സിനു സ്ഥാനമൊഴിഞ്ഞ പ്രസിഡന്റിന്റെ ചേരിയിൽപെട്ട പട്ടാളത്തിന്റെയും ഐക്യനാടുകളിലെ പ്രബലകക്ഷികളുടേയും പിൻതുണയുണ്ടായിരുന്നതിനാൽ വിജയത്തിനു അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല.

കാലസ് ഒരു കുഗ്രാമത്തിൽ അദ്ധ്യാപകനായിരുന്നകാലത്തു തന്നെ ക്രൂരനും, ഉദ്ധ്വസനകർക്കശനും എന്നു പരക്കെ അറിയപ്പെട്ടിരുന്നു. വൈദികവിദ്വേഷികളായ ബ്രാഡനസ്സും കൂട്ടരും ഒരു "ആരാച്ചാരെ'' കിട്ടുന്നതിനന്വേഷിച്ചതിൽ ഇയാളെ കണ്ടെത്തി എന്നു പറയാം. കാലസ് ഒരേസമയം വ്യാപാരിയുടെയും ആരാച്ചാരുടെയും ജോലി നിർവ്വഹിക്കേണ്ടതായിവന്നു. നീറോയേപ്പോലെ കാലസ്സും സമാരംഭമേംഗലം ദീക്ഷിച്ചു. തെരഞ്ഞെടുക്കപ്പെട്ടയുടൻ പുതിയ പ്രസിഡൻറ് യൂറോപ്യൻ പര്യടനത്തിനു പുറപ്പെട്ടു. മെക്സിക്കോയിലെ സ്ഥിതിഗതികൾ വേണ്ടപോലെ ഗ്രഹിക്കാതിരുന്ന യൂറോപ്യൻ ഭരണാധികാരികളാൽ ബഹുമാന പുരസ്സരം സ്വീകരിക്കപ്പെട്ടുകയുണ്ടായി. പര്യടനംകഴിഞ്ഞു; തിരിച്ചെത്തി കാലസ് മുറയ്ക്കു ഭരണമാരംഭിച്ചു. രണ്ടുമാസക്കാലത്തേയ്ക്ക് യാതൊരു ബഹളവും ഉണ്ടായില്ല. അന്തരീക്ഷം സമാധാനപരമാണെന്നു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനായിട്ടാണിങ്ങനെ ഒതുങ്ങി കഴിഞ്ഞതു്. 1925 ആരംഭത്തോടുകൂടെ തങ്ങൾ വഞ്ചിതരായെന്നു ക്രിസ്തീയ ജനത ഗ്രഹിച്ചുതുടങ്ങി. കാലസ്സിന്റെ ലക്ഷ്യം ആദ്യം ഫ്രഞ്ചു വിപ്ലവത്തെ അനുകരിക്കുകയും, അവസാനം റഷ്യൻ ഭരണരീതി കൈവരിക്കയും ആയിരുന്നു. എന്നുതന്നെ സംഭവിച്ചാലും രാജ്യത്തുനിന്നു മതത്തെ ബഹിഷ്കരിക്കണമെന്നയാൾ നിശ്ചയിച്ചു. കത്തോലിക്ക വിദ്യാലയങ്ങൾ പൂട്ടിച്ചു. പട്ടക്കാർ പള്ളിക്കമ്മങ്ങൾ നടത്തുന്നതിനു മുതിരാതിരിക്കത്തക്ക വ്യവസ്ഥകൾ പാസാക്കി; സകലവിധ പരിഷ്കാരങ്ങളും താൻ നേരിട്ടു നടപ്പിൽ വരുത്തുന്നതാണെന്നു വെളിപ്പെടുത്തി. അന്ധകാരംനിറഞ്ഞ മെക്സിക്കൻ പർവ്വതനിരകൾപോലും വിദ്യുച്ഛക്തിയാൽ പ്രകാശിതമാകുമെന്നു് അയാൾ ആദ്യമേതന്നെ പറയുകയുണ്ടായി.

കാലസ് 1926-ൽ കർമ്മ നടവടിയാരംഭിച്ചു. വിദേശ്വരായ വൈദികർ രാജ്യത്തിൽനിന്നു തിരിച്ചുപോകുവാനും ദേശീയവൈദികർ 1917-ലെ നാസ്തിക പ്രമാണം സ്വീകരിക്കുന്നതിനും അദ്ദേഹം കല്പന പുറപ്പെടുവിച്ചു. മെക്സിക്കോയിലെ മെത്രാപ്പോലീത്താ സഭൈയ്യും ഈ കല്പനയെ എതുത്തു. ഈ കാരണത്താൽ ഫെബ്രുവരി 8-ാംനു- രാജ്യദ്രോഹിയായി കച്ചേരി മുൻപാകെ ഹാജരാകുന്നതിനു് കാലസ് അദ്ദേഹത്തിനു നോട്ടീസ് കൊടുത്തു; കന്യാസ്ത്രീകളെ അകമാനം ബഹിഷ്കരിക്കുകയും അവരോട് മുശിയമായവിധം വർത്തിക്കുകയും ചെയ്തു. കാലസിന്റെ ഒരു

പുതു 'സമാധാന രാജ്ഞിയുടെ' സഹോദരികളുടെ മഠത്തിൽ പഠിക്കുന്നുണ്ടായിരുന്നു. വിഭ്രതിതിരുനാളിനു തലേദിവസം നടത്തിയ ഒരു പട്ടണ പ്രദക്ഷിണത്തിനിടയിൽ ഈ ബാലികയെ മെക്സിക്കോയുടെ "ദേവി" യായി പ്രഖ്യാപനം ചെയ്തു. പരിഹാസ പ്രദക്ഷിണങ്ങളിൽ പട്ടാളക്കാർ സന്യാസികളുടെ വേഷം ധരിച്ച് സ്ത്രീകളുടെയിടയിൽകൂടെ നടന്നു് അസഭ്യവാക്കുകൾ അട്ടഹസിച്ചിരുന്നു.

ഈ അവസരത്തിൽ കത്തോലിക്കർ അവരുടെ ശക്തിക്കനുസരിച്ചു ന്യായമായ മാർഗ്ഗത്തിൽകൂടെ രാജ്യനിയമങ്ങളോടെതിർത്തു. ഒരവസരത്തിൽ ഇവർ രണ്ടുലക്ഷം ഒപ്പോടുകൂടിയ ഒരു ഹർജി കാലസിനയച്ചുകൊടുത്തു. 'കൊളമ്പസിന്റെ യോദ്ധാക്കൾ' എന്ന സംഘക്കാർ ലഘുലേഖകളടിപ്പിച്ചു് വിതരണം ചെയ്തിരുന്നു. ഇതുകൊണ്ടൊന്നും കാലസിന്റെ മനസ്ഥിതിയിലു് യാതൊരു വ്യത്യാസവും ഉണ്ടായില്ല. താൻ പ്രസിഡന്റായിരിക്കുന്നിടത്തോളംകാലം 1917–ലെ നിയമങ്ങൾ നിലവിലിരിക്കുമെന്നു് അദ്ദേഹം 1926 മാർച്ചു് 5–ാംനു- വീണ്ടുമൊരു വിളംബരം പുറപ്പെടുവിച്ചു.

അടുത്ത ഏപ്രിൽ 3–ാംനു- ഇപ്രകാരം കാലസിന്റെ വേറൊരു പ്രഖ്യാപനവും പുറത്തുവന്നു. "പുരാതനങ്ങളായ ചില കാര്യങ്ങളോടു്– ഈ അർദ്ധശോളത്തിൽനിന്നു് എന്നേയ്ക്കുമായി മായിച്ചുകളയേണ്ട ചില സംഗതികളോടു്.. ഒരുഗ്രസമരം ഇന്നു നാം ആരംഭിക്കേണ്ടിയിരിക്കുന്നു. ചില പണക്കാരുടേയും അഭിജാതന്മാരുടേയും പ്രവർത്തനം നമ്മുടെ പുരോഗതിയെ തടയുന്നതിനു ശ്രമിക്കുന്നു. വിപ്ലവങ്ങളുടെ ഈ കാലത്തു്; മതാചാര പതാക' ഉയർത്തി വേറൊരാഭ്യന്തരകലഹം ഉളവാക്കുക സാദ്ധ്യമെന്നു കരുതുന്ന നേരംപോക്കുകാർ ഇനിയും ഈ രാജ്യത്തവശേഷിച്ചിട്ടുണ്ടു് എന്നവസ്തുത ആശ്ചര്യകരംതന്നെ. എന്നാൽ പള്ളിസിൽബന്ധികളുടെ മുഖംവീപ്പിക്കലും അലസസന്യാസികളുടെ പ്രതിഷേധങ്ങളും അവഗണിച്ചുകൊണ്ടു് തങ്ങളുടെ പരിപാടി നടപ്പിലാക്കുന്നതിനു ഗവർമെൻറു തീർച്ചയാക്കിക്കഴിഞ്ഞിരിക്കുന്നു. സംഗതികൾ ഈ വിധമായിരുന്നിട്ടും പരിഷ്കാരത്തെ തടയുന്നതിനു്, മതത്തിന്റെ നാമത്തിലൊരു വിപ്ലവമിളക്കിവിടുന്നതിനു്, നമ്മുടെ ഈ കാലത്തിലും ചിലർ തുനിയുന്നു. വിചിത്രംതന്നെ.

മെക്സിക്കോയിക്കു വെളിയിലുള്ളവർ അവിടത്തെ അക്രമനടപടികളെപ്പറ്റി വളരെ തുച്ഛമായിട്ടുമാത്രമെ അറിഞ്ഞിരുന്നുള്ളൂ.

പരിശുദ്ധ പിതാവും, മെക്സിക്കോയിലെ മെത്രാന്മാരും 'കാലസ് വെറും സേഛാധിപതി' എന്ന പ്രഖ്യാപനം ചെയ്തുകൊണ്ട് അയാളുടെ ബലിവസ്തുവായ മെക്സിക്കൻ കത്തോലിക്കരെ തുടരെ ഉപദേശിച്ചുകൊണ്ടിരുന്നു. അതിന്റെ ചുരുക്കം ഏതാണ്ടിപ്രകാരമാണ്. 1. കത്തോലിക്ക പ്രവർത്തനസംഘങ്ങളൊന്നോരുമിച്ച്, രാജ്യരേണത്തിൽ ഇടപെടാതെ, രാഷ്ട്രീയ അക്രമങ്ങളോട് പ്രതിഷേധം കാണിക്കണം. 2. ഒരു മാസത്തിനകം മെത്രാന്മാർ ഒരു സംയുക്തയിടയലേഖനംമൂലം നിയമസംഹിത പരിഷ്കരിക്കണമെന്ന് രാഷ്ട്രീയാധികാരികളോട് നിർഭയം ആവശ്യപ്പെടണം. കാലസ്സിനു് ഇതുകൊണ്ടൊന്നും യാതൊരു വ്യത്യാസവും ഉണ്ടായില്ലെന്നു മാത്രമല്ല, നിലവിലിരുന്ന അക്രമങ്ങൾക്കു പുറമെ 1926 ജൂലായി ആരംഭത്തിൽ മുപ്പത്തിമൂന്നു പുതിയ നിയമങ്ങൾകൂടെ നിർമ്മിച്ചു. അവയിൽ ചിലതു താഴെ ചേർക്കുന്നു. വേദപാഠക്ലാസുകൾ പരസ്യമായോ രഹസ്യമായോ നടത്തിക്കൂടാ....സന്ന്യാസസമൂഹങ്ങളൊന്നും രാജ്യത്തുകണ്ടുകൂടാ. രഹസ്യയോഗങ്ങളിൽപോലും പ്രമാണങ്ങളേയോ അധികാരത്തേയോ സംബന്ധിച്ച വിമർശനം മുടക്കപ്പെട്ടിരിക്കുന്നു. ഈ നിയമം ലംഘിച്ചാൽ ശിക്ഷ വധമായിരിക്കും. വൈദിക പഠനം സംബന്ധിച്ച യാതൊരു പദ്ധതിയും രാഷ്ട്രം അംഗീകരിക്കുകയില്ല. — മതപരമായ സകല ശുശ്രൂഷകളും ദേവാലയത്തിനുള്ളിൽ രഹസ്യമായി, രാഷ്ട്രീയ നേതൃത്വത്തിൽ നടത്തിക്കൊള്ളണം.....വൈദികവസ്ത്രങ്ങൾ പള്ളിക്കു വെളിക്കു ഉപയോഗിക്കുവാൻപാടില്ല. പള്ളിയുടേയും സന്ന്യാസഭവനങ്ങളുടേയും സകല വസ്തുക്കളും രാഷ്ട്രത്തിന്റേതായി പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. — ഇതും ഏതാണ്ട് ഇതുപോലുള്ള മറ്റു പ്രമാണങ്ങളും ജൂലായി അവസാനം മുതൽ നടപ്പിലാക്കുമെന്നു് കാണിക്കുന്ന നോട്ടീസുകൾ സകല പ്രധാന കെട്ടിടങ്ങളുടേയും പള്ളികളുടേയും ഭിത്തികളിൽ ഒട്ടിക്കപ്പെട്ടു. ഈ പ്രമാണനിർമ്മാണത്തിൽ തൃപ്തിയടഞ്ഞ രാഷ്ട്രീയ സമിതി കാലസ്സിനു് 'ഒരു സച്ചമെഡൽ' സമ്മാനിക്കുകയും ചെയ്തു. മെക്സിക്കൻ കത്തോലിക്കർക്കു ഹൃദയവേദനയുളവാക്കുന്ന ഒന്നായിരുന്നു ഈ സംഭവം. ഈ അവസരത്തിൽ മെക്സിക്കൻ മെത്രാന്മാർ സംഗതിയുടെ ഗൌരവം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കേണ്ടതു തങ്ങളുടെ കടമ എന്നു കരുതി പ്രവർത്തനമാരംഭിച്ചു.

പുതിയ നിയമങ്ങൾ നടപ്പിലാക്കുന്നതിനു് ആദ്യദിവസം

മുൻപ് എട്ട മെത്രാപ്പോലീത്താന്മാരും ഇരുപത്തീയെട്ട മെത്രാന്മാരുംകൂടി പ്രസ്തുത പ്രമാണങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കുന്നവർക്കെല്ലാം 'മഹറോൻ ശിക്ഷ' കല്പിച്ചുകൊണ്ട് ഒരു കല്പന പുറപ്പെടുവിച്ചു. പുതിയ പ്രമാണങ്ങൾ അനുസരിച്ചാൽ ദേവാലയ ശുശ്രൂഷകളെല്ലാം നിർത്തേണ്ടതായിവരുമായിരുന്നു. ഈ അവസരത്തിലെന്താണുചെയ്യേണ്ടതെന്നറിയുന്നതിനായി മെത്രാന്മാർ പരിശുദ്ധ സിംഹാസനത്തെ സമീപിച്ചു നിവേദനംചെയ്തു് അവിടത്തെ ആശിസ്സും അംഗീകരണവും വാങ്ങി. മാപ്പുപ്പായുടെ ആജ്ഞയനുസരിച്ചു്, ജൂലായി 31-ാംനു- മുതൽ പട്ടക്കാരന്റെ ശുശ്രൂഷ ആവശ്യപ്പെടുന്ന സകല പരസ്യാരാധനകളും മാറ്റിവയ്ക്കണമെന്നും എന്നാൽ അതേസമയം ദേവാലയത്തിനുള്ളിൽ വിശ്വാസികൾക്കു സ്വാതന്ത്ര്യമായി കയറിയിറങ്ങി പ്രാർത്ഥിക്കുന്നതിനുള്ള സകല സൗകര്യങ്ങളും കൊടുക്കേണ്ടതാണെന്നും മെത്രാന്മാർ കല്പന പുറപ്പെടുവിച്ചു. വൈദികർ ഇതനുസരിച്ചു് ദേവാലയങ്ങൾ എല്ലാം വിശ്വാസികളെ ഏല്പിച്ചു. അങ്ങനെ ഏല്പിക്കുന്നതോടുകൂടി "നിങ്ങളുടെ പൂർവ്വികന്മാരുടെ ഉപയോഗത്തിലിരുന്ന വിശുദ്ധ സ്ഥലങ്ങളെ സംരംക്ഷിക്കുന്നതിൽ നിങ്ങൾ ജാഗ്രതകരായിരിക്കണം" എന്നുപദ്ദേശിക്കാർ ഉപദേശം നൽകി. തുടർന്നു്, നമ്മുടെ കർത്താവു തന്റെ മരണത്തേയും ഉയിർപ്പിനേയും പറ്റി സ്വശിഷ്യരോടു പറഞ്ഞ വാക്കുകളേയും അവരെയനുസ്മരിപ്പിച്ചു. അതായതു്: "ഇതാ നാം ഓർശ്ലമിലേയ്ക്കു പോകുന്നു. മനുഷ്യപുത്രൻ പ്രധാനാചാര്യന്മാർക്കും നിയമജ്ഞന്മാർക്കും കൈയ്യേല്പിക്കപ്പെടുകയും, അവർ അവനെ മരണത്തിനു വിധിച്ചു് പുറജാതികൾക്കു് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. അവർ അവനെ അവമാനിച്ചു് ചമ്മട്ടിക്കടിച്ചു്, അവന്റെ മുഖത്തു തുപ്പി അവസാനം അവനെ കുരിശിൽ തറച്ചു കൊല്ലും. എന്നാൽ മൂന്നാംനാൾ അവനുയർത്തെഴുന്നേല്ക്കും." സഭയുടെ ജീവിതം സഭാസ്ഥാപകന്റേതുപോലെതന്നെയാണു്. മിശിഹായെപ്പോലെ മെക്സിക്കോയിലെ സഭയും ഉപദ്രവത്തിക്കുടെ കയ്യിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു. അവർ പരിഹസിക്കപ്പെടുന്നു, പ്രഹരിക്കപ്പെടുന്നു. കൊല്ലപ്പെടുന്നു. എന്നാൽ കാലതാമസമെന്യെ അവർ വീണ്ടും നവചൈതന്യത്തോടേ പ്രത്യക്ഷപ്പെടും.

ഇതെല്ലാം നടന്നുകൊണ്ടിരിക്കുമ്പോഴാണു് ഫാദർ പ്രോ സ്വരാജ്യത്തു തിരിച്ചെത്തിയതു്. അദ്ദേഹം ഇപ്രകാരം എഴുതുന്നു. വേരക്രൂസിൽ നിന്നു തീവണ്ടിമാർഗ്ഗം ജൂലായി 8-ാംനു- മെക്സി

ക്കോയിൽ എത്തി. അധികം താമസിയാതെ ലേർദോയിൽവന്നു പ്രൊവിൻസ്യാളിനെ കണ്ടു യാത്രപറഞ്ഞു പിരിഞ്ഞു, ഫൊൻറിക്കൊ മാട്ടിനസ്സിന്റെ ഭവനത്തിൽ എത്തി ഉച്ചഭക്ഷണം കഴിച്ചു.

ദൈവപരിപാലന ഒന്നുകൊണ്ടുമാത്രമാണു് സ്വരാജ്യത്തു് എനിക്കു പ്രവേശനം ലഭിച്ചതു്. സന്യാസിനീസന്യാസികളെ രാജ്യത്തുനിന്നു ബഹിഷ്കരിച്ചുകൊണ്ടിരിക്കുന്ന സമയത്തു് ഏതുവിധം എനിക്കു് അകത്തു പ്രവേശനം ലഭിച്ചുവെന്നറിഞ്ഞുകൂടാ. എന്റെ ദേഹം ആരും പരിശോധിച്ചില്ല. എന്റെ പാസ്പോർട്ടു് ആരുമാവശ്യപ്പെട്ടില്ല. എന്റെ സാമാനങ്ങളൊന്നും ചുങ്കക്കാർ പരിശോധിച്ചുമില്ല. വീട്ടിൽചെന്നു് പിതാവിനേയും സഹോദരീസഹോദരന്മാരേയും സന്ദർശിച്ചു." മതസ്വാതന്ത്ര്യത്തിനായി ശ്രമിച്ചിരുന്ന ഹുബെർത്തോ എന്ന സഹോദരൻ ജയിലിലായിരുന്നു–ആദ്യത്തെ ശ്രമത്തിൽ അദ്ദേഹത്തെ കാണ്മാൻ ഫാദർ പ്രോയിക്കു സാധിച്ചില്ലെങ്കിലും പിന്നീടു സാധിച്ചു. പതിനേഴമാസങ്ങൾ കഴിഞ്ഞു് കാലസ് തങ്ങളെ രണ്ടുപേരേയും ഒന്നിച്ചു വേദസാക്ഷിമകുടം ചൂടിക്കുമെന്നു് അവരന്നു സ്വപ്നേപി ചിന്തിച്ചില്ല.

വീട്ടിൽനിന്നു പുറത്തിറങ്ങിയ ഉടൻതന്നെ ഫാദർ പ്രോ പ്രേഷിതജോലി ആരംഭിച്ചു. പലപ്പോഴും ഇച്ഛാഭംഗത്തിനിടയായെങ്കിലും അദ്ദേഹം പ്രധാന പട്ടണങ്ങളിൽ പലതിലും ചുറ്റിനടന്നു ജോലിചെയ്തു.

അദ്ദേഹം ഒരു സ്നേഹിതനു് ഇപ്രകാരം എഴുതുന്നു: രാപകൽ ഇവിടെ ജോലിയുണ്ടു്. ദേവാലയങ്ങൾ പൂട്ടിയതുമുതൽ വിശ്വാസികളിൽ പ്രത്യക്ഷപ്പെട്ട വിശ്വാസം അവർണ്ണനീയമത്രെ. ജോലിത്തിരക്കുമൂലം ഈ എഴുത്തു് മൂന്നു നിത്തായിട്ടാണു് എഴുതിത്തീർത്തതു്. മറ്റു മാർഗ്ഗേണ നിങ്ങൾ വിവരങ്ങൾ അറിയുന്നുണ്ടായിരിക്കുമല്ലോ. (നവ. 13–'26)

വേറൊരെഴുത്തിൽ ഇപ്രകാരം പറയുന്നു: മെത്രാന്മാരുടെ ഇടയലേഖനത്തപ്പാറി ഞാൻ ചിന്തിക്കയായിരുന്നു. അതു പുറത്തുവന്നയുടൻ എവിടേയും ഒരു നവജീവൻ പ്രത്യക്ഷപ്പെട്ടു. ദേവാലയങ്ങൾ നിറയെ വിശ്വാസികൾ വന്നുകൂടി. അവസാനത്തേതു് എന്നു തോന്നുമാറു് സകലരും കുമ്പസാരിച്ചു പ. കുർബാന സ്വീകരിച്ചു. കുലീന സ്ത്രീകൾ സാധുക്കളായ സഹോദരിമാരോടു യോജിച്ചുകൊണ്ടു് റോഡിൽകൂടെ നിഷ്പാദുകരായി അനുതാപകീർത്തനങ്ങൾ പാടിക്കൊണ്ടു നടന്നിരുന്നു." ഫാദർ പ്രോ തുടരുന്നു:

"ഞാൻ രാജ്യത്തു പ്രവേശിച്ചപ്പോൾ ദൈവിക ശുശ്രൂഷ വളരെ കുറവായിരുന്നു. എങ്കിലും ആയിരക്കണക്കിനു് വിശ്വാസികൾ ക്ലേശകരം സഹിക്കുന്നതിനു തിങ്ങിക്കൂടിയിരുന്നു. ഇക്കാരണത്താൽ ദിവസം മുഴുവനും രാത്രിയുടെ ഒരു ഭാഗവും കുമ്പസാരക്കൂട്ടിൽതന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. ക്ഷീണനായതുകൊണ്ടു വശംകെട്ടുവീണു. ബോധരഹിതനായി എന്നെ അവിടെനിന്നു് എടുത്തുകൊണ്ടുപോകേണ്ടതായും വന്നു."

നിശ്ചിത ദിനമായ ജൂലായി 3-ാംനു- ആഗതമായി. വിശുദ്ധ ഇഗ്നേഷ്യസിന്റെ തിരുനാളായ അന്നു് ഫാദർ പ്രോ അവസാനമായി പരസ്യബലി അർപ്പിച്ചു. സക്രാരികളിൽനിന്നു വി. കർബാനയെടുത്തു മാറ്റി. കെടാവിളക്കുകൾ എല്ലാം മങ്ങിത്തുടങ്ങി. മണികൾ ഒന്നും അടിച്ചിരുന്നില്ല. ഏതാണ്ടു് ഭൂഗോളയങ്ങളിലെ അന്തരീക്ഷം അവിടങ്ങളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. രാജ്യത്തെവിടെയും ദുഃഖചിഹ്നങ്ങൾ കണ്ടു. ദിവ്യമായ ഒരു "ദുഃഖവെള്ളിയാഴ്ച" മെക്സിക്കോയിൽ ആവിർഭവിച്ചു.

മാസങ്ങൾ പലതുകഴിഞ്ഞു. ദേവാലയത്തിനുള്ളിൽപോലും ദൈവനാമം ഉച്ചരിക്കുന്നതിനു സാധിക്കാതായി. രഹസ്യഭവനങ്ങളിൽ മാത്രമേ ബലിയർപ്പിക്കുന്നതിനു നിവൃത്തിയുണ്ടായിരുന്നുള്ളൂ. വീരാത്മാക്കളായ വൈദികർ രഹസ്യമായി കുസ്തോടികളിൽ വി. കുർബാന വഹിച്ചുകൊണ്ടു് പട്ടണങ്ങളിൽ ചുറ്റിനടന്നു് വിശ്വാസികളെ ധൈര്യപ്പെടുത്തിയിരുന്നു. ഇതേപ്പറ്റി ഫാദർ പ്രോ ഇപ്രകാരം എഴുതുന്നു:-പരസ്യമായ കുർബാനാനുഷ്ഠാനം മുടക്കപ്പെട്ടപ്പോൾ "കുർബാനകേന്ദ്ര"ങ്ങൾ സ്ഥാപിച്ചു്, ഇടയ്ക്കിടയ്ക്കു് അവിടങ്ങളിൽ ബലിയർപ്പിച്ചിരുന്നു. ആദ്യവെള്ളിയാഴ്ചകളിൽ വിശ്വാസികളുടെകൂട്ടം വളരെ വർദ്ധിച്ചു. ഒരു ദിവസം 1200 ആളുകൾക്കു വി. കുർബാനയെഴുന്നള്ളിച്ചു കൊടുത്തു. മറവസരങ്ങളിൽ ചുറ്റിനടന്നു് ശരാശരി 200നും, 300നും മദ്ധ്യേ ആളുകൾക്കു് വി. കുർബാനയെഴുന്നള്ളിച്ചു കൊടുത്തു. ബുധൻ വ്യാഴം ഈ ദിവസങ്ങളിൽ നിശ്ചിത സമയത്തു കുമ്പസാരിക്കുന്നതിനു വിശ്വാസികൾ വന്നുകൊണ്ടിരുന്നു.

മൂന്നുമാസം കഴിഞ്ഞപ്പോൾ പ്രൊവിൻസ്യാളിനു് ആത്മസ്ഥിതിയുടെ കണക്കു് അയച്ചു. "ഇവിടെയുള്ള ജോലികൾ മുടങ്ങിമുട്ടുള്ളതും നിരന്തരം ശ്രദ്ധപതിക്കേണ്ടതുമാകുന്നു. മഹാ സേനാധിപൻ അയാച്ചുനായ എന്നെക്കൊണ്ടു ചെയ്യിക്കുന്ന സംഗതി

കം വലിയവതന്നെ. നിരന്തരമായ അസുഖം നിമിത്തം കഴിഞ്ഞ പ്രവർത്തനങ്ങളെപ്പറ്റി ചിന്തിക്കുവാൻ നേരമില്ല. അവശതകം പലതും എന്നിൽ ഉണ്ടെങ്കിലും അവസാനംവരെ പടവെട്ടുന്നതിനുള്ള മന:ശക്തിയും എനിക്കുണ്ട്. ഞാൻ എന്തുചെയ്യുന്നതിനും തയ്യാറാണ്. ഇപ്പോഴുള്ള ശരീരസുഖം നിലനില്ലുമെങ്കിൽ ഭാവിയിലും ഇവിടെത്തന്നെ സമയം ചെലവഴിക്കുന്നതിനു് അനുവാദം യാചിച്ചുകൊള്ളുന്നു."

"ഒ, ഇയ്യോയെ! പൊഗസ്സോസ്–ദേൽ–സക്കാല–എന്ന സ്ഥലത്തുവെച്ചു തുക്കിക്കൊല്ലുന്നതിനു് വിധിക്കപ്പെട്ട കത്തോലിക്കരുടെ കൂട്ടത്തിൽ ഞാനുംകൂടെ ഉണ്ടായിരുന്നെങ്കിൽ" (ഒക്ടോബർ 21–26) "സങ്കടനിയമപ്രകാരമുള്ള ഒരു പരീക്ഷകൂടെ ഉണ്ടായിരുന്നതുമൂലം ഈ ജോലികളുടെ ഇടയ്ക്കല്ലാം ആ ഒരു ചിന്ത എന്നെ അലട്ടിയിരുന്നു. സ്വല്പസമയം വിശ്രമത്തിനായി ലഭിച്ചിരുന്നതു് പ്രസ്തുത പരീക്ഷയ്ക്കായൊരുങ്ങുന്നതിനു ഞാൻ ചെലവഴിച്ചു. ത്രേഷ്യന്മാരുടെ കല്പനകൾക്കു കീഴ്പ്പെടുവാൻ ഞാൻ എപ്പോഴും സന്നദ്ധനാണു്. ഞാൻ 'എൻഗിയനിൽ' വസിച്ചുകൊണ്ടു പരീക്ഷയ്ക്കു് ഒരുങ്ങിയിരുന്ന അവസരത്തിലാണു സ്വരാജ്യത്തേയ്ക്കു മടങ്ങുവാൻ കമ്പി വന്നതു്. എട്ടുദിവസവുംകൂടെ കഴിഞ്ഞാൽ പരീക്ഷകഴിഞ്ഞു വിജയിയായി സ്വരാജ്യത്തേയ്ക്കു മടങ്ങാമെന്നു പഠിച്ചിരുന്നവർ പറഞ്ഞുവെങ്കിലും, സകലതും ദൈവത്തിൽ അർപ്പിച്ചുകൊണ്ടു കമ്പിയ്ക്കുനേരിച്ചു് ഞാൻ പ്രവർത്തിച്ചു. പഠിപ്പിക്കുന്നവർ ഇങ്ങനെ പറഞ്ഞതിന്റെ ഒരു കാരണം ഇടമുറിയാതെ എനിയ്ക്കുണ്ടായിക്കൊണ്ടിരുന്ന തലവേദനയായിരുന്നു. ദൈവത്തിന്റെ ഇഷ്ടാനുസരണം സ്വയം കയ്യാളിക്കുന്നതു് എനിക്കു കൂടുതൽ നന്മയുളവാക്കുന്നതിനാൽ ഞാൻ സമസ്തവും ആ തൃക്കരങ്ങളിൽ ഏല്പിക്കുന്നു. എഴുത്തവസാനിപ്പിക്കുന്നതിനു മുൻപു് ഒരു സംഗതികൂടെ പറഞ്ഞുകൊള്ളട്ടെ. മൂന്നാംകൊല്ലത്തെ വ്രതവാശ്വാനം ഇതാ അടുത്തിരിക്കുന്നു. ഇയ്യോയുടെ സ്വരത്തിനു കീഴ്പ്പെടാൻ ഞാൻ തയാറായിരിക്കുന്നു. ഒക്ടോബർ 26.' 26."

സ്വരക്ഷാർത്ഥം ഓടിരുളിച്ചവരോടൊക്കെ കാലസ് എതിർത്തു. കത്തോലിക്ക പ്രവർത്തനത്തെ തടയുന്നതിനു് അദ്ദേഹത്തിനു് തസ്സാന്മാരുടെ ഒരു പട്ടാളംതന്നെ വേണ്ടിവന്നു, കത്തോലിക്കർ വളരെ വാശിയോടെ ന്യായമായ രീതിയിൽ സംഘടിച്ചു് രാഷ്ട്രത്തിനെതിരായി പ്രവർത്തനമാരംഭിച്ചു. ആദ്യമായി ക്രിസ്തീയമാംവ

ണ്ണും തപശ്ചര്യ അഭ്യസിക്കുന്നതിലേയ്ക്കു് ഇവർ നിത്യച്ചെലവു കുറക്കുന്നതിനു നിശ്ചയിച്ചു. അനന്തരം ബാങ്കുകളിൽ നിക്ഷേപിച്ചിരുന്ന പണം തിരിച്ചെടുക്കുന്നതിനു് എല്ലാ കത്തോലിക്കരേയും പ്രോത്സാഹിപ്പിച്ചു. അങ്ങനെ 20 ലക്ഷം നാണ്യങ്ങൾ ബാങ്കുകളിൽനിന്നെടുത്തു് അന്യരാജ്യങ്ങളിൽ നിക്ഷേപിച്ചു. ഈ ഒരു കാരണത്താൽ മതവിരോധികളുടെ അധീനത്തിലുണ്ടായിരുന്ന കച്ചവട ഇടപാടുകൾക്കു് അധഃപതനം നേരിട്ടു. കാഥേസ് എന്ന സ്ഥലത്തെ ആളുകൾ ഒന്നിച്ചു സ്ഥലംവിട്ടു. കാലസിന്റെ സൈന്യകാർ ഗ്വാശരായി. ഒക്ടോബർ മാസത്തിൽ ധനകാര്യമന്ത്രി, പാനി, സ്ഥാനം രാജിവെച്ചു. ഇതുകൂടാതെ ആയിട്ടും കാലസ്സിൽ യാതൊരു ഭാവമാറ്റവും ഉണ്ടായില്ല. കത്തോലിക്കർ ഒട്ടും വിട്ടുകൊടുത്തില്ല. പ്രധാന പ്രവർത്തകരെന്നു സംശയമുണ്ടായിരുന്നവരെയെല്ലാം കാലസ് കാരാഗൃഹത്തിലാക്കി. രാഷ്ട്രത്തിനെതിരായി പ്രവർത്തിക്കുമെന്നു സംശയമുണ്ടായിരുന്ന സകല അച്ചടിശാലകളും പൂട്ടിച്ചു. പ്രധാനപ്രവർത്തകർ കാരാഗൃഹത്തിലായപ്പോൾ അപ്രധാനന്മാർ പ്രവർത്തനമാരംഭിച്ചു. ഇവർ രാത്രി ഗൃഹകവാടങ്ങളിൽ വച്ചു് ലഘുലേഖകൾ അച്ചടിച്ചു് പകൽസമയം വിതരണം ചെയ്തു. ഒരു നോട്ടീസ് ഇപ്രകാരമായിരുന്നു. "കമ്മ്യൂണിസ്റ്റ്കാരനായ കാലസ്—അതേ ദരിദ്രന്റെ സ്നേഹിതൻ—കഷ്ടകരുടെ വസ്ത്രക്കീറു കണ്ടുകെട്ടി—അയാളുടെ സ്വന്തം ഉപയോഗത്തിനു് ഒരു തീവണ്ടിയും പണികഴിപ്പിച്ചിരിക്കുന്നു."

കോപാക്രാന്തനായ കാലസ് സെപ്റ്റംബർ 1—ാംനു- കൂടിയ യോഗത്തിൽ അതിനകം 120 കോളജുകളും 82 പള്ളികളും കപ്പേളകളും—മറ്റിതുപോലുള്ള അനേകം സ്ഥാപനങ്ങളും പൂട്ടിച്ചുവെന്നും, മേലിൽ അതേ പ്രവർത്തനരീതി തന്നെ തുടരുമെന്നും പ്രസ്താവിച്ചു.

ഇതുകൊണ്ടൊന്നും കത്തോലിക്കർ ഭയപ്പെട്ടില്ല. അവർ ലഘുലേഖകൾകൊണ്ടുള്ള പ്രവർത്തനം തുടർന്നു. മെക്സിക്കോ ത്രുപതയുടെ മെത്രാൻ ക്രിസ്തുരാജന്റെ തിരുനാളിൽ അയച്ച ഇടയലേഖനത്തിലിപ്രകാരം പ്രസ്താവിച്ചിരുന്നു. "ധൈര്യമായിരിക്കുക. മിശിഹായുടെ കുരിശുരൂപം നിങ്ങളെ ഈ പരീക്ഷാവേളയിലനുഗ്രഹിക്കും. നിങ്ങളുടെ വിശ്വാസവും നിത്യരക്ഷയും അപകടത്തിലായിരിക്കുന്നെന്നിരുന്നാലും നിങ്ങൾക്കു് ആശങ്കയുണ്ടാകാൻ സമയമില്ല, അടുത്ത ഡിസംബർ 4—ാംനു- പരിശുദ്ധ കന്യകയുടെ അമലോത്ഭവ

ത്തിരുനാൾ നമ്മുടെ അൾത്താരകളിൽ വേണ്ടവിധം ആഘോഷിക്കുന്നതിനിടയാക്കുവാൻ നമ്മുടെ അമ്മയോടുചേർന്നുകൊണ്ട് ദൈവകരുണയെ നിരന്തരം, നിർബ്ബന്ധപൂർവ്വം, യാചിക്കണം. പ്രിയ മക്കളെ ഈ വിപൽഘട്ടത്തിൽ കൂട്ടുതലായി പ്രാർത്ഥനയും ആത്മത്യാഗവും അനുഷ്ഠിക്കുന്നതിൽ മടിയന്മാരാകരുതെന്നു് വാത്സല്യപൂർവ്വം നിങ്ങളോടു ഞാൻ ഉപദേശിക്കുന്നു."

മെക്സിക്കൻ കത്തോലിക്കർ, മേലുദ്ധരിച്ച വാക്കുകൾ ദൈവത്തിൽ നിന്നെന്നവണ്ണം സ്വീകരിച്ചു. നവംബർ 12–ാംനു- മുതൽ സകലരും സകലവിധ ആനന്ദങ്ങളിൽനിന്നും (ഊണു്, വസ്ത്രം. കുളി, യാത്ര, വിനോദപ്രദർശനങ്ങൾ) അത്യാവശ്യത്തിനൊഴിച്ചു തെല്ലാറ്റിൽനിന്നുമകന്നു ജീവിതം തുടരണമെന്നു് "മതസ്വാതന്ത്ര്യ ലീഗു"കാർ ഒരു നിശ്ചയം പരസ്യംചെയ്തു.

"മതപീഡനംവഴി നമ്മുടെ കൈകാലുകൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ വിഷമങ്ങൾ വലുതുതന്നെ. നാം നിരാശരായ്കിടപെടാൻ ഇടയാകരുതു്. ദൈവം നമ്മോടുകൂടെയുണ്ടു്. അവിടുന്നു നമ്മോടൊന്നിച്ചു പടവെട്ടുന്നുമുണ്ടു്. നാം ക്രിസ്താന്തിയുള്ള പടയാളികളാകുവാനായി അവിടുന്നു നമ്മെ പ്രകാശിപ്പിക്കുകയും–പഠിപ്പിക്കുകയും ചെയ്യുന്നു" എന്നിങ്ങനെയുള്ള ആശ്വാസദായകങ്ങളായ ലഘുലേഖകൾ അവസരോചിതം, ലീഗുകാർ പുറപ്പെടുവിച്ചു.

ഈ കാലമെല്ലാം ഫാദർ പ്രോയുടെ പോക്കറ്റുകൾ ലഘുലേഖകൾകൊണ്ടു് നിറഞ്ഞിരുന്നു. ഒരു ദിവസം പോലീസുകാർ അദ്ദേഹത്തെ പിടികൂടി, ഒരു കാറിൽ പോലീസ് കമ്മീഷണരുടെ വസതിയിലേക്കു കയറ്റിക്കൊണ്ടുപോയി. നിശ്ചിത സ്ഥലത്തെത്തുന്നതിനു മുൻപു കൈവശമുണ്ടായിരുന്ന ലഘുലേഖകളെല്ലാം നശിപ്പിക്കേണ്ടതാവശ്യമായിത്തീർന്നു. അതിലേയ്ക്കു് അദ്ദേഹം ഡ്രൈവരുടെ അടുത്തിരുന്നു രസകരമായ സംഭാഷണത്തിൽ ഏർപ്പെട്ടു. ഇതിനിടക്കു സൂത്രത്തിൽ പോക്കറ്റിൽ കിടന്നിരുന്ന നോട്ടീസുകളും ലഘുലേഖകളും ഓരോന്നോരോന്നായി എടുത്തു പുറത്തേയ്ക്കു വഴി നീളെ ഇട്ടുകൊണ്ടിരുന്നു.

രാഷ്ട്രീയാധികാരികൾ, പ്രേഷിതജോലി ചെയ്തിരുന്നവരെ രഹസ്യത്തിൽ പിടിപ്പിച്ചു് കാരാഗൃഹത്തിൽ പാർപ്പിച്ചുപോന്നു. അവസരം ലഭിച്ചിരുന്നപ്പോളെല്ലാം പട്ടാളക്കാർ ഇവരെ വെടിവെച്ചുകൊല്ലും. പ്രേഷിതജോലിയിൽ സിംഹഭാഗം വഹി

ച്ചിരുന്ന മാന്യവൽ മെൻഗാർ എജോ ജോവാക്യ ഇൽ ദേ സിൽ, വാക്കോർ ദോബാ ഇവരെ വേദസാക്ഷിമകുടം ധരിപ്പിച്ച വാത്ത കത്തോലിക്കരെ വല്ലാതെ ക്ഷുബ്ധരാക്കി. കാലസിന്റെ ഒരു സ്നേഹിതൻ സെപ്പേദാ, മേൽപറഞ്ഞവരോടു് അവരുടെ മത ത്തെ സംബന്ധിച്ചു ചോദ്യംചെയ്തശേഷം അവരെ വെടിവെപ്പി ക്കുകയാണു ചെയ്തതു്. 'ക്രിസ്തുരാജൻ നീണാൾവാഴ്കട്ടെ' എന്നട്ടഹ സിച്ചുകൊണ്ടത്രെ അവർ ജീവൻ വെടിഞ്ഞതു്. ഈ ക്രൂരഭരണരീ തി കണ്ടിട്ടും വിശ്വാസികളൊട്ടും ഭയന്നില്ല. 30000 തീർത്ഥകർ "ഗ്വഡലൂപ്പ മാതാ"വിന്റെ സന്നിധത്തിലേയ്ക്കൊരു തീർത്ഥയാത്ര കഴിച്ചു്, അതുവരെ നടന്ന അക്രമങ്ങൾക്കെല്ലാം പരിഹാരംചെ യ്തു. ക്രിസ്തുരാജന്റെ തിരുനാളിൽ 2 ലക്ഷം വിശ്വാസികൾ അവി ടെ കൂടിയിരുന്നു. ഫാദർ പ്രോയും അതിൽ പങ്കെടുത്തു. അതിന്റെ ഒരു വിവരണം ഇദ്ദേഹം തന്റെ സ്നേഹിതർക്കു് അറിയിച്ചതിപ്ര കാരമാണു്:—

ഒക്ടോബർ 31—ാംനു- ക്രിസ്തുരാജന്റെ തിരുനാൾ ആഡംബ രപൂർവ്വം കൊണ്ടാടി. രാവിലെ 4 മണിമുതൽ രാത്രി എഴരവരെ തീ ർത്ഥകർ ബസീലിക്കായിലേയ്ക്കു പൊയ്ക്കൊണ്ടിരുന്നു. സന്നിഹിത രായിരുന്നവരിൽ 5 ശതമാനവും മെക്സിക്കന്മാരായിരുന്നു. ഇവർ ഗ്വഡലൂപ്പ നാഥയുടെ ശ്രുപത്തിനു മുൻപിൽകൂടിയത്രെ കടന്നുപോ യിരുന്നതു്. ഈ യാത്ര പരിപൂർണ്ണ ക്രമത്തോടുകൂടിയതായിരുന്നു. ഞാൻ ദിവസത്തിൽ ഒരു നല്ലഭാഗം—ഉച്ചയ്ക്കുമുൻപും ഉച്ചകഴി ഞ്ഞും—അവിടെ ഉണ്ടായിരുന്നു. അവിടംവിട്ടു പോകുന്നതെനിക്കു വളരെ വീഷമമായി തോന്നി. അവിടെ ചിലർ നിശ്ശാകുകരായും, മറ്റുചിലർ മുട്ടുകുത്തി നീന്തി കൊന്തയെത്തിച്ചും ഇടയ്ക്കിടയ്ക്കു പാട്ടുപാടിയും മുമ്പോട്ടു ഗമിച്ചിരുന്നു. ധനവാന്മാരും ദ്രരിദ്രരും, മു തലാളിയും തൊഴിലാളിയും എല്ലാവരും ഏകോദരസഹോദരന്മാ രെപ്പോലെ കാണപ്പെട്ടു. പലരും ചെരുപ്പുകൂടാതെ നടന്നിരുന്നതു മൂലം പാദങ്ങൾ രക്തവർണ്ണമായിത്തീർന്നു. ഇരുപതു വൃദ്ധകൾ—ഈ കാഴ്ച എനിക്കു് ഒട്ടും ഇഷ്ടമായില്ല—മുടിയും ധരിച്ചുകൊണ്ടു പോകുന്നതു ഞാൻകണ്ടു. മോൺസിഞ്ഞോർ മോറോ സാധാരണ തീർത്ഥകരെപ്പോലെ അവിടെ എത്തിയപ്പോൾ ബസീലിക്കായി ക്കകത്തും പുറത്തും നിന്നിരുന്നവർ അദ്ദേഹത്തിനു ചീയേഴ്സ് വിളിച്ചു. ഉച്ചതിരിഞ്ഞു ഞാനും മെൻറേസ്സുംകൂടെ തിരിച്ചുപോരു മ്പോൾ ഒരുകൂട്ടം 'വേലക്കാർ'—എന്തിനും ഒരുക്കമുള്ള വർ—പാട്ടും

പാടി ബസീലിക്കായിലേയ്ക്കു പോയിരുന്നു. ഇവരുടെ പ്രാർത്ഥന യിൽ ഞാനും പങ്കെടുത്തുകൊണ്ട് 'നിന്റെ രാജ്യംവരട്ടെ' എ ന്ന മുദ്രാവാക്യം വിളിച്ചുപറഞ്ഞു. ഞങ്ങളെ കണ്ടമാത്രയിൽ അവർ സ്വരമയത്തി ക്രിസ്തുരാജന്റേയും, മാപ്പാപ്പായുടെയും, മെത്രാന്മാരു ടേയും പേരുകൾ മാറിമാറി വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ഇ തിനിടയ്ക്കു രാവിലേയും വൈകിട്ടും ജനറൽ ക്രൂസും, ടേനമാരും സ്ഥലം സന്ദർശിച്ചു. യാതൊരു ബഹളവും അവിടെ ഭവിക്കാ ഞ്ഞതുമൂലം അവർ സ്ഥലംവിടേണ്ടതായിവന്നു. യുവജനങ്ങൾ യാ ത്രയുംമറവും ക്രമീകരിച്ചിരുന്നതുമൂലം പോലീസുകാർ വഴിയിലു ള്ള വൃക്ഷങ്ങളിന്മേൽ വ്യർത്ഥ ചാരിനില്ക്കേണ്ടിവന്നു. ഈ സാധുമനു ഷ്യർക്കു് വിശ്വാസികളോടു സഹകരിക്കുന്നതിനു് ആഗ്രഹമുണ്ടായി രുന്നു. സാഹചര്യങ്ങൾക്കധീനപ്പെട്ടു് മൃഗങ്ങളേപ്പോലെ അവർ പ്രവർത്തിച്ചുവെന്നേയുള്ളൂ. മെക്സിക്കോ തികച്ചും മരു കത്തോലി ക്ക പട്ടണമാണു്. "ഗ്വഡലോപ്പിലെ നമ്മുടെ നാഥ" മെക്സിക്കോയു ടെ രാജ്ഞിയുമത്രെ. ഇവിടത്തെ വിപ്ലവം ഉറച്ച വിശ്വാസിക ളെ മാത്രമല്ല നാമമാത്ര ക്രിസ്ത്യാനികളേയും വേദസാക്ഷികളായി ത്തീരുന്നതിനു് സഹായിക്കുന്നു. മതസ്വാതന്ത്ര്യത്തിനായി പ്രവ ർത്തിച്ച ഇരുപതു എ. സി. ജെ. എം. അംഗങ്ങളേയും മറ്റു അറി യപ്പെടാത്ത പലരേയും എതുനാമംകൊണ്ടാണു് വിളിക്കേണ്ടതെ ന്നെനിക്കറിവാൻ വയ്യാ. വിജയം ഇതാ കൈവന്നിരിക്കുന്നു. പണ ത്തിന്റേയും ആയുധങ്ങളുടേയും കുറവുനിമിത്തവും പ്രതിയോഗിക ളുടെ അവിചാരിതമായ തന്ത്രങ്ങൾമൂലവും, സ്വർഗ്ഗത്തിൽനിന്നു് ഒ രു കല്ലുവീണു "ദാനിയേലിന്റെ ബിംബ"ത്തെ തകർത്തതുപോലെ ഭീ രുക്കളായ ശത്രുക്കളെ അധഃപതിക്കും. ഗ്വഡലപ്പിലെ മെത്രാൻ മെ ക്സിക്കൻ പ്രമാണിയെ കീഴ്പ്പെടുത്തും. മിശിഹാ ഇവിടെ ഭരണം ന ടത്തും. ക്രിസ്തുരാജൻ ജയിക്കും. വിജയത്തിന്റെ ലക്ഷണങ്ങൾ ഇതാ ആകാശത്തിൽ കണ്ടതുടങ്ങിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കഷ്ടത യുടെ ഇരുൾ അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുന്നു."

"രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും അക്രമങ്ങളുടെ വിവരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. പല വീരാത്മാക്കളും ബലി വസ്തുക്കളായിത്തീർന്നു. ഇനിയും പലരും താമസമെന്യേ ബലിയാ യിത്തീരുകയും ചെയ്യും. വേദസാക്ഷികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഹാ ഞാൻ ഈ ഭാഗ്യപ്പെട്ടവരുടെ ഗ ണത്തിൽ എണ്ണപ്പെടാനിടയാകാതെ വന്നേക്കുമോ?

നിങ്ങൾ കേട്ടിരിക്കുന്നതുപോലെ പരി. സിംഹാസനം ഈ യുവവേദസാക്ഷികളെ വിണ്ണുജന്മാരുടെ പട്ടികയിൽ ചേർക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഫ്രാൻസിൽ നിന്നു ലഭിച്ച ഒരു അരുളിക്ക പ. പിതാവ് ഗ്രന്ഥപ്പുരയിലെ ബസീലിക്കയ്ക്ക് ദാനം നല്കി. റോമാസിംഹാസനത്തിന്റെ പൈതൃകസ്നേഹം ഞങ്ങളുടെ ജനതയിലൊരു വലിയ ഉന്മേഷമുളവാക്കിയിരിക്കുന്നു.

എന്നു്, നമ്മുടെ കർത്താവിൽ

എൽ. ബറേറേറയോ (മൈനർ)

കത്തോലിക്കർ കാലാനുസൃതം പ്രവർത്തിച്ചുതുടങ്ങി. സ്കൂളുകൾ എല്ലാം നിർത്തലാക്കിയപ്പോൾ ഉപദേശിമാർ നാടുമുഴുവൻ ചുറ്റിനടന്നു കുട്ടികളെ വേദപാഠം പഠിപ്പിച്ചു. ഒക്ടോബർ അവസാനത്തിൽ രണ്ടുസ്ഥലങ്ങളിലായി 11000 കുട്ടികളെ ശ്രേഖരിച്ചു പഠിപ്പിക്കുന്നതിനു സാധിച്ചു. യുവാക്കന്മാരെ പ്രത്യേകിച്ചു –എ. സി. ജേ. എം. അംഗങ്ങളെ, മതപഠനത്തിൽ പ്രത്യേകം അഭ്യസിപ്പിക്കുന്നതിൽ ശ്രദ്ധപതിച്ചിരുന്നു. ഫാദർ പ്രൊ ഇതിലെല്ലാം പ്രധാനഭാഗം ഏറ്റെടുത്തിരുന്നു. അദ്ദേഹം ഒളിച്ചുകളിച്ചു നടന്നിരുന്നെങ്കിലും ഏതവസരത്തിലും സഹകാരികൾക്ക് അദ്ദേഹവുമായി സമ്പർക്കത്തിനുള്ള മാർഗ്ഗം അദ്ദേഹം നിർദ്ദേശിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. ഇതെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുന്നതിപ്രകാരമാണു്: ഞാൻ എവിടെയെന്നു് ആർക്കും ഒരു പിടിയുമില്ലെങ്കിലും നാലു മേൽവിലാസത്തിൽ എഴുത്തുകളും ധാരാളം കുറിപ്പുകളും എനിക്കു ലഭിക്കുന്നുണ്ട്. (അതിലൊന്നാണു് കഴിഞ്ഞ എഴുത്തിന്റെ അവസാനത്തിൽ ചേർത്തിരുന്നതു്.) സാധുകുടുംബങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനു പലതരത്തിലുള്ള ധാന്യങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു. വേഷംമാറി ചുറ്റിനടന്നു് എല്ലാവർക്കും വേണ്ടനിർദ്ദേശങ്ങളും അപ്പപ്പോൾ ഞാൻ നൽകുന്നുണ്ട്."

കാലസിനു് ഉദ്യോഗനിർവ്വഹണം വളരെ വിഷമത്തിലായി. റൊട്ടിക്കോ ബാങ്കു് പൂട്ടേണ്ടതായിവന്നു. ബിസിനസ് മുൻപോട്ടുകൊണ്ടുപോകുക സാധ്യമല്ലെന്നു ബാങ്കധികൃതർ വെളിപ്പെടുത്തി. മേൽപറഞ്ഞതിനെല്ലാം പ്രസിഡൻറ് കാലസ് നിവൃത്തിമാർഗ്ഗം കണ്ടെത്തി. ഗവൺമെൻറ ഭണ്ഡാരം തന്മൂലം ശൂന്യമായി. ഡിസംബർ മാസത്തിൽ പരിതഃസ്ഥിതികൾ ഏറ്റക്കുറെ നിരാശാജനകമായിത്തീർന്നു. അധികാരധിക്കാരമെവിടേയും പ്രത്യക്ഷപ്പെട്ടുതുടങ്ങി. നാണയവില ഇടിഞ്ഞു് മുൻപിലത്തേതിന്റെ പകുതി

യായി. ഈ സകല കുഴപ്പങ്ങൾക്കും കാരണക്കാർ വൈദികരായിരുന്നുവെന്ന അയാൾ അഭിപ്രായപ്പെട്ടു. എങ്കിലും നയംകൊണ്ടു പട്ടക്കാരെ തന്റെ വരുത്താക്കാമെന്ന അയാൾ കരുതി. റോമിനു കീഴ്പെടാതെ മെക്സിക്കൻ ജനതയ്ക്കായി ഒരു ദേശീയസഭ സ്ഥാപിച്ചാൽ, വൈദികസ്ഥാപനങ്ങളും, കണ്ടുകെട്ടിയിരുന്ന വസ്തുക്കളിൽ ഒരു ഭാഗവും തിരിയെ കൊടുക്കാമെന്നദ്ദേഹം വാഗ്ദാനം ചെയ്തു. വൈദികർ ഈ ആശയത്തോടു് എതിർത്തു എന്നു പറയണമെന്നില്ലല്ലോ. കാലസ് കോപാക്രാന്തനായി; ജൂലായി 31–ാംനു-യിലെ പ്രമാണങ്ങൾ പുനർബ്രൂലപ്പെടുത്തി. കൈയ്യെഴുത്താലുള്ള ലഘുലേഖകൾപോലും നിരോധിക്കയായിരുന്നു പിന്നത്തെ നടവടി. പ്രധാന ഉദ്യോഗസ്ഥന്മാരിലൊരുവനായ മെറോനസ്, കോൺഗ്രസ്സു് സമ്മേളിച്ച അവസരത്തിൽ, പട്ടക്കാരെ വധിക്കുന്നതിനു ജനങ്ങളെ ഉപദേശിക്കാതെയിരുന്നില്ല. ഇതിനിടയ്ക്കു് വൈദികരേയും മെത്രാന്മാരേയും നാടുകടത്തുകയും ജയിലിലടയ്ക്കുകയും ചെയ്തിരുന്നു. ഈ സംഗതികൾ ഫാദർ പ്രോ വിവരിക്കുന്നതു് ഈ വിധമത്രെ.

പട്ടക്കാരുടെ ആവശ്യം അസാധാരണമായി വർദ്ധിച്ചിരിക്കുന്നു. വിശ്വാസികൾ കൂദാശകൾകൂടാതെ മരണമടയേണ്ടിവരുന്നു. ശേഷിച്ചിട്ടുള്ള ചുരുക്കം വൈദികർക്കു ജോലി വളരെ അധികം. ഈ ദുരിതപൂർണ്ണമായ സമയത്തു് ഞാൻ എന്നേയും വേദസാക്ഷിത്വത്തിനൊരുക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ടു്. പ്രതിക്രിയാനടപടികൾ ഭയങ്കരമായിത്തീർന്നിരിക്കുന്നു. മെക്സിക്കോ പട്ടണത്തിലെ സ്ഥിതിഗതി പരിതാപകരംതന്നെ: പ്രഥമമായി ക്ലേശം നേരിട്ടതു മതപരമായ കാര്യങ്ങളിൽ ഇടപെടുന്നവർക്കാണു്. എന്റെ അവസാനം ഏതാണ്ടടുത്തിട്ടുണ്ടു്. ആദ്യത്തെ കൂട്ടരോടൊന്നിച്ചു് അഥവാ രണ്ടാംകൂട്ടരുടെകൂടെ എനിക്കുള്ള അവസരവും നല്ലദൈവം നൽകാതിരിക്കില്ല. ഏതു ഗണത്തിലായാലും ദൈവനാമം ഏറ്റം പറയുന്നതിൽ മുൻപൻ ഞാൻതന്നെയായിരിക്കണമെന്നാഗ്രഹിക്കുന്നു. ഈവിധം സംഭവിച്ചാൽ ഞാൻ സ്വർഗ്ഗത്തിലിരിക്കുമ്പോൾ നിങ്ങളുടെ ആവശ്യങ്ങൾ എന്നെ അറിയിക്കുവാൻ ഒരുങ്ങിക്കൊൾവിൻ. വി. കൊച്ചുത്രേസ്യ മരണത്തിനുമുൻപു വാഗ്ദാനംചെയ്ത പുഷ്പവർഷം എന്റെ ഓർമ്മയിൽ വരുന്നു. ചില അവസരങ്ങളിൽ അവസാനം അടുത്തിട്ടില്ലേയെന്നു തോന്നിപ്പോകുന്നു. 1926 ഡിസംബറിൽ ഞാൻ ബന്ധനസ്ഥനാക്കപ്പെട്ടെങ്കിലും, എങ്ങനെ

യോ രക്ഷപെട്ട. എനിക്ക് ജീവിതം അവസാനിപ്പിക്കണമെന്നാ ഗ്രഹമില്ലായിരുന്നു. ദരിദ്രരായ അനേകമാത്മാക്കൾക്ക് എന്നെ ക്കൊണ്ടാവശ്യമുണ്ട് എന്ന വിചാരമാണിതിനു കാരണം.

അദ്ധ്യായം ആറ്.

ദീനബന്ധു.

ഫാദർ പ്രോയുടെ സമയത്തിൽ ഒരു നല്ലഭാഗം ദരിദ്രക്ക് ഏതെങ്കിലും നന്മ ചെയ്യുന്നതിനുപയോഗിച്ചിരുന്നു. അദ്ദേഹത്തിന്റെ മുദ്രാവാക്യം. "എല്ലാവക്കുമെല്ലാമാകുക" എന്ന വി. പൌലോസിന്റെ വാക്യം തന്നെ ആയിരുന്നു. രാവും പകലും ഇടമുറിയാതെ അദ്ദേഹം യാത്രക്കാക്ക് താമസിക്കുന്നതിനുവാടമുണ്ടായിരുന്ന ഭവനങ്ങളിലും, ഇടക്കുവഴികളിലും രഹസ്യാലോചന നടത്തുന്നതിനു സൗകര്യമുള്ള മറവു സ്ഥലങ്ങളിലും സമയം വ്യയം ചെയ്തിരുന്നു. അതേപ്പറ്റി അദ്ദേഹം പറയുന്നതിപ്രകാരമാണ്. "ഭക്തജനങ്ങളെന്നെ ബഹുമാനിച്ചിരുന്നു; മദ്യപന്മാർ എന്നെ ഗണിച്ചിരുന്നില്ല; കച്ചവടക്കാർ എന്നെ കൂണാത്തമട്ടിൽ നടന്നിരുന്നു. പൗരപ്രമാണികൾ ഹൃദയപൂർവ്വം എന്നെ എവിടേയും സ്വീകരിച്ചിരുന്നു. (നവംബർ 13–1926)

വാസ്തവത്തിൽ ദരിദ്രർ ഫാദർ പ്രോയുടെ സ്വന്തമായിരുന്നു. 1927 ഫെബ്രുവരിയിൽ ദരിദ്രരുടെ ഉദ്ധാരണത്തിനായി അദ്ദേഹമൊരു പ്രസ്ഥാനം സ്ഥാപിക്കുകയുണ്ടായി. അതേപ്പറ്റി കുറിച്ചിരിക്കുന്നതീവിധമത്രെ. "ദരിദ്രരുടെ സംഗതികളെ എടുപ്പത്തിൽ നടപ്പിലാക്കുന്നതിനായി ഭക്ഷണത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടതെല്ലാം ശരിപ്പെടുത്തുന്നു. ഞങ്ങളെ സഹായിക്കുന്ന യുവാക്കന്മാരുടെ കൂട്ടം ബാംഗങ്ങൾക്കു താമസിക്കുവാൻ ആൾതാമസമില്ലാത്ത ഭവനങ്ങളുന്വേഷിക്കുന്നു. ധാന്യങ്ങൾ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും എജൻറന്മാർ ധാരാളം ഞങ്ങൾക്കുണ്ട്. ഇപ്പോൾ 18 കുടുംബങ്ങൾക്കു രണ്ടു മാസത്തേയ്ക്കുള്ള സകല സാമാനങ്ങളും ഞങ്ങളുടെ കൈവശമുണ്ട്."

ഫെബ്രുവരി 9-ാംനു- പ്രൊവിൻസ്യാളിനു് ഇപ്രകാരം എഴുതി. "വിശുദ്ധരുടെ ചരിത്രത്തിൽ കാണുന്ന ചില അനുഭവങ്ങൾ എനിക്കും ഉണ്ടാകുന്നുണ്ടു്—എന്നാൽ അവരിലൊരുവനായി എന്നെ തെറ്റിദ്ധരിക്കയില്ലല്ലോ. ഒരു ദിവസം 100 റാത്തൽ പഞ്ചസാര ഏതുവിധം കിട്ടിയെന്നു് ഒരു പിടിയുമില്ല. മറ്റു ചില ദിവസങ്ങളിൽ ബിസ്കറ്റു്-കാപ്പിപ്പൊടി, ചോക്ലെറ്റു് എന്നല്ല ചിലപ്പോൾ വീഞ്ഞുംകൂടെ ലഭിച്ചിട്ടുണ്ടു്. അടുത്തദിവസത്തെപ്പറ്റി ചിന്തിക്കുമ്പോൾ—അത്ഭുതമെ-കരുണനിറഞ്ഞ ദൈവപരിപാലനയെന്നല്ലാതെ എന്തുപറയട്ടെ! എന്റെ കലവറനിറയെ സാമാനങ്ങൾ കാണുന്നതിനു സാധിക്കുന്നു. വഴിയിലും കൂട്ടംബങ്ങളിലുംവച്ചു് അപരിചിതർ എന്തെങ്കിലുമാവശ്യപ്പെട്ടന്നതിനു മുൻപുതന്നെ ഞങ്ങൾ അവരെ സഹായിക്കുന്നു. കുറേവർഷക്കാലം സ്ഥലത്തില്ലാതിരുന്നതിനാൽ പലർക്കും ഞാൻ അപരിചിതനാണു്. എന്നാലും അലഞ്ഞുനടക്കുന്നവർക്കു് ഭവനങ്ങളേർപ്പാടുചെയ്യുവാൻ എനിക്കു വിഷമം നേരിട്ടന്നില്ല. ഈ പറഞ്ഞ സംഗതികളിലൊന്നിലും എനിക്കു് നേരിട്ടിടപെടേണ്ട ആവശ്യമില്ല. ഞാൻ ഏതുവിധമെങ്കിലും അറിവുകൊടുത്താലുടൻ ഉദാരഹൃദയർ പരിഹാരമാർഗ്ഗം കണ്ടെത്തും. ഒരുദിവസം വാങ്ങിയ 200 റാത്തൽ ധാന്യം പുഴുക്കുത്തുള്ളതായിരുന്നതിനാൽ ധൈര്യപൂർവ്വം കച്ചവടക്കാരനെ നേരിട്ടുകണ്ടു വിവരമറിയിക്കാതെ നിവൃത്തിയില്ലാതെവന്നുകൂടി. ഉദാരമനസ്കനായ ആ വ്യാപാരി എന്റെ പ്രതീക്ഷയിൽകവിഞ്ഞു് എന്നോടു സൗമനസ്യം പ്രകടിപ്പിച്ചു". രാപകൽ ജോലിയുണ്ടായിരുന്നിട്ടും നിർദ്ദേശങ്ങൾ നൽകേണ്ട സമയത്തെല്ലാം ഫാദർ പ്രോ യുവാക്കന്മാരുടെയിടയിൽ പ്രത്യക്ഷപ്പെടുക പതിവായിരുന്നു. അദ്ദേഹം ഇപ്രകാരം വീണ്ടും എഴുതുന്നു. "എപ്രകാരം എന്റെ ജോലി നിറവേറ്റണമെന്നെനിക്കറിഞ്ഞുകൂടാ. എനിക്കു വളരെക്ഷീണമുണ്ടു്. പരമാർത്ഥം പറഞ്ഞാൽ എനിക്കു് പലപ്പോഴും അത്ഭുതപൂർണ്ണയിൽ കയറിയിരുത്തേണ്ടതായിട്ടുണ്ടു്. ഉന്നതങ്ങളിൽനിന്നുള്ള സഹായം ഇല്ലായിരുന്നെങ്കിൽ ഞാൻ നേരത്തെ ജോലിയവസാനിപ്പിക്കേണ്ടിവരുമായിരുന്നു. ദൈവത്തിന്റെ കയ്യിലെ ഒരുപകരണം മാത്രമാണു ഞാൻ. ഞാനല്ല പ്രവർത്തിക്കുന്നതു്, ദൈവത്തിന്റെ കൃപാവരം എന്നെ ഉപയോഗപ്പെടുത്തുന്നു. ദരിദ്രരുടെഎണ്ണം വർദ്ധിക്കുന്തോറും നിവൃഹിക്കേണ്ട ജോലിയും അനുദിനം വർദ്ധിച്ചുവരുന്നു. ആശ്വാസമെന്തെന്നു ഞാൻ അറിയുന്നില്ല. ദൈവം വാഴ്ത്തപ്പെ

പ്പെടട്ടെ. ചില അവസരങ്ങളിൽ നിവ്വഹിക്കുവാൻ പാടില്ലാത്ത വിധം ജോലിയുണ്ട്. വിശക്കുന്നവ:ക്കു ഭക്ഷണം നൽകണം. ആ തരക്കാർ ആയിരക്കണക്കിനുണ്ട്. താമസസ്ഥലമില്ലാതെ വലയുന്നവരെയെല്ലാം എവിടെയെങ്കിലും താമസിപ്പിക്കണം. ചുഴലിക്കാറവപോലെ ഞാൻ ചുറ്റിനടക്കുകയാണ്. നാലുഭാഗങ്ങളിൽനിന്നും കറിപ്പുകൾ ധാരാളം ലഭിക്കുന്നുണ്ട്. ഇതുകൊണ്ടൊന്നും എനിയ്ക്കൊരു കുലുക്കവും ഇല്ല. 'എക്സ്' എന്ന കുടുംബത്തിനു് ഭക്ഷണം ഇല്ല; ഉടുപ്പുകൾ കീറിത്തുടങ്ങീ. അവിടെയുള്ള പന്ത്രണ്ടുപേരിൽ മൂന്നുപേർ സുഖക്കേടായി കിടപ്പുമാണ്. കാലസിന്റെ ഉന്നതമായ ആശയങ്ങൾപോലെ എന്റെ പണസഞ്ചിയും അത്രയ്ക്കു വിസ്തൃതമാണ്. വിഷമമായി യാതൊന്നും എനിക്കനുഭവപ്പെട്ടുന്നില്ല. ദൈവപരിപാലനയുടെ പ്രവർത്തനം ആക്കും ഗ്രഹിക്കാവതല്ല—ഇത, ഒരുദാഹരണം—ഒരുവൻ വന്നു്, ബ. അച്ച, ഇതാനൂറുഡോളർ ഇതു അച്ചന്റെ ഇഷ്ടംപോലെ, മിസ്റ്റർ ബെറോറായുടെ നിയോഗപ്രകാരം, ചെലവഴിക്കുന്നതിനായി തന്നുവിട്ടതാണ്." രണ്ടുതെരുവുകൾക്കപ്പുറം താമസിക്കുന്ന മൂന്നുപേർക്കുന്നു നൽകണമെന്ന വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ തുകകിട്ടി. ഉടൻതന്നെ ഒരു കാർഡ് എടുത്തു് 40-എയ്ക്കു്-40 ബീയ്ക്കു്-20 സീയ്ക്കു്-എന്നെഴുതിയയച്ചു. ദൈവപരിപാലന എവിടേയും പ്രത്യക്ഷത്തിൽ ദർശിക്കാമായിരുന്നു. എന്റെ ജോലിക്കിടയ്ക്കു് വല്ലവരും എന്നേയും വധിക്കുകയില്ലേ എന്ന സംശയിക്കുന്നതിനു് അവസരങ്ങൾ ധാരാളം ഉണ്ടായിരുന്നു. കാവൽമാലാഖയുടെ കൂടെ സ്വർഗ്ഗത്തിൽപോയി വീണവായിക്കുന്നതിനു കൊതിച്ചിരുന്ന എനിയ്ക്കീ ചിന്ത ആശ്വാസജനകമാണല്ലൊ. ലേലംചെയ്തു് ദരിദ്രർക്കു വിതരണം ചെയ്യുന്നതിനായി വിശ്വാസികൾ ധാരാളം സാമാനങ്ങൾ കൊണ്ടുതന്നിരുന്നു. പത്തുഡോളർ വിലയുണ്ടായിരുന്ന സാധനങ്ങൾക്കു് അൻപതു ഡോളർവരെ ലേലത്തിൽ വിളിച്ചിരുന്നു. ഒരു ദിവസം ഫാദർ പ്രോ ഒരു സ്ത്രീയുടെ വളരെ വിലയുള്ള ഒരു തുകൽ സഞ്ചിയും കുമന്നുകൊണ്ടുപോയപ്പോൾ വേറൊരു സ്ത്രീ ഇതെന്തു് എന്നു ചോദിച്ചു. 'ഇതു് ഇരുപത്തിയഞ്ചു ഡോളർ വിലയുള്ള ഒരു സഞ്ചിയാണ്. നിങ്ങൾക്കിതാവശ്യമെങ്കിൽ 50 ഡോളർ വിലതന്നാൽ മതിയാകും. 'എക്സ്' എന്ന കുടുംബത്തിൽ ആ തുക അയച്ചുകൊടുത്താൽമതി. രൊക്കം പണമാവശ്യമില്ല.' ഈ വിധമൊക്കെ സാധുക്കളെ സംരക്ഷി

ക്കാതെ ഗത്യന്തരമില്ലെന്നും അദ്ദേഹം പറയുകയുണ്ടായി.

1929 മേയ് 27-ാംനു- ഫാദർ പ്രോ തന്റെ രക്തബന്ധത്തിൽപെട്ട ഒരു സഹോദരനു് ഇപ്രകാരം എഴുതി. പലവിധ ജോലികളുടെ ആധിക്യംനിമിത്തമാണു് മറുവടി താമസിച്ചതു്. വിവിധ ക്ലാസുകൾക്കും നൽകുന്നതിനായി രൂപകൽ ഓടിനടക്കേണ്ടിവരുന്നു. ഒരാഴ്ചയിൽ കുറഞ്ഞപക്ഷം അരഡസൻ വീവാഹങ്ങളാശീർവ്വദിക്കേണ്ടിവരുന്നു: രോഗികൾക്കു് അന്ത്യലേപനം നൽകുന്നതിനും 'വി. കുർബാന തിരുപ്പാഥേയമായി നൽകുന്നതിനും സുഖമില്ലെന്നു പറഞ്ഞൊഴിയുവാൻ തരമില്ല. ധാരാളംപേർ മൃത്യുഅടയുന്നുമുണ്ടു്. എന്റെ പ്രധാന ജോലിയിലൊന്നു മേൽപ്പറഞ്ഞ രണ്ടെണ്ണമാണു്. ബാക്കിയുള്ള സമയം മുഴുവൻ ദരിദ്രക്കുവേണ്ടതു ശേഖരിച്ചുകൊടുക്കുന്നതിനു ചിലവഴിക്കുന്നു. ഈ ഘട്ടത്തിലനുഭവപ്പെടുന്ന ക്ലേശങ്ങൾ വർണ്ണിക്കുക സാധ്യമല്ല. 26 കുടുംബങ്ങൾക്കു് ഉച്ചമുതൽ കർപ്പൂരംവരെ ഉണ്ടാക്കിക്കൊടുക്കണം. ആത്മശ്രദ്ധയുണ്ടു യാതൊരവസരവും ലഭിക്കുന്നില്ല. കാരണം, ദൈവത്തിന്റെ സ്നേഹനിർഭരമായ പരിപാലന എവിടേയും പ്രത്യക്ഷമാകുന്നു-ആകാശത്തിലെ പറവകൾക്കു വേണ്ടതെല്ലാം കൊടുത്തു സംരക്ഷിക്കുന്ന ദൈവം സ്വസൃഷ്ടികളും, സ്വകുമാരന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുമായ മക്കൾ പട്ടിണിമൂലം മരിക്കുന്നതിനനുവദിയ്ക്കുകയില്ലെന്നുള്ളതു് എത്രയോ പരമാർത്ഥമാണു്. വിശേഷാൽജോലിയൊന്നും ഇല്ലാത്ത പന്ത്രണ്ടു ഭക്തസ്ത്രീകളും അത്രയും പുരുഷന്മാരും എന്റെ മേൽനോട്ടത്തിൽ ഉണ്ടു്. പരസ്യമായി വല്ലതുംചെയ്യുവാൻ ആവശ്യപ്പെടുമ്പോൾ ആദ്യത്തെക്കൂട്ടരെ വിളിക്കും. ഇവർ ഭിക്ഷക്കാരുടെ വേഷത്തിൽ എവിടേയും കയറിച്ചെന്നാവശ്യമുള്ളവക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കും. മാസാന്ത്യത്തിൽ തിരിച്ചെത്തുമ്പോൾ ഇവരുടെ സഞ്ചികൾ കാപ്പിക്കുരു-പഞ്ചസാര-ഗോതമ്പു്-നെല്ലു്-നെ-മുതലായതുകൊണ്ടു് നിറഞ്ഞിരിക്കും. ഭക്തപുരുഷന്മാർ 'മനേജ്മെൻറ് ബോർഡു്' എന്ന നാമത്തിലാണറിയപ്പെടുന്നതു്. ഇവരെ ഞാൻ വിളിക്കുന്നതു് 'മടിയന്മാരുടെ പരിപാലകർ' എന്നാണു്. എന്തുകൊണ്ടെന്നാൽ തെരുവുകളിലൂടെ ദൈവികപടയാളികളെപ്പോലെ നടന്നു പടവെട്ടുവാൻ സാധിക്കാതെ ഭവനങ്ങളിൽ കഴിഞ്ഞുകൂടുന്നവർക്കു വേണ്ടതു് എത്തിച്ചുകൊടുക്കുന്നവർ ഇവരായിരുന്നു. ഇവരെക്കൂടാതെ പട്ടണത്തിന്റെ നാനാഭാഗങ്ങളിലും പ്രാദേശികാവശ്യങ്ങൾ നിർവ്വഹിക്കുന്ന

തിനു് പ്രത്യേകം ആളുകളുണ്ടായിരുന്നു. ഇവരായിരുന്നു പണം ചെലവുചെയ്തിരുന്നതു്. ഇവരുടെവശം ധാരാളം പണം ഞങ്ങളേല്പിച്ചിരുന്നു. "ദൈവത്തിന്റെ പണസ്സഞ്ചി മുറുകെപ്പിടിക്കേണ്ടതില്ലെന്നും, "ദരിദ്രർ" ദൈവത്തിൽ കൂടുതൽ ശരണം പ്രാപിക്കട്ടെ" എന്നുമായിരുന്നു ഞങ്ങളുടെ തത്വം. ഇതു ധനതത്വശാസ്ത്രപ്രകാരം ഭോഷത്തമാണു്. മാനുഷികനിലയിൽ നോക്കിയാൽ സുരക്ഷിതമായ ഒരു മൂലധനമില്ലാതെ അനേകം കുടുംബങ്ങളെ സംരക്ഷിക്കാൻ തുടങ്ങുന്നതു് ഭോഷത്തമാണു്. അംഗങ്ങൾ, ഏറ്റവും കുറഞ്ഞ വീടുകളിൽ നാലുമുതൽ ആറുവരേയും മറ്റുള്ളിടത്തു പത്തുമുതൽ പന്ത്രണ്ടുവരേയും ആണുണ്ടായിരുന്നതു്. ഇവരിൽ പലരും നല്ല വിലപ്പോടെ മൂന്നുനേരം സുഖമായി ഭക്ഷിച്ചു തഴങ്ങിയവരായിരുന്നു. ആ ഒരു കാഴ്ചമാത്രം നോക്കിയാൽ മതിയായിരുന്നെങ്കിൽ സാരമില്ല. ആഭത്തിന്റെയും ഹാവായുടേയും മറ്റു സന്തതികൾക്കു താമസിക്കുന്നതിനുള്ള ഭവനങ്ങൾക്കു വാടകകൂടെ കൊടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇവരിൽ നല്ലൊരുഭാഗത്തിനു് ഉടുക്കാൻ വസ്ത്രമോ ധരിപ്പാൻ ചെരുപ്പോ ഇല്ലായിരുന്നു. ഭീനക്കാർക്കു മുന്നുകൊടുക്കേണ്ട ഭാരവുംകൂടിയായപ്പോൾ സ്ഥിതി ഏതാണ്ടു ഹൃമാണല്ലോ. എന്റെ സ്നേഹിതന്മാരിൽ ചിലർ വൈദ്യന്മാരായിരുന്നതിനാൽ ചികിത്സമുഴുവനും ഞാനവരെ ഏല്പിച്ചു. അവർ പ്രതിഫലമൊന്നുംകൂടാതെ അതു നിവ്വഹിച്ചു. പല ധനവാന്മാരും അഞ്ചെട്ടമാസത്തേയ്ക്കു് അവരുടെ ഒഴിവുള്ള ഭവനങ്ങൾ വാടകകൂടാതെ നൽകി. നിർഭാഗ്യവശാൽ എനിക്കു് തുല്യൽക്കാരും ചെരുപ്പുകുത്തികളും സ്നേഹിതന്മാരായില്ലായിരുന്നു. ഇവർക്കുടെ എന്റെ സ്വാധീനത്തിലുണ്ടായിരുന്നെങ്കിൽ താഴെ വിവരിക്കുന്ന വിഷമതകളും അഭിമുഖീകരിക്കേണ്ടിവരുകയില്ലായിരുന്നു: 12 ഷില്ലിങ്ങു വിലയുള്ള 200 പാരു ചെരുപ്പുവാങ്ങാൻ എന്റെ കയ്യിൽ 20 ഷില്ലിങ്ങു് മാത്രമേ ഉണ്ടായിരുന്നൊള്ളു. ഉള്ളതുകൊണ്ടു പാടുപോലെ സഹായിച്ചു. കിട്ടിയ സമയമെല്ലാം ധർമ്മംയാചിച്ചു പണസ്സഞ്ചി നിറച്ചു.

1927 ആഗസ്റ്റ് 5-ാംനു-

പ്രിയ സഹോദര,

സത്യം പറയുന്നതായാൽ ധനികരുടെ പെരുമാറ്റരീതി പലപ്പോഴുമെന്നെ ലജ്ജിപ്പിക്കുന്നു. എന്നിരുന്നാലും ധാന്യങ്ങൾ ധാരാളം ലഭിക്കുന്നുണ്ടു്. ഞാൻ രാപകൽ തെണ്ടുന്നതിന്റെ കാരണം

നിങ്ങൾക്കു നിരൂപിക്കുകപോലും സാദ്ധ്യമല്ല. ഭാഗ്യവശാൽ ആർക്കു വേണ്ടി ഞാൻ യാചിക്കുന്നുവോ ആ ദൈവത്തിന്റെ ഔദാര്യത്തിൽനിന്നു ഞാൻ വിമുക്തനല്ല. അങ്ങേക്ക് എന്നേയ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ.

എന്നു് സ്വന്തം സഹോദരൻ
ഫാദർ പ്രോ

ഫാദർ പ്രോയുടെ അവസാനദിവസങ്ങൾ സ്നേഹമൂർത്തിനിയായ ഒരു സ്ത്രീയുടെ ഭവനത്തിലത്രെ കഴിച്ചുകൂട്ടിയതു്. ഇവർ ജെ. മെൻറാസ്സ്യൂ ഭോ-ഓക്കായുടെ പത്നിയായിരുന്നു. ഫാദർ പ്രോയെ അധികാരികൾ അറസ്റ്റു ചെയ്തപ്പോൾ ഈ സ്ത്രീരത്നത്തേയും കൂടെ അറസ്റ്റുചെയ്തു. ഇവർ ഒരുമിച്ചുതന്നെ ജയിലിൽ വസിച്ചിരുന്നതു്. അദ്ദേഹത്തിന്റെ വധശിക്ഷയ്ക്കുശേഷം ആ മഹിളാരത്നത്തെ മെക്സിക്കൻ നാടുകളിലേയ്ക്കു നാടുകടത്തി. അവരിൽനിന്നു ഫാദർ പ്രോയുടെ പരസ്നേഹപ്രവർത്തനത്തിന്റെ ഒരു വിശദീകരണം ലഭിച്ചിട്ടുണ്ടു്: "അച്ചനു് എന്നും രാത്രി വളരെ ഇരുട്ടിയിട്ടേ വീട്ടിൽ വരുന്നതിനു സാധിച്ചിട്ടുള്ളൂ. ഇങ്ങനെ വന്നാലും വെളിച്ചംവീഴുന്നതിനു മുൻപു് ദിവസവും സ്ഥലംവിടുകയും പതിവായിരുന്നു. എല്ലാ ഞായറാഴ്ചയും രണ്ടോ മൂന്നോ മണിക്കൂർ മാത്രമേ ആശ്വാസത്തിനു ലഭിച്ചിരുന്നുള്ളൂ. ഒരു ദിവസം ഉദ്യോഗസ്ഥന്മാർവന്നു വീട്ടിലുണ്ടായിരുന്നതെല്ലാം എടുത്തുകൊണ്ടുപോയതുമൂലം അച്ചൻ വന്നപ്പോൾ കൊടുക്കുന്നതിനു് ഒന്നും ഉണ്ടായിരുന്നില്ല. ഞാൻ കുറെ ചോക്ലയിറവു കൊടുത്തു. ഒരു പുഞ്ചിരിയോടെ അതു വാങ്ങിച്ചു. "എനിയ്ക്കിതുപോരാ-ഇതു് തിന്നാൻ കൊള്ളുകയില്ല" എന്നു പറഞ്ഞു് അതുംകൊണ്ടു രോഗികൾ കിടന്ന സ്ഥലത്തേയ്ക്കുപോയി. മെക്സിക്കോ പട്ടണത്തിലെ തെരുവീഥികളിൽക്കൂടേ വലിയ ചാക്കുകളിൽ 'ധാന്യപ്പൊടിയും' ചുമന്നുകൊണ്ടുപോകുന്നതായി അച്ചനെ ഞാൻ കണ്ടിട്ടുണ്ടു്. ഇതെല്ലാം അദ്ദേഹത്തിനു് തന്റെ സഹജീവികൾക്കുവേണ്ടി ഏതു നിന്ദയും അവമാനവും സഹിക്കുന്നതിനുണ്ടായിരുന്ന സന്നദ്ധത വെളിപ്പെടുത്തി. ഒരുദിവസം കുറെ കോഴിക്കുഞ്ഞുങ്ങളേയും ഒരു കൾഗത്തേയും കയ്യിൽവഹിച്ചുകൊണ്ടു നടന്നുപോകുന്നു. ചിലപ്പോഴെല്ലാം കോഴിക്കുഞ്ഞുങ്ങളുമായി ബസ്സുയാത്രയും കഴിച്ചിട്ടുണ്ടു്"-അദ്ദേഹം മരിക്കുന്നതിനു് ഏതാനും ദിവസംമുൻപു നടന്ന സ്നേഹസംപൂർണ്ണമായ ഒരു പ്രവൃത്തി താഴെ

പറയുംവിധം വിവരിക്കപ്പെട്ടിരിക്കുന്നു.

"നിർഭാഗരോ, നികൃഷ്ടരോ ആയ മാതാപിതാക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ട പൈതങ്ങളെ എടുത്തു് അനാഥശാലകളിൽ ഞാൻ ഏല്പിച്ചിരുന്നു. അരഡസൺ കുട്ടികളെ ഞാൻ ഇങ്ങനെ വഴികളിൽ നിന്നെടുത്തു രക്ഷിച്ചിട്ടുണ്ടു്. ആദ്യത്തെ പ്രാവശ്യം ഒരു കുട്ടിയെ വഴിയിൽനിന്നു് എടുത്തുകൊണ്ടുപോകുന്നതിനായി ഒരുവനെ അന്വേഷിച്ചിട്ടു ലഭിക്കായ്കമൂലം ഞാൻതന്നെപോയി അതിനെ എടുത്തു ഒരു വലിയ വസ്ത്രത്തിൽ പൊതിഞ്ഞു് ഞാൻ കയറിയ ഒരു വണ്ടിയുടെ മൂലയിൽവച്ചു. ഇതു് അത്ര ബുദ്ധിപൂർവ്വകമായ പ്രവൃത്തി അല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ, വണ്ടിഇളകിയയുടൻ പൈതൽ പെട്ടെന്നു് ഒന്നു മറിഞ്ഞു. ആ സമയം ഞാൻ ചാടി പിടിച്ചില്ലായിരുന്നെങ്കിൽ ആ കുട്ടിയെ ഞാൻതന്നെ ശവക്കോട്ടയിലേയ്ക്കു കൊണ്ടുപോകേണ്ടിവരുമായിരുന്നു. ഞാൻ അതിനെ എന്റെ കരങ്ങളിൽ വഹിച്ചുകൊണ്ടു യാത്രതുടർന്നു. അവസാനം ആ പൈതലിനെ അതിന്റെ ഭർത്തൃമാതാപിതാക്കന്മാരുടെ കൈയ്യിലേല്പിച്ചപ്പോൾ എനിക്കുണ്ടായ ചാരിതാർത്ഥ്യം എന്തുമാത്രമെന്നു പറഞ്ഞറിയിക്കാവതല്ല."

❖❖❖❖❖❖❖❖❖

അദ്ധ്യായം ഏഴ്

സകലക്കും സകലതും.

ഫാദർ പ്രോയെ സമീപിക്കുന്ന ദരിദ്രക്കെന്തെങ്കിലും കൊടുക്കാതെ വിടുക അദ്ദേഹത്തിനു സാദ്ധ്യമല്ലായിരുന്നു. ഉന്നതമായ ലാക്കോടുകൂടെയെന്നു അദ്ദേഹം സദാ പ്രവർത്തിച്ചിരുന്നതു്. സാധുക്കൾക്കു് ശാരീരികാവശ്യങ്ങൾ നടത്തിക്കൊടുത്തശേഷമേ ദൈവരാജ്യം അവരുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുവാൻ സാധിയ്ക്കയുള്ളു എന്നദ്ദേഹത്തിനറിയാമായിരുന്നു. നാടുകടത്തപ്പെട്ടവരുടേയും, ജയിലിലടയ്ക്കപ്പെട്ടവരുടേയും മക്കൾ തെരുവിൽക്കൂടെ നടക്കുന്നതു കാണുമ്പോൾ അദ്ദേഹം അവരോടു കരുണയോടേ പെരുമാറിയിരുന്നു. ഒരു നല്ലവാക്കു് അഥവാ ഒരു കാരുണ്യപ്രവൃത്തി—അതുമൂലം അനേകരെ മാനസാന്തരപ്പെടുത്തുന്നതിനു് ആ യുവ വൈദികനു സാധിച്ചു. മായാസ്മൃതി അദ്ദേഹത്തെ ലേശംപോലും സ്പർശിച്ചില്ല. ദൈവം ധാരാളം ദാനങ്ങൾ അദ്ദേഹത്തിനു നൽകി. നിരന്തരമായ ധ്യാനത്തിന്റെ ഫലമായി നന്മയുടെ ദാതാവു ദൈവമാണെന്നും, നന്മ പുറപ്പെടുവിക്കുന്നതു ദൈവത്തിന്റെ കൃപാവരം ആണെന്നും അദ്ദേഹം ആത്മാർത്ഥതയോടേ പറഞ്ഞിരുന്നു. തൻമൂലം അദ്ദേഹത്തിന്റെ കത്തുകളിൽ "ദൈവത്തിന്റെ കൃപാവരം എന്നോടുകൂടെ" എന്ന ഗ്ലീഹായുടെ വാക്യം ആവർത്തിച്ചുകാണാമായിരുന്നു. പ്രസാദവരംകൂടാതെ യാതൊരു നന്മയും ചെയ്യുക സാദ്ധ്യമല്ലെന്നു ബോദ്ധ്യമുണ്ടായിരുന്ന ഫാദർ പ്രോ ഇപ്രകാരം എഴുതുന്നു. "കാരാഗൃഹത്തിൽ, കമ്പിസ്സാരിപ്പുരയിൽ സമയത്തിൽ ഒരു നല്ലഭാഗം ചെലവാക്കുന്നു. അവിടെയുള്ളവരിൽ ഭ്രാന്തരിപക്ഷവും കത്തോലിക്കരാണു്. അവർക്കു ഭക്ഷണം—പായ—തലയിണ—പുതപ്പു—പണം—സിഗരറ്റു്—മരുന്നു മുതലായതുകൊണ്ടുപോയി കൊടുക്കുന്നുണ്ടു്. അവിടെ സ്വാതന്ത്ര്യമായി കയറിയിറങ്ങി നടക്കുന്ന എന്നെ അധികൃതർ അറിഞ്ഞിരുന്നെങ്കിൽ എന്റെ അവസാനം പെട്ടെന്നു കൈവരുമായിരുന്നു. ഞാൻ അവിടെ പ്രത്യക്ഷപ്പെട്ടന്നതു ബന്ദികൾക്കും എനിക്കും ഒരുപോലെ സന്തോഷജനകമാ

ണ്ട്. ഇതിനിടയ്ക്കു ചിലപ്പോളെല്ലാം ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ പ്രവേശനം നടത്തുന്നുമുണ്ട്. ഹാ! എത്രയോ ഭയങ്കരമായ ഒരു ജയിൽ. ആ ഗുഹയിൽ നല്ലപരിചയമില്ലാത്തതുകൊണ്ടുമൂലം ആദ്യമൊക്കെ കുറെ തെറ്റുകളുണ്ടായിട്ടുണ്ട്. ആദ്യത്തെ പ്രസംഗം തൊണ്ണൂറു വൃദ്ധകളോടായിരുന്നു. അവരുടെ പ്രാർത്ഥനകളും-നെടുവീർപ്പുകളും കണ്ണുനീരും-പ്രലാപങ്ങളുംകണ്ട്-ഇവരുടെ ഹൃദയവികാരങ്ങളെനിക്കു മനസ്സിലാക്കുവാൻ സാധിക്കുമോ എന്നു ചിന്തിച്ചപ്പോൾ ഞാൻ പൊട്ടിച്ചിരിച്ചുപോയി. ഇവരെ ഉപേക്ഷിച്ചിട്ടു പുരുഷന്മാരെ ആകർഷിക്കുന്നതായിരിക്കും കൂടുതലുള്ളതെന്നു ഞാൻ കരുതി. അവരിഷ്ടപ്പെടുംകണ്ണുനീരുമീതെവരെ തലമുടി വളർത്തിയവരും-ഒരു പ്രത്യേകതരം തൊപ്പിധരിച്ചിരുന്നവരുമായ അൻപതു ഡ്രൈവർമാരെ മനസ്സിലൊന്നു സങ്കല്പിക്കുക. ഇരുമ്പഴികളാൽ ചുറ്റപ്പെട്ട ഒരു വിസ്തീർണ്ണ സ്ഥലത്തു നടന്നിയ പ്രസംഗയോഗത്തിന്റെ മാഹാത്മ്യത്തെപ്പറ്റി അധികം വിസ്തരിക്കേണ്ട ആവശ്യമില്ലല്ലോ. വേതോരിക്കൽ യന്ത്രശാലയിലെ പണിക്കാരുടെ നടുവിൽ പെട്ടെന്നു പ്രത്യക്ഷനായി, അവരിൽ ഒരുവനെപ്പോലെ, തൊപ്പി നെറ്റിയിലേയ്ക്കു കറെയിറക്കിവച്ചുനിന്നുകൊണ്ട് "ദൈവം ലോകത്തിലുള്ള സകല ഡ്രൈവറന്മാരേയും അനുഗ്രഹിക്കട്ടെ" എന്നു പറഞ്ഞു: പ്രാരംഭവിജയം പ്രസംഗകനു പ്രോത്സാഹനം നൽകി.

അനന്തരം കണ്ടുമുട്ടിയതു്, അതിഭാഷണശീലരും തൻപോരിടികളും, പിശാചിനെപ്പോലും ഭയമില്ലാത്തവരുമായ എൺപതു ഗവൺമെൻറുദ്യോഗികന്മാരെ ആയിരുന്നു. മുൻപ്രസംഗങ്ങളെക്കാൾ കൂടുതൽ ഫലം ഇപ്രാവശ്യം ഉളവായി- ആത്മാവിന്റെ അമർത്യതയെ നിഷേധിക്കുന്നവരും മൂൻവിധിമൂലം വളരെ പ്രമാദങ്ങൾക്കധീനരും, ബുദ്ധിഹീനമായ മിശിഹായുടെ നുകത്തിനു കീഴ്പ്പെടാത്തവരുമായ ഇവരോടു സംസാരിക്കുവാൻ ഞാൻ വളരെ ആഗ്രഹിച്ചു. വളരെ ക്ലേശങ്ങൾ അനുഭവിച്ചെങ്കിലും, ഇവരിൽ പന്ത്രണ്ടുപേർ സകല തെറ്റിദ്ധാരണകളും മാറ്റി പരിപൂർണ്ണമായി മാനസാന്തരപ്പെട്ടു. എനിക്കു പ്രസംഗചാതുര്യം വളരെ കുറവായിരിക്കുന്നതിനാൽ മാനസാന്തരം ഉണ്ടാകുന്നതു ദൈവത്തിന്റെ പ്രസാദവരംമൂലം മാത്രമാകുന്നു. എന്റെ യുക്തിയും ശക്തിയുമേറിയ പ്രസംഗങ്ങൾ യാതൊരു ഫലവും പുറപ്പെടുവിക്കാതിരിക്കെ, ചിലപ്പോൾ യാതൊരു ഒരുക്കവുംകൂടാതെ പറഞ്ഞിരുന്ന ചില മുഖവാചകങ്ങൾക്കു വളരെഫലം ഉണ്ടായിട്ടുണ്ട്. എന്റെ പിതാവായ

ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

രാത്രി സമയങ്ങളിലെ ധ്യാനങ്ങൾക്ക് പ്രത്യേക പേർ പാടിക്കണ്ടായിരുന്നു. ഒരുകൂട്ടം ക്രൈസ്തീകർ അവരുടെ സ്നേഹിതകളെ കൂടി ക്ഷണിച്ച് പട്ടണത്തിലുള്ള ചില ഭവനങ്ങളിൽ ഒന്നിച്ചു കൂടുന്ന അവസരങ്ങളിൽ എന്നേയും ക്ഷണിക്കുമായിരുന്നു. പ്രവേശനം ടിക്കറ്റുമൂലം നിയന്ത്രിക്കപ്പെട്ടു. ഓരോ ധ്യാനത്തിന്റെ അവസാനത്തിൽ അടുത്തദിവസത്തെ പരിപാടി പ്രസിദ്ധപ്പെടുത്തും. കൊന്തകഴിഞ്ഞ് മീറ്റിംഗാരംഭിക്കും. ഫാദർ പ്രൊ ധ്യാന പ്രസംഗം നടത്തും. താൽക്കാലികമായി ഒരു ബലിപീഠമുണ്ടാക്കി അതിനടുത്തുനിന്ന് സ്ഥലകാലങ്ങൾക്കു യോജിച്ചവിധം വസ്ത്രവും ധരിച്ച് കോട്ടിൽ ഒരു പുഷ്പവും ചാർത്തി കാവൽക്കാരായ പടയാളികളെ അനേഷം യേപ്പെടാതെ പ്രസംഗം നിർവ്വഹിച്ചിരുന്നു. പ്രസംഗാനന്തരം ഒരു ലഘുഭക്ഷണവും ഒരു ചെറിയ ധ്യാനവും പതിവുണ്ടായിരുന്നു. ലഘുഭക്ഷണത്തിൽ പ്രധാന സ്ഥാനം ധ്യാന ഗുരുവിനായിരുന്നു. ഇതിൽ സംബന്ധിച്ച സ്ത്രീകളോട് അവരുടെ ഭർത്താക്കന്മാരെക്കൂടെ കൂട്ടിക്കൊണ്ടുവരുന്നതിനുപദേശിച്ചിരുന്നു. ഒരുദിവസം മീറ്റിംഗ് കൂടിയതു് ഒരു കെട്ടിടത്തിന്റെ ആറാംനിലയിലായിരുന്നു. അവിടെ ടൈപ്പു ചെയ്തിരുന്നവരുടെ ചുറ്റുംകൂടി കൊന്തനമസ്കാരമെത്തിച്ചു് പ്രതിദിനം പ്രസംഗവും അവസാനദിവസം പൊതുകുർബാന കൈക്കൊള്ളലും നടത്തിയിരുന്നു. യാതൊരു സംശയത്തിനുമിടംകൊടുക്കാതെ സംഗതികൾ മുൻപോട്ടു കൊണ്ടുപോയതുമൂലം ധ്യാനത്തിൽ സംബന്ധിക്കുന്നതിനാർക്കും ഭയമില്ലായിരുന്നു. ഒരു ദിവസം ബലിയർപ്പിച്ചതു കേസുകൾ നടത്തുന്ന ശവണ്മെൻറ് കെട്ടിടത്തിന്റെ എതിർവശമുള്ള കെട്ടിടത്തിൽവെച്ചായിരുന്നു. ഇടമുറിയാതെ ഒമ്പതുപ്രാവശ്യം ഒന്നായി എല്ലാദിവസവും പ്രസംഗം നടത്തിയിരുന്നു. ദുഃഖവെള്ളിയാഴ്ച ഒരു മിനിട്ടുപോലുമാശ്വസിക്കുന്നതിനു ലഭിച്ചില്ല. അന്നു് ഒരു അദ്ധ്യാപകശ്രേഷ്ഠൻ മിശിഹാ കുരിശിൽക്കിടന്നുകൊണ്ടരുൾചെയ്ത ഏഴു വാക്യങ്ങളെ വ്യാഖ്യാനിച്ചു് ഒരു പ്രഭാഷണം നടത്തി. അനന്തരം യുവാക്കന്മാർക്കായി പീഡാനുഭവത്തെപ്പറ്റി വേറൊരു ധ്യാനവും ഒരു പ്രസംഗവുമുണ്ടായിരുന്നു. ഇവയെല്ലാം പട്ടണത്തിന്റെ പല ഭാഗങ്ങളിലായി നടത്തപ്പെട്ടു. കൂടുതൽ പ്രവർത്തിക്കുന്നതിനു പ്രാപ്തിയില്ലല്ലോ എന്നു ചിന്തിച്ചു് ഞാൻ പ്രലപിച്ചു. ചെയ്യുതീർക്കുവാനുണ്ടായിരുന്ന സംഗതികളെ എണ്ണിക്കൊണ്ടു് ഒരേ

സമയം മൂന്നുസ്ഥലങ്ങളിലായിരിക്കുന്നതിനു സാധിച്ചിരുന്നെങ്കിൽ, എന്നു ചിന്തിച്ചിരുന്നു. എല്ലാ സ്ഥലങ്ങളിൽനിന്നും കുറിപ്പുകൾ ലഭിച്ചുകൊണ്ടിരുന്നു. ആയിരമായിരം രഹസ്യപ്പോലീസിന്റെ നിഷ്കർഷാപൂർവ്വമായ പരിശോധനയ്ക്കിടയിൽപ്പോലും പട്ടണങ്ങളിൽ ചാരിനടന്നു മാമ്മോദീസാ മുക്കുന്നതിനും–വിവാഹങ്ങളാശീർവ്വദിക്കുന്നതിനും, തിരുപ്പാഥേയം നൽകുന്നതിനും എനിക്കു സാധിക്കുന്നുണ്ട്. ഒരു സമയത്തു് ഒരു ആൾ സ്ഥലങ്ങളിൽ യാത്ര ചെയ്യുന്നതിനു് സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഈ ബഹളങ്ങൾക്കിടയിൽ വളരെ കുഴഞ്ഞുപ്പിണ്ണങ്ങൾക്കു നിവാരണം ഉണ്ടാക്കേണ്ടതായും വന്നിട്ടുണ്ട്. ശരിയായ അറിവില്ലായ്മമൂലം മനുഷ്യാധരങ്ങളിൽനിന്നു് ഒരിക്കലും കേട്ടിട്ടില്ലാത്തവിധം ദൂഷണങ്ങൾ ഒരു മണിക്കൂർ നേരത്തേയ്ക്കു് ഒരു സ്ത്രീയിൽനിന്നു കേൾക്കുന്നതിനിടയായി. കൽക്കരി ജോലിക്കാർപോലും ഇത്ര ഒഴുക്കായി ചീത്തപറയുന്നതു കേൾക്കാനിടയായിട്ടില്ല. അവർക്കു് എന്തോ ഒരു സുഖക്കേടുകൂടെ ഉണ്ടായിരുന്നു. പരിശുദ്ധമായ സകലതിനേയും അവർ ദുഷിച്ചുപറഞ്ഞിരുന്നു. നമ്മുടെ അമ്മ പരിശുദ്ധ മറിയത്തേപ്പോലും ആ സ്ത്രീ വെറുതേവിട്ടില്ല. പൈശാചികമായ അവളുടെ നാവിനെ ഒന്നു ചിന്തേരിട്ടെടുക്കുന്നതിനായി ഞാൻ വളരെ കഷ്ടപ്പെട്ടു. അത്ഭുതം, അവർ വിസ്മയത്തിനു ശേഷം നന്ദിനിറഞ്ഞമറിയവും വിശ്വാസപ്രമാണവുമല്ലാതെ വേറൊന്നും അവർ ചൊല്ലിയിരുന്നില്ല. മൂൻസ്ഥിതി മതപഠനത്തിന്റെ അഭാവംമൂലം ഉളവായതുമാത്രമാണു്. ആ സാധുസ്ത്രീ ഒരു ശസ്ത്രക്രിയമൂലം അടുത്തദിവസം മൃതിയടയുമെന്നാണെനിക്കു തോന്നുന്നതു്, എന്തായാലും നാളെ രാവിലെ ഞാൻ അവർക്കു പ. കുർബ്ബാന എഴുന്നള്ളിച്ചുകൊണ്ടുപോയി കൊടുക്കും"

നമ്മുടെ ചരിത്രനായകൻ ഈദൃശസ്ത്രീകളുടെ ഒരു വിവരം തുടർന്നു് എഴുതുവാൻ ശ്രമിച്ചിരുന്നുവെങ്കിലും സമയക്കുറവുമൂലം എല്ലാം കുറിക്കുന്നതിനു സാധിച്ചില്ല. 1926 ഫെബ്രുവരി 19–ാംനു- പ്പോവിൻസ്യാളിനു് താഴെ കാണുന്നവിധം ഒരെഴുത്തു് എഴുതി. "എത്രമാത്രം സംഗതികളാണു് എനിക്കു് അങ്ങയോടറിയിക്കുവാനുള്ളതു്! സകലതിന്റേയും ഒരു രത്നച്ചുരുക്കം ഞാൻ എഴുതുന്നു. മതപീഡന കാലത്തിനു മുൻപു് വി. ബലി അർപ്പിക്കുന്നതിനുള്ള സ്ഥലവും, വി. കുർബ്ബാന എഴുന്നള്ളിച്ചുകൊടുക്കുന്ന സമയവും നിശ്ചയിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. ആ സ്ഥലങ്ങളിലെ

ല്ലാം യാത്രചെയ്യ് മുന്നൂറുമുതൽ നാന്നൂറുവരെ ആളുകളെ കമ്പസാ രിപ്പിച്ചു് അവിടെ വി. കുർബാനയും കൊടുത്തിരുന്നു. ആദ്ധ്യവെ ള്ളിയാഴ്ചകളിൽ സംഖ്യ രണ്ടും മൂന്നും ഇരട്ടി വർദ്ധിച്ചിരിക്കും. കു മ്പസാരം കേൾക്കുക പതിവില്ലാത്ത ഒരു ശ്രേഷ്ഠനു് ഇതു് ഒരു നേരമ്പോക്കായി തോന്നുവാൻ പാടുണ്ടു്. സ്വന്തം സഹോദരന്റെ സൈക്കിളിൽ തെരുവുകളിൽകൂടി അതിശീഘ്രം യാത്രചെയ്യുമ്പോ ൾ മറവുള്ളവരുടെ സൂക്ഷക്കേടുമൂലം പല അവസരങ്ങളിലും ജീ വൻ അപകടത്തിലാകുമെന്നു സംശയിക്കേണ്ടിവന്നിട്ടുണ്ടു്. എ ന്റെ മറവു ജോലികൾ മുഴുവനായിത്തന്നെ മുടങ്ങിപ്പോകുന്നു. എ ന്റെ ഏറ്റം ഇഷ്ടപ്പെട്ടജോലി സുഖക്കേടുകാരെ സഹായിക്കുന്ന താണു്. തൊഴിലാളികളുടെയിടയിലുള്ള മാമ്മോദീസായും വിവാ ഹങ്ങളും തിരുപ്പാഥേയങ്ങളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കു ന്നു. ഇരുപത്തിയഞ്ചും ഇരുപത്തിയെട്ടും വയസ്സു പ്രായമുള്ള രണ്ടു യുവതികൾക്കു മാമ്മോദീസ നൽകുന്നതിനിടയായി. അവർ ഇതി നു മുൻപു പല അവസരങ്ങളിലും യാതൊരാശങ്കയുംകൂടാതെ ദി വ്യവിരുന്നിൽ പങ്കെടുത്തിരുന്നു. ഇരുപത്തിയഞ്ചുകൊല്ലം ഭാര്യാ ഭർത്താക്കളെപ്പോലെ ജീവിച്ച രണ്ടുപേരുടെ വിവാഹവും ഞാൻ അശീർവ്വദിക്കുകയുണ്ടായി. പ്രഥമ ദിവ്യകാരുണ്യം നൽകലും ഒട്ടും കുറവല്ലായിരുന്നു. ലീഡുകാർ എന്നെ പ്രധാന പ്രസംഗകനായി തെരഞ്ഞെടുത്തതുമൂലം ഞാൻ നുറുറിയന്ത്രം യുവാക്കന്മാരെ പ്ര സംഗിക്കുന്നതിനു പരിശീലിപ്പിച്ചു. അവർ അപ്രതീക്ഷിതമായ ഫലം പുറപ്പെടുവിച്ചു. എന്നാൽ തുടരെത്തുടരെയുണ്ടായ അറസ്റ്റു മൂലം ഈ പ്രസ്ഥാനം പെട്ടെന്നു മുടങ്ങിപ്പോയി. പട്ടണത്തിന്റെ അതിർത്തികളിൽ ഞാൻ എന്റെ പതിവനുസരിച്ചു് ഷർട്ടും ധരി ച്ചു് ജനങ്ങളോടട്ടഹസിക്കുകയും അലറുകയും ചെയ്തിരുന്നു. പോ ലീസിനെ അവഗണിച്ചു് ആയിരക്കണക്കിനു് ജനങ്ങൾ എന്നെ ശ്രവിച്ചു. ജനങ്ങളുടെ ഇടയിൽ വളരെ നന്മചെയ്യാൻ ഇനിയും ശേഷിച്ചിട്ടുണ്ടു്."

ഫാദർ പ്രോയിക്കു് സ്വശരീര രക്ഷയെപ്പറ്റി ചിന്തിക്കു വാൻ സമയം അശേഷമില്ലായിരുന്നു. കത്തുകൾ എഴുതുമ്പോൾ ഫലിതത്തിനുവേണ്ടി സുഖക്കേടിനെപ്പറ്റി ചിലതെല്ലാം രേഖ പ്പെടുത്തിയിരുന്നു. "ഇതാ മണി മൂന്നടിക്കുന്നു. കുമ്പസാരം കേൾ പ്പാൻ പോകേണ്ട സമയമായി. ഈ ദിവസങ്ങളിലെ ജോലി കു റെ ക്ലേശകരമാണു്. അതിന്റെകൂടെ സ്വശ്ലീയപിതാവു് ഒരു പ്ര

ത്രൈകർത്തം കുരിശുകൂടെ എനിക്കു നൽകിയിട്ടുണ്ട്. അതു് ദുസ്സഹമായ പല്ലവേദനയാണ്. വേദനകൊണ്ടു സഹികെട്ട്, സാധുക്കളായ അനുതാപികളുടെനേരെ കമ്പസാരക്കുടിന്റെ വിരിപറിച്ചെറിയുവാൻപോലും എനിക്കു തോന്നാതിരുന്നിട്ടില്ല. എന്നിരുന്നാലും കർത്തവ്യത്തെപ്പറ്റിയുള്ള ചിന്ത ഞാൻ വിസ്മരിക്കുന്നില്ല."

"പുരുഷന്മാരുടെയിടയിൽ ജോലി ചെയ്യുന്നതിനു ഞാൻ കൂടുതലിഷ്ടപ്പെടുന്നു. അവർ ഏതുതരക്കാരായാലും എനിക്കവരുമായി സ്വാതന്ത്ര്യത്തോടെ പെരുമാറുന്നതിനു സാധിക്കുന്നുണ്ട്. ഒരു കൂട്ടം സ്ത്രൈണവർഗ്ഗക്കാരെക്കൊണ്ടു് സ്വർഗ്ഗത്തിലെ എന്റെ മഹത്വത്തിനു് ഞാൻ മുടി നിർമ്മിക്കുന്നു. അനിയന്ത്രിതരായ ഇവരുമായി ഇടപെടുന്നതു് എത്രയോ ആനന്ദകരം! തക്കസമയത്തു വേണ്ടതു പറഞ്ഞുകൊടുത്താൽ ഇവർ എന്തും ചെയ്യുന്നതിനു് ഒരുക്കമുള്ളവരാണ്."

അന്തരീക്ഷം സമാധാനപരമാകുമ്പോൾ ആദ്ധ്യാത്മിക വിളവെടുപ്പു ധാരാളമായിരിക്കും. ആഗസ്റ്റുമാസം കൊയ്ത്തുകാലമാണല്ലോ."

ആഗസ്റ്റ്–5, 27.

"ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറെയുള്ളെങ്കിലും ഫലംകൊണ്ടു നോക്കുമ്പോൾ സമയവ്യത്യാസമുള്ളതുപോലെ അനുഭവപ്പെടുന്നു. ആസന്നമരണനായിക്കിടക്കുന്ന പ്രോട്ടസ്റ്റൻറുകാരുടെ പൂർവ്വബന്ധങ്ങൾ വിവാഹകൃത്തിൽ ശരിപ്പെടുത്തി, ആശീർവ്വദിക്കുന്നുണ്ട്. നിക്കാദേമൂസിനെപ്പോലെ ഇരുട്ടത്തുവരുന്നവരേയും ആശ്വസിപ്പിക്കുന്നു. പടയാളികൾ പടിക്കലെത്തിയെന്നറിയുമ്പോൾ വി. കുർബാന വിശ്വാസികൾക്കു കൊടുക്കുകയും ബലി, ഭ്രഗ്ഭോലയങ്ങളിലേപ്പോലെ, തുടരുകയും ചെയ്യുന്നു. ഈ സമയത്തെല്ലാം വിശ്വാസികളിൽ കാണുന്ന ഭക്തി ചൈതന്യം എന്നെ ലജ്ജിപ്പിക്കുന്നുണ്ട്.

ഞാൻ കൂട്ടജീവിതത്തിൽ ആയിരുന്നുവെങ്കിൽ ഇപ്പോഴുള്ളതിൽ 99 ശതമാനം വിഷമങ്ങൾ അറിയാതെ കഴിഞ്ഞുപോകുമായിരുന്നു. ഞാൻ വിയത്തൊലിച്ചുമിണ്ടും ഓടിനടക്കുകയാണ്. സി. ഐ. ഡി. യുടെ കയ്യിൽനിന്നു രക്ഷപെട്ടതെങ്ങനെയെന്നറിവില്ല. ചില മുക്കിലും മൂലയിലുംവച്ചു് ഘടനയില്ലാത്ത വണ്ടിച്ചക്രംപോലെ തിരിഞ്ഞുമറിഞ്ഞു് രക്ഷപെട്ടിട്ടുണ്ട്. സ്വല്പമാശ്വസിക്കുന്നതിനായി കാരാഗൃഹത്തിൽ കുറെ ദിവസം താമസിച്ചാലെ

ന്തെന്നും ചിലപ്പോൾ തോന്നുന്നുണ്ട്. ഞാൻ അവശനാണ്. എന്നാൽ അവിവേകികളും അപരിഷ്കൃതരുമായ ജനങ്ങളെപ്രതി ഞാൻ കൂടുതൽ അവശനായി ഭവിക്കുന്നു. നിസ്സഹായരായ ജനങ്ങളെ! നിങ്ങൾ ആത്മീയ സൗഭാഗ്യത്തെ ലൗകിക സുഖത്തിനുവേണ്ടി പരിത്യജിക്കുന്നുവല്ലോ! ക്രിസ്തുരാജൻ മറിച്ചു കല്പിക്കുന്നതുവരെ നാം പ്രവർത്തനം തുടരണം. എന്തുകൊണ്ടെന്നാൽ സ്വശക്തിയാൽ യാതൊന്നും പ്രവർത്തിക്കുക സാദ്ധ്യമല്ല. ദൈവത്തിന്റെ കൃപാവരമൊന്നുകൊണ്ടുമാത്രമേ അവസാനംവരെ പൊരുതുനില്ക്കുന്നതിനു—നമുക്കു് സാധിക്കുകയുള്ളൂ." ജനങ്ങളുടെയിടയിൽ ആദ്ധ്യാത്മിക ജീവിതത്തിനു് സ്വല്പം മാന്ദ്യംവന്നു. ഈ അവസ്ഥ നമ്മുടെ ചരിത്രനായകനു ദുഃഖത്തിനു് കാരണമായി. ഈ സമയത്തു് ദൈവം അദ്ദേഹത്തിനൊരാനന്ദം നൽകി. ഒരു പ്രോട്ടസ്റ്റന്റുകാരി സ്ത്രീയുടെ മാനസാന്തരമായിരുന്നു അതു്. അവളുടെ ആഗ്രഹമനുസരിച്ചു് വളരെ ഘോഷമായിട്ടാണവളെ സഭയിലേയ്ക്കു സ്വീകരിച്ചതു്. നല്ലയിടയന്റെ പള്ളിയിൽവെച്ചു് 200 വിശ്വാസികളും സമക്ഷം പ്രസ്തുത സ്ത്രീ ക്ഷമായാചനംചെയ്തു സത്യപ്രതിജ്ഞ നിർവ്വഹിച്ചു; വി. പള്ളിയെ അനുസരിച്ചുകൊള്ളാമെന്നു പരസ്യമായി പ്രഖ്യാപിച്ചു.

ഫാദർ പ്രോയുടെ പ്രവർത്തനങ്ങളേയും അദ്ദേഹത്തിന്റെ ആപൽകരമായ ചുറ്റുപാടിനേയും സംബന്ധിച്ചു ശ്രേഷ്ഠനാക്കു പൂർണ്ണബോദ്ധ്യമുണ്ടായിരുന്നു. തന്നിമിത്തം ജോലിയിൽനിന്നു വിരമിച്ചു കുറെനാൾ ആശ്വസിക്കുന്നതിനു ശ്രേഷ്ഠനിൽനിന്നു കല്പനയുണ്ടായി. സ്വന്തം അഭിപ്രായങ്ങൾക്കു വിപരീതമായി ഈ കല്പനയനുസരിക്കുന്നതിൽ സ്വല്പം വിഷമമുണ്ടായി എങ്കിലും അദ്ദേഹം ദൈവതിരുമനസ്സിനു സ്വയം പരിപൂർണ്ണമായി കയ്യാളിച്ചു; കല്പനയിൽ നിർദ്ദേശിച്ചിരുന്ന ദിവസം അവസാനിച്ചപ്പോൾ അദ്ദേഹം വീണ്ടും പൂർവ്വജോലിയിൽതന്നെ പ്രവേശിച്ചു. അദ്ദേഹം ഈ സമയത്തനുഭവിച്ച ആനന്ദം അവർണ്ണനീയമത്രെ—ഇതേപ്പറ്റി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു:—

ഒളിവുസ്ഥലത്തുനിന്നു ഞാൻ പുറത്തുവന്നു. ഞാനവിടെ മറഞ്ഞിരുന്നതു മഹാനായ കാലസ്സുമൂലമായിരുന്നു. കൂടാതെ, സൂക്ഷിച്ചു പ്രവർത്തിക്കേണ്ട ആവശ്യവും ഉണ്ടായിരുന്നു. ഒളിവു സ്ഥലത്തു് ഞാൻ വളരെ വിഷമം സഹിച്ചിരുന്നു. എന്റെ സഹോദരങ്ങളുടെ സ്ഥിതി വളരെ പരിതാപകരമല്ലേ? അവരിൽ ചിലർ

കാരാഗൃഹത്തിലും മറ്റു ചിലർ അന്യരാജ്യങ്ങളിലും വേറെ ചിലർ കൊലക്കളത്തിലും ആയിരുന്നു. ഞാനോ, സുഖമായി ഒരു കൂട്ടിലും കഴിഞ്ഞുകൂട്ടുന്നു! പുസ്തകങ്ങളൊന്നും കയ്യിലില്ലായിരുന്നതുകൊണ്ടു പഠനം മുടങ്ങി. ധാർമ്മികസമരം ചെയ്യുന്നവരുടെ മദ്ധ്യേ നില്ക്കുവാനുള്ള എന്റെ ആഗ്രഹം അതിരറ്റതായിരുന്നു. എങ്കിലും ഇതെല്ലാം ഒരു സ്വപ്നംമാത്രം—കാരണം, സ്വയം നിഗ്രഹിച്ചു", എന്റെ സകല ആശയങ്ങളേയും അനുസ്മരണത്തിന്റെ അന്തർഭാഗത്തിൽ ഞാൻ ബലികഴിച്ചിരിക്കയാണു". "കൂട്ടിൽനിന്നു കാട്ടിലേയ്ക്കു" എന്ന വിധമായിരുന്നു ഫാദർ പ്രോയ്ക്കു് അനന്തരജീവിതം നയിക്കേണ്ടിവന്നതു്. അവസാനത്തെ കത്തിൽ ശത്രുക്കളുടെയിടയിൽ സമാധാനപൂർവ്വം വേലചെയ്യുന്ന വിധത്തെപ്പറ്റി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. 1927—ൽ ക്രിസ്തുരാജന്റെ തിരുനാൾ അദ്ദേഹം ആഘോഷിച്ചു. അതേപ്പറ്റി, മരണത്തിനൊരുമാസം മുമ്പെഴുതിയ ഒരെഴുത്തിൽ, ഈ വിധം പ്രസ്താവിക്കുന്നു: "അഞ്ചു മണിക്കു്, കുമ്പസാരിക്കുന്നതിനു വന്ന 150 സ്ത്രീകൾക്കു് മുറിയുടെ കതകു് തുറന്നുകൊടുത്തു. ഇതിനെ തുടർന്നു് 30 കുട്ടികൾ ഒന്നിനുപുറകെയൊന്നായിവന്നു മുറിയിൽ പ്രവേശിച്ചു. കുമ്പസാരത്തിനുശേഷമുള്ള ബലിയിൽ സംബന്ധിക്കുന്നതിനു് എല്ലാവരും കാത്തുനിന്നു. ത്രിദിനപ്രാർത്ഥനയുടെ ദിവസങ്ങളിൽ പ്രസംഗത്തിനും, പൊതു കുമ്പാനകൈക്കൊള്ളലിനും സൗകര്യമുണ്ടായിരുന്നു. ഇതിനെത്തുടർന്നു്, വിശ്വാസികളുടെ ആഗ്രഹാനുസരണം വേദഞെരുക്കക്കാലത്തു മരിച്ചു പിതാക്കൾക്കും മക്കൾക്കുംവേണ്ടി ശേഷക്രിയകളും നടത്തി. സന്ധ്യാവേളകളിൽ പുരുഷന്മാർക്കുമാത്രമായി മറ്റു ചടങ്ങുകളും ഉണ്ടായിരുന്നു. ഒരു ചെറിയ മുറിയിൽ ഇത്രയേറെ തൊഴിലാളികളെങ്ങനെ സമ്മേളിച്ചുവെന്നു് എനിക്കറിഞ്ഞുകൂടാ. ഏതാണ്ടു് ഇരുന്നൂറു ജോലിക്കാർ ദൈവവചനം ശ്രവിക്കുന്നതിനു് ആർത്തിയോടെകാത്തിരുന്നു. വെടിവെയ്ക്കുമെന്നുപറഞ്ഞുഭയപ്പെടുത്താൻ ആളുകൾ അടുത്തുണ്ടായിരുന്നിട്ടും സി.ഐ.ഡി.ക്കാരുടെകണ്ണിൽ പൊടിയുമിട്ടു് എത്തിച്ചേർന്ന ഇത്രയേറെ ആളുകളെ കാണാനിടയായതു് ഒരത്ഭുതംതന്നെയായിരുന്നു. മുൻസിപ്പൽ അധികാരികളുടെ ഭവനത്തിനു മുമ്പാകെ, സാധാരണ മുറയ്ക്കു്, കൊന്തയും സംഗീതങ്ങളുമായി ഒരു ത്രിദിനാഘോഷം നടത്തുമെന്നു് അവർ സ്വപ്നത്തിൽപോലും വിചാരിച്ചുകാണുകയില്ല. ഈ ദിവസങ്ങളിൽ ഞാൻ ഇങ്ങനെ ആത്മഗതം ചെയ്തിരുന്നു. ഒന്നുകിൽ ഇതിനിട

യ്ക്കു് എന്നെ കാരാഗൃഹത്തിലടയ്ക്കും; അല്ലെങ്കിൽ അടയ്ക്കുകയില്ല. അടച്ചില്ലെങ്കിൽ ഞാൻ ത്രിദിനാഘോഷം തുടരും. അടച്ചാൽ അവിടെക്കിടന്നു കൊതുകുകടിയുമേറ്റു് പ്രാർത്ഥനയും തപസ്സുമായി ക്രീസ്തുരാജനെ മഹത്വപ്പെടുത്തും. പിശാചിനെ തോല്പിച്ചു്, സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും ഏകരാജന്റെ മൻപാകെ പൈശാചിക ശക്തികളെ മുട്ടുകുത്തിക്കുന്നതിനായി ത്രിദിന പ്രാർത്ഥന ആരംഭിച്ചു. മനുഷ്യന്റെ അന്ത്യത്തെപ്പറ്റി പൊതുവായും ആധുനികപ്രശ്നങ്ങളെക്കുറിച്ചിടയ്ക്കിടയ്ക്കും പ്രസംഗിച്ചിരുന്നു. ഇങ്ങനെ ചെയ്തതു് കേൾവിക്കാരുടെയിടയിൽ സ്ഥിതിസമത്വവാദികൾക്കുടെയുണ്ടായിരുന്നതുകൊണ്ടായിരുന്നു. അവർ സത്യത്തെപ്പറ്റി അധികം ചിന്തിക്കാതെ പ്രസംഗത്തിന്റെ സ്വരംമാത്രം കേട്ടു സ്വയംവഞ്ചിതരായിപ്പോകുന്നവരായിരുന്നു. എന്റെ അലങ്കാരസംപൂർണ്ണമായ വാചകങ്ങൾക്കു് അവർ അധീനരായി! സാധുക്കൾ! പ്രസംഗാനന്തരം പുറത്തേയ്ക്കുപോയവഴി മൂന്നു ചെരുപ്പുകുത്തികൾ പറയുകയാണു്, സമസ്തവും ഞങ്ങൾക്കു പരിപൂർണ്ണമായി യോജിക്കുന്നതായിരുന്നു—അതായതു് തങ്ങൾക്കാവശ്യമുള്ളതുമാത്രം പറഞ്ഞുവെന്നു സാരം. വിമർശകപ്രമുഖന്മാരാകട്ടെ "കാലത്തിനൊത്തവിധം ഒരുങ്ങി പറഞ്ഞു" എന്നഭിപ്രായപ്പെട്ടു. പരമാർത്ഥം പറയുന്നപക്ഷം, എനിക്കു് അവരുടെ കുഴഞ്ഞ പ്രശ്നങ്ങൾ ഗ്രഹിക്കുവാൻ വിഷമമായിരുന്നു. എന്നാലും അവസാനം ഞങ്ങൾ ഹൃദയപൂർവ്വംകൈകൊടുത്തു പിരിഞ്ഞതിനാൽ രണ്ടു മൂന്നു മണിക്കൂർ നേരത്തേയ്ക്കു് എന്റെ കൈയ്യേൽ ചെരുപ്പുമഷിയുടെ ഗന്ധം ഉണ്ടായിരുന്നു..... ശുശ്രൂക്രിയയ്ക്കുശേഷം മൂന്നുകൊല്ലത്തേക്കു തുടർന്നുപോന്ന വൈദ്യവിധികളെല്ലാംതന്നെ ഞാൻ ലംഘിച്ചു. ഗുരുതുമുള്ള ഭക്ഷണസാധനങ്ങൾ എനിക്കു ജീവഹാനിക്കു ഹേതുവാകുമെന്നു് അവർ പറഞ്ഞിരുന്നു. എന്നാൽ കിട്ടുന്നതെല്ലാം ഞാൻ ഭക്ഷിച്ചു. ഇതുവരേയും സാരമായ വ്യത്യാസങ്ങളൊന്നും ഉദരത്തിനുണ്ടായിട്ടില്ല. സ്വാതന്ത്ര്യപ്രിയരായ യുവജനങ്ങൾക്കിഷ്ടപ്പെടുന്ന ഏതു പരിപാടിയും ഭദ്രമാണെന്നതെ ഇതു വെളിപ്പെടുത്തുന്നതു്! നിങ്ങൾക്കെന്തു തോന്നുന്നു? പ്രിയ സഹോദരാ ദൈവസേവനത്തിൽ പുരോഗമിക്കുന്നതിനുള്ള എന്റെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിലേക്കു് നിങ്ങളുടെ സ്വാധീനശക്തി പ്രയോഗിക്കുക. നമ്മുടെ ജനതയുടെ പിതൃസ്വത്തായിരുന്ന 'സ്വാതന്ത്ര്യം' നഷ്ടപ്രായമായിരിക്കുന്നുവെന്നോർക്കുക.

പ്രേഷിതജോലി തുടർന്നുചെയ്യുന്നതിനാഗ്രഹമുണ്ടായിരുന്നുവെങ്കിലും ഫാദർ പ്രോ ഏകാന്തജീവിതം നയിക്കേണ്ടതായി വന്നുകൂടി. സഹസന്ന്യാസിമാരുടെകൂടെ കൂട്ടജീവിതം നയിക്കുന്നതിനു് അദ്ദേഹം ആഗ്രഹിച്ചിരുന്നു. "സാമാന്യകൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള വൈഷമ്യം നിമിത്തം നമ്മുടെ സന്ന്യാസഭവനങ്ങളിലെ സമാധാനപരമായ ജീവിതത്തിനുവേണ്ടി ഞാൻ ദീർഘശ്വാസം വിടുകതന്നെ ചെയ്യുന്നു. എന്നാൽ ഇവിടെ അനുഭവപ്പെട്ടുന്ന ചുഴലിക്കാറ്റിനിടയ്ക്കു ദൈവപരിപാലന പ്രത്യക്ഷമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവം അനുഗ്രഹങ്ങൾ വർഷിക്കുന്നതിൽ യാതൊരു കുറവുമില്ല. ബലഹീനതമൂലം നിരാശയിൽ പതിക്കാറാകുമ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യം സമീപെയുണ്ടെന്നു ഞങ്ങൾക്കു തെളിവായി അനുഭവപ്പെട്ടുന്നു. നിരാശയെന്ന വാക്കു്, ആദ്ധ്യമായി ഞാൻ ഉച്ചരിച്ചുപോയെങ്കിലും അതിൽ ഞാൻ അധികം ഉറച്ചു നിന്നിട്ടില്ല." സംഗതികളുടെ പര്യവസാനത്തെപ്പറ്റി ചിന്തിച്ചിരുന്നപ്പോൾ കഥാനായകൻ വളരെ അസ്വസ്ഥനായിത്തീരുമായിരുന്നു. അദ്ദേഹവും മിശിഹായോടുകൂടെ സ്വർഗ്ഗത്തിലായിരിക്കുന്നതിനു് അതിയായി ആഗ്രഹിച്ചു. "ഡി. പൗലോസ് മൂന്നു പ്രാവശ്യം വിളിച്ചു പറഞ്ഞിരുന്ന ഈ വാക്യം എനിക്കു ശരിയായി മനസ്സിലായിട്ടുണ്ടോ?—നിനക്കു് എന്റെ കൃപാവരം മതി. എന്തുകൊണ്ടെന്നാൽ ബലഹീനതയാണു് എന്റെ ശക്തി പൂർണ്ണമാക്കുന്നതു്."

അദ്ധ്യായം എട്ട്

പരസ്യവും രഹസ്യവുമായ വഴികളിൽ

മരിച്ച് മിശിഹായോടുകൂടെ വസിക്കുന്നതിനു ഫാദർ പ്രോ ആഗ്രഹിച്ചു; ഈ ആഗ്രഹത്തിനനുസരിച്ച് അന്യദിനംവരെ ഉത്സാഹപൂർവ്വം പോരാടുകയും ചെയ്തു. ജീവൻ വെടിയത്തക്ക വല അപകടങ്ങളിലും ഉൾപ്പെട്ടെങ്കിലും ജന്മസിദ്ധമായ സാമർത്ഥ്യംകൊണ്ട് അവയിൽനിന്നെല്ലാം രക്ഷപെടുന്നതിനിടയായി. പോലീസുകാർ തന്നെ അന്വേഷിക്കുന്നുണ്ടെന്ന് അറിഞ്ഞിരുന്നിട്ടും ഒരുകൊല്ലം മുഴുവനും അവരെ പാവകളെപ്പോലെയിട്ടു കളിപ്പിക്കുന്നതിനു ദേഹത്തിനു സാധിച്ചു. അതേപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നതീ വിധമത്രെ. "ഒരു വിദ്യാർത്ഥിയുടെ വേഷത്തിൽ ചുറ്റിനടന്ന നന്മചെയ്തിരുന്ന എന്നെ ആരും സംശയിച്ചിരുന്നില്ല. ചില അവസരങ്ങളിൽ ഒരു ചെറിയ ചൂരൽവടി എന്റെ കയ്യിലുണ്ടായിരുന്നു. ഒരു പോലീസുകാരന്റെ പട്ടിയെ എനിക്കു ലഭിച്ചു. അതിനേയും കൊണ്ട് ഞാൻ ചുറ്റിനടക്കും. എന്റെ സഹോദരന്റെ സൈക്കിൾ രാവും പകലും എന്നെ വഹിച്ചുകൊണ്ട് പട്ടണത്തിൽക്കൂടെ ഓടിയിരുന്നു."

"എന്നെ അറസ്റ്റുചെയ്യുന്നതിനു കല്പന പുറപ്പെട്ടെങ്കിലും അതിനുവരേയും നടപ്പിലായില്ല. ഇതിന്റെ കാരണം ഞാൻ ഒരിക്കലും ഓടിയൊളിച്ചില്ല; അതുതന്നെ. സൂത്രൻ എനിക്കു എല്ലാപ്പോഴും അനുകൂലമല്ലായിരുന്നെങ്കിൽ പകൽ സമയത്തും ഇലക്ട്രിക്ക് വെളിച്ചത്തിന്റെ സഹായത്തോടെ ചെയ്യേണ്ടതെല്ലാം ചെയ്യുതീർക്കും. കാരാഗൃഹത്തിനകത്തു ഒന്നിലധികം പ്രാവശ്യംഞാൻ കടന്നുചെന്നു. അപ്പോളെല്ലാം കാവൽക്കാർക്ക് പിടികൊടുക്കാതെ ഞാൻ രക്ഷപെട്ടു. ഒരുപ്രാവശ്യം ജയിൽ സൂക്ഷിപ്പുകാരന്റെ കരുണയ്ക്കും ഞാൻ പാത്രീഭൂതനായി. രക്ഷപെടുന്നതിനു മറ്റു മാർഗ്ഗമൊന്നുമില്ലെന്നു കണ്ടപ്പോൾ ഷർട്ട് ഊരി മാറ്റിലുള്ള ശസ്ത്രക്രിയകളുടെ മൂന്നു മുറിവുകളും ഞാൻ അദ്ദേഹത്തെ കാണിച്ചു. സഹതാപം തോന്നിയ ആ ജയി

ലധികാരി അപ്രാവശ്യം പൊയ്ക്കൊള്ളുവാൻ എനിക്കനുവാദം നല്കി. ലഘുലേഖകൾ വിതരണംചെയ്യുവാൻ നിവൃത്തിയില്ലാതെ വന്നയവസരത്തിൽ അവനറിയാകാശവിളക്കുകൾ പറപ്പിച്ചു് ആ കാര്യം സാധിച്ചു. വിവരം അറിഞ്ഞ കാലസ് കോപാക്രാന്തനായി, സംശയിക്കത്തക്ക ആളുകളെയെല്ലാം അറസ്റ്റുചെയ്യുവാൻ കല്പന പുറപ്പെടുവിച്ചു. എന്റെ രണ്ടു സഹോദരങ്ങൾ—ഇബേർത്തോയും—റൊബേർത്തോയും ലീഗുകാര്യത്തിൽ പൊതുവെ എന്നപോലെ ആകാശവിളക്കു വിദ്യയിൽ പ്രധാനപങ്കു വഹിച്ചു എന്നു സംശയിക്കപ്പെട്ടു. ഗവണ്മെൻഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധമുഴുവനും ഈ ഒരു സംഗതിയിലേക്കു മാറി. ഡിസംബർ 4—ാംനു പോലീസ് ലീഗിന്റെ ആസ്ഥാനം പരിശോധിച്ചു. അവിടെനിന്നു യാതൊരു തെളിവും രേഖപ്പെടുത്തുവാൻ സാധിക്കാഞ്ഞതുമൂലം, ഉച്ചമുതൽ രാത്രി ഏഴമണിവരെ അവിടെ കയറിച്ചെന്നവരെയെല്ലാം അറസ്റ്റുചെയ്തു ജയിലിലടയ്ക്കുവാൻ ഉത്തരവുണ്ടായി. എന്തൊക്കെ സംഭവിച്ചു എന്നു പറയുവാൻ സാദ്ധ്യമല്ല. രാത്രി ഏഴമണിയോടുകൂടി രണ്ടു പടയാളികൾ ഞങ്ങളേഴുപേരെ കാരാഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. ആ പ്രസിദ്ധമായ ആകാശവിളക്കുസൂത്രംവഴി ലഘുലേഖകൾ പ്രചരിപ്പിച്ചു എന്ന കുറ്റം ആരോപിച്ചാണ് ഞങ്ങളെ ബന്ധനത്തിലാക്കിയതു്. സൻറിയാഗോയിലെ ജയിലധികാരിക്കുപകരം ജോലിനോക്കിയിരുന്ന ആൾ ഞങ്ങളുടെ പേരിലുള്ള ചാർജ് വായിച്ചു നോക്കിയശേഷം പുച്ഛിച്ചു ചിരിച്ചുകൊണ്ടു് 'നാളെ ഇവിടെ നമുക്കൊരു കുമ്പാനകാണാം' എന്നു പറഞ്ഞു. (ഇതു് അത്ര പന്തിയല്ല: ഞാൻ ആരാണെന്നു് അവർ സംശയിക്കുന്നുണ്ടു് എന്ന ഹൃദയത്തിൽ ഞാൻ ചിന്തിച്ചു) ദിവ്യബലിയോ? എന്നു ഞങ്ങൾ എല്ലാവരുംകൂടെ ചോദിച്ചു. അതേ; എന്നു സംശയംകൂടാതെ പ്രതിവചിച്ചശേഷം 'നിങ്ങളുടെയിടയിൽ ഒരു പട്ടക്കാരൻ ഉണ്ടു്" എന്നു ജയിലധികാരി ഊന്നിപ്പറഞ്ഞു. (സംഗതികൾ കുഴയുന്നമട്ടാണല്ലോ കാണുന്നതു് എന്നു വീണ്ടും ഞാൻ ആത്മഗതംചെയ്തു) ഈ സമയത്തു് ഞങ്ങളിൽതന്നെ സംശയിക്കുവാനായി ആരാണീ വൈദികനെന്നറിയുന്നതിനെന്നമട്ടിൽ പരസ്പരം നോക്കി. ജയിലധികാരി 'ആ വൈദികൻ മിഗുവൽ അഗസ്റ്റിൻതന്നെ' എന്നു പ്രസ്താവിച്ചു. തൽക്ഷണം ഞാൻ വിളിച്ചു പറഞ്ഞു: 'മിഗുവൽ അഗസ്റ്റിൻ ഞാനാണു്. എന്നാൽ ഞാൻ നാളെ ബലി അർപ്പിക്കുക എന്നതിലും സംഭാവ്യമായിട്ടുള്ളതു് ഈ

രാത്രി ഒരു മെത്തമേൽ കിടന്നുറങ്ങുക എന്നതായിരിക്കും. എന്റെ പേരിന്റെ ഒടുവിൽ എഴുതിയിരുന്ന 'പ്രോ' എന്ന വാക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ജയിലധികാരി സ്വയംതൃപ്തി പ്രകടമാക്കി. അതിനുത്തരമായി ഞാൻ, പ്രോ എന്നതു് എന്റെ കൂടെ ബപ്പേരാണു്, അല്ലാതെ പ്രൈസ്"ബൈത്തറോ (വൈഭികൻ) എന്ന വാക്കിന്റെ ഹ്രസ്വരൂപമല്ല." നക്ഷത്രത്തട്ട മേൽക്കുരയാക്കി ഞങ്ങൾ ജയിൽ വളപ്പിൽ ആ രാത്രി കഴിച്ചുകൂട്ടി. പുതിയ ജയിൽ വാസികൾക്കു് യാതൊരു ദാക്ഷിണ്യവും കാണിക്കരുതെന്ന കല്പന അക്ഷരംപ്രതി നിറവേറി. സിമൻറുകൊണ്ടുള്ള ഒരുതളം മെത്തയായിട്ടും, ഉയരംകൂടിയ ഭിത്തി തലയണയായിട്ടും ഞങ്ങൾക്കു നൽകപ്പെട്ടു. രാത്രിയിലെ തണുപ്പും കാത്തു സൂക്ഷിക്കുന്നതിനു ഞങ്ങളെ ഏല്പിച്ചിരുന്നു. തണുപ്പു വളരെ കലശലായിരുന്നതിനാൽ പാട്ടപോലെ ഒന്നിച്ചുതന്നെ ഞങ്ങൾ കഴിച്ചുകൂട്ടി. ആദ്യം കൊന്ത ജപിക്കും, പിന്നെ ഞങ്ങളുടെ വായിൽവന്നിരുന്ന സകല പാട്ടുകളും—ആദ്ധ്യാത്മികവും അല്ലാത്തതും—പാട്ടും. ഇങ്ങനെയാണു രാത്രി കഴിച്ചുകൂട്ടിയതു്. പട്ടാളക്കാരെ അശേഷം വകവയ്ക്കാതെ ഞങ്ങൾ കിടന്നുറങ്ങി. രാവിലെ അവർ കുറെ വെള്ളവുംകൊണ്ടുവന്നു് ഞങ്ങളെ ഉണർത്താൻ ശ്രമിച്ചു. ഞങ്ങൾ ഉറങ്ങാതെ കണ്ണുമടച്ചു കിടന്നു. പിന്നെ, പരിഹസിക്കാൻ വന്ന പടയാളികളുടെ ചുറവും ഞങ്ങൾ എഴുന്നേറ്റു് ഓടാൻ തുടങ്ങി. ഞങ്ങളുടെ കൈവശം മൂന്നു ഡോളറും പത്തുസെൻറുമുണ്ടായിരുന്നു. പഞ്ചസാര ചേർക്കാതെ ഓരോ പാത്രം ചൂടുള്ള ഓറഞ്ച്ലീഫ് ചായ വാങ്ങുന്നതിനു് അതുമതിയായിരുന്നു. തണുത്തു മരവിച്ചിരുന്ന ഞങ്ങൾക്കു് അതു വളരെ രുചികരമായ ഒരു പാനീയമായി. ഉച്ചയായപ്പോൾ എന്നെ കാരാഗൃഹത്തിൽനിന്നു പറഞ്ഞയച്ചു. മറ്റുള്ളവർക്കെല്ലാം ഒരു ദിവസംകൂടെ അവിടെ താമസിക്കേണ്ടിവന്നു. ഈ വിടുതലിനുശേഷവും രണ്ടു പ്രാവശ്യംകൂടെ, റിപ്പോർട്ടു് സമർപ്പിക്കുന്നതിനു്, ഞാൻ ഹാജരാകേണ്ടിയിരുന്നു. (എന്തിനാണെന്നുള്ളകാര്യം ഇപ്പോഴും എനിക്കജ്ഞാതമാണു്) ഞാൻ ശവർമ്മെൻറിനെ വളരെ നിസ്സാരമാക്കി സംസാരിച്ചുവെങ്കിലും അതുവിടെ യാതൊരസുഖവും ഉളവാക്കിയില്ല. എന്റെ സംസാരരീതിയെപ്പറ്റി ഞാൻ പിന്നീടു വിചാരിച്ചപ്പോൾ അവർ എന്നെ വെടിവെയ്ക്കാതെ പറഞ്ഞുവിട്ടതൊരത്ഭുതമായി തോന്നി. ഞാൻ പുറത്തേയ്ക്കു കടന്നപ്പോൾ അവർ ആകാശവിളക്കിന്റെ കായ്ത്തിൽ

കാലസ് കോപാക്രാന്തനായിത്തീർന്നിരിക്കുകയാണ് എന്നു പറഞ്ഞു. ഹേ! മിസ്റ്റർ നിങ്ങൾക്കു പിഴയടയ്ക്കുവാൻ സാധിക്കുമോ? "രണ്ടു കാരണങ്ങളാൽ അതു സാദ്ധ്യമല്ല. ഒന്ന്—എന്റെ കയ്യിൽ ഒരു കാതുപോലും ഇല്ല. രണ്ട്—ഉണ്ടായിരുന്നാൽ തന്നേയും ഈ തരത്തിലുള്ള ഒരു ശവമെൻറിനെ സഹായിക്കുകയെന്ന കഠിനം ചെയ്യുവാൻ എനിക്കിഷ്ടവുമില്ല." ഈ നാടകത്തിനുശേഷം എന്റെ പ്രേഷിതജോലികൾ ചുരുക്കാതെ ശത്രന്തരമില്ലാതായി. എന്നിരുന്നാലും കഴിവുപോലെ ഉപദേശങ്ങൾ നൽകുക, വാഴ്വ് കൊടുക്കുക മുതലായതു നിർവ്വഹിച്ചിരുന്നു. ക്രിസ്മസ് ദിവസം നല്ലയിടയന്റെ പള്ളിയിലും മറ്റു പതിനാറു പൊതുസങ്കേതങ്ങളിലും കൂട്ടമായി വി. കുർബ്ബാന എഴുന്നള്ളിച്ചു കൊടുത്തു. അതായിരുന്നു എന്റെ ഒടുവിലത്തെ പരസ്യസേവനം. ഡിസംബർ 29—ാം തീയതി ഒരു കൂട്ടം റിസർവുപൊലീസ് എന്റെ കുടംബത്തെ അറസ്റ്റുചെയ്യുന്നതിനുള്ള കല്പനയുമായി വന്നുചേർന്നു. എതിർപ്പുകൊണ്ടും—യാചനകൊണ്ടും—മേലുദ്യോഗസ്ഥന്മാരുടെ പക്കലുള്ള അപ്പീൽകൊണ്ടും യാതൊരുപകാരവും ഉണ്ടാകയില്ലെന്നു ബോദ്ധ്യമായി. അവസാനം 50 ഡോളർ കൈമടക്കിയപ്പോൾ അവരുടെ ബോധം തെളിഞ്ഞു. അപ്പനും സഹോദരിയും രണ്ടു സഹോദരന്മാരും ഞാനുംകൂടി കയ്യിലെടുക്കാവുന്നതൊഴിച്ചുള്ള സകലതും ഉപേക്ഷിച്ചു ബന്ധുക്കളുടേയും സ്നേഹിതന്മാരുടേയും വേനങ്ങളിൽപോയി രക്ഷപെടേണ്ടതായി വന്നു. ഈ സംഭവത്തെപ്പറ്റി സംസാരം പലവിധത്തിലായിരുന്നു. ഫാദർ പ്രോ ആണ് ലഘുലേഖകളുടെ കർത്താവെന്നും, ആകാശവിളക്കു പ്രസ്ഥാനക്കാർ അദ്ദേഹത്തിന്റെ സഹോദരന്മാരായിരുന്നുവെന്നുമൊക്കെ പൊതുസംസാരം. രണ്ടും അവാസ്തവമായിരുന്നു. (ഈ സംഗതിയിൽ ഞാൻ കുറെ മുൻകരുതലോടെ പ്രവർത്തിക്കേണ്ടതായിരുന്നു) ഈ പരിതസ്ഥിതിയിൽ കൂടുതൽ സൂക്ഷിച്ചുപെരുമാറണമെന്നുള്ള നിർദ്ദേശമനുസരിച്ച് അദ്ദേഹം ഒരു ചെറിയ മുറിയിൽ ഒതുങ്ങിയിരുന്നുകൊണ്ട് പ്രൊവിൻഷ്യാളിനു ഇപ്രകാരം എഴുതി. "പുറത്തു കാണപ്പെടരുതെന്ന കല്പനയനുസരിച്ച് പത്രങ്ങളും നോക്കിയും പാഠപുസ്തകം വായിച്ചും ഒരു ചെറിയ മുറിയിൽ ഒതുങ്ങിയിരുന്ന് അടുത്തതന്നെ ചേരുവാനുള്ള പരീക്ഷയ്ക്ക് ഒരുങ്ങുകയാണ്. ബലിയേക്കാൾ നല്ലതു അനുസരണം എന്നല്ലേ പറഞ്ഞു തന്നിട്ടുള്ളതു. അതുകൊണ്ട് ഞാൻ യാതൊന്നിലും പ്രവേശിക്കുന്നില്ല. ഒരു പരമാർത്ഥമാത്രം എഴുതുന്നു.

വിശ്വാസികൾക്ക് ആദ്ധ്യാത്മികസഹായം അത്യന്താപേക്ഷിതമാണ്. കൂദാശകൾ സ്വീകരിക്കാതെ അനുദിനം അനേകർ അന്തരിക്കുന്നു. വൈദികർ വിപത്തുകളെ അഭിമുഖീകരിക്കുന്നതിനു വിസമ്മതിക്കുന്നു. ആജ്ഞകൾ അനുസരിച്ചോ, ആപത്തു പേടിച്ചോ, ഏതായാലും വൈദികർ പുറത്തു സഞ്ചരിച്ചുകാണുന്നില്ല. മൻപു പ്രവർത്തിച്ചതുപോലെ വല്ലതും ചെയ്യണമെങ്കിൽ കൂട്ടിനു പുറത്തു പറക്കാതെ ഗത്യന്തരമില്ല. വിവേകത്തോടും കൂറെല്ലുടെ സൂക്ഷത്തോടും വർത്തിച്ചാൽ അതു അപകത്തിലാകുമെന്നു തോന്നുന്നില്ല. (fiat) നിന്റെ തിരുമനസ്സു നിറവേറട്ടെ! കണക്കിൽ കവിഞ്ഞ സൂക്ഷത്തിനും അമിതമായ ഭയത്തിനും മദ്ധ്യേ ഒരു സുരക്ഷിതമാർഗ്ഗമുണ്ട്. ഏതായാലും എന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു. എന്റെ ജീവൻ, എന്നതു തുച്ഛം, സ്വസഹോദരങ്ങൾക്കുവേണ്ടി അതു ബലികഴിക്കുന്നെങ്കിൽ ഞാൻ അതിനെ രക്ഷിക്കുകയല്ലേ ചെയ്യുന്നതു? എന്നാൽ ബുദ്ധിഹീനമായി ഏതൊന്നും നിർവ്വഹിക്കുന്നതുചിതമല്ല. ഇഗ്നേഷ്യസ് ലെയോളായുടെ മക്കൾ.....

(ഫെബ്രുവരി 19, 1927)

'വിവേക'ത്തിന്റെ കായ്ത്തിൽ ശ്രേഷ്ഠന്മാർ ശ്രദ്ധപതിച്ചു. തീഷ്ണശീലനായ ഫാദർ പ്രോയിക്കു വ്യർത്ഥമായിരിക്കുന്ന കായ്ത്തും വിഷമമുള്ളതാണെന്നു അവർ ഗ്രഹിക്കാതിരുന്നില്ല. സകലതും വിവേകപൂർവ്വം നിർവ്വഹിച്ചുകൊള്ളുന്നതിനു അധികൃതർ അനുവാദം നൽകി. പ്രോ വീണ്ടും രംഗപ്രവേശംചെയ്തു. അദ്ദേഹത്തെ അറസ്റ്റുചെയ്യുന്നതിനുള്ള കല്പന 1926 ഒക്ടോബറിൽ പുറപ്പെട്ടെങ്കിലും നടപ്പിൽ വരുത്തുന്നതിനു പോലീസുകാർക്കു ഇന്നുവരെ സാധിച്ചിട്ടില്ല. ദൈവപരിപാലനക്കധീനമായി ഓരോ കൗശലങ്ങളും അവസരോചിതം പ്രയോഗിച്ചതുകൊണ്ടാണു് ഇത്രത്തോളം പിടിച്ചു നില്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതു്. പല പ്രാവശ്യം കൂടക്കിൽവീണു എന്നു സംശയിക്കുവാനിടവന്നു. ആ സാഹചര്യങ്ങളെ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ദിവസം വി. കുർബ്ബാന കൊടുത്തിരുന്ന സമയത്തു് ഒരുവൻ ഓടിവന്നു് പോലീസ് എന്നു പറഞ്ഞു. സ്ത്രീകൾ ആകപ്പാടെ അമ്പരന്നു. ഞാനാകട്ടെ സമാധാനമായി പെരുമാറുക, ശിരോവസ്ത്രങ്ങളെടുത്തു മറവിൽ സൂക്ഷിച്ചശേഷം അങ്ങുമിങ്ങുമായി ഓരോ ജോലിചെയ്തു തുടങ്ങുക എന്നുപദേശിച്ചു. ഇതിനിടയ്ക്കു് ഞാൻ വി. കുർബ്ബാന ഉള്ളടുപ്പിനകത്താക്കിയശേഷം, ചാരനിറത്തിലുള്ള ഒരു കോട്ടും, ഒരു തൊ

പ്പിയും ധരിച്ചു, ഒരു വലിയ സിഗറാറ പൈപ്പെടുത്തു് അതിൽ ഒരു സിഗറാറും വച്ചു് കത്തിച്ചു വലിച്ചുകൊണ്ടു് ശോറൂങ്കൽ ആഗതരെ പാത്തു നിലയായി. "ഇവിടെ പരസ്യാരാധന നടക്കുന്നു" എന്നു പോലീസുകാർ അട്ടഹസിച്ചു. 'എന്തൊരബദ്ധ'മെന്നു ഞാൻ പ്രതിവചിച്ചു. അവർ 'സർ, ഇവിടെ നിശ്ചയമായും പരസ്യാരാധനയുണ്ടു്.' ഞാൻ 'മാന്യരെ നിങ്ങൾ എന്നെ പരിഹസിക്കുകയാണു്.' അവർ: 'ഇവിടെ ഒരു പട്ടക്കാരൻ പ്രവേശിക്കുന്നതു ഞങ്ങൾ കണ്ടു., ഞാൻ–ഹേ! ഫലിതക്കാരെ നിങ്ങൾ ഇങ്ങോട്ടു നോക്കു. ഒരു പട്ടക്കാരൻ ഇവിടെ ഇല്ലെന്നുള്ളതിനു 'ഒരു തംബ്'ളേർ ബ്രാൻഡി പന്തയം.' അവർ: 'ഞങ്ങൾക്കു് പരിശോധന വാറണ്ടുണ്ടു്. നിങ്ങൾ ഞങ്ങളെ അനുഗമിക്കുക' ഞാൻ: 'നിങ്ങളുടെ പിറകെ നടക്കാൻ അതുള്ള വിഡ്ഢിയല്ല ഞാൻ. ആരാണു നിങ്ങൾക്കു കല്പനതന്നതെന്നു ഞാൻ ഒന്നു കാണട്ടെ. കൊള്ളാം, നിങ്ങൾക്കു് എന്റെ ഭവനം പരിശോധിക്കാം. എവിടെയെങ്കിലും പരസ്യാരാധനയുണ്ടെങ്കിൽ നിങ്ങളെന്നെക്കൂടെ ക്ഷണിക്കണേ.' അവർ ഭവനത്തിൽ പ്രവേശിച്ചു് അങ്ങുമിങ്ങും ചാടിഓടി നടന്നു. കൂടുതൽ വിഷമങ്ങൾ ഉണ്ടാകാതെയിരിക്കട്ടെയെന്നു കരുതി ഞാനും അവരുടെകൂടെ നടന്നു. ആദ്യമായിട്ടായിരുന്നു ഞാൻ ആ ഭവനത്തിൽ പ്രവേശിച്ചതു്. തൽമൂലം അടച്ചുകിടന്നിരുന്ന മുറികളെപ്പറ്റി പല അബദ്ധങ്ങളും പറഞ്ഞു പിടിപ്പിച്ചു. ഓഫീസു മുറിയെ കിടക്കമുറിയെന്നും കുളിമുറിയെ നെയ്ത്തുശാലയെന്നും മറ്റും പറയുന്നതിനിടയായി. ഒരു പട്ടക്കാരന്റെ നിഴൽപോലും അവിടെ കാണാതിരുന്നതിനാൽ ഒരു പോലീസുകാരനെ അവിടെ കാവൽ നിറുത്തിയശേഷം മറ്റുള്ളവർ സ്ഥലംവിട്ടു. ഞാൻ, എനിക്കൊരു സ്നേഹിതനെ കാണാനുണ്ടു്; അതില്ലായിരുന്നെങ്കിൽ വൈദികനെ പിടിച്ചു കെട്ടുവാൻ ഞാൻ കൂടെ ഇവിടെ നില്ക്കാമായിരുന്നെന്നു പറഞ്ഞു് അകത്തേക്കു കയറി ശേഷിച്ചിരുന്ന കഞ്ചാനയും വിശ്വാസികൾക്കു നൽകിയശേഷം പ്രസന്നമുഖനായി പടിവാതുക്കൽ എത്തി പോലീസുകാരനോടു യാത്ര പറഞ്ഞു പിരിഞ്ഞു."

"വേറൊരവസരത്തിൽ, ദിവ്യബലി അർപ്പിക്കുന്നതിനുള്ള ഒരു ഭവനത്തിന്റെ പടിക്കൽ രണ്ടു പോലീസുകാർ കാത്തുനിന്നിരുന്നു. അകത്തേയ്ക്കു പ്രവേശിക്കുന്നതപകടം. വിശ്വാസികൾ പ്രതീക്ഷിച്ചുനില്ക്കുമ്പോൾ പിന്മാറുന്നതു കുറെ ക്ഷനക്ഷയം. എന്തു ചെയ്യും.? ഞാൻ ശാന്തമായി പോലീസുകാരെ സമീപിച്ചു്, ശരീ

വത്തോടെ പോക്കറ്റിൽനിന്നു ഒരു നോട്ടുബുക്കെടുത്തു് ആ വീടിന്റെ നമ്പർ കുറിച്ചെടുത്തു. അനന്തരം എന്റെ ബാഡ്ജു് അവരെ കാണിക്കുവാനെന്നഭാവത്തിൽ കോട്ടിന്റെ കുടുക്കുകളഴിച്ചുകൊണ്ടു 'ഇവിടെ വ്യാജച്ചാരക്കു'ണ്ടെന്നു് അവരോടു പറഞ്ഞു. ഇതു കേട്ടമാത്രയിൽ ഞാൻ ഒരു പോലീസു് ഉദ്യോഗസ്ഥനാണെന്നു കരുതി മുറയ്ക്കാരു സല്യൂട്ടോടുകൂടെഅവരെന്നെഅകത്തേക്കുകയറ്റിവിട്ടു. വീടിന്റെ ഒന്നാം നില പരിശോധിച്ചുഷേം 'ഇവിടേയുമുണ്ടു് വ്യാജച്ചാരക്കു്' എന്നു പറഞ്ഞുകൊണ്ടു രണ്ടാം നിലയിൽ കയറിച്ചെന്നു. ഞാൻ ചെന്നതുകണ്ടു ഭയവിഹ്വലരായ ജനങ്ങളോടൊരു വലിയ തുണിപ്പെട്ടിയിൽ കയറി ഒളിച്ചിരിപ്പാൻ പറഞ്ഞു. ഞാൻ അവരോടു്: 'നമ്മുടെ സ്ഥിതി വളരെ സുരക്ഷിതമാണു്'— രണ്ടു പോലീസുകാർ നമ്മെ കാത്തുകൊള്ളും'. പക്ഷേ അബലകളെ പറഞ്ഞു ധരിപ്പിക്കാൻ വിഷമം. 'എന്റെ അച്ഛ! ഉടപ്പിറപ്പേ, ഓടി രക്ഷപെടണമേയെന്നു് അവർ നിർബന്ധമായി. "ബലി അപ്പിക്കുന്നതിനു സാധ്യമല്ലാത്തതിനാൽ ദോവ ഉന്നരി മറച്ചുവെച്ചുകൊണ്ടു് വന്നവഴിയെ ഞാൻ ഇറങ്ങിപ്പോന്നു. രണ്ടാമതും സൈനികവന്ദനം ലഭിച്ചു!"

മരണാപകടത്തിനിടയാക്കുമായിരുന്ന വേറൊരു സംഭവം ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. തൊഴിലാളികൾക്കായുള്ള ധ്യാനവും കഴിഞ്ഞു് രാത്രി ഒൻപതരമണിക്കു് തിരിച്ചു പോരുമ്പോൾ രണ്ടുപടയാളികളെന്നെ അന്വേഷിച്ചു് ഒരു തെരുവിന്റെ മൂലയിൽ നിൽക്കുന്നതു കണ്ടു. എന്റെ കഥയവസാനിച്ചു എന്നുതന്നെ ഞാൻ കരുതി. എന്തായാലും "ആദ്യം അടിച്ചാൽ അടി രണ്ടു" എന്ന തത്വം അവലംബിച്ചു് യാതൊരാകുലചിന്തയും കൂടാതെ അവരുടെയടുത്തുചെന്നു് ഒരു തീപ്പെട്ടി ആവശ്യപ്പെട്ടു. കടകളിൽ വാങ്ങാൻ കിട്ടുമെന്ന മറുവടിയും ലഭിച്ചു. ഞാൻ അവരെ പിരിഞ്ഞു. അവർ എന്നെ അനുഗമിക്കുകയും ചെയ്തു. ഞാനേതുവഴിക്കു തിരിഞ്ഞാലും അവരെന്റെ പുറകെയുണ്ടാകും. അപകടമാകുമെന്നു കരുതി ഞാൻ ഒരു കാറിൽ കയറി. അവരും കയറി. ഭൈവാനുഗ്രഹത്താൽ കാർ ഓടിച്ചിരുന്നതു് ഒരു കത്തോലിക്കനായിരുന്നു. അയാളെന്റെ അപകടസ്ഥിതി മനസ്സിലാക്കി; എതുവിധമെങ്കിലും എന്നെ രക്ഷിക്കുവാൻ അയാളും തയാറായി. ഞാൻ കാണിക്കുന്ന കോണിൽ എന്നെയിറക്കിവിടണമെന്നു പറഞ്ഞതനുസരിച്ചു് അവിടെ വണ്ടി സാവധാനം നിർത്തിയതോടെ ഞാൻ

ചാടി ഇറങ്ങുകയും, ഉടനെ ഡ്രൈവർ വണ്ടി മുൻപോട്ട പായിച്ചു വിടുകയും ചെയ്തു. ഞാൻ തൊപ്പി പോക്കറ്റിലാക്കി കറുത്ത കോട്ട് ഊരി കയ്യിലുമെടുത്തു് വെള്ളഷർട്ടുധാരിയായി ഇരുട്ടത്തു തപ്പിത്തടഞ്ഞു് ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ചെന്നു നിലയായി. ഒരു വിനാഴികയ്ക്കുള്ളിൽ മറവരുടെ കാറു് എന്റെ സമീപത്തുകൂടെ പാഞ്ഞുപോയി. അവർ എന്നെ കണ്ടു. പക്ഷേ അവർ അന്വേഷിക്കുന്ന ആളാ ഞാനാണെന്നവക്കു മനസ്സിലായില്ല. വണ്ടിയിൽനിന്നു പെട്ടെന്നു ചാടിയതുമൂലം തലചുറ്റൽ തോന്നിയെങ്കിലും സ്വയം 'എന്റെ കൂടെ നേരെ നില്ല്. വേറൊരു രംഗത്തിനു തയ്യാറാകുക' എന്നു പറഞ്ഞു കൊണ്ടു ചാടി ഞാൻ അവിടെനിന്നപ്രത്യക്ഷനാകുകയാണുണ്ടായതു്.'' അറസ്റ്റു ചെയ്യാൻ വന്നവരോടു ചിലപ്പോൾ നേരമ്പോക്കു പറഞ്ഞു് അവരിൽനിന്നുദ്ദേഹം രക്ഷപെട്ടിരുന്നു. ഒരിക്കൽ സി. ഐ. ഡി. യുടെ കയ്യിൽ അകപ്പെട്ടു. അവർ കരുതി 'ഇപ്രാവശ്യം സംഗതി ശരിപ്പെട്ട'വെന്നു്. അദ്ദേഹം സ്വതസ്സിദ്ധമായ തന്റേടത്തോടെ അവരെ സമീപിച്ചു് സൗഹാർദ്ദപൂർവ്വം സംസാരിക്കുവാൻ തുടങ്ങി. അവർക്കു സംശയം വർദ്ധിക്കുന്നതു മനസ്സിലായപ്പോൾ അവരെ കൂട്ടിക്കൊണ്ടു് ഒരു ചായക്കടയിൽക്കയറി അവരുടെ ബഹുമാനാർത്ഥം മുറയ്ക്കൊരു ചായസല്ക്കാരം നടത്തി. ചില അപകടങ്ങളിൽനിന്നു രക്ഷപെടുന്നതിനു് അസാമാന്യ ധൈര്യംതന്നെ ആവശ്യമായിരുന്നു. ഒരു തെരുവിൽവച്ചു് രണ്ടു പോലീസുകാർ പെട്ടെന്നു അദ്ദേഹത്തെ നേരിട്ടു. അപകടം അടുത്തല്ലോ എന്നകരുതി ചുറ്റും നോക്കിയപ്പോൾ ഒരു മൂലയിൽ മുമ്പു പരിചയമുള്ള ഒരു സ്ത്രീയെക്കണ്ടു. ഒറ്റനോട്ടത്തിൽ അവർക്കും അദ്ദേഹത്തിന്റെ അപകടസ്ഥിതിമനസ്സിലായി. തൽക്ഷണം അവർ സംഭാഷണത്തിലേർപ്പെട്ടു്, സാവധാനം നടന്നു തുടങ്ങി. പോലീസുകാർ സമീപത്തെത്തിയപ്പോൾ വൈദികനുപകരം ഒരു യുവാവും യുവതിയുംകൂടെ സൈരസല്ലാപത്തിൽ ലയിച്ചു നടന്നു പോകുന്ന പോക്കാണു കണ്ടതു്. "ഒരിക്കൽ കാരാഗൃഹത്തിലുള്ള സ്നേഹിതരെ സന്ദർശിച്ചയവസരത്തിൽ ഞാൻ ആരാണെന്നു കാവൽക്കാർ അറിഞ്ഞിരുന്നെങ്കിൽ എന്റെ കഥയന്നു കഴിയുമായിരുന്നു. എന്നെ പിടിക്കുവാൻ ചുറ്റിനടക്കുന്നവരെ കാണുമ്പോൾ ഇപ്രകാരം പറഞ്ഞാലെന്താ എന്നെനിക്കുതോന്നിപ്പോയിട്ടുണ്ടു്: "ഓ! മിസ്റ്റർ മേയർ മതപ്രസംഗംചെയ്തു നടക്കുന്നവനും, ലഘുലേഖകൾ വിതരണം ചെയ്യുന്നവനും നിങ്ങളുടെ

കൺമുമ്പാകെ ഓടിനടന്ന കമ്പസാരം കേൾക്കുന്നവനും ഞാനാണ്–രണ്ടാഴ്ചത്തേക്കുപോലും എന്നെ ഒന്നു തടയാൻ സാധിക്കാത്ത വിധം നിങ്ങളിത്ര ദോഷന്മാരോ?" എന്റെ ഈ സ്വപ്നം വിചാരിച്ചതുപോലെ അവസാനിച്ചില്ല. കാരാഗൃഹത്തിൽ ഇരുളടഞ്ഞ മൂലയിൽ അരുചികരമായ ഭക്ഷണവും കഴിച്ചു രാപകൽ വസിക്കുന്നതിന്റെ മഹത്വം ദൈവത്തിനുമാത്രമേ ഗ്രഹിക്കുവാൻ സാധിക്കയുള്ളൂ. എന്റെ സ്നേഹിതന്മാരെ എന്റെ ഈ ആഗ്രഹം നിറവേറുന്നതിനായി നിങ്ങളും പ്രാർത്ഥിക്കുവിൻ. എന്നെ പിടിക്കുവാൻ ഓടിനടക്കുന്നവരുടെ ആഗ്രഹം സാധിച്ചാൽ സർക്കാരിലെ ഏറ്റവും മുഖപ്രസന്നതയില്ലാത്ത വിദ്യാധന്റെ ബഹുമാനാർത്ഥം ഒരു 'മെക്സിക്കൻസ്യൂത്തം' ഞാൻ നേർന്നുകൊള്ളുന്നു"– വേദപ്രചാരജോലി, കഴിയുന്നിടത്തോളം, ഏതു സമയത്തും അദ്ദേഹം ചെയ്തിരുന്നു. മതസംരക്ഷണത്തിനായി ലഘുലേഖകളടിപ്പിച്ചു പരസ്യം ചെയ്യുകയായിരുന്ന അദ്ദേഹത്തിന്റെ പ്രധാന ജോലി. ബിറ്റ് നോട്ടീസുകൾ അച്ചടിപ്പിച്ചു് എല്ലായ്പ്പോഴും പതിച്ചിരുന്നു. കാലസിന്റെ കാറിന്റെ പുകവണ്ടിപോലും നോട്ടീസു കാണാമായിരുന്നു. ഒരിക്കൽ വണ്ടിയിൽ യാത്രചെയ്തിരുന്ന സമയം നോട്ടീസിന്റെ ഒരു പ്രതിയെടുത്തു സ്വന്തം പുറത്തുതന്നെ ഒട്ടിച്ചു ശേഷം വണ്ടിയിൽ അങ്ങുമിങ്ങും നടന്നു് അതിന്റെ ഉള്ളടക്കം യാത്രക്കാരെ ഗ്രഹിപ്പിച്ചു. 1927–ലെ മഞ്ഞുകാലത്തു് ഏതുവിധവും പ്രോയെ അറസ്റ്റു ചെയ്യണമെന്ന കൽപനയായ കല്പന പുറപ്പെട്ടു. ഈയവസരത്തിലെഴുതിയ ഒരു കത്തിൽ ഇപ്രകാരം കാണുന്നു. "ലീഗുകാർ വളരെ നന്മചെയ്യുന്നുണ്ടു്. മേലിൽ അതു തുടർന്നുപോകുമെന്നു പ്രതീക്ഷിക്കാനും വഴിയുണ്ടു്. ഈ കാരണത്താൽ അധികാരികൾ നിരാശരായിത്തീർന്നിരിക്കുന്നു. ഈ എഴുത്തു് അവരുടെ പക്കൽ കിട്ടിയാൽ എന്റെ കഥ അന്നവസാനിക്കും."

1927 മേയ് 5–ാംനു എഴുതിയ ഒരു കത്താണതു്: എനിക്കു് രാവും പകലും സൂക്ഷിച്ചു വ്യാപരിക്കേണ്ടതായ വന്നിരിക്കുന്നു. ഭവനം അനുദിനം പരിശോധിക്കപ്പെടുന്നു. സംഗതികൾ ഒന്നിനൊന്നു മോശമായി അനുഭവപ്പെടുന്നു. നിസ്സാരകാര്യം ചൊല്ലി ക്രിസ്ത്യാനികളെ സർക്കാരിലേയ്ക്കു പറഞ്ഞുവിടുന്നു. ഭൂഗൃഹത്തുകാരാഗൃഹങ്ങളിലടയ്ക്കപ്പെടുന്നവർക്കു പിന്നീടു് സൂര്യപ്രകാശം കാണുവാൻ സാധിക്കുന്നില്ല. വിശ്വാസികൾക്കു സംഗതികൾ മനസ്സിലായിത്തുടങ്ങിയതിനാൽ പരസ്പരം കണ്ടുമുട്ടുമ്പോൾ ഉത്തമമനസ്താപ

പ്രകരണം ചൊല്ലി സ്വസ്തി ചെയ്യുന്നു. ജോസഫാത്തിന്റെ താ
ക്കീതുരയിൽവച്ചു വീണ്ടും കാണാമെന്നു പറഞ്ഞുകൊണ്ടോണ് ഒരു കൂട്ടം
ബന്ധുമേളനം അവസാനിപ്പിച്ചതു്. ഞങ്ങൾക്കു വിൽപത്രം
എഴുതിവയ്ക്കേണ്ട പ്രശ്നമേയില്ല. രണ്ടു പായും ഒരു കോഴിക്കൂട്ടമൊ
ഴിച്ചു് ഒരു വീട്ടിലുണ്ടായിരുന്ന സകലതും അഗ്നിക്കിരയായി. ക
രയുന്നതിനുപകരം പലരും പുഞ്ചിരിതൂകുന്നു. ഇതു നിസ്സാര സംഗ
തിക്കുവേണ്ടി സ്വർഗ്ഗം കരസ്ഥമാക്കാമെന്നു വന്നതു് എത്ര വലിയ
ഭാഗ്യമാണു്! നിങ്ങളുമായി ഒരു ദിവസം ചെലവഴിക്കുന്നതിലേക്കു്
എന്തു വേണമെങ്കിലും ചെയ്യുവാൻ എനിയ്ക്കൊരുക്കമാണു്. ഞങ്ങ
ളെ ഇവിടെയാരും സന്ദർശിക്കുന്നില്ല. അത്യാവശ്യത്തിനുള്ളതു ല
ഭിക്കുന്നുമില്ല. ഞങ്ങൾ ഏഴുപേർ ഉണ്ടു്. ഞങ്ങൾക്കു് അഞ്ചു ക
സേരകളും നാലു പാത്രങ്ങളും അഞ്ചു മേശക്കത്തിയും എട്ടു കിടക്ക
കളും മൂന്നു മെത്തകളും ഒരു പൂലും ഉണ്ടു്. കൊടുക്കുന്നവർക്കും
വാങ്ങിക്കുന്നവർക്കും സാധനങ്ങൾ തിരിയെ കിട്ടുകയില്ലെന്നറിയാം.
എങ്കിലും ഞങ്ങൾ സാമാനങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്നു
ണ്ടു്. മൂന്നു പ്രാവശ്യത്തെ പരിശോധനയുടെ ഫലമായി വീട്ടിൽ
ഒന്നും ശേഷിച്ചിട്ടില്ല. സ്വർഗ്ഗത്തിൽ പോകുന്നതിനു് ഇവകയൊ
ന്നും ആവശ്യമില്ലാത്തതിനാൽ ഞങ്ങൾ വിഷമംകൂടാതെ സകല
തും ഉപേക്ഷിച്ചിരിക്കുന്നു. പുസ്തകങ്ങളുടെ കാര്യം ചിന്തിക്കു
മ്പോൾ, മരിച്ചവക്കുവേണ്ടി കുമ്പാനച്ചൊല്ലി കടം തീർക്കാമെന്നു്
വിചാരിക്കുന്നു. പരിക്ഷയ്ക്കൊരുങ്ങാൻവേണ്ടി നിങ്ങളോടു ഞാൻ
വാങ്ങിച്ച 'പെഷ്' എന്ന പുസ്തകം ഏതു കള്ളനാണു കൊണ്ടുപോ
യതെന്നു് ഒരു തുമ്പുമില്ല. കള്ളന്റെ നിഴൽപോലും പ്രവേശി
ക്കാത്ത സ്വർഗ്ഗത്തിൽവച്ചു് അതു തിരിച്ചു തന്നുകൊള്ളാം. ഈ കാ
ലത്തിനുള്ളിൽ ഒരു പോലീസുകാരനുമായിട്ടേ ഒന്നിടയേണ്ടിവന്നി
ട്ടുള്ളൂ. എന്തുതന്നെവന്നാലും അയാളെന്നെ ജയിലിലടയ്ക്കുമെന്നും
എന്തുതന്നെവന്നാലും ഞാൻ അങ്ങോട്ടു പോകയില്ലെന്നും കുറെ നേ
രത്തേയ്ക്കു ഞങ്ങൾ തമ്മിലൊരു തർക്കം നടന്നു. അവസാനം വേ
റെ മാർഗ്ഗമൊന്നുമില്ലെന്നു കണ്ടു ഞാൻ "എടാ, വിഡ്ഢി! നീ എ
ന്നെ ജയിലിലാക്കിയാൽ സുഖക്കേടായിക്കിടക്കുന്ന നിന്റെ അ
മ്മയുടെ കുമ്പസാരം നാളെ രാവിലെ കേൾക്കാൻ എനിക്കു സാ
ധിക്കാതെ വരും". പോലീസുകാരൻ ഇതിനുത്തരമായി—പിതാ
വെ, ക്ഷമിക്കണം. നമ്മൾ ഏതു സാഹചര്യത്തിലാണു ജീവിക്കു
ന്നതെന്നറിയാമല്ലോ. കഴിയുംവേഗം അച്ചൻ സ്ഥലം വിടുക.

ഞാൻ അയാളെ വിട്ടുപിരിയുന്നതിനുമുമ്പു "ബിറാ കഴിയുന്നതിനു മുൻപായി വീട്ടിൽ കയറി നിന്റെ അമ്മയോടു് ഇന്നു രാത്രി ഞാൻ കമ്പസാരിപ്പിക്കാൻ വരുമെന്നും അതിരാവിലെ വി. കുർബാന കൈക്കൊള്ളാൻ ഒരുങ്ങിയിരിക്കണമെന്നും പറയുക. താമസിയാതെ നിന്നേയും ഞാൻ കുമ്പസാരിപ്പിച്ചുകൊള്ളാം" എന്നു പറഞ്ഞു. പിറേറദിവസം മകൻ അമ്മയെ വേണ്ടവിധം ഒരുക്കുന്നതിൽ സഹകരിച്ചു. ഏറെ കഴിയുംമുമ്പു് അങ്ങനെതന്നെ അവന്റെ കാര്യത്തിലും അനുഭവപ്പെട്ടമെന്നെനിക്കു ശരണമുണ്ടു്"— ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള യാതൊരവസരവും പാഴാക്കാതെ ജീവിതം തുടരുന്ന ഈ ഫാദർ 'പ്രോ' താമസിയാതെ അവക്കായി സ്വജീവനെ വെടിയുകയും ചെയ്തു.

അദ്ധ്യായം ഒൻപതു്

പട്ടമേറേറദിവസം 'എന്നെക്കൊണ്ടാത്മാക്കൾക്കുപകാരമുണ്ടാകണമെന്നു്', ഫാദർ പ്രോ ദിവ്യരക്ഷകനോടപേക്ഷിച്ചതു് അക്ഷരംപ്രതി നിറവേറി. അദ്ദേഹത്തിന്റെ അഭിപ്രായം, "ആത്മാക്കൾക്കുപകാരംചെയ്യാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ ആത്മാക്കളെ പ്രത്യേകമായവിധം സ്നേഹിക്കുകതന്നെവേണം" എന്നാണു്. നമ്മുടെ ചരിത്രനായകൻ മിശിഹായെപ്പോലെ തന്റെ ജീവനെ ആത്മാക്കൾക്കുവേണ്ടി പൂജിച്ചു. തന്റെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന തീക്ഷ്ണമായ സ്നേഹത്തെ മറച്ചുവയ്ക്കുവാൻ സാധിക്കാതെ പലപ്പോഴും "ആത്മാക്കളെ സൈവത്തിന്റെ പക്കലേയ്ക്കാനയിക്കുന്നതിനാവശ്യപ്പെട്ടാൽ എന്റെ ജീവൻപോലും ബലികഴിക്കുവാൻ ഞാനെത്രയോ ആഗ്രഹിക്കുന്നു" എന്നു അദ്ദേഹം പറയുക പതിവായിരുന്നു: തന്റെ ഐഹികജീവിതം മുഴുവനും ആത്മരക്ഷയ്ക്കായി ചെലവഴിച്ചു. ഏതു തരക്കാരോടും സൗമ്യമായി വർത്തിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചിരുന്നു. മദ്യപന്മാരും ദുർവൃത്തന്മാരും അദ്ദേഹത്തെ ആത്മാർത്ഥമായി സ്നേഹിച്ചു. ദുഃഖി

തരോട്ട് ഒരമ്മയെപ്പോലെയാണദ്ദേഹം പെരുമാറിയിരുന്നതു്. ഓരോരുത്തരുടേയും മനസ്ഥിതി മനസ്സിലാക്കി പ്രസാദവരത്തിന്റെ പ്രവൃത്തിക്കനുസരണം വ്യാപരിക്കുന്നതിനു അവരെ സഹായിച്ചിരുന്നു. "ദൈവം മാതൃം—ദൈവമാണു് ആത്മാക്കളുടെ നാഥൻ" എന്നായിരുന്നു അദ്ദേഹത്തിന്റെ പല്ലവി. ചോദ്യങ്ങൾ ചോദിച്ചു് ഓരോരുത്തരുടേയും മനഃസ്ഥിതി മനസ്സിലാക്കി ആ ചോദ്യങ്ങൾമൂലം ആക്കേങ്കിലും വിഷമം ജനിക്കുന്നുവെന്നു ബോധ്യമാകുന്ന ക്ഷണം ചോദ്യങ്ങൾ നിത്തി, സ്വരുടേയും പിതാവായ ദൈവത്തോടു് കാര്യങ്ങളറിയിച്ചുകൊണ്ടു് ഇടമുറിയാതെ അവക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ഒരു ദിവസം ദീഘ്നേരം കുമ്പസാരിപ്പിക്കുവാനുണ്ടായിരുന്നതുമൂലം, കാനോനാനമസ്കാരം നിവ്വഹിക്കാതെ വളരെ ഇരുട്ടിയശേഷമാണു സ്വഭവനത്തിലെത്തിയതു്. പെട്ടെന്നു, ഭൂരിതമനുഭവിക്കുന്ന ഒരാത്മാവിനെപ്പറ്റി ഓർമ്മവന്നതിനാൽ ക്ഷീണം അവഗണിച്ചു് ആ ആത്മാവിനുവേണ്ടി കാര്യവച്ചു.

ഫാദർ പ്രോയുടെ സ്നേഹം സ്വാർത്ഥരഹിതമായിരുന്നു. പ്രതിസ്നേഹത്തിന്റെ വല്ല ലക്ഷ്യവും കണ്ടാലുടൻ അദ്ദേഹം പാടേ വിഷയം മാറ്റി "എന്റെ ജീവനെ ആത്മാക്കൾക്കായി ബലികഴിക്കുവാൻ ഞാൻ തയാറാണു്. എനിക്കു യാതൊരു പ്രതിഫലവും ആവശ്യമില്ല: എന്റെ ഏകലക്ഷ്യം ആത്മാക്കളെ ദൈവത്തിന്റെ പക്കലേയ്ക്കു ആനയിക്കുന്നതുമാത്രം. എനിക്കായി വല്ലതും ഞാൻ സൂക്ഷിച്ചാൽ ഞാൻ ഒരു കള്ളനും നീചനുമായിത്തീരും. ആ വിനാഴിക മുതൽ ഞാൻ ഒരു വൈദികനായിരിക്കുകയില്ല"യെന്നു് ആത്മഗതം ചെയ്യുമായിരുന്നു. ഒരിക്കൽ ഒരു തിരുഹൃദയരൂപം കൈയിൽ പിടിച്ചുകൊണ്ടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഓ കുരിശേ! ഞങ്ങളുടെ കർത്താവിന്റെ കുരിശേ, നീ ഉയിർപ്പുനാളിയുള്ളതും നിലനില്ക്കുന്നതുമായ സ്നേഹത്തെ വിളിച്ചറിയിക്കുന്നു. ഓ സ്നേഹത്തിൽനിന്നുള്ള ഭോഷത്വം! നമുക്കു് ഈ പുസ്തകത്തിൽനിന്നു പഠിക്കാം. നമ്മുടെ ഹൃദയങ്ങൾക്കനുയോജ്യമായ വിഷയങ്ങൾ അവിടെ നാം കണ്ടെത്തുകയും തൻമൂലം നാം അനുദിനം സ്നേഹത്തിൽ വർദ്ധിക്കുകയും ചെയ്യും. ഈശോയുടെ ഹൃദയത്തോടു് നമ്മുടെ ഹൃദയങ്ങളടുക്കുമ്പോൾ സ്നേഹം ഇല്ലാതാകുകയോ, ക്ഷീണിക്കുകയോ ചെയ്യുന്നില്ല. പ്രത്യുത അതു കൂടുതൽ പരിശുദ്ധവും, ദൈവികവുമായി, നാം സ്നേഹിക്കുന്നവരിലേക്കു കവിഞ്ഞൊഴുകുക

യും, നമ്മുടെ ഹൃദയങ്ങളിൽ കുത്തിയെരിയുന്ന ആഴമേറിയ സ്നേഹം കൂടുതൽ പരിശുദ്ധവും സ്വാർത്ഥരഹിതവുമായിത്തീരുകയും ചെയ്യുന്നു. ഒരിക്കൽ ഒരാത്മാവു് കുരിശിന്റെ തണ്ടിൽനിന്നു സ്നേഹം വലിച്ചെടുക്കുന്നപക്ഷം പിന്നീടു് അതിനവിടെനിന്നു പിൻമാറുക സാദ്ധ്യമല്ലെന്നു് അനുഭവംകൊണ്ടു ഞാൻ മനസ്സിലാക്കിയിരിക്കുന്നു.” ഒരു പ്രേഷിതനുണ്ടാകേണ്ട ഉദ്ദേശ്യശുദ്ധിയെപ്പറ്റി ഈ വിധമത്രെ അദ്ദേഹം പ്രസ്താവിക്കുന്നതു്: ഈശോയുടെ കുത്തിത്തുറക്കപ്പെട്ട വിലാവിൽ നിങ്ങളുടേയും, എന്റേയും സകല മനുഷ്യരുടേയും നേർക്കുള്ള സ്നേഹത്താലെരിയുന്ന ആ തിരുഹൃദയം പ്രത്യക്ഷപ്പെടുന്നു. മുള്ളുകളാൽ ചുറ്റപ്പെട്ടിരിക്കുന്ന അതിന്റെ നടുവിൽ ഒരു കുരിശും കാണുന്നുണ്ടല്ലോ. ഈ ഹൃദയത്തിലെ പരിശുദ്ധത നമ്മുടെ പാവപ്പെട്ട ഹൃദയങ്ങളെ എരിയിച്ചാൽ മാത്രമെ നമുക്കു് മറ്റുള്ളവരുടെ ഹൃദയങ്ങളിൽ അതിനു പ്രവേശനം നൽകുന്നതിനു സാധിക്കുകയുള്ളു. മുള്ളുകളാൽ ആ ഹൃദയം ചുറ്റപ്പെട്ടിരിക്കുന്നതു് സ്വാർത്ഥപരമായ കാംക്ഷങ്ങളിൽനിന്നു നാം വിമുക്തി പ്രാപിക്കേണ്ടതിനായിട്ടാണു്. അതിനു മുകളിൽ ഇരുഭാഗത്തേയ്ക്കു നീണ്ടുനില്ക്കുന്ന കുരിശിന്റെ തണ്ടുകൾ, നമ്മുടെ ശുഷ്കാന്തി ചുറ്റും നില്ക്കുന്ന ഏതാനും ചില വ്യക്തികളിൽ അവസാനിപ്പിക്കാതെ സർവ്വരേയും ഒന്നുപോലെ ആശ്ലേഷിക്കുന്നതായിട്ടാകുന്നു.” വേറൊരവസരത്തിലദ്ദേഹം പറഞ്ഞു: “എന്നിലുള്ള ഈ സ്നേഹപരിചയം എങ്ങനെയുണ്ടായിയെന്നു് നിങ്ങൾക്കറിയാമോ? എവിടെനിന്നു ഞാൻ സ്നേഹിക്കാൻ പഠിച്ചെന്നു് നിങ്ങൾക്കറിവുണ്ടോ? ഈശോയുടെ തിരുഹൃദയത്തിൽനിന്നു ഗ്രഹിച്ചു.”

മരണത്തിനു മുൻപു തന്റെ ശുഷ്കാന്തിയെ നിലനിർത്തിക്കൊണ്ടുപോന്ന ഉറവ ഏതെന്നദ്ദേഹം വിവരിക്കയുണ്ടായി: ജീവിതം ഭൂരിതസംപൂർണ്ണമെങ്കിൽ അതിനിടയാക്കിയ ദൈവത്തെ വാഴ്ത്തിപ്പുകഴ്ത്തണം. ജീവിതക്ലേശങ്ങൾ അസഹനീയമാകുമ്പോൾ സ്നേഹം കൂടുതൽ ശക്തിപ്രാപിക്കുകതന്നെ വേണം. എന്റെ പ്രിയപ്പെട്ട ഈശോയുടെ കുരിശു വഹിക്കുന്നതിനു് വിഷമതകളിലടിസ്ഥാനമുറച്ച സ്നേഹത്തിനുമാത്രമേ സാധിക്കുകയുള്ളു. അതു നിസ്വാർത്ഥവും ചുറ്റുമുള്ള സകലരേയും സ്നേഹിക്കുന്നതിനും, അവക്കുവേണ്ടി പീഡ സഹിക്കുന്നതിനും തയാറുള്ളതും ആകുന്നു. ഈദൃശസ്നേഹം ആത്മാവിനെ വിശുദ്ധീകരിച്ചു് അതിനെ സ്വർഗ്ഗത്തിലേക്കുയർത്തുന്നതിനുതകുന്നു. അതു് തോൽവിയിലോ, നിന്ദനങ്ങളിലോ അ

ധൈര്യപ്പെട്ടന്നില്ല." ഒരു പ്രാർത്ഥനയോടുകൂടെ ഈ സല്ലാപം അദ്ദേഹം അവസാനിപ്പിക്കുന്നു. അതു ദൂഖിതനായ ഒരു പിതാവു കർത്താവിനോടു പറഞ്ഞ വാക്കുകളുടെ ഒരാവർത്തനമാണ്: "കർത്താവെ ഞാൻ നിന്നിൽ വിശ്വസിക്കുന്നു; എന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമെ. ഈശോ, നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തെ നീ വികസിപ്പിക്കേണമെ; നിന്നിൽ ഞാൻ ശരണംകൊള്ളുന്നു: എന്റെ ശരണത്തെ ശക്തിപ്പെടുത്തേണമെ. ഈശോയുടെ തിരുഹൃദയമെ, എന്റെ ഹൃദയത്തെ നിനക്കു ഞാൻ നൽകുന്നു; നിന്നിൽനിന്നു പിരിഞ്ഞുപോകാതിരിക്കുന്നതിനുവേണ്ടി അതിനെ ആ ദിവ്യഹൃദയത്തിൽ താങ്ങിക്കൊള്ളണമെ. ഈശോയുടെ ഹൃദയമെ! ഞാൻ മുഴുവൻ നിനക്കുള്ളവനാകുന്നു. എന്റെ ജീവനെ നിനക്കു ബലിയർപ്പിക്കുന്നതുവരെ ഈ വാശ്രമം പാലിക്കുന്നതിനു് എന്നെ സഹായിക്ക."

ബഹുകാര്യവ്യഗ്രമായ ഒരു ജീവിതം, വി. ശെയ്ഖ്രാരുടെ ജീവിതംപോലെ, ദൈവവുമായി ഐക്യപ്പെട്ടിരിക്കുന്നതു് ഒരത്ഭുതമാണു്. ആധ്യാത്മിക സല്ലാപത്തിലുണ്ടായിരുന്ന വാസനയും, ആത്മീയകാര്യങ്ങളും നടത്തിക്കൊടുത്തിരുന്നവിധവും കണ്ടു് ആശ്ചര്യപ്പെട്ടവരോടു് അദ്ദേഹം പറയും: "അതു വളരെ എളുപ്പമാണു് കാരണം, ഞാൻ സകലതും ദൈവത്തിന്റെ മുൻപാകെ പ്രവർത്തിക്കുന്നതിനു ശ്രമിച്ചിരുന്നു." ആത്മരക്ഷാപരമായ ജോലിയിൽ നിന്നു് താൽകാലികമായി വിരമിച്ചിരുന്നപ്പോളെല്ലാം സ്വാഭാവികമെന്നോണം, പ്രാർത്ഥനയിലത്രെ അദ്ദേഹം സമയംചെലവഴിച്ചിരുന്നതു്. പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതു കാണുന്നതുതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തെക്കാളധികം നന്മ വിശ്വാസികളിൽ ഉളവാക്കുമായിരുന്നെന്നു പറയേണ്ടിയിരിക്കുന്നു. "എനിക്കു വി. കുർബ്ബാനയിലെ യഥാർത്ഥ സാന്നിദ്ധ്യത്തെപ്പറ്റിയുണ്ടായിരുന്ന സംശയങ്ങളും അച്ചൻ വി. കുർബ്ബാനയുടെ മുൻപിൽ പ്രാർത്ഥിക്കുന്നതു കണ്ടപ്പോളും അശേഷം നീങ്ങിപ്പോയി" എന്നു് അനുതാപിയായ ഒരാൾ പറയുകയുണ്ടായി. ആത്മാക്കളെ ഇതുപോലെ സ്നേഹിക്കാൻ എവിടെനിന്നു പഠിച്ചു എന്ന ചോദ്യത്തിനു് "പരി: മറിയത്തിന്റെ വിമലഹൃദയത്തിൽനിന്നുകൂടെ" എന്നദ്ദേഹം പ്രതിവചിച്ചു. ഫാദർ പ്രോയുടെ ദേവമാതൃഭക്തിയെപ്പറ്റി ഇതേവരെ ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ലല്ലോ. അദ്ദേഹം പ്രേഷിതജോലികൾക്കിടയ്ക്കു് ആത്മാർത്ഥമായി ചില വാചകങ്ങൾ പറയുമാറായിരുന്നതിൽ

ശ്രോതാക്കൾ ഓർത്തിരുന്നതു് ഇവിടെ രേഖപ്പെടുത്താം. വിശ്വാസിക്കെതിരായ പ്രലോഭനങ്ങളെപ്പറ്റി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "വ്യക്തികൾക്കും ദൈവത്തിനും മാത്രം അറിവുള്ള അത്തരം പരീക്ഷകളോളം പ്രയോജനകരമായി വേറെ ഇല്ല. ആത്മാവിനെ ശുദ്ധീകരിക്കുന്നതിൽ ഇതു ഫലപ്രദമായ മറ്റൊന്നില്ല: ഞാൻ ഇതിനെ ഭയപ്പെടുന്നില്ല കാരണം, ഒരമ്മയ്ക്കു തുല്യം പരി. മറിയം ഈ സംഗതിയിൽ ശ്രദ്ധപതിച്ചെന്നെ സഹായിക്കുന്നു". 1927-ലെ മേയ് മാസം സാഘോഷം നടത്തുന്നതിനായി കൂടെയുണ്ടായിരുന്നവരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. "മൻ പതിവനുസരിച്ചു് ദൈവജനനി ഇക്കൊല്ലവും ഒരു ദാനം അവർക്കു നൽകുന്നതിനു് എനിക്കനുവാദംതന്നു. അവിടുന്നതന്നെ ഞാൻ എന്തുചെയ്യണമെന്നു കാണിച്ചുതന്നു." ചെറുപ്പത്തിലാരംഭിച്ചിരുന്ന മാതൃഭക്തി അനുദിനം അദ്ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരുന്നുവെന്നതു അദ്ദേഹത്തോടിടപെട്ടിരുന്ന ഒരനുതാപിയുടെ അഭിപ്രായം. സ്പെയിനിലുള്ള ഒരു വൈദികനയച്ച കത്തിൽനിന്നു ഫാദർ പ്രോയുടെ ആത്മസ്ഥിതി ഏതാണ്ടു പുറത്തുവന്നു.

ബ. അച്ച, മെക്സിക്കോയ്ക്കു് പുറപ്പെടുന്നതിനു മുൻപു് ലൂർദിലേയ്ക്കു് ഒരു തീർത്ഥയാത്രകഴിക്കുന്നതിനുള്ള പണം ഒരാളെനിക്കു നൽകി. ഇതിനുപകരമായി ഞാനദ്ദേഹത്തിനൊരു മറുപടിക്കത്തയച്ചു. ആയതു് ദ്വേഷ്യഭാവത്തിൽ ഉപകാരിയെ കഠിനമായി ശാസിച്ചുകൊണ്ടുള്ള ഒന്നായിരുന്നുവെങ്കിലും ഫലിതപൂർണ്ണവുമായിരുന്നു. "സുഖമില്ലാതിരുന്ന ഒരു സാധു മെക്സിക്കനെ ഒരു രാവുമുഴുവൻ ഉറക്കമിളച്ചു് തീവണ്ടിയിൽ യാത്രകഴിക്കാൻ അവിടുന്നിടയാക്കി. കൊള്ളാം, ലൂർദിൽ ചെല്ലുമ്പോളിതിനു് മാതാവിന്റെ മുൻപിൽവച്ചു് പ്രതികാരം ചെയ്യാതെയിരിക്കയില്ല. നിങ്ങൾക്കു് ഒരിക്കലും വിശ്രമിക്കാനാകാൻ സാധിക്കാത്തവിധം ഞാൻ നിങ്ങളെ ബന്ധിക്കും. നിങ്ങളെക്കുറിച്ചു് ലൂർദുനാഥയുടെ മുൻപാകെ ഞാൻ ഒരു കേസു നടത്തും. അതു് ഈവിധമായിരിക്കും: നല്ലമാതാവെ ഈ മനുഷ്യനെ അങ്ങു അറിയുമല്ലോ. അതുകൊണ്ടു് അങ്ങേയോട് ഞാൻ കേണപേക്ഷിക്കുന്നു. ഈ മനുഷ്യനെ അങ്ങയുടെ സുതന്റെ ഹൃദയത്തിൽ സ്ഥാപിക്കണം: ജ്വലിച്ചെരിയുന്നതും മുള്ളുകളാൽ ചുറ്റപ്പെട്ടതുമായ ആ ഹൃദയകാരാഗൃഹത്തിൽ ഭദ്രമായി സൂക്ഷിക്കണം. ഇദ്ദേഹം ഒരു വൈദികനാകുവാനിരിക്കുന്നതുകൊണ്ടു് പ്രത്യേകവിധത്തിൽ ഈ നവവൈദികവിദ്യാർത്ഥിയെ

ഈശോയുടെ തുറക്കപ്പെട്ട ഹൃദയത്തിൽ സ്ഥിരതാമസക്കാരനാക്കണം: ഫലിതസമ്മിശ്രമായ ഈയെഴുത്തു പെട്ടെന്നു് എഴുതിത്തീർത്തു.

തീർത്ഥയാത്രയിൽ എന്തോ ഗാഢമായി ഫാദർ പ്രോയുടെ ഹൃദയത്തെ സ്പർശിച്ചതുമൂലം അദ്ദേഹം വികാരഭരിതനായി സ്തബ്ധനായി നിലുള്ള ഒരു സ്നേഹിതനു് ഇപ്രകാരം എഴുതി. "ഒരുവനു് ഇവിടെ എന്താണു് അനുഭവപ്പെടുകയെന്നു പറയുക വിഷമം. ജീവിതത്തിലെ ആനന്ദസംപൂർണ്ണമായ ദിവസം ഇന്നലത്തേതായിരുന്നു. അതിനു് അങ്ങേയോടു ഞാൻ കടപ്പെട്ടവനാണു്. ഒൻപതുമണിക്കൂർ അവിടെ ചെലവഴിച്ചു. ഒരു കൊച്ചുകുട്ടിയെപ്പോലെ അമ്മയുടെ മുൻപാകെ കരയുന്നതിനല്ലാതെ വേറെയൊന്നും ചെയ്യുന്നതിനെനിക്കു സാധിച്ചില്ല. ദൈവം അങ്ങേ അനുഗ്രഹിക്കട്ടെ. ജൂൺ 7,1926. ദ്രുതഗതിയിൽ എഴുതിയ ഈ ചെറിയ കുറിപ്പു് പിറേദിവസം എഴുതുവാനിരുന്ന ദീർഘമായ ഒരു കത്തിന്റെ മുഖവുരമാത്രമായിരുന്നു. പ്രസ്തുത ലേഖനം ഇപ്രകാരം ആരംഭിച്ചു.

മിശിഹായിൽ പ്രിയപ്പെട്ട അച്ച,

"എന്നെ നീ ഇപ്പോൾ വിട്ടയച്ചാലും" എന്നു് ശ്രേമവോനോടുകൂടെ ഇപ്പോൾ എനിക്കും പറയാമെന്നു തോന്നുന്നു. വേറൊരു ലോകത്തിലേയ്ക്കു് സസന്തോഷം എനിക്കിനിയും യാത്രപറയാം. അതു നമ്മുടെ പൂർവ്വപിതാക്കന്മാർ പറഞ്ഞിരുന്ന പശ്ചിമ ഇൻഡ്യ അല്ല: പ്രത്യുത അതൊരു നവീന ലോകമാണു്—അതേ അതു സ്വർഗ്ഗം തന്നേയാണു്. അയോഗ്യനും അതേസമയം അനാരോഗ്യവാനുമായ ഞാൻ രണ്ടു രാവും രണ്ടു പകലും ഉറക്കവുമില്ലാതെ തീവണ്ടിയിൽ യാത്രചെയ്തതു തികച്ചും അവിവേകമായിപ്പോയി. എന്തായാലും ഇന്നത്തെപ്പോലെ ഒരു ദിനം എന്റെ ജീവിതകാലത്തുണ്ടായിട്ടില്ല. എട്ടേമുക്കാൽ മണിക്കു ലൂർദിലെത്തിയസമയത്തുതന്നെ നമ്മുടെ അമ്മയുടെയനുഗ്രഹം എനിക്കനുഭവപ്പെട്ടു. ലൂർദ്ദ മെത്രാന്റെ സെക്രട്ടറിയച്ചനെ തെരുവിൽവച്ചു കണ്ടു. എന്റെ സാക്ഷിപത്രം അദ്ദേഹത്തെ ഞാൻ കാണിച്ചു. തൽക്ഷണം വിബലി അർപ്പിക്കുന്നതിനുള്ള അനുമതിയും ലഭിച്ചു. ഞാൻ ബസിലിക്കയിലെത്തിയപ്പോൾ പ്രധാന പീഠത്തിൽ ബലി അർപ്പിക്കപ്പെടുന്നുണ്ടായിരുന്നു. ഒൻപതുമണിക്കു ഞാൻ കുമ്പാനയ്ക്കു കയറി. അനേകകാര്യങ്ങൾ ഓർത്തു പ്രാർത്ഥിക്കാനുണ്ടായിരുന്നതുമൂലം ബലി സാവധാനം ദീർഘിച്ചുപോയി. കുമ്പാനകഴിഞ്ഞു് ഗ്രോട്ടോയിൽപ്പോ

യി അമ്മയെ സന്ദർശിച്ചു. ഈ പ്രാവശ്യം അനുഗ്രഹപൂർണ്ണയായ അമ്മ അസാധാരണമായവിധം എന്നെ അനുഗ്രഹിച്ചു. തൽഫലമായി എന്റെ ആത്മാവു് സന്തോഷം, സമാധാനം, ദൈവികദാനങ്ങൾ ഇവകൊണ്ടു നിറഞ്ഞു. പറഞ്ഞറിയിക്കുവാൻ സാധിക്കാത്തവിധം സകലതും ഹൃദയസ്പർശകമായിരുന്നു! സാധുവും നിഷ്ക്രിയനുമായ ഞാൻ! തന്റെ ചുറ്റും തീർത്ഥകർ എന്തുചെയ്തിരുന്നുവെന്നു് അയാൾ അറിഞ്ഞില്ല! എന്നാൽ എന്റെ അമ്മയുടെ മുഖം ഒന്നു കാണുന്നതിനായി ദൃഷ്ടികളെ ഒന്നു മേല്പോട്ടയത്തി. അതിനിടക്കു് ഒരു വണ്ടിയിൽ ഇരുന്നു് ഒരു ഭീനക്കാരി കൈകൾ മേല്പോട്ടയത്തിപ്പിടിച്ചുകൊണ്ടു കൊന്തജപിക്കുന്നതു ഞാൻ കണ്ടു. എന്റെ ഹൃദയം ദൈവസ്നേഹത്താൽ കത്തിയെരിയുവാൻ തുടങ്ങി. പുത്രസഹജമായ സ്നേഹത്തോടെ ഞാൻ അമ്മയോടു സംസാരിക്കാൻ തുടങ്ങി. ഇതിനുമുമ്പൊരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്തവിധം എന്റെ ഹൃദയത്തെ എന്റെ യാതൊരു പ്രത്യേക യത്നവും കൂടാതെ ആ അമ്മ ആദ്ധ്യാത്മികസന്തോഷങ്ങളാൽ നിറച്ചു. അഞ്ചുമിനിട്ടനേരം മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുന്നതിനശക്തനായ ഞാൻ ഇതു ദീർഘസമയം അവിടെ കഴിച്ചുകൂട്ടിയതെങ്ങനെയെന്നറിഞ്ഞുകൂടാ. ഈ സമയം ഒരു വൈദികനെന്നെ സമീപിച്ചു് ഈവിധം പറയുകയുണ്ടായി: "അവിടുന്നു് ഈ നില തുടർന്നാൽ അഞ്ചു വിനാഴികയ്ക്കുള്ളിൽ ബോധരഹിതനാകും. എഴുന്നേറ്റു് ഉറവയ്ക്കടുക്കലേയ്ക്കു പോകുക. അവിടെ അന്തരീക്ഷം കുറെ തണുത്തതാണു്." ഞാൻ അവിടെ എന്തു പ്രാർത്ഥിച്ചു എന്നും എന്തു ചെയ്തു എന്നും എന്നോടു ദയവായി ചോദിക്കരുതെ! ഈ വൈദികൻ വന്നു് ഇപ്രകാരം എന്നോടു വർത്തിച്ചതെന്തുകൊണ്ടായിരിക്കാം? ഞാൻ വീണ്ടും പറയുന്നു. ഇതൊന്നും എനിക്കറിയാം. ഞാൻ എന്റെ അമ്മയുടെ പാദങ്ങളുടെ സമീപം ആയിരുന്നു. നാഥയുടെ സാന്നിദ്ധ്യവും പ്രവർത്തനവും എനിക്കനുഭവപ്പെട്ടിരുന്നു. ഉറവയുടെ അടുക്കൽ ഒരു ആയിരം ഭീനക്കാർ സുഖപ്രാപ്തിക്കായി പ്രാർത്ഥിക്കുന്നതു ഞാൻ കണ്ടു. ഒരു കപ്പൂച്ചിൻ സന്യാസി കൊന്തയുടെ ഓരോ രഹസ്യത്തിനുശേഷവും പ്രസംഗിക്കുന്നുണ്ടായിരുന്നു. മറ്റുള്ളവരോടൊപ്പം ഞാനും പാടുകയും, പ്രാർത്ഥിക്കുകയും നിലത്തു മുത്തുകയുംചെയ്തിരുന്നു. കൈകൾ ഉയർത്തിപ്പിടിച്ചു കരുണനിറഞ്ഞ കന്യകയോടു യാത്രയും ചൊല്ലി അഞ്ചുമണിയോടുകൂടി തീവണ്ടികയറി ഞാൻ സ്ഥലംവിട്ടു. ഇതാണു് എന്റെ ലൂർദ്ദു സന്ദർശനത്തിന്റെ ദീർഘമായ വിവരണം. ഗാ

ഗുൽത്ത ഞാൻ കണ്ടില്ല, ഗുഹയും ഞാൻ കണ്ടില്ല. ഭദ്രാസനദേവാലയത്തിന്റെ പ്രകൃതിയോ അതിനകത്തെന്തെല്ലാം ഉണ്ടെന്നോ വിവരിക്കുവാൻ എനിക്കു വയ്യാ. ഞാൻ ലൂർദ്ദുസന്ദർശിച്ചു എന്നതു പരമാർത്ഥമാണു്. ലൂർദ്ദിൽ പോകുക എന്നതു് എന്നെസംബന്ധിച്ചിടത്തോളം എന്റെ സ്വർഗ്ഗീയ മാതാവിനെ കാണുക–അമ്മയോടു സംസാരിക്കുക–അമ്മയോടു പ്രാർത്ഥിക്കുക–ഇതുമാത്രമായിരുന്നു. അതനുസരിച്ചു് ഞാൻ നാഥയെ സന്ദർശിച്ചു; നാഥയോടു സംസാരിച്ചു, നാഥയോടു പ്രാർത്ഥിച്ചു. മെക്സിക്കോയ്ക്കു പോകുക എന്നതു ഞാൻ വിചാരിച്ചതുപോലെ അതു വിഷമമല്ലെന്നാണു് അമ്മ എന്നോടു പറഞ്ഞതു്! അല്ലയോ അച്ച, മെക്സിക്കോയ്ക്കു മടങ്ങുക എന്നതു് എന്റെ സ്വഭാവം നോക്കുമ്പോൾ വളരെ അസുഖം ഉളവാക്കുന്ന ഒരു പ്രശ്നമായിരുന്നു. കാരണം, എനിക്കു് അശേഷം സുഖമില്ല. പഠനം പൂർത്തിയാക്കിയിട്ടില്ല.– സ്ഥാനത്തിരിക്കുന്ന ഭരണാധികാരി മാതൃഭൂമിയെ നശിപ്പിക്കുന്നതു ദർശിക്കുന്നതു മർമ്മഭേദകം. ദൈവതിരുമനസ്സിനോടു് പൂർണ്ണമായി യോജിച്ചിരിക്കുന്നു എങ്കിലും എന്റെ അമ്മയുടെ മരണത്തെപ്പറ്റിയുള്ള ചിന്ത എന്നെ വല്ലാതെ വിഷമിപ്പിക്കുന്നു. എന്റെ അമ്മയെ ഇനി ഒന്നു കാണുവാൻ സാധിക്കുകയില്ലല്ലോ!.....പക്ഷേ ലൂർദ്ദുനാഥ വേണ്ടതു ധൈര്യം എനിക്കുതന്നു"—കാലസ്സിന്റെ പടയാളികളുടെ വെടിയുണ്ടയ്ക്കെതിരെ നിൽക്കുവാനുള്ള ധൈര്യം ഫാദർ പ്രോയിക്കു് പെട്ടെന്നു ലഭിച്ച ഒരത്ഭുതദാനമല്ലായിരുന്നു. ധൈര്യം എന്ന ഗുണം നമ്മുടെ കഥാനായകനു ലഭിച്ചതു് ഈശോയുടെ ഹൃദയവുമായുള്ള ഐക്യത്തിലും, വ്യാകുലമാതാവിനോടുള്ള ഭക്തിയിലുംനിന്നായിരുന്നു. സന്മനസ്സുള്ള ആത്മാക്കളിൽ ഈവിധം അത്ഭുതങ്ങൾതന്നെ ദൈവം പ്രവർത്തിക്കും.

വ്യാകുലമാതാവിനോടു് ഫാദർ പ്രോയ്ക്കുണ്ടായിരുന്ന ഭക്തി ഏതുവിധമെന്നു താഴെ ചേർത്തിരിക്കുന്ന പ്രാർത്ഥനയിൽനിന്നു ഗ്രഹിക്കാവുന്നതാണു്: ഓ! എന്റെ അമ്മേ! അമ്മയുടെ ഏകാന്തതയിലും കഠിന ദുഃഖത്തിലും ഭാഗഭാക്കാകുന്നതിനുവേണ്ടി അങ്ങയുടെ സ്മീപേ ഞാനും വസിക്കട്ടെയോ? അങ്ങേ ഹൃദയത്തിന്റെ അനിസ്സഹായാവസ്ഥയും കണ്ണുനീർ നിറഞ്ഞ നയനങ്ങളിലെ അഗാധദുഃഖവും എന്റെ ആത്മാവിൽ ഞാനും അനുഭവിക്കട്ടെയോ? കണ്ണുനീരിന്റെ ഈ താഴ്വരയിൽ ബത്ലഹമിലെ സന്തോഷം ഞാൻ അന്വേഷിക്കുന്നില്ല. അങ്ങേയുടെ കന്യകാഹൃദയങ്ങളിലേ ദിവ്യയു

ണ്ണിയെ ആരാധിച്ചാനന്ദിക്കുന്നതിനും എനിക്കാഗ്രഹമില്ല; നസ്രത്തുഭവനത്തിലെ ഉണ്ണിഈശോയുടെ ആ മനോജ്ഞമായ സഹവാസം ഞാൻ കൊതിക്കുന്നില്ല; സ്വർഗ്ഗാരോപണത്തിലെ വാങ്മയരോട്ടകളുടെ അങ്ങയെ സ്തുതിക്കുന്നതിനും ഞാൻ കാംക്ഷിക്കുന്നില്ല: ഈ ജീവിതത്തിൽ ഞാൻ ആഗ്രഹിക്കുന്നതു് ഗാഗുൽത്തായിലെ ആ അട്ടഹാസങ്ങളും പരിഹാസങ്ങളും അങ്ങേയുടെ പുത്രന്റെ അതിദാരുണമായ മരണവേദനയും കുരിശിൽ തൂങ്ങുന്നതിന്റെ അപമാനവും അവഹേളനവും മാത്രം. ഓ! ദുഃഖിതയായ എന്റെ അമ്മേ അങ്ങേയുടെ അടുത്തുനിന്നുകൊണ്ടു് അങ്ങേയുടെ കണ്ണുനീരിന്റെ ശക്തിമൂലം എന്റെ ആത്മാവു ശക്തിപ്രാപിക്കുന്നതിനും, അങ്ങേയുടെ ധർമ്മസാക്ഷിത്വംമൂലം എന്റെ ജീവാപ്പണത്തെ പൂർത്തിയാക്കുന്നതിനും അങ്ങേയുടെ ഏകാന്തതയെ ഭഞ്ജിച്ചു് എന്റെ ഹൃദയാഭിലാഷങ്ങളെ ക്രമീകരിക്കുന്നതിനും, അങ്ങേയുടെ പരിത്യാഗത്തിനനുസൃതമായ പരിത്യാഗപ്രവൃത്തികൾമൂലം അങ്ങേയുടേയും എന്റേയും ദൈവത്തെ സേവിക്കുന്നതിനും ഞാൻ അതിയായി ആഗ്രഹിക്കുന്നു. ആമ്മേൻ."

❖❖❖❖❖❖❖❖❖

അദ്ധ്യായം പത്തു്

അന്യായമായ വധം

ഒരു വേദസാക്ഷിയായി മരിക്കുവാൻ ഫാദർ പ്രോ അതിയായി ആഗ്രഹിച്ചിരുന്നു. അനേകരുടെ രക്ഷം ചിന്തൽ മൂലമേ മെക്സിക്കോയിൽ ഒരു നവീകരണമുണ്ടാകയുള്ളു എന്ന ബോധം ആ ആഗ്രഹത്തെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. നവംബർമാസം ഒടുവിൽ മഠംവക ഒരു കപ്പേളയിൽ അദ്ദേഹം അവസാനമായി കുമ്പസാരം ചൊല്ലി. കുമ്പസാരിപ്പിച്ചുമൻപു ബ. സഹോദരിമാരോടു്, തന്റെ ജീവനെ സ്വതന്ത്രരാജ്യത്തു മതസ്വാതന്ത്ര്യം ലഭിക്കുന്നതിനായി കുരുണാപൂർവ്വം ദൈവം സ്വീകരിക്കുവാൻ തക്കവണ്ണം പ്രാർത്ഥിക്കണമെന്നു പറഞ്ഞു. കുമ്പസാരിപ്പിച്ചശേഷം "നമ്മുടെ പ്രാർത്ഥന ദൈവം

കേട്ടതുപോലെ എനിക്കു തോന്നുന്നു'' എന്നു മഠാധിപയോടു അദ്ദേഹം പറയുകയുണ്ടായി. അനന്തരം ദൈവതിരുമനസ്സു തന്നിൽ പൂർണ്ണമായി നിറവേറ്റുന്നതിനു് അദ്ദേഹം സ്വയം സന്നദ്ധനാക്കി.

ഫാദർ പ്രോയെ ഏതെങ്കിലും വിധത്തിൽ വധിക്കുന്നതിനു് കാലസ്സു് അവസരം നോക്കിയിരിക്കുകയായിരുന്നു. നവംബർ 13–ാംനു- ഒരനിഷ്ടസംഭവമുണ്ടായി. അന്നു് ജനറൽ ഒബ്രഗൺ പ്രധാന പട്ടണത്തിൽ തിരിച്ചെത്തിയശേഷം ഒരു "കാളപ്പോരു''കാണുന്നതിനായിസ്ഥലം വിട്ടു. അവിടെയ്ക്കു പോകുന്നവഴി, ആയുധപാണികളായ നാലു യുവാക്കന്മാരെ വഹിച്ചിരുന്ന ഒരു കാർ എതിരെ വന്നു. യുവാക്കളിൽ ഒരുവൻ ജനലിന്റെ നേർക്കു് ഒരു ബോംബെറിയുകയും, മറ്റുള്ളവർ തോക്കുകളുടെ നിറ ഒഴിക്കുകയും ചെയ്തു. ഒബ്രഗന്റെ അംഗരക്ഷകന്മാരും വെടിവെച്ചു. അതിന്റെഫലമായി എതിരാളികളിൽ ഒരുവനു മുറിവേറ്റു. ആരാണു കൃത്യം നടത്തിയതെന്നു് ഒരു തെളിവും ലഭിച്ചില്ല. ഫാദർ പ്രോയോ സഹോദരൻ ഹ്യൂബേർത്തോയോ ആ ബഹളം നടന്ന സ്ഥലത്തു് ഇല്ലായിരുന്നു. ഒബ്രഗനെതിരായി നടന്ന ശ്രുഡ്ധാലോചനകളെപ്പറ്റി ഇവർക്കു യാതൊരറിവും ഇല്ലായിരുന്നുവെങ്കിലും ഇതുതന്നെ പ്രോയെ പിടിക്കുവാനുള്ള അവസരം എന്നു കാലസ് നിശ്ചയിച്ചു. നവംബർ 17–ാംനു- ജമോന്തസ് ദെ ഓക്കാ എന്ന മാന്യസ്ത്രീയെ ഉദ്യോഗസ്ഥന്മാർ പെട്ടെന്നു് അറസ്റ്റുചെയ്തു്, കാരാഗൃഹത്തിലാക്കി. സുരക്ഷാർത്ഥം ചില സംഗതികളും വെളിപ്പെടുത്തിയ കൂട്ടത്തിൽ, അറിഞ്ഞോ അറിയാതേയോ പ്രോയും സഹോദരന്മാരും ഒളിച്ചുവസിക്കുന്ന സ്ഥലം അവർ വെളിപ്പെടുത്തി.

ഒരുകൊല്ലത്തോളം കാലസ്സിന്റെ ഏജന്റന്മാരെ കബളിപ്പിച്ചു നടന്നിരുന്ന ഫാദർ പ്രോയുടെ ഒളിസ്ഥലം അറിഞ്ഞമാത്രയിൽ ആഹ്ലാദഭരിതരായിത്തീർന്ന ഭരണാധികാരികളും അന്നുതന്നെ അദ്ദേഹത്തെ അറസ്റ്റുചെയ്യുന്നതിനു തീരുമാനിച്ചു. ബ്രാസേയേലും ഏതാനും പടയാളികളും അതിനു നിയുക്തരായി. പുതിയ വസതിയിൽയാതൊരു ഭയാശങ്കകളും കൂടാതെയാണു പ്രോയും സഹോദരന്മാരും വസിച്ചിരുന്നതു്. അവിചാരിതമായി ഒരു ദിവസം വെളുപ്പിനു നാലുമണിക്കു് ഒരു സംഘം പട്ടാളക്കാർ ആ ഭവനം വളഞ്ഞു. "അനങ്ങിപ്പോകരുതു്" എന്നു ഭടന്മാർ അട്ടഹസിച്ചു. സാഹചര്യങ്ങളുടെ ഗൗരവം മനസ്സിലാക്കിയയുടൻ ഹ്യൂബേർത്തോ സ്വസഹോദരനായ വൈദികനോടു തന്നെ കുമ്പസാരിപ്പിക്കണമെന്നാവശ്യ

പ്പെട്ട. അതനുവദിക്കാൻ പാടില്ലെന്നു ബസായേൽ പ്രഖ്യാപിച്ചു എങ്കിലും "ഞാനതു നടത്തിക്കൊടുക്കും" എന്നു പറഞ്ഞു് മിഗ്വേൽ സഹോദരനെ മുറിയുടെ ഒരു മൂലയിലേയ്ക്കു വിളിച്ചുകൊണ്ടുപോയി കുമ്പസാരിപ്പിച്ചു; ഇപ്രകാരംതന്നെ റൊബെർത്തോ എന്ന സഹോദരനോടും വർത്തിച്ചു. പടയാളികൾ മൂന്നുപേരേയും അറസ്റ്റുചെയ്തു, പുലർച്ചയ്ക്കുമുൻപു കാരാഗൃഹത്തിൽ എത്തിച്ചു. കാലസ്സിന്റെ ഒരു സ്നേഹിതനും വെറുമൊരു പാവയുമായിരുന്ന ക്രൂസിനു് എന്തുപ്പണ്ടായേക്കുമെന്നു് ഭയമുണ്ടായിരുന്നു. അയാൾ മാത്രമേ കാലസ്സിന്റെ ഗൂഢാലോചനകൾ അറിഞ്ഞിരുന്നുള്ളു. മിഗ്വേൽ പ്രായുടെ കേസിൽ സാക്ഷിയും വക്കീലും വിധികർത്താവുമെല്ലാം ഇയാൾ തന്നെ ആയിരുന്നു. പുലർച്ചയ്ക്കുമുൻപു ക്രൂസ് വന്നെത്താഞ്ഞതുമൂലം കക്ഷികളെ കാരാഗൃഹത്തിലിട്ടടച്ചു. മൂന്നുപേരും കാരാഗൃഹത്തിലെ സാധാരണ ചടങ്ങുകൾക്കു വിധേയരായതു കൂടാതെ, പടയാളികളുടെ ഒരു വിചാരണയ്ക്കുകൂടി കീഴ്പ്പെടേണ്ടിവന്നു. വിചാരണയുടെ ഉദ്ദേശ്യം ഒബ്രഗന്റെ കാറിനു ബോംബെറിഞ്ഞതു് ഇവരാണെന്നു സമ്മതിപ്പിക്കുക ആയിരുന്നു. "അതു് നിങ്ങളുടെ പണിയല്ലേ?" ഒരു പടയാളി ചോദിച്ചു. "ഇതൊരു പുതിയ വാർത്തയാണല്ലോ" എന്നു റൂബേർത്തോ ഉത്തരം നൽകി. അപ്പോഴേക്കും ക്രൂസ് വന്നെത്തി; എങ്കിലും പെട്ടെന്നു മേൽനടപടികൾ സ്വീകരിക്കാതെ തടവുകാരെ പാഠംപഠിക്കുന്നതിനുള്ള സ്ഥലം നിശ്ചയിച്ചുകൊടുക്കുകമാത്രം ചെയ്തു. ഈ ഉത്തരവിൻപ്രകാരം മിഗ്വൽ പ്രായും, റൊബെർത്തായും ഒരു മുറിയിലും അടുത്ത ദിവസം അറസ്റ്റുചെയ്യപ്പെട്ട മിസ്സസ് മൊന്തസ് ദേ ഓക്കായും ഇബേർത്തായും വേറൊരു മുറിയിലും വാസമുറപ്പിച്ചു. മൂന്നുദിവസത്തേയ്ക്കു്, അറസ്റ്റിനെസംബന്ധിച്ചു പൂർണ്ണമൗനം പാലിക്കപ്പെട്ടു. നവംബർ 23-ാംനു- ക്രൂസാണു് വാർത്ത പരസ്യപ്പെടുത്തിയതു്. മതസ്വാതന്ത്ര്യസംരക്ഷണലീഗുകാർ ആണു് ഒബ്രഗൺ കലാപത്തിന്റെ കാരണക്കാരെന്നും, മതപരമായ യോഗങ്ങൾ നടത്തുന്നതിനായി ഇബേർത്തായും മൊന്തസ്സ് ദേ ഓക്കായും കൂടി വാടകയ്ക്കെടുത്തിരുന്ന ഭവനത്തിൽ ബോംബുണ്ടാക്കുന്നതിനുള്ള സാധനങ്ങൾ കണ്ടെത്തി എന്നും പ്രഖ്യാപനം ചെയ്തതു കൂടാതെ, കലാപക്കാരുടെ "കാര" പലപ്രാവശ്യം ആ ഭവനത്തിന്റെ മുറ്റത്തു കിടക്കുന്നതു കണ്ടതായും അറിയിപ്പിൽ പ്രസ്താവിക്കപ്പെട്ടിരുന്നു.

എന്നാൽ നവംബർ 22-ാംനു- വേറൊരു സംഭവം നടന്നി

രുന്നു. അന്നു് ക്രൂസ് ചില പത്രപ്രതിനിധികളുമൊന്നിച്ചു തടവുകാരെ സന്ദർശിച്ചു. "എക്സ്സ്സേൽസിയോർ" പത്രത്തിന്റെ ലേഖകനോടു് ഫാദർ പ്രോ ഇപ്രകാരം പറയുകയുണ്ടായി: "എന്നെ ബന്ധിച്ചവരോടു ഞാൻ വളരെ കടപ്പെട്ടിരിക്കുന്നു. എന്നാൽ ഒബ്രഗൺ കലാപത്തിൽ എനിക്കു യാതൊരു പങ്കും ഇല്ല. ഞാൻ നിയമത്തിന്റെയും ക്രമത്തിന്റെയുമൊരു മിത്രമത്രെ. എന്റെ മനസ്സാക്ഷി സ്വസ്ഥമാണു്. നീതിനിർവേറ്റപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു. വധോദ്യമംസംബന്ധിച്ചു് എന്റെമേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റം ഞാൻ നിഷേധിക്കുന്നു."

ജനറൽ ഒബ്രഗൺതന്നെ തന്റെ ജീവഹാനിക്കുദ്യമിച്ചവർ ആരെന്നുള്ളതിനെപ്പറ്റി അപ്പോഴും സംശയിച്ചിരുന്നു. സെറോനയുടേയും, ഗോമസ്സിന്റേയും സഹകാരികളെ അപ്പോഴും അദ്ദേഹത്തിനു സംശയമുണ്ടായിരുന്നു. കാലസ്സതന്നെ മൊറോനസ്സെന്നൊരുവന്റെ സഹായത്തോടുകൂടെ ഇങ്ങനെ പ്രവർത്തിച്ചതല്ലേയെന്നും ഒബ്രഗനു സംശയമുണ്ടായി. സകല സംശയങ്ങളുടേയും നിവാരണത്തിനും പ്രോയ്ക്കും സഹോദരന്മാർക്കും അതിൽ വല്ല പങ്കുമുണ്ടോയെന്നറിയുന്നതിനുമായി ഒരു പരസ്യവിസ്താരംതന്നെ നടത്തുന്നതിനു് ഒബ്രഗൺ തീർച്ചപ്പെടുത്തി. അതിലേക്കു് അദ്ദേഹത്തിന്റെ വക്കീലും നവംബർ13-ാംനു കൂടെ കാറിൽ ഉണ്ടായിരുന്ന ആളുമായ ആർട്ടറോ ഓർച്ചി ജനറൽ ക്രൂസ്സിന്റെ പക്കലേക്കയക്കപ്പെട്ടു. കാരാഹുഹവാസികളും ഈ സമയമെല്ലാം പോലീസ് ഇൻസ്പെക്ടർ ജനറാലിന്റെ അധീനത്തിലായിരുന്നു. ഓർച്ചി ക്രൂസ്സിന്റെ ഭവനത്തിലെത്തിയപ്പോൾ അയാൾ സ്ഥലത്തില്ലായിരുന്നുവെങ്കിലും സെക്രട്ടറി ബസീറോ ഗുയേറാലിൻ ഓർച്ചിയെ യഥാവിധി സ്വീകരിച്ചു. ഉടൻതന്നെ കേസു വിസ്താരം നടത്തണമെന്നുള്ള ഒബ്രഗന്റെ ആഗ്രഹം ഓർച്ചി വെളിപ്പെടുത്തി. അനന്തരം തടവുകാരുടെ അറസ്റ്റിനെപ്പറ്റിയുള്ള ഔദ്യോഗിക റിപ്പോർട്ടൊന്നു കാണിക്കുവാനാവശ്യപ്പെട്ടു. ലീൻ ഉടൻതന്നെ ഒരു കടലാസ് അദ്ദേഹത്തിനു നീട്ടിക്കൊടുത്തു. ഓർച്ചി അതു വാങ്ങി നോക്കിയശേഷം "കുറ്റത്തെപ്പറ്റി ഇതിലൊന്നും കാണുന്നില്ലല്ലോ" എന്നു പറഞ്ഞു. ഇതുമാത്രമേ ഞങ്ങൾക്കു ലഭിച്ചിട്ടുള്ളുവെന്നു് സിക്രട്ടറിയും ഉത്തരം നല്കി. ഓർച്ചി വീണ്ടും "കുറ്റക്കാരുടെ കുറ്റത്തെപ്പറ്റി പോലീസ് നായകന്റെ അഭിപ്രായമെന്തായിരിക്കും?" എന്നു ചോദിച്ചു. ആത്മാർത്ഥത വെളിപ്പെടുത്തുന്ന ഗൗരവത്തോ

ടെ ലീൻ ഇപ്രകാരം പറഞ്ഞു: പ്രോയും സഹോദരന്മാരും അവർ കുറക്കാരെന്ന സമ്മതിച്ചിട്ടില്ലെന്ന മാത്രമല്ല, ഈ വിനാഴികവരെയും അവർ കുറവാളികളെന്ന തെളിഞ്ഞീട്ടമില്ല. ഏതായാലും ഒബ്രുശന്റെ ആഗ്രഹാനുസരണം ഒരു പരസ്യവിചാരണ നടത്താമെന്ന ഞാൻ വാശാനം ചെയ്യുന്നു.

കാരാഗൃഹവാസികളുടെ മുറികളിൽ ഒരു വലിയ ശാലയ്ക്കുഭിമുഖമായിരുന്നു. പ്രോയ്ക്കും സഹോദരനും അടുത്ത മുറിയിൽ വസിച്ചിരുന്ന സഹോദരനേയും മിസ്സസ് ഓക്കയേയും കാണാമായിരുന്നതിനാൽ ഇരുകൂട്ടരും ആംഗ്യങ്ങൾവഴി കായ്ങ്ങൾ ഗ്രഹിച്ചിരുന്നു. ജയിലഴികളുടെയിടയിൽക്കൂടെ കൈകളെ സ്വാധ്ധത്തിലേക്കുയത്തി ആസന്നമായിരിക്കുന്ന സ്വാധ്ധത്തെപ്പറ്റി ഫാദർ പ്രോ പ്രസംഗിച്ചു. തനിക്കു മിസ്സസ് ഓക്കായിൽനിന്നു ലഭിച്ച ഉപകാരങ്ങൾക്ക് അദ്ദേഹം നന്ദി പറയുകയും ശേഷിച്ചിരുന്നതു് സ്വർഗ്ഗത്തിലെത്തുമ്പോൾ തന്നു വീട്ടിക്കൊള്ളാമെന്നു് വാശാനം ചെയ്യുകയും ചെയ്തു. കാരാഗൃഹത്തിൽ വസിച്ചിരുന്നവക്കെല്ലാം അദ്ദേഹം "പാപമോചനം" നല്കി. നവമ്പർ 20–ാംനു- ഒരു ഞായറാഴ്ചയായിരുന്നു. അച്ചനും വിശ്വാസികളുംകൂടി പ്രാത്ഥന, ജ്ഞാനവായന മുതലായതോടുകൂടെ ആ ദിവസത്തെ ഒരു വിശേഷദിവസമായി കൊണ്ടാടി. "സെൻറ് ഇഗ്നേഷ്യസ് മാച്ച്" എന്ന ഗാനമാലപിച്ചുകൊണ്ടു് ചടങ്ങുകളവസാനിപ്പിച്ചു. പ്രോയുടെ സമയത്തിലൊരു നല്ലഭാഗം കൊന്തയെത്തിക്കുന്നതിനായിട്ടാണു് ചെലവാക്കിയതു്. രാത്രിപ്രാത്ഥന കൂട്ടമായിട്ടത്രെ നടത്തിയിരുന്നതു്.

കാരാഗൃഹവാസികളെ എല്ലാ ദിവസവും വിസ്തരിച്ചിരുന്നു. നവമ്പർ 22–ാംനു-, അടുത്ത ദിവസം വധിക്കപ്പെടുവാനിരുന്നവരുടെ ഫോട്ടോ എടുക്കുന്നതിനു ഫോട്ടോഗ്രാഫർ ചെന്നു. ഫാദർ പ്രോയും സഹോദരന്മാരും യാതൊരു പ്രതിഷേധവും കാണിച്ചില്ല. കാരണം, വിചാരണ നടത്തിയാൽ തീച്ചയായും വിമോചനം പ്രാപിക്കാമെന്നവക്കു് വിശ്വാസമുണ്ടായിരുന്നു. 23–ാംനു- രാവിലത്തെ പത്രത്തിൽ "തടവുകാരെക്കുറിച്ചു ലഭിച്ചിട്ടുള്ള അറിവിനുനുസൃതമായ വിസ്താരം നടത്തുന്നതായിരിക്കും" എന്നു കൃസ് പരസ്യം ചെയ്തു. പക്ഷേ എട്ടു മണിയോടെ പെട്ടെന്നൊരു വ്യത്യാസം കാണപ്പെട്ടു. കാരാഗൃഹത്തിനു ചുറ്റും ഒരു വലിയ ബഹളം. പടയാളികൾ നിരനിരയായി നിന്നുകഴിഞ്ഞു. പത്രറിപ്പോർട്ടറന്മാരും ഫോട്ടോഗ്രാഫറന്മാരും മുന്നറിയിപ്പനുസരിച്ചു സ്ഥലത്തെത്തിയി

രുന്നു. തെരുവുകളും ആശ്ചര്യഭരിതരായ ജനങ്ങളെക്കൊണ്ടു തിങ്ങി. ഇതിനിടയിലു് കാരാഗൃഹത്തിനുള്ളിൽ വേറൊരു രംഗമഭിനയിക്കപ്പെട്ടു. ഉദ്യോഗസ്ഥന്മാർ ഫാദർ പ്രോയുടെ മുറിയുടെ അടുത്തുചെന്നു് അദ്ദേഹത്തെ വിളിച്ചു. പലപ്പോഴും മൊഴികൊടുക്കുന്നതിനായി ഇങ്ങനെ വിളിക്കപ്പെട്ടിരുന്നതിനാൽ തൽക്ഷണം അദ്ദേഹം മുറിക്കു പുറത്തുവന്നു. പുറംകോട്ടു് ഇട്ടിട്ടില്ലായിരുന്നതിനാൽ അതു ധരിച്ചുകൊണ്ടു വരുന്നതിനായി അദ്ദേഹത്തെ അകത്തേക്കു വീണ്ടും പറഞ്ഞയച്ചു. കോട്ടിടുന്നതിനു റൊബേത്തോ സഹായിച്ചുകൊടുത്തു; സഹായിച്ച അവസരത്തിൽ കരം സോദരന്റെ ശരീരത്തിൽ സ്പർശിച്ചതു് അന്ത്യയാത്ര പറച്ചിലിലെ പിടിച്ചുതഴുകൽ പോലെ കരുതുകയുംചെയ്തു. ഫാദർ പ്രോ വീണ്ടും പുറത്തുവന്നു് ഉദ്യോഗസ്ഥന്മാരെ അനുഗമിച്ചു. പോകുന്നവഴി അദ്ദേഹത്തോടു് ഒരു കാവൽ പടയാളി ക്ഷമായാചനം ചെയ്തപ്പോൾ "ഞാൻ നിങ്ങളോടു ക്ഷമിക്ക മാത്രമല്ല നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. ഇന്നു നിങ്ങൾ എനിക്കു നൽകിയിരിക്കുന്ന മഹാദാനത്തിനായി ഹൃദയപൂർവ്വം നന്ദി പറയുകയും ചെയ്യുന്നു" എന്നു പറഞ്ഞു് യാതൊരു കൂസലും കൂടാതെ അദ്ദേഹം മുമ്പോട്ടു നടന്നു. നിശ്ചിതസ്ഥലത്തെത്തിയപ്പോൾ മേജർ ടൊറേ അദ്ദേഹത്തോടു അവസാന ആഗ്രഹം വെളിപ്പെടുത്തുവാനാവശ്യപ്പെട്ടു. പ്രാർത്ഥിക്കുന്നതിനു തന്നെ അനുവദിക്കണമെന്നു ഫാദർ പ്രോ മറുപടി പറഞ്ഞു. അനന്തരം മുട്ടുകുത്തി കുരിശിന്റെ അടയാളം വരച്ചു് നെഞ്ചിൽ കൈകളും കൂപ്പിപ്പിടിച്ചു് തന്റെ ജീവനെ ഒരു ബലിയായി ഈശോയ്ക്കു കാഴ്ചവെച്ചശേഷം കരങ്ങളിൽ പിടിച്ചിരുന്ന തുങ്ങപ്പെട്ട രൂപം ഭക്തിപുരസ്സരം മുത്തി. അദ്ദേഹം മുട്ടിൽനിന്നെഴുന്നേറ്റയുടൻ പടയാളികളും കണ്ണുകളും മൂടിക്കെട്ടുന്നതിനു് അടുത്തു. അദ്ദേഹത്തിനു് അതു ഇഷ്ടമല്ലായിരുന്നു. ആ മനഃസ്ഥിതികണ്ടു് ആശ്ചര്യപ്പെട്ട പടയാളികളോടും മറവു നിരീക്ഷകരോടും ഫാദർ പ്രോ ഇപ്രകാരം പ്രഖ്യാപനം ചെയ്തു. "ഞാൻ ചെയ്യുന്നു എന്നു നിങ്ങളും പറയുന്ന കുറ്റം ഞാൻ ചെയ്തിട്ടില്ല. അതിനുള്ള സാക്ഷി ദൈവംമാത്രം. ആ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ". ഇതുമുഴുവൻ പറഞ്ഞു കയ്യിലിരുന്ന കുരിശുരൂപംകൊണ്ടു് ചുറ്റും നിന്നിരുന്നവരെ അദ്ദേഹം അനുഗ്രഹിച്ചു; ഒടുവിൽ ജപമാല ഇടത്തുകയ്യിൽ ചുറ്റിയശേഷം കൈ കുരിശിന്റെ ഭാഷയിൽ പിടിച്ചുകൊണ്ടു്, സ്ഫുടമായ സ്വരത്തിൽ സമാധാനത്തോടെ ഇപ്രകാരം പറ

ഞ്ഞു. "ഞാൻ എന്റെ ശത്രുക്കളോട് മുഴുഹൃദയത്തോടെ ക്ഷമിക്കുന്നു." ഫാദർ പ്രോ സ്വല്പനേരം മൗനം അവലംബിച്ചുശേഷം 11-ാം പീയൂസ് മാപ്പാപ്പാ ക്രിസ്തീയ ലോകത്തിനു നൽകിയിരിക്കുന്ന 'ക്രീസ്തുരാജൻ നീണാൾ വാഴട്ടെ!' എന്ന മുദ്രാവാക്യം വൈദികർ ബലിയിൽ കൂദാശമൊഴികൾ ചൊല്ലുന്നവിധം താഴ്ന്നതും സ്ഫുടവുമായ സ്വരത്തിൽ ഉച്ചരിച്ചു് താൻ തയാറായിരിക്കുന്നുവെന്നു് പടയാളികളെ ആംഗ്യം കാണിച്ചതും വെടിവയ്ക്കുവാനുള്ള കല്പന നൽകിയതും ഒന്നിച്ചു കഴിഞ്ഞു. കൈകൾ വിരിച്ചുപിടിച്ചുകൊണ്ടുതന്നെ ഫാദർ നിലംപതിച്ചു. ഉടനെ ഒരു പടയാളി മുൻപോട്ടുവന്നു് വീണുകിടന്നിരുന്ന ശരീരത്തിന്റെ തലയ്ക്കു് ഒരു വെടിയുംകൂടെ വച്ചു. അപ്പോൾ സമയം രാവിലെ 10½ മണി ആയിരുന്നു. ഇതിനെത്തുടർന്നു് ഹുബേർത്തായും കൊലക്കളത്തിലേയ്ക്കാനയിക്കപ്പെട്ടു; അവിടേയ്ക്കു പോകുന്നവഴിക്കു് അപ്രതീക്ഷിതമായി സ്വസഹോദരന്റെ രക്തംപുരണ്ട ശരീരം കണ്ടു് ഒന്നമ്പരന്നെങ്കിലും, തനിക്കു ശക്തിലഭിക്കുവാനായി മരിച്ചുകിടന്ന സഹോദരനെ ഒന്നു സ്തുതിച്ചിട്ടു നിശ്ചിതസ്ഥലത്തേക്കുപോയി. പ്രേഷിതജോലിയിൽ സ്വസഹോദരവൈദികന്റെ വലംകയ്യായി വർത്തിച്ച ഹുബേർത്തായ്ക്കും ആ സഹോദരനോടുകൂടെ വേദസാക്ഷിത്വം അനുഭവിക്കുന്നതിനുള്ള അനുഗ്രഹം ദൈവം നൽകി. ഇങ്ങനെ അവർ ഇരുവരുടേയും കഥ അവസാനിച്ചു.

കാരാഗൃഹത്തിന്റെ കമ്പികളുടെയിടയിൽക്കൂടെ റൊബേർത്താ ഈ സംഭവങ്ങളെല്ലാം ദർശിച്ചിരുന്നു. മിഗുവൽ പ്രോ കൈവിരിച്ചു നിന്നിരുന്നതു് അദ്ദേഹം കാണുകയും അനന്തരസംഭവങ്ങൾ പറഞ്ഞു കേൾക്കുകയും ചെയ്തിരുന്നു. അവിടെനിന്നുകൊണ്ടു്, മിസ്റ്റർ വിൽക്കിയും സ്വസഹോദരൻ ഹുബേർത്തായും ഒരു യുവതൊഴിലാളി റിറിറാസോയും നിലംപതിക്കുന്നതു് അദ്ദേഹം കണ്ടു. ദൈവനിശ്ചയം റൊബേർത്താ പ്രേഷിതജോലി തുടർന്നുകൊണ്ടുപോകണമെന്നായിരുന്നു. മൃതശരീരങ്ങൾ പട്ടാളവകുപ്പിലെ ആശുപത്രിയിലേയ്ക്കു മാറ്റപ്പെട്ടു. വധശിക്ഷയുടെ സമയത്തു് പ്രോസഹോദരങ്ങളുടെ ബന്ധുമിത്രാദികൾക്കു് വന്നുചേരുന്നതിനു സാധിച്ചില്ല. എന്നാൽ സഹോദരി ആൻമരിയായ്ക്കു് സംഭവഗതിയെപ്പറ്റി ഏതാണ്ടൂഹമുണ്ടായിരുന്നതിനാൽ 23-ാംനു- 9 മണിക്കു് സ്വസഹോദരങ്ങളെ ഒന്നു കാണുന്നതിനു ജനറൽ ക്രൂസിനോട്ട അനുമതി ചോദിച്ചു; പക്ഷേ അനുമതി ലഭിച്ചില്ല. ജീവനോടെ സഹോ

ദരങ്ങളെ ഒന്നുകൂടെ കാണുന്നതിനു ക്ഷമാപൂർവ്വം പാർത്തിരുന്ന സമയത്താണു് അവരെ വെടിവെച്ചു കൊന്നു എന്ന വാർത്ത ശ്രവിച്ചതു്. പതിനൊന്നരമണിയോടുകൂടെ ബന്ധുമിത്രാദികൾ വന്നു ചേർന്നു. തൽക്ഷണം ആശുപത്രിയിലെ ഒരു മുറിയിൽവച്ചു്, ദ്വിതശരീരങ്ങൾ പരിശോധിക്കപ്പെട്ടു. അഞ്ചുണ്ടകൾ ഫാദർ പ്രോയുടെ ചങ്കിനകത്തുണ്ടായിരുന്നു. മൃതശരീരങ്ങൾ ശവപ്പെട്ടിയിൽ വച്ചശേഷം ആൻമരിയയ്ക്കു്, അകത്തേക്കു പ്രവേശനം നൽകി. അവർ രണ്ടു ശവപ്പെട്ടികളുടെ മദ്ധ്യേ കരഞ്ഞുകൊണ്ടു നില്ക്കുമ്പോൾ "എന്റെ മക്കൾ എവിടെ? ഞാനവരെ കാണുവാനാഗ്രഹിക്കുന്നു" എന്നു പറഞ്ഞു് അവരുടെ പിതാവു് അവിടെ ആഗതനായി. അദ്ദേഹം അടുത്തുചെന്നു ആദ്യം ഫാദർ പ്രോയുടേയും അനന്തരം ഫ്രബേത്തോയുടെയും ശവപ്പെട്ടികളുടെ മൂടികമാറ്റി യാതൊരു സ്വരവും പുറപ്പെടുവിക്കാതെ അവരുടെ നെറ്റികളിൽ മുത്തി; പിന്നെ ഒരു തൂവാലയെടുത്തു തലയിൽനിന്നൊലിച്ചിരുന്ന രക്തം തുടച്ചെടുത്തു. ഈ സമയം ആൻമരിയ ഏങ്ങിക്കരഞ്ഞുകൊണ്ടു് പിതാവിന്റെ കരങ്ങളിലേയ്ക്കു മറിഞ്ഞു. അദ്ദേഹം അവളെ സാവകാശം താങ്ങി, "മകളെ, എന്തിനു കരയുന്നു. അതിനുള്ള കാരണമൊന്നും ഇവിടെയില്ല" എന്നു പറഞ്ഞു് അവർ ഉപയോഗിച്ചിരുന്ന ചില ചെറുസാധനങ്ങൾ തിരുശേഷിപ്പുപോലെ കരുതി എടുത്തുകൊണ്ടു സ്വഗൃഹത്തിലേയ്ക്കു മടങ്ങുകയും ചെയ്തു.

വധവിവരം പട്ടണത്തിൽ പരസ്യമായി. പ്രോയും സഹോദരന്മാരും കുറക്കാരാണെന്നു് ആരും കരുതിയില്ല. അവർ നിരപരാധികളെന്നുള്ള അഭിപ്രായക്കാരിൽ ക്രൂസും ഒബ്രഗനും കൂടെ ഉൾപ്പെടുന്നു. ഒബ്രഗന്റെ വക്കീൽ, പ്രോയും സഹോദരനും കൊലക്കളത്തിലേയ്ക്കാനയിക്കപ്പെടുന്നതു കണ്ടപ്പോളും അവർ കുറക്കാരാണെന്നു കരുതിയില്ല. ഒബ്രഗനെ ബോബെറിഞ്ഞ കാറിൽ പ്രോസഹോദരന്മാർ ഇല്ലായിരുന്നുവെന്നു് ഓർപ്പിതന്നെ മൊഴികൊടുക്കുകയുണ്ടായി. എതായാലും ക്രൂസിന്റെ കയ്യിലകപ്പെട്ടതു് യുവജനപ്രസ്ഥാനത്തിന്റെ സ്ഥാപകനും അതിതീക്ഷ്ണതയുള്ള ഒരു പട്ടക്കാരനും മതസ്വാതന്ത്ര്യസംരക്ഷകനും എന്നു് നേരത്തേ ബോദ്ധ്യമുണ്ടായിരുന്ന റവ. ഫാദർ മിഗുവൽ അഗസ്റ്റിൻ പ്രോ എസ്. ജെ. അയിരുന്നല്ലോ. ഒരുതുവിധമെങ്കിലും അദ്ദേഹത്തെ വധിക്കണമെന്നു നേരത്തെ തീർപ്പുപ്പെടുത്തിയിട്ടുണ്ടായിരുന്നു. പൊ

തുജനങ്ങളുടെ മൻപാകെ നീതിമാനായി കാണപ്പെടുന്നതിനായിട്ടായിരുന്ന മി. ക്രൂസ് "ഒബ്രഗൺ കലാപ"ത്തേയും ഫാദർ പ്രോയേയും കൂട്ടിഘടിപ്പിച്ചതു്. അദ്ദേഹത്തിന്റെ നില 23–ാംനു-എക്സ്ട്രേചേഞ്ചോർ പത്രം പുറത്തു വരുന്നതുവരെമാത്രമെ സുരക്ഷിതമായിരുന്നുള്ളൂ. പത്രം സത്യം വെളിപ്പെടുത്തിയപ്പോൾ ക്രൂസിന്റെ യഥാർത്ഥസ്ഥിതിയും പുറത്തായി. പത്രത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഒബ്രഗൺ കലഹത്തിന്റെ കർത്താക്കളിലൊരുവനായ ഫാദർ പ്രോയെ അറസ്റ്റുചെയ്യുന്നതിനു നേരത്തെതന്നെ പോലീസ് അന്വേഷിച്ചു നടന്നിരുന്നു. പലപ്രാവശ്യവും തങ്ങളുടെ വലയിൽ അദ്ദേഹം പെട്ടുപോയെന്നു് അവർ കരുതിയ സന്ദർഭങ്ങളും കുറവല്ലായിരുന്നു. ആ അവസരങ്ങളിലെല്ലാം സ്വതസ്സിദ്ധമായ കൈശലംമൂലം അദ്ദേഹം അവരെ കബളിപ്പിച്ചു സ്ഥലംവിട്ടുപോന്നു. അവർ അന്വേഷിച്ചുനടന്നതു് അട്ടത്തകാലത്തു നടന്ന സംഗതികൾക്കൊന്നിനുമല്ല എന്നു സ്പഷ്ടമാണല്ലോ" ഇതേതുടർന്നു് പോലീസ് ഇൻസ്പക്ടർ ജനറൽ 'ഏൽ യൂണിവേർസ്' എന്ന പത്രത്തിൽ ഇപ്രകാരം എഴുതി. കത്തോലിക്ക പ്രേഷിതത്വം അതിന്റെ അത്യുച്ചനിലയിലെത്തിയ സമയത്താണു് ഫാദർ പ്രോയെ അറസ്റ്റുചെയ്യുന്നതിനുള്ള നിഷ്ഫലശ്രമങ്ങൾ ഞങ്ങൾ നടത്തിയതു്. പ്രേഷിത പ്രമുഖനായിരുന്നു എന്നതല്ലാതെ വെറെയാതൊരു കാരണവുംഅദ്ദേഹത്തെ അറസ്റ്റുചെയ്യുന്നതിനു ഞങ്ങളെ പ്രേരിപ്പിക്കുവാൻ ഇല്ലായിരുന്നു. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ മൂന്നു കൂട്ടുകാരെയും ഞങ്ങൾ കൂട്ടിലടച്ചു. അവരുടെ കാര്യത്തിൽ നവംബർ 22–നു- പെട്ടെന്നാണൊരു തീരുമാനമുണ്ടായതു്. ആദ്യദിവസം മൻപു് കാരാഗൃഹത്തിലടച്ചിരുന്ന പ്രോയേയും, സഹോദരനേയും മറ്റു രണ്ടുപേരേയും 23–ാംനു-രാവിലെ വെടിവെച്ചുകൊല്ലണമെന്നായിരുന്ന ഈ തീരുമാനം. അതും പരമാധികാരി കാലസ്സിന്റെ അപ്പീലില്ലാത്ത വിധി ആയിരുന്നു. വിധി നടത്തുവാൻ ക്രൂസിനെ അധികാരപ്പെടുത്തുകയും ചെയ്തു. ക്രൂസ്–"നിയമപരമായി വല്ലനടവടിയും നടത്തുന്നതല്ലെ നല്ലതു്?" കാലസ്–"ഞാൻ പറഞ്ഞതുപോലെ സംഗതി നടത്തുകാണുന്നതിനല്ലാതെ മറ്റൊന്നും കേൾക്കുന്നതിനെനിക്കിഷ്ടമില്ല." ക്രൂസ്–"ഒബ്രഗന്റെ വക്കീലിന്റെ ശ്രമഫലമായി അട്ടത്തദിവസത്തേയ്ക്കു വിചാരണ മാറ്റിവച്ചുകൊണ്ടുള്ള വാശാനത്തെപ്പറ്റി ഞാൻ പ്രസ്താവിച്ചിരുന്നല്ലോ!" കാലസ്–"വാശാനത്തിലവസാനിച്ച വിചാ

രണയുടെ ഫലം അയാൾ പതുമുഖേന അറിഞ്ഞുകൊള്ളും."

ഈ സംഭവത്തെപ്പറ്റി ഓർത്തി ഇപ്രകാരം എഴുതിയിരിക്കുന്നു. "കാരാഗൃഹവാസികളെ രാവിലെ വെടിവെച്ചുകൊന്ന എന്ന വാർത്ത എന്നെ പരിഭ്രാന്തചിത്തനാക്കി. ഉടൻതന്നെ സംഗതിയുടെ വാസ്തവം ഗ്രഹിക്കുന്നതിനായി ടെലഫോൺമാർഗ്ഗം ക്ലൂസിനെ വിളിച്ചു". ആദ്യംതന്നെ തലേദിവസത്തെ തന്റെ സന്ദർശനത്തെപ്പറ്റി ഓർപ്പിച്ചുകൊണ്ടു ചോദിച്ചു: "തടവുകാരുടെ പേരിലുള്ള കുറ്റം സംബന്ധിച്ചു തെളിവു തികച്ചും അപൂർണ്ണമെന്നും ശരിയായ ഒരു വിചാരണ നടത്തുന്നതിൽ മീസ്റ്റർ ഒബ്രുഗൺ തൽപരനാണെന്നും ഞാൻ അറിയിച്ചിരുന്ന സ്ഥിതിക്കു", എന്തുകൊണ്ടാണു സംഭവങ്ങൾ മറിച്ചു പതുങ്ങളിൽ കാണുന്നതു"?" ക്ലൂസിന്റെ മറുപടി ഇപ്രകാരമായിരുന്നു. "നിങ്ങൾ പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിയാണു"; ഇന്നലെ നിങ്ങളെന്റെ വസതിയിൽ വരുന്നതിനു മുൻപു് ജനറൽ ഒബ്രുഗന്റെ സ്റ്റാഫ് ഓഫീസർക്കെല്ലാം എതിരായി ഞാൻ അനുവർത്തിച്ച ഈ നടവടിക്കു് കാലസ്സിന്റെ പക്ഷത്തിൽ നിന്നു നേരിട്ട കല്പന ലഭിച്ചതാണു്. ഞാൻ അതനുസരിച്ചു പ്രവർത്തിച്ചു എന്നേയുള്ളൂ."

കാലസ്സിന്റെ ഒരു സ്നേഹിതനും ഫാദർ പ്രോയുടെ അറസ്റ്റിന്റെ യഥാർത്ഥ ഉദ്ദേശം ഗ്രഹിച്ചിരുന്ന ആളുമായ ബാസിൽ നവംബർ 23–ാംനു- കാരാഗൃഹത്തിൽവെച്ചു് മിസസ് മോന്തസ് ദേ ഓക്കായെ സന്ദർശിച്ചു പറഞ്ഞതിപ്രകാരമാണു്: "ഈയവസരത്തിൽ ഫാദർ പ്രോ വധിക്കപ്പെടുവാനിടയായതു് മതപ്രചാരണലീഗു കാരണമാണു്. കാലസ് പ്രോയെ കൊലയ്ക്കു വിധിച്ചതിന്റെ ഏകകാരണം സഭയ്ക്കെതിരായി കാലസ് നടത്തിയിരുന്ന സകല പ്രസ്ഥാനങ്ങൾക്കും മുൻപിൽ അദ്ദേഹം ഒരു വിലങ്ങുതടിയായിക്കാണപ്പെട്ടതുതന്നെ. 'സർവ്വശക്തൻ' താനെന്നുകരുതി പ്രവർത്തിച്ചിരുന്ന സമയത്തു, രക്ഷകന്റെ ഒരു വൈദികൻ തന്നെ പല പ്രാവശ്യം അടിയറ പറയിപ്പിച്ച സംഗതി ഓർക്കുന്നതുപോലും കാലസ്സിനു വിഷമമല്ലേ? മിഗുവൽ പ്രോയുടെ അന്ത്യം കാണുന്നതിനു കാലസ് അതിയായി ആഗ്രഹിച്ചിരുന്നു. ഇതിനുവേണ്ടി സർവ്വാധികാരിയുടെ പടയാളികൾ രാപകൽ ഒരു കൊല്ലം മുഴുവനും അശ്രാന്തപരിശ്രമംതന്നെ നടത്തി. ഫലം നാസ്തി. ഒടുവിൽ അന്യായമായി അദ്ദേഹത്തെ അറസ്റ്റുചെയ്തു. രാജ്യനിയമങ്ങൾക്കു കടകവിരുദ്ധമായി കാലസ് അദ്ദേഹത്തെ വധശിക്ഷയ്ക്കു വിധിക്കുകയും

ചെയ്യ. ഇങ്ങനെ താനറിയാതെതന്നെ കാലസ് ദൈവത്തിന്റെ ഒരുപകരണമായിത്തീർന്നു. ഒരു നിർഭോഷിയായ പരദേശിയെ വധിച്ചു എന്ന അപവാദത്തിനു് അയാൾ പാത്രീഭൂതനായി. ഒരു പ്രേഷിതനെ അടിച്ചമർത്തിയാൽ മിശിഹായുടേ വേലയെ തകർത്തുകളയാമെന്നു കാലസ് സ്വപ്നം കണ്ടു. ദൈവം തന്റെ ദാസനായിരുന്ന ഫാദർ പ്രോയിക്കൊരുക്കിയിരുന്ന മഹനീയ വിജയം പ്രാപിക്കുന്നതിലേക്കു് ഒരടയാളം നൽകുന്നതിനു മാത്രമേ കാലസ്സിനു് സാധിച്ചൊള്ളൂ."

ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി

ooooooooo

അദ്ധ്യായം പതിനൊന്നു്

അന്തിമ വിജയം

ഫാദർ പ്രോയുടേയും സഹോദരന്റേയും ശവമഞ്ചങ്ങൾ ഭംഗിയായി അലങ്കരിച്ചു് രണ്ടു ഭവനങ്ങളിൽ സ്ഥാപിച്ചു 23–ാംനു 5മണി മുതൽ രാത്രി 11½ മണിവരെയും, പിറേന്നു രാവിലെ 3 മണിമുതൽ ഉച്ചകഴിഞ്ഞു മൂന്നു മണിവരേയും വിശ്വാസികൾ പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ചു സ്നേഹബഹുമാനങ്ങൾ പ്രകടിപ്പിച്ചു. അനേകർ ഇടമുറിയാതെ മഞ്ചങ്ങൾക്കു ചുറ്റുംനിന്നു് പ്രാർത്ഥിക്കുകയും, ജപമാല മുതലായ ഉപകരണങ്ങൾ മഞ്ചത്തിൽ തൊടുവിച്ചു എടുക്കുകയും ചെയ്തിരുന്നു. ഒരു തള്ള തന്റെ പത്തുവയസ്സുമാത്രം പ്രായമുള്ള കുട്ടിയെ ശവമഞ്ചത്തിനടുത്തു നിർത്തിക്കൊണ്ടു് "കുഞ്ഞേ ഞാൻ നിന്നെയിവിടെ കൊണ്ടുവന്നതു് ഈ കാഴ്ച നിന്റെ ഹൃദയത്തിൽ പതിപ്പിക്കുന്നതിനായിട്ടാണു്: പ്രായപൂർത്തിയാകുമ്പോൾ നീയും മിശിഹായിക്കുവേണ്ടി എങ്ങനെ നിന്റെ ജീവൻ ബലികഴിക്കണമെന്നു് കണ്ടു മനസ്സിലാക്കിക്കൊൾകെ. ഇവരെപ്പോലെ നീയും മരിക്കാനൊരുങ്ങിക്കൊള്ളുക" എന്നുപറഞ്ഞു. വേറൊരു സാധുസ്ത്രീ മഞ്ചത്തിൽ കിടന്നിരുന്ന ഒരു റോസപ്പൂപ്പുമെടുത്തു് മൃതശരീരത്തിന്റെ മുഖത്തു തൊടുവിച്ചശേഷം അതു തുടരെ ചുംബിച്ചു. കൈ

യിലിരുന്ന കുട്ടിയേക്കൊണ്ടും അതു മുത്തിച്ചുശേഷം സ്ഥലംവിട്ട. ഹൃദയസംപൂക്കായ പല സംഗതികളും സന്ദർശകർക്കിടെ അനുഭവപ്പെട്ടുകൊണ്ടിരുന്നു. വേദസാക്ഷികളുടെ പിതാവും സഹോദരിയും ക്രിസ്തീയധൈര്യത്തിന്റെ ഉത്തമമാതൃകകളായി മഞ്ചത്തിനടുക്കൽ പരിലസിച്ചു. മഞ്ചങ്ങൾ സ്ഥിതിചെയ്തിരുന്ന കപ്പേളവിട്ടു പോകുന്നതിനു് അവർക്കു മനസ്സുവന്നില്ല. കണ്ണുനീർ കവിൾതടങ്ങളിൽ കാണപ്പെട്ടിരുന്നെങ്കിലും അവരുടെ മുഖത്തു വിശുദ്ധമായ ഒരഭിമാനം പ്രതിബിംബിച്ചു. സഹതാപം പ്രകടിപ്പിച്ച ബന്ധുമിത്രാദികളോടു പ്രോയുടെ പിതാവു് "മിശിഹ ഒരപ്പോസ്തലനായിരുന്നു. ഹുബേത്തോയുടെ ജീവിതം മാലാഖാസദൃശമായിരുന്നു. ജീവിച്ചതുപോലെതന്നെ അവർ മരണം കൈവരിച്ചു ഇപ്പോൾ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ ആനന്ദിക്കയും ചെയ്യുന്നു" എന്നാണു പറഞ്ഞതു്. അപരിചിതർ രാത്രിയിൽ കപ്പേള സന്ദർശിക്കുന്നതിനു് അനുവദിച്ചിരുന്നില്ല.

സ്വസഹോദരനോടു് അന്ത്യയാത്രപറയുന്നതിനായി റൊബേത്തോയെ കാരാഗൃഹത്തിൽനിന്നുമയയ്ക്കാമെന്നുപറഞ്ഞിരുന്നു. എങ്കിലും അപ്രകാരം നടന്നില്ല. അദ്ദേഹം ചരമോപചാരം വി. കുർബ്ബാന നൽകുന്നതിനായി ഒരു വൈദികൻ അരുളിക്കായിൽ വി. കുർബ്ബാന കൊണ്ടുവന്നിരുന്നു. വി. കുർബ്ബാന കൊടുക്കാൻ സാധിക്കാതെവന്നതുമൂലം അവിടെയുണ്ടായിരുന്ന പീഠത്തിന്മേൽ അതു സ്ഥാപിച്ചു രാവുമുഴുവനും ആരാധന നടത്തി. രാവിലെ നാലുമണിമുതൽ ശവമഞ്ചങ്ങളുടെ സമീപെ അപ്പീക്കപ്പെട്ട ബലികളിൽ സന്നിഹിതരായിരുന്ന വിശ്വാസികൾ വി. കുർബ്ബാന സ്വീകരിച്ചു. പലപ്പോഴുകൂടെ ശവമഞ്ചങ്ങൾ സ്ഥിതിചെയ്തിരുന്ന സ്ഥലത്തെ വാതിലുകൾ തുറക്കപ്പെട്ടു. അപ്പോൾമുതൽ ഉച്ചകഴിഞ്ഞു് മൂന്നുമണിവരെ വന്നുകൂടിയിരുന്ന ജനങ്ങളുടെ കണക്കു തിട്ടപ്പെടുത്തുക സാദ്ധ്യമല്ല. ശവസംസ്കാരത്തിന്റെ സമയമായപ്പോൾ ഒരു വലിയ ജനക്കൂട്ടം അക്ഷമരായി പുറത്തു കാത്തുനിന്നിരുന്നു. വൈദികർ ശവമഞ്ചവും വഹിച്ചു് പുറത്തിറങ്ങിയപ്പോൾ ഇടിനാദത്തെ ഉല്ലംഘിക്കുമാറു് വിശ്വാസികൾ "ക്രീസ്തുരാജൻ ജയിക്കട്ടെ" എന്നു് ആർപ്പുവിളിച്ചു.

ശവസംസ്കാരയാത്രയിൽ ജനങ്ങൾ വർത്തിച്ചിരുന്ന വിധം വീക്ഷിച്ചാൽ ഫാദർ പ്രോയുടെ "സിദ്ധ"പദം നേരത്തെ പ്രഖ്യാപനം ചെയ്യുവോയെന്നു് തോന്നുമായിരുന്നു. വഴിനീളെ മട്ടുപ്പാ

ഖകളിൽനിന്നു പുഷ്പങ്ങൾ വർഷിക്കപ്പെട്ടു. തെരുവുകളിൽ ജനങ്ങൾ, വി. കുഞ്ഞാനയുടെ പ്രദക്ഷിണത്തിനു് മുട്ടുകുത്തുന്നതുപോലെ മുട്ടുകുത്തിനിന്നിരുന്നു. 500 അലങ്കരിച്ച കാഹളം മഞ്ചത്തെ അനുഗമിച്ചു. ഉച്ചത്തിൽ ജപമാല ജപിച്ചുകൊണ്ടു് ആയിരക്കണക്കിനു വിശ്വാസികൾ സ്വയം രണ്ടുനിരയായി മുൻപോട്ടു നീങ്ങി. അവരുടെ മുദ്രാവാക്യങ്ങൾ "വേദസാക്ഷികൾ നീണാൾ വാഴട്ടെ! മാപ്പാപ്പാ നീണാൾ വാഴട്ടെ! മെത്രാന്മാരും വൈദികരും നീണാൾ വാഴട്ടെ" എന്നിങ്ങനെ ആയിരുന്നു. ഒരു മെക്സിക്കൻ യുവാവു് ഭവനത്തിന്റെ ജനലിങ്കൽനിന്നുകൊണ്ടു് "ആപ്പുവിളിക്കരുതെന്നു" മുടക്കിയെങ്കിലും ജനങ്ങൾ വകവച്ചുകൊടുത്തില്ല. 'ഡോളർഹില്ലി'ൽ എത്തിയപ്പോൾ "മെക്സിക്കൻ വൈദികർ നീണാൾ വാഴട്ടെ! കത്തോലിക്കസഭ ജയിക്കട്ടെ" എന്നായിരുന്നു ആപ്പുവിളി. കാഹളകളിലുള്ളവരെക്കൂടാതെ 6000 ജനങ്ങൾ ഈ ഘടങ്ങുകളിൽ പങ്കെടുത്തു. ശവസംസ്കാരസ്ഥലത്തോടടുക്കുന്തോറും ശവമഞ്ചത്തോടു് സമീപിക്കുന്നതിനു ജനങ്ങൾ തിങ്ങിക്കൂടി; വിശ്വാസികളുടെ ഉന്മേഷം മതവിരോധികളോടുള്ള അവരുടെ മനസ്ഥിതിയും വിവരിക്കുക സാദ്ധ്യമല്ല. ശവൺമെൻറിന്റെ ഉന്നതയേയും അധികാരികളുടെ അക്രമപ്രവൃത്തികളേയുംപറ്റി പരസ്യവിമർശനം കേൾക്കാമായിരുന്നു. ശവസംസ്കാരകർമ്മത്തിന്റെ അവസാനരംഗമടുത്തു. അന്തരീക്ഷം ശാന്തമായി. എല്ലാവരും മൗനമായി പ്രാർത്ഥനയിൽ ലയിച്ചു. ഫാദർ പ്രോയുടെ മൃതശരീരം പൊതുശ്മശാനസ്ഥലത്തു് ഈശോസഭാംഗങ്ങൾക്കായി തിരിച്ചുകൊടുത്തിരിക്കുന്നിടത്തു് സംസ്കരിക്കപ്പെട്ടു. തിരുസ്സഭയുടെ നിയമപ്രകാരമുള്ള പ്രാർത്ഥനകൾ നടത്തിയപ്പോൾ അന്തരീക്ഷത്തിൽ പരിപൂർണ്ണ നിശ്ശബ്ദത വ്യാപിച്ചിരുന്നു. അതിന്റെ അവസാനത്തിൽ പെട്ടെന്നു് അവിചാരിതമായി ഒരു സ്വരം "മിശിഹാരാജന്റെ ഈശോസഭാ വേദസാക്ഷി നീണാൾ വാഴട്ടെ" എന്നു കേൾക്കപ്പെട്ടു. തൽക്ഷണം അവിടെ കൂടിയിരുന്നവരെല്ലാം ആ വാചകം ആവർത്തിച്ചു.

ഇതിന്റെ ശേഷം ഫാദർ പ്രോയുടെ കുടുംബക്കാർ ഹുബേത്തോയുടെ ശവകുടീരത്തിലേയ്ക്കുപോയി. അദ്ദേഹത്തിന്റെ പിതാവാണു് ആദ്യം തൂമ്പ എടുത്തു് മണ്ണു വെട്ടിയിട്ടതു്. പിന്നീടു് സമചിത്തതയോടെ സ്വന്തക്കാരുടെ പക്കലേയ്ക്കു് തിരിഞ്ഞു് "എല്ലാം പൂർത്തിയായിരിക്കുന്നു. ദൈവമെ നിനക്കു ഞങ്ങൾ സ്തോത്രം

പാടട്ടെ.” അടുത്തുനിന്ന വൈദികൻ അതു പേറ്റുപാടി. ഇങ്ങനെ ശവസംസ്കാരകർമ്മം സന്ധ്യയോടുകൂടെ അവസാനിച്ചു.

അന്നുരാത്രി മെക്സിക്കോയിലുള്ള ഒരു യുവാവ് സൂര്യോക്കിലുള്ള തന്റെ സ്നേഹിതനു് ഇപ്രകാരം എഴുതി: ഫാദർ പ്രോയുടേയും സഹോദരന്റേയും മൃതശരീരങ്ങളും ജനങ്ങളും കണ്ടതുമുതൽ ഒരു വലിയ ജനക്കൂട്ടം നിരന്തരം അവയെ സന്ദർശിച്ചു കണ്ണുനീർ ചിന്തി പ്രാർത്ഥിക്കുകയും, കൊന്ത, കാഴ്ചരൂപം, കുരിശുരൂപം മുതലായതു മൃതശരീരത്തിൽ തൊട്ടുവിച്ചുകൊണ്ടു് അക്രമികളുടെ പ്രവൃത്തികളോടു പ്രതിഷേധം കാണിക്കുകയും ചെയ്തു. ഞാനും എന്റെ സ്നേഹിതന്മാരും കർമ്മങ്ങളിൽ പങ്കെടുത്തതു കാൽനടയായിട്ടായിരുന്നു. പോലീസ് അടുത്തുണ്ടായിരുന്നതുമൂലം ഞങ്ങൾ വിമർശനങ്ങളിൽ പങ്കെടുത്തില്ല. ആഭ്യന്തരം ജനങ്ങൾ ഒരേവിധം പെരുമാറിയിരുന്നു. ആരംഭത്തിൽ ജനത്തിനു് ഉന്മേഷമില്ലായിരുന്നുവെന്നതു പരമാർത്ഥമാണു്. എന്നാൽ ഓരോനിമിഷം കഴിയുംതോറും അവർ ഉന്മേഷഭരിതരായി കാണപ്പെട്ടു. മടക്കയാത്രയിൽ അന്തരീക്ഷം ക്രിസ്തുരാജകീർത്തനങ്ങളാലും മുദ്രാവാക്യങ്ങളാലും മാറ്റൊലിക്കൊണ്ടു. സന്ധ്യയായപ്പോൾ സകല ചടങ്ങുകളും അവസാനിച്ചു. ഇതു ഘോഷമായ ഒരു ശവസംസ്കാരം ഞങ്ങൾ ദർശിച്ചിട്ടില്ല. മേലിൽ ഇത്തരമൊന്നു കാണാമെന്നു തോന്നുന്നില്ലെങ്കിലും വേദത്തെപ്രതിയുള്ള മരണം ആരംഭിച്ചിട്ടേയുള്ളു എന്നൊരു ബോധം ഞങ്ങൾക്കുണ്ടു്. ആക്കാര്യം അടുത്തതു് എന്റേതുതന്നെയല്ലെന്നു്. അതു ദൈവത്തിനുമാത്രമേ അറിയാവൂ. ഇതുപോലെ ഒരു മരണം കൈവരിക്കാനെനിക്കിടയാകുമെങ്കിൽ എന്റെ ജീവിതത്തെ ഇതാ ഇപ്പോൾത്തന്നെ ഞാൻ ദൈവത്തിനു് അർപ്പിക്കുന്നു. ക്രിസ്തുരാജൻ ജയിക്കട്ടെ!

ചടങ്ങുകൾ എല്ലാം അവസാനിച്ചു് വിശ്വാസികൾ പിന്തിരിഞ്ഞു. മടക്കയാത്രയിലും പാട്ടും നമസ്കാരവും മുദ്രാവാക്യങ്ങളും മുഴങ്ങിയിരുന്നു. കാലസ്സിന്റെ വസതിയിൽനിന്നും നോക്കിയാൽ വീരന്മാരായ ക്രിസ്തീയഭടന്മാർ വിജയസ്തോത്രങ്ങൾ പാടിക്കൊണ്ടു പോകുന്നതു കാണാമായിരുന്നു. 19 നൂറ്റാണ്ടുകൾക്കു മുൻപു് ആദ്യക്രിസ്ത്യാനികൾ വേദസാക്ഷികളായിരുന്ന സ്വസഹോദരരുടെ ശവസംസ്കാരകർമ്മവും കഴിഞ്ഞു് 'നീറോ' ചക്രവർത്തിയുടെ പേനത്തിനു മുൻപിൽ കൂടേയും ഇതേവിധം കടന്നുപോയിരുന്നു. മതസ്വാതന്ത്ര്യ സംരക്ഷകസംഘം 'സ്റ്റാമ്പു മുഴപ്പിലുള്ള കാർഡുകളിൽ

പ്രചരിപ്പിക്കുകയും, പ്രക്ഷേപിക്കയും ചെയ്തിരുന്ന ഒരു ശാസനം "കാലമേ! നിന്നെക്കാൾ ദുഷ്ടമനുഷ്യരെ മിശിഹ ജയിച്ചിട്ടുണ്ട്" എന്നായിരുന്നു. ഫാദർ പ്രോയുടെ രക്തം വീരന്മാരെ മുളപ്പിക്കുന്ന വിത്താണ്. ഈട്ടരേയോഛാക്കളുടെ നായകനായ സ്വർഗ്ഗങ്ങളുടെ സമ്രാട്ട് അന്ത്യത്തിൽ വിജയം കൈവരിക്കുകയും ചെയ്യും. ക്രീസ്തുരാജൻ ജയിക്കട്ടെ! ക്രീസ്തുരാജൻ ഭരിക്കട്ടെ! ക്രീസ്തുരാജൻ കല്പിക്കട്ടെ! ആമ്മേൻ.

അദ്ധ്യായം പന്ത്രണ്ട്

അനുബന്ധം

"ഞാൻ സ്വർഗ്ഗത്തിലായിരിക്കുമ്പോൾ"

ഫാദർ പ്രോ ജീവിച്ചിരുന്നപ്പോൾ എഴുതിയ ഒരു കത്തിൽ "ഞാൻ സ്വർഗ്ഗത്തിലായിരിക്കുമ്പോൾ എന്നെയേല്പിക്കുന്നതിനായി നിങ്ങളുടെ അപേക്ഷകളൊരുക്കിക്കൊള്ളുവിൻ" എന്നു് രേഖപ്പെടുത്തിയിരുന്നു. ഇതനുസരിച്ചു് മരണശേഷം ഫാദർ പ്രോ വി. കൊച്ചുത്രേസ്യായെപ്പോലെ സ്വർഗ്ഗത്തിലിരുന്നുകൊണ്ടു് ഭൂമിയിലേയ്ക്കു 'പുഷ്പവർഷ'മാരംഭിച്ചു. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യംമൂലം ലഭിക്കുന്ന അനുഗ്രഹങ്ങളുടെ വിവരം രേഖരിക്കുന്നതിനായി നിയുക്തരായ ബ. വൈദികസംഘം മെക്സിക്കോ പട്ടണത്തിലും പട്ടണത്തിനു പുറമേയും അനേകംപേർക്കു് അനുഗ്രഹങ്ങളും സുഖപ്രാപ്തിയും ലഭിക്കുന്നു എന്നു സസന്തോഷം രേഖപ്പെടുത്തി. ഫാദർ പ്രോയുടെ സഹായം ആദ്യമായി ലഭിച്ചതു് അദ്ദേഹത്തിന്റെ ഒരു ആത്മീയപുത്രിക്കായിരുന്നു. അവർ പണംസംബന്ധിച്ച ഒരു കേസ്സിൽ ഒല സകല കുണക്കുകളും അദ്ദേഹത്തെ ഏല്പിച്ചിരുന്നു. വേണ്ടുന്ന സഹായങ്ങളും ചെയ്യാമെന്നു് അദ്ദേഹം വാഗ്ദാനവും ചെയ്തിരുന്നു. നവംബർ 18-ാംനു- ആണു് ഇതു നടന്നതു്. പിന്നീടു് ഇവർക്കു ഫാദർ പ്രോയെപ്പറ്റികിട്ടിയ വാർത്ത നവംബർ 23-ാംനു- അ

ദ്ദേഹത്തെ വെടിവെച്ചു കൊന്നു എന്നായിരുന്നു: ഉടൻതന്നെ അവർ വക്കീലിന്റെ പക്കൽ ഓടിയെത്തി കഥമുഴുവൻ പറഞ്ഞു കേൾപ്പിച്ചു. "കൊള്ളാം, എന്തായാലും ഫാദറിനെ വെടിവെച്ചു കൊന്നു എന്നു കണ്ടു വാർത്ത വിശ്വസിക്കുവാൻ നിവൃത്തിയില്ല: കാരണം, ഫാദർ പ്രോതന്നെ ഇവിടെവന്നു് നിന്റെ കണക്കുകൾ എന്നെ ഏല്പിച്ചിട്ടുപോയിട്ടു് പത്തുമിനിട്ടായില്ല" എന്നായിരുന്നു വക്കീലിന്റെ മറുപടി. ഇതേപ്പറ്റിയുള്ള വിവരങ്ങൾ തന്നിരിക്കുന്നതു് മെക്സിക്കോപട്ടണത്തിലുള്ള ഒരു വൈദികനാണു്. ശാരീരിക സുഖക്കേടുകളുടെ സുഖപ്രാപ്തിയേക്കാൾ ഈവക സംഭവങ്ങൾ വിശ്വസിക്കുവാൻ വിഷമം ഉണ്ടു്.

ജീവിതകാലത്തു ചെയ്തിരുന്ന ശ്രേഷ്ഠിതജോലി മരണാനന്തരവും തുടർന്നുകൊണ്ടുപോകുന്നതിനു് ഫാദർ പ്രോ ആഗ്രഹിക്കുന്നുവെന്നു തോന്നുന്നു. മരണത്തിന്റെ പിറേറദിവസം മുതൽ പ്രോസഹോദരന്മാരുടെ ശവകുടീരങ്ങളെ ഭക്തജനങ്ങൾ തനിച്ചും കൂട്ടമായും സന്ദർശിച്ചു് പ്രാർത്ഥിച്ചുപോരുന്നു. ഡോൺ വല്ലറാഡാസു് എന്നൊരുവന്റെ കൂടെ കാഴ്ച നഷ്ടപ്പെട്ട ഒരു സാധുവയോവൃദ്ധ ഉണ്ടായിരുന്നു. അവർക്കു ഫാദർ പ്രോയുടെ കല്ലറ ഒന്നു സന്ദർശിച്ചാൽ കൊള്ളാമെന്നാഗ്രഹം ജനിച്ചു. എന്നാൽ അവർക്കതു സാധിച്ചില്ല. വല്ലറാഡാസു് ഇതറിഞ്ഞയുടൻ ഫാദർ പ്രോയോടു ഒരു മാധ്യസ്ഥപ്രാർത്ഥന നടത്താൻ പറഞ്ഞു. അവർ അങ്ങനെ പ്രാർത്ഥിച്ചവസാനിപ്പിച്ച ക്ഷണത്തിൽ, വല്ലറാഡാസിന്റെ കൈകളിൽ കടന്നു പിടിച്ചുകൊണ്ടു, പ്രാർത്ഥിക്കുവാൻ പറഞ്ഞതിനു നന്ദിപറഞ്ഞശേഷം "എനിയ്ക്കിപ്പോൾ കാഴ്ച ലഭിച്ചിരിക്കുന്നു" എന്നുപറഞ്ഞു. "സംശയനിവാരണാർത്ഥം വല്ലറാഡാസു് ഒരു കടലാസു നീട്ടിക്കൊടുത്തതു് വൃദ്ധ വാങ്ങി ഭംഗിയായി വായിച്ചുകേൾപ്പിച്ചു. ഈ വിവരം അറിഞ്ഞ ഒരു വൈദികൻ ഫാദർ പ്രോയുടെ കബറിടത്തിൽ ഉടൻതന്നെ എത്തി; ഈ വിവരം അദ്ദേഹത്തിന്റെ കൂട്ടം ബാംഗങ്ങളെ അറിയിച്ചു. 1925 നവംബർ മാസത്തിൽ ക്രോസാകാരമായ ഒരു കന്വാസ്തീ 15 അടി ഉയരമുള്ള ഒരു തോവണിയിൽ നിന്നു കാലുതെറ്റി നിലംപതിച്ചു. ബോധമില്ലാതെ പല മണിക്കൂർ അതു കിടപ്പിൽ കിടന്നു. വൈദ്യന്മാർ പരീക്ഷിച്ചപ്പോൾ പല വാരിയെല്ലുകളും, പിത്താശയവും നട്ടെല്ലും തകർന്നുപോയതായിട്ടാണു് കണ്ടതു്. മൂന്നുകൊല്ലം ഈ സഹോദരി വളരെ ദുരിതം അനുഭവിച്ചു. 1928 ജനുവരി 25–ാംനു- പ്രസ്തുത സഹോ

ദരിക്ക്', ഫാദർ പ്രോ ഉപയോഗിച്ചിരുന്ന ഒരു സാമഗ്രിയുടെ അംശം ലഭിച്ചു. അവർ അതു ദേഹത്തിൽ ധരിച്ചുകൊണ്ടു ഫാദർ പ്രോയോട് പ്രാർത്ഥിച്ചു. ആ സമയംമുതൽ ആശ്വാസം കണ്ടുതുടങ്ങുകയും അടുത്തദിവസം സുഖം രണ്ടാംനിലയിൽ കയറി പൊതുജോലികളിൽ സംബന്ധിക്കുകയും ചെയ്തു.

യോവാക്കീന ഒരു യുവതിയായിരുന്നു. അവളുടെ മാറ്റിൽ കാൻസർ ഉണ്ടായി. ശസ്ത്രക്രിയയല്ലാതെ വേറെ രക്ഷാമാർഗ്ഗമൊന്നും ഇല്ലെന്നു വൈദ്യന്മാർ വിധിച്ചു. ശസ്ത്രക്രിയ നടത്തുവാൻ രോഗിണി ഇഷ്ടപ്പെട്ടില്ല. ഇതിനിടയ്ക്കു സുവിശ്വാസത്തോടെ അവൾ ഫാദർ പ്രോയോട് ഒരു നവനാൾ ജപം ആരംഭിച്ചു. ഫാദർ പ്രോ ഉപയോഗിച്ചിരുന്ന ഒരു വസ്ത്രവിന്റെ അംശം ദേഹത്തിൽ ധരിക്കയും ചെയ്തു. പെട്ടെന്ന് അവൾ, കൂറെ ആശ്വാസം തോന്നുകയാൽ വൈദ്യനെ സമീപിച്ച് തന്നെ ഒന്നുകൂടി പരിശോധിക്കുന്നതിനാവശ്യപ്പെട്ടു. പരീക്ഷാനന്തരം ഡോക്ടർ പറഞ്ഞതു് "ദൈവികശക്തി പ്രത്യേകവിധത്തിൽ ഇടപെടാതെ ഈ സുഖപ്രാപ്തി സാദ്ധ്യമല്ല" എന്നായിരുന്നു. സുഖക്കേടു മാറുവാനുള്ള കാരണം ഡോക്ടർ ചോദിച്ചപ്പോൾ 'യോവാക്കീന' പറഞ്ഞതു് "ഞാൻ എന്റെ സകല ആവശ്യങ്ങളും ബ. പ്രോ അച്ചനെ അറിയിച്ചു. ഇപ്പോൾ ഞാനദ്ദേഹത്തോടതെ കടപ്പെട്ടിരിക്കുന്നതു്. ഞാൻ വെളിപ്പെടുത്തിയ ഈ സംഗതി തിരുസ്സഭയുടെ അധികാരികളുടെ മുൻപാകെ സത്യം ചെയ്തു പറയുവാനും സന്നദ്ധയാണു്."

മേൽ വിവരിച്ചവിധം പ്രാധാന്യമുള്ളവയല്ലെങ്കിലും മറനേകം അനുഗ്രഹങ്ങൾ ഫാദർ പ്രോ മൂലം ലഭിച്ചുകൊണ്ടിരിക്കുന്നു. അവയിൽ ചിലതുമാത്രം പരസ്യംചെയ്യപ്പെട്ടിട്ടുണ്ടു്. ഒരു സ്ത്രീ ഇപ്രകാരം എഴുതുന്നു: "എന്റെ കുട്ടിയുടെ കഴുത്തിൽ ഒരു മുഴയുണ്ടായി. ശസ്ത്രക്രിയകൂടാതെ അതു ഭേദമാകുകയില്ലെന്നു് വൈദ്യന്മാർ അഭിപ്രായപ്പെട്ടു. ഒരു ത്രിദിന ജപത്തോടുകൂടി ഞാൻ ഫാദർ പ്രോയുടെ സഹായമപേക്ഷിച്ചു. അതിന്റെയവസാനത്തിൽ കുട്ടിയുടെ കഴുത്തിൽനിന്നു മുഴ അപ്രത്യക്ഷമായി."

അലങ്കാരരഹിതമായ ഭാഷയിൽ അനേകം അനുഗ്രഹലബ്ധികളുടെ വിവരങ്ങൾ എഴുതി അയക്കപ്പെട്ടിട്ടുണ്ടു്. ഒരു സ്ത്രീ ഇപ്രകാരം അറിയിച്ചു. "എന്റെ ഒരു പെൺകുട്ടിക്കു് അസഹനീയമായ ചുമയും മലബന്ധനിയും ഉണ്ടായിരുന്നു. ഇതോടുകൂടെ തലവേദ

നയും വയറിൽ വേദനയും ആരംഭിച്ചു. ഇതിൽനിന്നെല്ലാം മുക്തിനേടുന്നതിനായി ഫാദർ പ്രോയോട് പ്രാർത്ഥിക്കുകയും 15 ദിവസത്തേയ്ക്ക് അദ്ദേഹമുപയോഗിച്ചിരുന്ന ഒരു വസ്ത്രവിന്റെ ഒരു ഭാഗം തുണിയിൽ പൊതിഞ്ഞ് കുട്ടിയുടെ നെഞ്ചിൽ ധരിപ്പിക്കയും ചെയ്തു. ഇതോടുകൂടെ സുഖക്കേട് മുഴുവൻ മാറി. ദൈവത്തിനും ബ. അച്ചനും സ്തുതിയുണ്ടായിരിക്കട്ടെ."

ഫാദർ പ്രോയുടെ ശവകുടിരം സന്ദർശിച്ചു പ്രാർത്ഥിച്ച മെക്സിക്കോക്കാരി ഒരു സ്ത്രീ ഇപ്രകാരം എഴുതി അറിയിച്ചിരിക്കുന്നു. അവർക്ക് രണ്ടു പുത്രന്മാരുണ്ടായിരുന്നു, ഒരുവൻ യാതൊരു ജോലിയും ചെയ്യാതെ 15 കൊല്ലത്തേയ്ക്ക് അവർക്ക് മനോവേദനയുണ്ടാക്കി ജീവിച്ചിരുന്നു. മറ്റവൻ ജയിലിലുമാണ്. രണ്ടാമനെ ജയിലിൽനിന്നു വിമോചിക്കുന്നതിനു് യാതൊരുവഴിയുമില്ലായിരുന്നു. ദുഃഖിതയായ ഈ മാതാവു് ഫാദർ പ്രോയുടെ ശവകുടീരം സന്ദർശിച്ചു് പ്രസ്തുത മക്കളുടെ കാര്യങ്ങൾ അദ്ദേഹത്തെ ബോധിപ്പിച്ചു. അനുഗ്രഹങ്ങൾ ലഭിച്ചാൽ പരസ്യപ്പെടുത്താമെന്നു പ്രതിജ്ഞയും ചെയ്തു. യാതൊരു ജോലിയും ചെയ്യാതെ നടന്നവൻ അന്നു മുതൽ 5 മാസത്തേയ്ക്കുള്ള കച്ചവടക്കാരന്റെ ഏജന്റായി ജോലി തുടങ്ങി. "അവൻ ഇതിലേപ്പെട്ടതു് എന്റെ യാതൊരു പ്രേരണയും കൂടാതെയാണു്. കാരാഗൃഹവാസിയായിരുന്ന മറ്റേ മകൻ കഴിഞ്ഞ ദിവസം തിരിച്ചുവന്നു. അവനുവേണ്ടി മാപ്പു സ്വയം പറഞ്ഞതാരാണെന്നു" അവനറിയാൻവയ്യാ. വീണ്ടും തിരിച്ചു പോകേണ്ട ആവശ്യമില്ലെന്നു അവൻ എന്നോടുപറഞ്ഞു: നമ്മുടെ കർത്താവിനോടും മഹാ വിശുദ്ധനായ ഫാദർ പ്രോയോടും ഞാൻ കൃതജ്ഞതയുള്ളവളായിരിക്കുന്നു. കാരണം ദൈവം ഫാദർ പ്രോ മൂലമത്രെ ഈ കാരുണ്യമെനിക്കു നൽകിയതു്."

മെക്സിക്കോക്കാരിയായ 'ഗ്രാസിയാ പദീലാ' എന്നൊരു വിധവ സ്വപുത്രനയച്ച ഒരു കത്തിൽ ഇപ്രകാരം കാണുന്നു: "എന്റെ മകളുടെ കാഴ്ച തീരെ നഷ്ടമായിപ്പോയി. ഒരു കൺവൈദ്യൻ അനുദിനം കണ്ണിൽനിന്നും പഴുപ്പു് കുത്തിയെടുക്കാതെ ശമ്പനന്തരമില്ലെന്നു അഭിപ്രായപ്പെട്ടു. എന്റെ ശരണം മുഴുവനും ഈയിടെ വെടിവച്ചുകൊന്ന ഫാദർ പ്രോയിലാണു്. സുഖക്കേടു വഷ്ടിച്ചു് ശസ്ത്രക്രിയ നടത്തണമെന്നിടത്തോളമായി. ഞങ്ങൾ അതിനായി ഒരുങ്ങി ഇരുട്ടുമുറിയിൽ പ്രവേശിച്ചു. വൈദ്യൻ കുട്ടിയുടെ രണ്ടു കണ്ണുകളുടേയും പോളകൾ മേല്പോട്ടും കീഴ്പോട്ടും വലത്തോ

ട്ടും ഇടത്തോട്ടും തിരിച്ചു നോക്കിയശേഷം "മഹതീ! ഈ കുട്ടിയുടെ കണ്ണു് പൂണ്ണസുഖമായിരിക്കുന്നു" എന്നു പറഞ്ഞു. സന്തോഷഭരിതയായിത്തീർന്ന ഞാൻ "അത്ഭുതം, എന്റെ കുഞ്ഞേ, നാം ഫാദർ പ്രോയോടൊത്തെയോ കടപ്പെട്ടിരിക്കുന്നു" എന്നു പറഞ്ഞു മകളെ ആശ്ലേഷിച്ചു. ഫാദർ പ്രോയുടെ പ്രഥമമിഷ്യൻരംഗമായിരുന്ന യൂറോപ്യൻ രാജ്യങ്ങളിലും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ ലഭിച്ചതായി വിവരം ലഭിച്ചിട്ടുണ്ടു്. പരലമോണിയൽ ഇടവകയിൽ താല്ക്കാലികമായി ഒരു വൈദികൻ ജോലിചെയ്തിരുന്നു. അവിടെ ഒരു വൃദ്ധൻ ആസന്നമരണനായി കിടന്നിരുന്നു. അയാളുടെ മുറിയിൽ വൈദികർക്കു പ്രവേശനം അനുവദിച്ചിരുന്നില്ല. അടുത്തു വസിച്ചിരുന്നവനും ഫാദർ പ്രോയുടെ സഹപാഠിയുമായിരുന്ന ഒരു യുവവൈദികൻ പ്രസ്തുത വൈദികനോടു്, "നിങ്ങൾ ഫാദർ പ്രോയോടെന്തുകൊണ്ടു് പ്രാർത്ഥിച്ചില്ല"യെന്നു ചോദിച്ചു. ഈ നിർദ്ദേശാനുസരണം ഇടവകവികാരി ഒരു നവനാൾ പ്രാർത്ഥന ആരംഭിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ രോഗി ബോധരഹിതനായി. ഇതറിഞ്ഞുകൊണ്ടു ഒരു വൈദികൻ അയാളുടെ സമീപത്തെത്തി. വൈദികന്റെ ആഗമനത്തെപ്പറ്റി രോഗി എങ്ങനെയൊ മനസ്സിലാക്കിയപ്പോൾ അടുത്ത ഒരവസരത്തിൽ കുമ്പസാരിച്ചുകൊള്ളാമെന്നു പറഞ്ഞു. മൂന്നു ദിവസം കഴിഞ്ഞു് ഫാദർ പ്രോ ഉപയോഗിച്ചിരുന്ന ഒരു സാധനത്തിന്റെ ഭാഗവുമായി പ്രസ്തുത വൈദികൻ വീണ്ടും ചെന്നു. ആശ്ചര്യം രോഗി സുബോധത്തോടെ പാപങ്ങളേറ്റു പറഞ്ഞു് തിരുപ്പാഥേയവും അന്ത്യലേപനവും സ്വീകരിച്ചു.

61 വയസ്സു പ്രായമുള്ള സ്പെയിൻകാരി കൊൺഫ്യൂഷൻ വാസീക്യുമാസ്ടേ എന്ന സ്ത്രീയുടെ കൈയ്യിൽ അസഹനീയമായുണ്ടായ വേദനനിമിത്തം അനുദിന ജോലിചെയ്തു് നിത്യവൃത്തി കഴിക്കുന്നതിനു് നിവൃത്തിയില്ലാതായി. "പരിശുദ്ധാത്മാവിയുടെ ആശുപത്രി" ജോലിക്കാരിയായിരുന്ന അവളെ രണ്ടു കന്യാസ്ത്രീകൾ 'ബർസലോനാ' ആശുപത്രിയിലേക്കു കൊണ്ടുപോയി. എക്സ്റേ പരീക്ഷാനന്തരം ശസ്ത്രക്രിയ കൂടാതെ രോഗം മാറുകയില്ലെന്നു് വൈദ്യന്മാർ വിധിച്ചു. അതിനു മേയ് 7-ാംനു- എന്ന ദിവസവും നിശ്ചയിച്ചു. "ഇതിനിടയ്ക്കു മദറിന്റെ തിരുനാളിനു് അമ്മയ്ക്കു മംഗളം പറയുന്നതിനുവന്ന ഒരു കന്യാസ്ത്രീ എന്റെ സുഖക്കേടു വിവരം അറിഞ്ഞു് എന്നെ സന്ദർശിച്ചു. യാ

ത്രപറഞ്ഞയവസരത്തിൽ "കൊൺചപ്ഷൺ, നീ ധൈര്യമായിരിക്കുക. ഫാദർ പ്രോയെ നിന്റെ കായ്യങ്ങൾ ഏല്പിക്കുക. തീച്ചയായും അദ്ദേഹം നിന്നെ സഹായിക്കും" എന്നു പറഞ്ഞു് അദ്ദേഹത്തിന്റെ ഒരു പടം എടുത്തു് എന്റെ കയ്യിലുണ്ടായിരുന്ന കെട്ടഴിച്ചു അതിനകത്തു വെച്ചുകെട്ടി. സ്വല്പം കഴിഞ്ഞപ്പോൾ കയ്യിൽ വേദന തുടങ്ങി. അതു ക്രമേണ വർദ്ധിച്ചു് കൈയ്യും തീപിടിച്ചതുപോലെ അനുഭവപ്പെട്ടു. അതോടുകൂടെ രോഗത്താൽ വളഞ്ഞിരുന്ന വിരൽ നിവരും തുടങ്ങി. പിന്നെ വേദനയശേഷമില്ലാതിരുന്നതിനാൽ രാത്രി നന്നായി ഉറങ്ങി. രാവിലെ വൈദ്യൻ കെട്ടഴിച്ചു പരിശോധിച്ചു കഴിഞ്ഞു പറഞ്ഞതു് "ഇവൾക്കിനിയും ശസ്ത്രക്രിയയ്ക്കാവശ്യമില്ലെന്നു മാത്രമല്ല ഇവൾ ഈ സുഖക്കേടുമൂലം മരിക്കുകയുമില്ല" എന്നായിരുന്നു. അന്നു മുതൽ ഞാൻ എന്റെ പൂവ്വ ജോലിയിൽ പ്രവേശിച്ചു. കാരുണ്യവാനായ ഫാദർ പ്രോയുടെ സഹായത്താൽ ജോലിചെയ്തു നിത്യവൃത്തി കഴിക്കുവാനുള്ള അന്നഗ്രഹം ലഭിച്ചിരിക്കുന്നു. ദൈവം ഖാദ്ധ്യപ്പെട്ടവനാകട്ടെ.

കൊൺചപ്ഷൺ വാസ്തു ഒപ്പ്

സാക്ഷിപത്രത്തിൽ മേൽ പ്രസ്താവിച്ച വൈദ്യനും കന്യാസ്ത്രീയുംകൂടെ ഒപ്പുവച്ചിട്ടുണ്ടു്.

അവസാനമായി രേഖപ്പെട്ടത്തുന്ന അനുഗ്രഹലബ്ധി റോമായിൽ സംഭവിച്ചതാണു്. ദൈവതിരുമനസ്സു ഫാദർ പ്രോയെസംബന്ധിച്ച വസ്തുതകളും ലോകം മുഴവനും പ്രചരിക്കണമെന്നാണെന്നു തോന്നുന്നു. ഭീഷ്മനാൾ ശയ്യയെ അവലംബിച്ചിരുന്ന ഒരു സ്ത്രീയായ ആസാസിയ്ക്കു് 1927 മേയ് 25–നു- മുതൽ ദേഹത്തിൽ തളർച്ചയും തൻമൂലം വളരെ ക്ഷീണവും ഉണ്ടായി. പല വൈദ്യന്മാരേയും കണ്ടു പല തരത്തിലുള്ള മരുന്നു് ഉപയോഗിച്ചുനോക്കിയിട്ടും പറയത്തക്ക യാതൊരു ഫലവും ഉണ്ടായില്ല. നവംബർ മാസമായപ്പോഴേയ്ക്കു സുഖക്കേടു വർദ്ധിച്ചു. അവളെ "ക്വസി സിയന കിൽകേവ" എന്ന ആശുപത്രിയിൽ കൊണ്ടാക്കി. അനുദിനം അവളുടെ ശരീരസ്ഥിതി മോശമായിത്തന്നെ കണ്ടിരുന്നു. കടശി അവൾ ഫാദർ പ്രോയുടെ മാദ്ധ്യസ്ഥശക്തിയെപ്പറ്റി കേൾക്കുന്നതിനിടയായി. നവംബർ 21–22–23 ഈ തീയതികളിൽ പ്രോയുടെ മാദ്ധ്യസ്ഥത്തിൽ ശരണം പ്രാപിച്ചുകൊണ്ടു് വി. കുർബാന സ്വീകരിച്ചു് സുഖക്കേടു മാറുന്നതിനായി അവൾ പ്രാർത്ഥി

ച്ചു. ആശ്ചര്യം! ഫാദർ പ്രോയുടെ മരണത്തിന്റെ വാഷ്കിടിന ത്തിൽ പെട്ടെന്നു രോഗിണി സുഖം പ്രാപിച്ചു. അവളുടെ രോഗ സ്ഥിതിയുടേയും അതിസ്വാഭാവികമായ രോഗശമനത്തിന്റെയും സർട്ടിഫിക്കേറുകളും വൈദ്യന്മാരുടെ പക്കൽനിന്നു ലഭിച്ചിട്ടുണ്ട്.

1929 ജൂൺ 22-ാം നു- ലഭിച്ച ഒരെഴുത്തിൽ ഫാദർ പ്രോ യുടെ നേക്കുള്ള ഭക്തി അനുദിനം വർദ്ധിച്ചുവരുന്നുവെന്നും, ക്രി സ്ത്യാനികളും അനുദിനമെന്നോണം തീർത്ഥയാത്രയായി അദ്ദേഹ ത്തിന്റെ ശവകുടീരം സന്ദർശിക്കുന്നുവെന്നും കാണുന്നു. സ്വഭാവ ത്തിന്റെ മാധ്യസ്ഥശക്തിയിലുള്ള വിശ്വാസം അനുദിനം വർദ്ധിച്ചുവ രുന്നതിനു് അനുഗ്രഹങ്ങളും നൽകി ദൈവം അവരെ ആശീർവ്വദിക്കു ന്നു. മെക്സിക്കോയുടെ ഈ വീരസന്താനങ്ങൾക്കു് ഒരുദ്യോഗികമാ യ പരസ്യാവണക്കം സിദ്ധിക്കുന്നതിനുള്ള സമയം അതിവിദൂരമാ ണെന്നു തോന്നുന്നില്ല.

വേദഞെരുക്കത്തിലേപ്പെട്ടിരിക്കുന്നവർക്കു ധൈര്യം നൽകുവാ നായി, മെക്സിക്കോയിൽ കാലസ്സിനാൽ വധിക്കപ്പെട്ടവരെ വേദ സാക്ഷികളുടെ പട്ടികയിൽ ചേർക്കുന്നതിനു് പരിശുദ്ധ പിതാവു് അധികം സമയമെടുക്കുമെന്നു തോന്നുന്നില്ല. കാലസ്സിന്റെ ഭട ന്മാരുടെ തോക്കിന്നിരയായ ചില മെക്സിക്കൻകാരുടെ ഫോട്ടോ പരിശുദ്ധ പിതാവിനു സമർപ്പിച്ചപ്പോൾ തിരുമേനി വികാരഭരി തനായി അതിനെ വീക്ഷിച്ചതിനുശേഷം വേദസാക്ഷികളുടെ സ്തു തിക്കായി ചൊല്ലുന്ന കുബ്ബാനയിലെ താഴെ വരുന്ന വാക്യങ്ങൾ അതിന്നടിയിൽ ഹസ്തലേഖനം ചെയ്തു: കുരുത്തോല കൈയിലേ ന്തി.....മിശിഹായുടെ സ്തുതി.....വേദസാക്ഷികളുടെ രക്തം വി ളിയ്ക്കുന്നു.....പള്ളി ഇവരുടെ സ്തുതിയറിയിയ്ക്കുന്നു.. സഭ ഇവരുടെ മഹത്വം പ്രസിദ്ധീകരിക്കും.

റോമാ 19 ഡിസംബർ 1924

L. S. D. & M.

377

3346

P. S. 'ഫാദർ പ്രോയെ' വിശുദ്ധരുടെ ഗണത്തിൽ ചേർക്കുന്നതിനായിട്ടുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതിനാൽ, ആർക്കെങ്കിലും അദ്ദേഹംമൂലം കിട്ടുന്ന അനുഗ്രഹങ്ങൾ യുക്തമായ സർട്ടിഫിക്കേറോടുകൂടി താഴെ പറയുന്ന മേൽവിലാസങ്ങളിലൊന്നിൽ ഇംഗ്ലീഷിൽ എഴുതി അയച്ചുകൊടുക്കണമെന്നപേക്ഷ.

I Laurence Durumondo L. L. L.
Rome 113 Borgo, S. Spirito 5.

II The Rev. Fr. Henry Valley,
Ysleta College,
R. F. D. 1 Box 275, El Paso, Texas, U.S.A.

